പയ്യാവൂർ ഗ്രാമപഞ്ചായത്ത്


കോട്ടയം ജില്ല.




Aruvikkuzhi Water Falls

വികസന രേഖ

കേരളം



കോട്ടയം ജില്ല



53-5

ജനകീയാസൂത്രണം
പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്



വികസനരേഖ
ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പള്ളിക്കത്തോട്
ഗ്രാമപഞ്ചായത്ത്

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് വികസനരേഖ



ഞങ്ങളുടെ നേരെ
ആര ഭരണാധിപൻമാർ ചെയ്ത
അനീതിയേക്കാൾ ഭയങ്കരമായ ക്രൂരതയിപ്പോഴത്തെ
ഭരണം യഥാർത്ഥത്തിൽ ഉണ്ടാക്കുന്നില്ല. ക്രൂരതയും
ഏറ്റവും നീചമായ രൂപത്തിൽ നിന്നും, അടിസ്ഥാനത്തിൽ നിന്നും
സ്വയാരംഭിക്കുന്നു. കിട്ടിയിരുന്നതിലെല്ലാം കിട്ടുന്നുണ്ടെങ്കിലും
ഭരണത്തെക്കുറിച്ചു കുറവുണ്ടാകുന്നു. ഭരണ
കാര്യങ്ങളിൽ പങ്കാളിത്തം അനുവദനീയ
വിശ്വാസം വരണം.

മഹാത്മാഗാന്ധി.

പള്ളിക്കത്തോട് പഞ്ചായത്ത് വികസന രേഖ

ചീഫ് എഡിറ്റർ

പി.പി. അരവിന്ദാക്ഷൻ നായർ

എഡിറ്റേഴ്സ്

എം.ജി. ചന്ദ്രശേഖരൻ നായർ
പി.കെ. ശങ്കരപ്പിള്ള
കെ.എൻ. വിജയകുമാർ
കെ.എസ്.ശ്രീധരൻ നായർ
സി.കെ.വിജയകുമാർ
പി.ഡി.സേവ്യർ
വി.വി. വറുഗീസ്
സി.എൻ. രാധാകൃഷ്ണൻ നായർ

ഉപദേശക സമിതി

കെ.എസ്. പത്മനാഭപിള്ള (ചെയർമാൻ)
വി.റ്റി. തോമസ് (കൺവീനർ)
പി.എൻ. കൃഷ്ണൻ നായർ
പി.ആർ. രാധാകൃഷ്ണൻ നായർ
ബാബു ജോസഫ്
ജോസ് അയർക്കുന്നം
ഏബ്രഹാം കുര്യാക്കോസ്
സതീശ് വാസു
ഷാജി ഐസക്ക്
ബാബു പി. പാട്ടുപാറ
രാജു കുന്നക്കാട്ട്
എത്സമ്മ ഫിലിപ്പോസ്
ശാന്തമ്മ ബാലകൃഷ്ണൻ
ഇന്ദിര രവീന്ദ്രൻ
ബി. വിജയൻ (സെക്രട്ടറി)




ശ്രീ. പിറ്റിനാൽ അയ്യപ്പൻപിള്ള
സ്ഥാപക പ്രസിഡൻറ്


മുൻ പ്രസിഡൻറുമാർ




പി.എൻ. കൃഷ്ണൻ നായർ




പി.പി. അരവിന്ദാക്ഷൻ നായർ



പി.ആർ. രാധാകൃഷ്ണൻ നായർ




ശ്രീ. രമേശ് ചെന്നിത്തല എം.പി.




ശ്രീ. ഉമ്മൻ ചാണ്ടി എം.എൽ.എ.

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ




ഷാജി ഐസക്ക്




കെ.എസ്. പത്മനാഭൻ പിള്ള
പ്രസിഡൻറ്



ശാന്തമ്മ ബാലകൃഷ്ണൻ




ബാബു പി. പാട്ടുപാറ




സതീശ് വാസു
വൈസ് പ്രസിഡൻറ്



എത്സമ്മ ഫിലിപ്പോസ്




രാജു കുന്നക്കാട്ട്



വി.ടി. തോമസ്
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ



ഇന്ദിരാ രവീന്ദ്രൻ



ബി. വിജയൻ
സെക്രട്ടറി

റിസോഴ്സ് ഗ്രൂപ്പു കൺവീനർമാർ

ജനറൽ കൺവീനർ : വി.റ്റി. തോമസ്

കൃഷിയും ജലസേചനവും
എം.ജി. ചന്ദ്രശേഖരൻ നായർ

മൃഗസംരക്ഷണവും മത്സ്യബന്ധനവും
ജോസ് അയർക്കുന്നം

വ്യവസായം, ടൂറിസം
ജോസഫ് റ്റി.ജെ.

വിദ്യാഭ്യാസം
ജോസ് അയർക്കുന്നം

കുടിവെള്ളവും പൊതുജനാരോഗ്യവും
ഏ.വി. ജോസഫ്

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
കെ.എൻ. വിജയകുമാർ

പാർപ്പിടം, സാമൂഹ്യക്ഷേമം
രാജു എൻ.എം.

സംസ്കാരം
സി.കെ. വിജയകുമാർ

വനിതാ ക്ഷേമം
എം.ജി. ചന്ദ്രശേഖരൻ നായർ

സഹകരണം
ജോർജ് റ്റി.ജെ.

പട്ടികജാതി, പട്ടികവർഗ്ഗ വികസനം
പി.ഡി. സേവ്യർ

വിഭവ സമാഹരണം
കെ.എൻ. വിജയകുമാർ

അനുസ്മരണ

പള്ളിക്കത്തോട് പഞ്ചായത്തിന്റെ നാനാവിധമായ വളർച്ചയ്ക്കും, വികാസത്തിനും, അഭിവൃദ്ധിയ്ക്കും, കാരണഭൂതനായ യശഃശരീരനായ ശ്രീ. പിറ്റിനാൽ അയ്യപ്പൻ പിള്ളയെ ഹൃദയപൂർവ്വം അനുസ്മരിച്ചുകൊണ്ട് ഈ രേഖ സാദരം സമർപ്പിച്ചുകൊള്ളട്ടെ. അദ്ദേഹം ഈ നാടിന്റെ ആദ്യഗ്രാമപിതാവും ഗ്രാമശില്പിയും അനുകരണീയനായ പൊതുപ്രവർത്തകനുമായിരുന്നു.

1953 മുതൽ 1995 വരെയുള്ള 42 വർഷം ഈ പഞ്ചായത്തിന്റെ ദ്രുതഗതിയിലുള്ള വികസന കാലഘട്ടമായിരുന്നു. ഈ വളർച്ചയ്ക്ക് നിരവധി വ്യക്തികളുടെ സംഭാവനകളും, സഹായവും ഉണ്ടായിട്ടുണ്ട്. നിയമസഭാ സാമാജികനായിരുന്ന ശ്രീ. പി.റ്റി. ചാക്കോ, 1954-ൽ ഇവിടെ വൈദ്യുതി എത്തിച്ചതോടെ ഗ്രാമ വികസന പ്രക്രിയയുടെ കുതിപ്പ് ആരംഭിച്ചു. ദിവംഗതനായ ശ്രീ. മാത്യു മണിയങ്ങാടൻ എം.പി. യുടെയും, എം.എൽ.എ. ശ്രീ. പി.ടി. ചാക്കോയുടെയും ശ്രമഫലമായി പാമ്പാടി എൻ.ഇ.എസ്. ബ്ലോക്കിന്റെ ആസ്ഥാനം ഇവിടെ സ്ഥാപിതമായത് 1956 ലാണ്. ജെ.എ. ചാക്കോ എം.എൽ.എ. യുടെ ശ്രമഫലമായി 1971-ൽ കല്ലാടംപൊയ്കയിൽ സർക്കാർ അലോപ്പതി ഡിസ്പെൻസറി ആരംഭിച്ചു.

1977 മുതൽ ഇങ്ങോട്ട് ശ്രീ ഉമ്മൻ ചാണ്ടി എം.എൽ.എ. ആയിരുന്നുകൊണ്ട് ഈ നാടിനു നൽകിവരുന്ന സംഭാവനകൾ എണ്ണമറ്റതാണ്, നിർണ്ണായകമാണ്. ഐ.ടി.ഐ., ആയുർവേദ-ഹോമിയോ ഡിസ്പെൻസറികൾ, കൃഷിഭവൻ, സിവിൽ സപ്ലൈസ് കോർപറേഷൻ വക മാവേലിസ്റ്റോർ, വെയർ ഹൗസ്, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർ പ്രൈസസ്, ആനിക്കാട് ഗവൺമെൻറ് എൽ.പി.സ്കൂളിന്റെ അപ്ഗ്രഡേഷൻ, അരുവിക്കുഴി, കാക്കത്തോട്, താളിക്കല്ല് മുതലായ സ്ഥലങ്ങളിലെ പാലങ്ങൾ, നിരവധി ഗ്രാമീണ റോഡുകളുടെ വികസനം തുടങ്ങിയവ ഏതാനും ഉദാഹരണങ്ങളാണ്.

റോഡ് ഗതാഗതരംഗത്ത് ആദ്യത്തെ റോഡ് മഹാറാണി റീജൻറ് സേതുപാർവതി ഭായിയുടെ ഭരണകാലത്തു നിർമ്മിച്ച വാഴൂർ-പുലിയന്നൂർ റോഡാണ്. രണ്ടാമത്തേത് അരീപ്പറമ്പ്-അകലക്കുന്നം റോഡാണ്. (ഇപ്പോഴത്തെ ഒറവയ്ക്കൽ-കുരാലി റോഡ്). പിന്നീട് നെടുമാവ്-അരുവിക്കുഴി സർക്കാർ റോഡും പഞ്ചായത്തിലെ ഗ്രാമീണ റോഡുകളായ ചെങ്ങളം-പതിനേഴാം മൈൽ, പുത്തൻപുര-പതിനേഴാം മൈൽ, പള്ളിക്കത്തോട്-ചെങ്ങളം (അമ്പഴത്തുങ്കൽ വഴിയും, വിലങ്ങുപാറവഴിയും), ആനിക്കാട്-പാമ്പാടി തുടങ്ങിയ റോഡുകൾ ബഹു. ടി.കെ. ദിവാകരൻ പൊതുമരാമത്തു വകുപ്പുമന്ത്രി ആയിരുന്നകാലത്ത് അന്നത്തെ പഞ്ചായത്തു പ്രസിഡൻറ് ശ്രീ. പി.എൻ. കൃഷ്ണൻ നായർ, മെമ്പർ ശ്രീ. എബ്രഹാം കുര്യാക്കോസ് തുടങ്ങിയവരുടെ ശ്രമഫലമായി സർക്കാർ ഏറ്റെടുത്തതിനുശേഷമാണ് ഈ പഞ്ചായത്തിന് ഗതാഗത പ്രാധാന്യമേറിയത്.

ജനപ്രതിനിധിയായി ഒരിക്കൽ പോലും ഈ പഞ്ചായത്തിനെ പ്രതിനിധീകരിച്ചിട്ടില്ലാത്ത എം.എൽ.എ.യും മുൻ മന്ത്രിയുമായ ശ്രീ. കെ.എം. മാണി ഈ പഞ്ചായത്തിനോട് പ്രകടിപ്പിച്ചിട്ടുള്ള മമത പ്രത്യേകം പ്രസ്താവ്യമാണ്. മാണിസാറിനെ നന്ദിപൂർവ്വംസ്മരിക്കട്ടെ. പോലീസ് സ്റ്റേഷൻ, സബ്ട്രഷറി, ഇലക്ട്രിസിറ്റി സബ് എൻജിനീയർ ആഫീസ് വെളിച്ചവിപ്ലവത്തിലൂടെ ഈ പഞ്ചായത്തിലെ ഇരുളടഞ്ഞ ഭാഗങ്ങളിൽ വെളിച്ചമെത്തിയത്, നിരവധി ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ, പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് പുതിയ വീടുകൾ എല്ലാത്തിനും ഉപരിയായി പഞ്ചായത്ത് ബസ്സ്റ്റാൻറ് എന്ന നാട്ടുകാരുടെ സ്വപ്നം സാക്ഷാത്കരിച്ചത്, അങ്ങനെ എണ്ണമറ്റ സഹായങ്ങൾ നിർല്ലോഭം വാരിച്ചൊരിഞ്ഞ മാണിസാറിന് കൃതജ്ഞതാ നിർഭരമായ അഭിവാദനങ്ങൾ. മാണിസാറിന്റെ പിന്നിൽ പ്രേരകശക്തിയായി നിന്ന് മുൻകൈ പ്രവർത്തനം നടത്തിയത് മുൻ ബി.ഡി.സി. ചെയർമാൻ ശ്രീ. വി.റ്റി. തോമസാണ്. നമ്മുടെ പഞ്ചായത്തിലെ ഭൂരഹിതരായ മുഴുവൻ കുടുംബങ്ങളെയും 1983-ൽ പുനരധിവസിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ ഗ്രാമപിതാവ് യശഃശരീരനായ ശ്രീ പിറ്റിനാൽ അയ്യപ്പമ്പിള്ളയുടെ സ്മരണാർത്ഥം നിർമ്മിക്കുന്ന പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് തുടക്കം കുറിച്ചത് ബഹു. എം.പി. ശ്രീ. രമേശ് ചെന്നിത്തല അനുവദിച്ചു തന്ന നാലുലക്ഷം രൂപയുടെ ലോക്കൽ ഡെവലപ്മെൻറ് ഫണ്ടുകൊണ്ടാണ്. 13 വർഷത്തെ കാത്തിരിപ്പിനുശേഷം ഇളംപള്ളി സർക്കാർ ആയുർദേവ ആശുപത്രിയ്ക്ക് കെട്ടിടം പണിആരംഭിച്ചത്അദ്ദേഹം നല്കിയ ഫണ്ടുകൊണ്ടാണ്. ഇക്കാര്യത്തിൽ ജോയി നടുക്കര എം.പി.യുടെ സഹായവും ഉണ്ടായി. പള്ളിക്കത്തോട്ടിലെ ടെലഫോൺ എക്സ്ചേഞ്ച് വികസനം തുടങ്ങിയ കേന്ദ്രപദ്ധതികളുടെ കാര്യത്തിലും ശ്രീ. രമേശ് ചെന്നിത്തല ആവുംവിധം ശ്രമിച്ചിട്ടുണ്ട്. പള്ളിക്കത്തോട് പി.റ്റി.സി.എം. ഗവൺമെൻറ് ഐ.റ്റി.ഐ.യ്ക്ക് 12 ഏക്കർ സ്ഥലം മിതവിലയ്ക്കു നല്കിയ ആനിക്കാട് സെൻറ് മേരീസ് ചർച്ചും അഭിനന്ദനം അർഹിക്കുന്നു. ഈ പഞ്ചായത്തിന് തുടക്കം മുതൽ നേതൃത്വം കൊടുത്ത സാരഥികളായ സർവ്വശ്രീ. പിറ്റിനാൽ അയ്യപ്പൻ പിള്ള, പി.ആർ. നാരായണപ്പണിക്കർ, പി.എൻ. കൃഷ്ണൻ നായർ, പി.പി. അരവിന്ദാക്ഷൻ നായർ, പി.ആർ. രാധാകൃഷ്ണൻ എന്നിവരെയും വികസന പ്രക്രിയയിൽ കാലാകാലങ്ങളിൽ മുഖ്യമായി നേതൃത്വം നല്കിയ എല്ലാ പഞ്ചായത്തു മെമ്പർമാരെയും സാമൂഹിക-രാഷ്ട്രീയ പ്രവർത്തകരെയും അനുസ്മരിച്ചുകൊള്ളുന്നു.

പുതിയ ജനകീയ വികസന സംസ്ക്കാരത്തിനു മുന്നോടിയായി വർത്തിച്ച 1990ലെ സാക്ഷരതാ പ്രസ്ഥാനത്തെ ഇവിടെ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. സ്ഥാനമാനങ്ങളോ പ്രതിഫലമോ ആഗ്രഹിക്കാത്ത നിരവധി സ്വയം സന്നദ്ധസേവകർ മുന്നോട്ടുവന്ന് പഞ്ചായത്തിലെ നിരക്ഷരരെ സാക്ഷരതയിലേയ്ക്കാനയിക്കാൻ തയ്യാറായി. ഈ പ്രസ്ഥാനം സൃഷ്ടിച്ച വെളിച്ചം പുതിയ വികസന സംസ്ക്കാരം കരുപ്പിടിപ്പിക്കാൻ ഉതകിയിട്ടുണ്ട്. ആ സന്നദ്ധസേവകരെയും ഇവിടെ അനുസ്മരിക്കുന്നു.

കെ.എസ്. പത്മനാഭപിള്ള
പ്രസിഡൻറ്

ഉള്ളടക്കം

1 ആമുഖം

2 പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

3 സാമൂഹ്യസാംസ്കാരിക ചരിത്രം

4 ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

5.1 കൃഷിയും ജലസേചനവും

5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

5.3 വ്യവസായം

5.4 വിദ്യാഭ്യാസം

5.5 കുടിവെള്ളവും പൊതുജനാരോഗ്യവും

5.6 ഗതാഗതം. ഊർജ്ജം, മാർക്കറ്റ്

5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും

5.8 സംസ്കാരം

5.9 വനിതാക്ഷേമം

5.10 സഹകരണം

5.11 പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

5.12 വിഭവസമാഹകരണം

ഉപസംഹാരം

അനുബന്ധം

1

ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ 74-ാം ഭേദഗതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതാണം. അതനുസരിച്ചാണ് ജില്ലാ ആസൂത്രണ കമ്മറ്റിക്ക് രൂപം നൽകിയിട്ടുള്ളത്. ജില്ലാ ആസൂത്രണ സമിതികളിൽ 80% അംഗങ്ങളും ജനപ്രതിനിധികളിൽ നിന്നും തെരഞ്ഞെടുക്ക പ്പെടുന്നവർ തന്നെയായിരിക്കും. ഗ്രാമപഞ്ചായത്തുകളിൽ ജനപങ്കാളിത്തത്തോടെ തയ്യാറാക്ക പ്പെടുന്ന പദ്ധതികൾ ജില്ലാതലത്തിൽ ക്രോഡീകരിച്ച് ജില്ലയ്ക്ക് വികസന പദ്ധതി തയ്യാറാക്കുന്ന ചുമതലയാണ് ജില്ലാ പ്ലാനിംഗ് കമ്മറ്റിക്കുള്ളത്. ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണത്തിരുന്ന ആസൂ ത്രണ സമിതികളുടെ സ്ഥാനത്ത് ജനപ്രതിനിധികൾക്ക് പ്രാമുഖ്യമുള്ള സമിതികൾ രൂപം കൊണ്ടു. 9-ാം പദ്ധതിയുടെ രൂപീകരണത്തിന്റെ ഉത്തരവാദിത്വം ഈ സമിതിക്കാണ്.

ഗ്രാമതലത്തിൽ ഇന്നുപയോഗിക്കാതെ കിടക്കുന്ന സാമ്പത്തിക, ഭൗതിക, തൊഴിൽ, സ്രോ തസ്സുകൾ പദ്ധതി, നടത്തിപ്പിനായി ഉപയോഗപ്പെടണം. കേരളം ഇന്നു നേരിടുന്ന ഗുരുതരമായ രണ്ടു പ്രശ്നങ്ങളാണ് ഉല്പാദനമേഖലയിലെ മാന്ദ്യവും സേവനതുറകളിലെ നിലവാരതകർ ച്ചയും ഇതും പരിഹരിക്കപ്പെടേണ്ടതാണ്. കഴിഞ്ഞകാലങ്ങളിൽ സ്വീകരിച്ച അശാസ്ത്രീയ സമീ പനം മൂലം റോഡുകളും, ഗതാഗതസൗകര്യങ്ങളും വമ്പിച്ച തോതിൽ വികസിപ്പിക്കാൻ കഴി ഞ്ഞെങ്കിലും ജനങ്ങൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളായ പാർപ്പിടം, കുടിവെള്ളം, തൊഴിൽ എന്നിവയ്ക്ക് കാര്യമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ലെന്നത് വസ്തുതയാണ്. പദ്ധതികളു ടെ പേരിൽ കോടികൾ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രയോജനം പൂർണ്ണമായും ജനങ്ങളിൽ എത്തിയിട്ടില്ലെന്ന് കാണാം. പദ്ധതി നടത്തിപ്പിൽ അഴിമതി പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞി ട്ടില്ല. കാർഷികോല്പാദന രംഗത്ത് മുരടിപ്പ് നിലനിൽക്കുന്നു. വികസനതന്ത്രത്തിൽ മാറ്റം വരുത്തണമെന്ന് കേരളാ ഗവൺമെൻറ് തീരുമാനിച്ചു. ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും ജനപങ്കാളിത്തം ഉറപ്പു വരുത്തുവാൻ ഇതുമൂലം കഴിയും.

9-ാം പഞ്ചാവത്സരപദ്ധതി ജനകീയ പദ്ധതിയായി കേരളാ ഗവൺമെൻറ് പ്രഖ്യാപിച്ചു. അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തുകൾക്ക് ലഭിക്കുന്നു. പദ്ധതി വിഹിതമായി (40%) ഉദ്ദേശം 56 ലക്ഷത്തോളം രൂപ 97-98 ലെ വികസന പ്രവർത്തനങ്ങൾക്ക് പള്ളിക്കത്തോട് പഞ്ചാ യത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കാം.

ഇതുകൂടാതെ കേരളാ സർക്കാരിന്റെ പ്രത്യേക സ്കീമുകൾ കേരള സർക്കാർ ഫണ്ട് ബാഹ്യവികസന ഏജൻസികളിൽ നിന്നും സന്നദ്ധസംഘടനകൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം എന്നിവയെല്ലാം ചേർത്ത് ജനകീയാവശ്യങ്ങൾ നിറവേറ്റുന്നതി നുള്ള ഫണ്ട് കണ്ടെത്തും. എല്ലാറ്റിനും പുറമെ ജനകീയ സംഭാവനകൾ (അദ്ധ്വാനം, വിഭവങ്ങൾ, പണം) വികസന പ്രക്രിയ ത്വരിതപ്പെടുത്തുവാൻ പര്യാപ്തമാകും. അങ്ങിനെ ജനങ്ങൾ ഇന്ന് നേരിടുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും തൃപ്തികരമായ പരിഹാരം കാണാൻ ഈ പുതിയ ആസൂത്രണ തന്ത്രത്തിന് കഴിയുമെന്ന് പ്രത്യാശിക്കാം.

പ്രാഥമിക വിവര രേഖരണം സമഗ്രമായി നടത്താൻ കഴിഞ്ഞിട്ടില്ല. അതിന്റെ കുറവ് ഈ വികസന രേഖയുടെ പൂർണ്ണതയ്ക്ക് അനുഭവപ്പെടാം എങ്കിലും ജനപങ്കാളിത്തത്തോടെ തയ്യാറാ ക്കപ്പെട്ട ഈ വികസന രേഖ നാളെയുടെ ചരിത്രയാഥാർത്ഥ്യമാക്കുവാനുള്ള മഹായജ്ഞത്തിൽ പങ്കുചേരാം.

2 പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

ഗ്രാമപഞ്ചായത്തിന്റെ പേര്	:	പള്ളിക്കത്തോട്
ഉൾപ്പെടുന്ന വില്ലേജ്	:	ആനിക്കാട്ട്, ചെങ്ങളം ഈസ്റ്റ്, എലിക്കുളം
ബ്ലോക്കു പഞ്ചായത്ത്	:	പാമ്പാടി
താലൂക്ക്	:	കോട്ടയം
അസംബ്ലി മണ്ഡലം	:	പുതുപ്പള്ളി
വിസ്തീർണ്ണം	:	22.46 കി.മീ.
അതിരുകൾ	:	വടക്ക്-അകലക്കുന്നം പഞ്ചായത്ത് കിഴക്ക്-എലിക്കുളം പഞ്ചായത്ത് തെക്ക്-വാഴൂർപഞ്ചായത്ത് പടിഞ്ഞാറ്-കൂരോപ്പട പഞ്ചായത്ത്
ജനസംഖ്യ	:	15388 (91 സെൻസസ്)

വാർഡുകൾ	:	9
അക്ഷരാഭ്യാസമുള്ളവർ		
പുരുഷൻ	:	97%
സ്ത്രീകൾ	:	95%
ജനസാന്ദ്രത	:	684

ഭരണസമിതി

പ്രസിഡൻറ്	:	കെ.എസ്. പത്മനാഭപിള്ള
വൈസ് പ്രസിഡൻറ്	:	സതീശ് വാസു
ചെയർമാൻ, (സ്റ്റാൻറിംഗ് കമ്മറ്റി)	:	വി.റ്റി. തോമസ്
		ഷാജി ഐസക്ക് (മെമ്പർ)
		രാജു കുന്നക്കാട്ട് (മെമ്പർ)
		ബാബു പി. പാട്ടുപാറ (മെമ്പർ)
		ശാന്തമ്മ ബാലകൃഷ്ണൻ (മെമ്പർ)
		ഇന്ദിരാ രവീന്ദ്രൻ (മെമ്പർ)
		എത്സമ്മ ഫിലിപ്പോസ് (മെമ്പർ)

സാമൂഹ്യ സാംസ്കാരിക ചരിത്രം

3

പുരാതനമായ ഒരു ചരിത്രവും സംസ്കാരവും സമ്മേളിച്ചു വന്ന നാടാണ്, ആനിക്കാട്. ഈ നാടിന്റെ ചരിത്രം അന്വേഷിക്കുന്ന ഒരാൾക്ക് സുവ്യക്തമായ വിവരങ്ങൾ നൽകുന്നതിന് ആധാരമാക്കാവുന്ന രേഖകൾ ഇന്നു ലഭ്യമല്ല. തികച്ചും വായ്മൊഴികളെ ആശ്രയിച്ച് ചരിത്ര രചന നടത്തുന്നതിന് സഹായിക്കാൻ കഴിയുന്ന വ്യക്തികളും നന്നേ കുറഞ്ഞിരിക്കുന്നു. എങ്കിലും, ആ ചുരുങ്ങിയ ആളുകളുടെ ഓർമ്മകളിലൂടെ പോയ കാലത്തിന്റെ ചരിത്രം ഇഴപിരിച്ചെടുക്കാൻ ശ്രമിക്കുകയാണിവിടെ ചെയ്യുന്നത്.

സ്ഥലനാമ ഉത്ഭവത്തിനു തന്നെ പൗരാണിക ഋഷീശ്വരൻമാരുമായി ബന്ധമുള്ളതായി പഴമക്കാർ വിശ്വസിക്കുന്നു. പള്ളിക്കത്തോട് ജംഗ്ഷനു കിഴക്കു മാറി കതിരമ്പുഴ ഭാഗത്ത് തപസ്സു ചെയ്തിരുന്ന അയനിമുനിയിൽ നിന്നാണ് 'അയനിക്കാട്' ഉണ്ടായതെന്നും, അതു ലോപിച്ചാണ് 'ആനിക്കാട്' ഉണ്ടായതെന്നുമാണ് ഒരു മതം. അയനി (ആഞ്ഞിലി) ധാരാളമായി വളർന്നിരുന്നതിനാൽ അതിനെ സൂചിപ്പിക്കുന്നതാണ് അയനിക്കാട് എന്നാണ് മറ്റൊരു പക്ഷം.

വ്യാപകമായിരുന്ന വനപ്രദേശമായിരുന്ന ഇവിടേയ്ക്ക് കുടിയേറ്റമുണ്ടായിട്ടു ഏകദേശം അഞ്ചു നൂറ്റാണ്ടായി എന്നു പറയാം. തെക്കുംകൂർ രാജാവിന്റെ അനുമതിയോടെയാണ് ആദ്യമായി കുടിയേറ്റമുണ്ടാകുന്നത്. അവരിൽ, തെക്കേത്ത്, വടുതല, പിറ്റിനാൽ കുടുംബക്കാരാണ് ഏറ്റവും പഴമക്കാർ എന്നു കരുതപ്പെടുന്നു. 1600ഓടു കൂടി ഏതാനും ക്രിസ്ത്യൻ കുടുംബങ്ങൾ ഈ പ്രദേശത്ത് കുടിയേറി പാർത്തതായി ചരിത്രം പറയുന്നു. കുന്നേൽ, മുരട്ടുപൂവത്തിങ്കൽ, മൂലയിൽ, ആലുങ്കൽ (കാഞ്ഞിരമറ്റം) കുടുംബങ്ങളാണവ. പുരാതന കാലത്ത് ഈ പ്രദേശത്ത് വ്യാപരിച്ചിരുന്ന കോയിയൻമാരുടെ ശല്യം സഹിക്കാതെ വന്നപ്പോൾ ചെമ്പകശ്ശേരി രാജാവിന്റെ ക്ഷണപ്രകാരം, കടത്തനാട്ടു ദേശത്തു നിന്നും രണ്ടു കർത്താക്കന്മാർ ആയുധപരിശീലനം അഭ്യസിപ്പിക്കുവാൻ ഇവിടെ എത്തിച്ചേർന്നു; കളരികൾ സ്ഥാപിച്ച് ആയുധ പരിശീലനം നൽകി. അവർ കോയിയന്മാരെ അമർച്ച ചെയ്തു. പാരിതോഷികമായി അമ്പഴത്തുങ്കൽ തനത്, അമ്പഴത്തുങ്കൽ പണ്ടാരവക എന്നീ നിലകളിൽ അവർക്ക് ഭൂമി പതിച്ചു കിട്ടി. അവർ സ്ഥാപിച്ച കുടുംബങ്ങളാണ്, അമ്പഴത്തുങ്കൽ, അമ്പിയിൽ എന്നിവ. ഇവിടെ താമസമുറപ്പിച്ചിരുന്ന നായർ കുടുംബങ്ങളുമായി ഇവർ രമ്യതയിലായിരുന്നില്ല എന്നു കരുതപ്പെടുന്നു. ഏ.ഡി. 1865-ൽ ഉണ്ടായ പണ്ടാരപാട്ട വിളംബരവും, 1887ൽ ഉണ്ടായ ജന്മി കുടിയാൻ വിളംബരവും മൂലം ഈ മേഖലയിൽ വ്യാപകമായ കുടിയേറ്റം ഉണ്ടായി. 1872-ൽ കുരുമുളക് കുത്തക വിമുക്തമാക്കിയതും കുടിയേറ്റത്തിനു കാരണമായിട്ടുണ്ട്.

ചരിത്രത്തിലുടനീളം 'ആനിക്കാട്' എന്ന പേര് ഈ നാടിനു നിലനിന്നു പോന്നിട്ടുണ്ട്. ഭരണപരമായ ചില കാരണങ്ങൾ കൊണ്ടു മാത്രമാണ് 1964 മുതൽ ഈ പഞ്ചായത്തിന്റെ പേര് 'പള്ളിക്കത്തോട്' എന്നു മാറ്റിയത്. 1860-ൽ സ്ഥാപിക്കപ്പെട്ട ആനിക്കാട് പള്ളിയുടെ സമീപത്തു നിന്ന് ആരംഭിക്കുന്ന തോട്, എന്ന പേർ പിൽക്കാലത്ത് 'പള്ളിക്കത്തോട്' എന്ന സ്ഥലനാമമായി തീർന്നതാണ് എന്നു കരുതപ്പെടുന്നു.

പതിറ്റാണ്ടുകൾ നീണ്ടു നിന്ന ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭം, ആനിക്കാട് ഭാഗത്ത് വമ്പിച്ച സ്വാധീനം സൃഷ്ടിച്ചു എന്നു കരുതുവാൻ ന്യായമില്ല. സ്റ്റേറ്റ് കോൺഗ്രസ് പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ ആയിരുന്ന പി.റ്റി. ചാക്കോ, എ.പി. ഉദയഭാനു, ആർ.വി. തോമസ്, എം.ആർ.ജി. പണിക്കർ എന്നിവരുടെ വരവ് ഈ പ്രസ്ഥാനത്തിന് ഇവിടെ ഉണർവുനൽകി. ഇവർക്ക് പള്ളിക്കത്തോട്ടിൽ സ്വീകരണം നൽകുക ഉണ്ടായി. പറപ്പള്ളിക്കുന്നേൽ കുട്ടി, കാര്യാങ്കൽ കുട്ടി ആശാൻ എന്നിവർ മുൻനിരയിൽ നിന്നു പ്രവർത്തിച്ചിരുന്നു. സർ. സി.പി.ക്കെതിരായ ഒരു വികാരം അക്കാലത്ത് നിലനിന്നിരുന്നു.

''സി.പി. പോകണം, സർ. സി.പി. പോകണം.

സർ സി.പി. വഞ്ചിനാടു വിട്ടുപോകണം ജവാൽ''

എന്ന ഒരു പാട്ടു തന്നെ ഇവിടെ പ്രചരിച്ചിരുന്നു.

1950-കളുടെ ആദ്യ പകുതിയിൽ മാത്രമാണു കമ്മ്യൂണിസ്റ്റു പ്രസ്ഥാനം ഈ മേഖലയിൽ പ്രവർത്തനം ആരംഭിച്ചത്. പി.എൻ. കൃഷ്ണൻ നായർ, പി.കെ ശങ്കരപിള്ള, കല്ലൂർ രാമൻ പിള്ള, കെ.കെ. നമ്പൂതിരി, പി.എൻ. രാമകൃഷ്ണൻ നായർ, കാവപ്പുരയ്ക്കൽ കൃഷ്ണ ശർമ്മ, വി.കെ. രാമകൃഷ്ണൻ, ദേശബന്ധു കൃഷ്ണൻ നായർ (പാട്ടപ്പറമ്പിൽ) കല്ലാൽ കൃഷ്ണൻ നായർ തുടങ്ങിയവരാണ് നേതൃത്വനിരയിൽ നിന്നു പ്രവർത്തിച്ചത്. കോട്ടയം ഭാസി, വർക്കി ശാന്തിസ്ഥാൻ,

എം.എം. ചെറിയാൻ എന്നിവർ ഇവിടെ വന്നു നേതൃത്വം നൽകിയിരുന്നു. ഇളമ്പള്ളി നെയ്യാട്ടുശ്ശേരി മുണ്ടാട്ടുചുണ്ട എസ്റ്റേറ്റിലെ തൊഴിലാളികൾ മിനിമം കൂലിക്കുവേണ്ടി നടത്തിയ സമരമാണ് ഈ രംഗത്ത് ഉയർന്നുവന്ന, ആദ്യത്തെ പ്രക്ഷോഭം.

ഫ്യൂഡലിസത്തിനെതിരായ സമരത്തിന്റെ ദുർബ്ബല സ്വാധീനങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. ഫാദർ ജോസഫ് കോയിത്തറയുടെ നേതൃത്വത്തിൽ നടന്ന റോഡു പണികളിൽ പങ്കെടുത്തതോടെയാണ് ദളിത വിഭാഗങ്ങളിൽ നേരിയ ചലനം ഉണ്ടായത്. പൊതുവേ മതവൈരം ഇവിടെ ഉണ്ടായിട്ടില്ല. അന്നത്തെ വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട നിരവധി അനാചാരങ്ങൾ നിലനിൽക്കുമ്പോൾ പോലും വിവിധ മതവിഭാഗങ്ങൾ ഇവിടെ സഹകരണത്തിൽ കഴിഞ്ഞിട്ടുണ്ട്.

''തൈലാദി വസ്തുക്കളശുദ്ധമായാൽ

പൗലോസ് തൊട്ടാലതു, ശുദ്ധമാകും'' എന്ന വരികൾ അന്നത്തെ സാമൂഹ്യസ്ഥിതിയെ സൂചിപ്പിക്കുന്നു. പുരാതനകാലത്ത് ഒട്ടേറെ അനാചാരങ്ങൾ ഈ പ്രദേശത്ത് നിലനിന്നിരുന്നു. വളരെ ആഘോഷമായി നടത്തിയിരുന്ന കെട്ടുകല്യാണം (ബാല വിവാഹം) ഇന്നാട്ടിൽ ആചരിച്ചിരുന്നു. ശ്രീരാമകൃഷ്ണമിഷന്റെ സ്വാധീനം ഈ പ്രദേശത്ത് ഉണ്ടായിരുന്നു. ക്ഷേത്രപ്രവേശന വിളംബരം വരുന്നതിനു മുമ്പു തന്നെ ആ ആശയം ശ്രീരാമകൃഷ്ണ മിഷനിലൂടെ ഇവിടെ പ്രചരിച്ചിരുന്നു. ഇപ്പോൾ ബ്ലോക്ക് ആഫീസ് സ്ഥിതിചെയ്യുന്ന കുന്നിൻ മുകളിൽ സ്വാമി നാരായണൻ എന്ന സന്യാസിയുടെ ആശ്രമം നിലനിന്നിരുന്നു. ആനിക്കാട് ശ്രീ വിവേകാനന്ദ വിലാസം ഇംഗ്ലീഷ് സ്കൂൾ (ഇന്നത്തെ എൻ.എസ്.എസ്.എച്ച്.എസ്) 7-10-1112ൽ സ്ഥാപിച്ചത് അദ്ദേഹമായിരുന്നു.

വിദ്യാഭ്യാസരംഗത്ത് പരമ്പരാഗതമായി പ്രവർത്തിച്ചിരുന്നത് എഴുത്താശാൻമാർ ആയിരുന്നു. കല്ലൂർ ആശാൻമാരും, പെരുനാട്ടാശാൻമാരും ഇക്കൂട്ടത്തിൽ മുൻപന്തിയിൽ നിൽക്കുന്നു. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ മുമ്പു മുതൽ തന്നെ ഇവിടെ പ്രവർത്തിച്ചിരുന്നു. ഏ.ഡി. 1905ൽ പാശ്ചാത്യമിഷനറിമാരുടെയും ഇന്നാട്ടുകാരുടെയും സഹായത്തോടെ സ്ഥാപിക്കപ്പെട്ട നെടുമാവ് സി.എം.എസ് എൽ.പി.എസ്. ആണ് ഈ നാട്ടിലെ ആദ്യ വിദ്യാഭ്യാസ സ്ഥാപനം. പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരി കല്ലാൽ നാരായണപിള്ള ആയിരുന്നു. സി.എം.എസ് കോളജിൽ വിദ്യാഭ്യാസം ചെയ്ത അദ്ദേഹം സേലത്ത് മജിസ്ട്രേട്ടായി സേവനം അനുഷ്ഠിച്ചിരുന്നു. ഇപ്പോൾ പഞ്ചായത്തിൽ എൽ.പി.യു.പി വിഭാഗം കൂടി ഉൾപ്പെടുന്ന ഒരു ഹൈസ്കൂളും * ഉണ്ട്. ഇതു കൂടാതെ രണ്ടു യു.പി. സ്കൂളുകളും നാല് എൽ.പി സ്കൂളുകളും ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ പി.ടി ചാക്കോ സ്മാരക ഗവ. ഐ.ടി.ഐ പ്രാധാന്യമർഹിക്കുന്നു.

ആനിക്കാട് സർക്കാർ എൽ.പി.എസ്നോടു ചേർന്ന് പ്രവർത്തിച്ചിരുന്ന സെൻട്രൽ ലൈബ്രറിയായിരുന്നു ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല.

ആരോഗ്യരക്ഷാ രംഗത്ത് പരമ്പരാഗതമായ വൈദ്യൻമാരായ ഗണകൻമാരായിരുന്നു ആദ്യകാലത്ത് ചികിത്സ നടത്തിയിരുന്നത്. അക്കാലത്ത് വ്യാപകമായി പടർന്നു പിടിച്ചിരുന്ന മസൂരി രോഗം മൂലം നിരവധി പേർ മരിച്ചിരുന്നു. ഭദ്രകാളീ കോപമാണ് ഈ രോഗത്തിനു കാരണം എന്നും വിശ്വസിച്ചിരുന്നു. സ്കൂളുകളിൽ അച്ചുകുത്തു സമ്പ്രദായം നിലനിന്നിരുന്നു. ആതുര ചികിത്സാ രംഗത്ത് സേവനമനുഷ്ഠിച്ചിരുന്ന നിരവധി വൈദ്യൻമാർ ഇവിടെയുണ്ടായിരുന്നു. ശ്രീമാൻമാർ പുളിക്കമംഗലത്തു നാരായണൻ നായർ, മാധവൻ നായർ (പള്ളിക്കൽ വൈദ്യൻ), അമ്പാട്ടു പത്മനാഭൻ നായർ, കാട്ടറാത്ത് ജോസഫ് (കാട്ടറാത്ത് ആശാൻ) നന്തികാട് നാരായണ കൈമൾ, വി.കെ. രാമപണിക്കർ, ചക്കാമ്പുഴ മാണി വൈദ്യൻ എന്നിവരായിരുന്നു അവരിൽ പ്രമുഖർ. പാമ്പാടിയിൽ സ്ഥാപിച്ചിരുന്ന സർക്കാർ ആശുപത്രി ഇന്നാട്ടുകാർക്ക് സഹായകരമായിരുന്നു. അലോപ്പതി രംഗത്ത് ഇന്നാട്ടിൽ നിന്നും ആദ്യമായി എത്തിയത് ഡോ. ഏബ്രഹാം പിറ്റത്താങ്കൽ ആയിരുന്നു. കൊടുങ്ങൂരിൽ പ്രവർത്തനം ആരംഭിച്ചിരുന്ന തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രി ഇന്നാട്ടുകാർക്ക് പ്രയോജനപ്പെട്ടിരുന്നു. ഈ പഞ്ചായത്തിൽ തന്നെ സ്ഥാപിക്കപ്പെട്ട കല്ലാടംപൊയ്ക ഹെൽത്തു സെൻറർ ആണ് നമുക്കീ രംഗത്തു ലഭിച്ച മികച്ച സ്ഥാപനം. 1971-ൽ പാർവ്വതീ മന്ദിരത്തിൽ ശ്രീ വി.ജി. നാരായണൻ നായർ വക കെട്ടിടത്തിൽ താല്ക്കാലികമായി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം ശ്രീമാൻമാർ കല്ലാൽ കെ. കേശവൻ നായർ, കെ.പി ശിവൻ നായർ എന്നിവർ സംഭാവന ചെയ്ത ഒരേക്കർ സ്ഥലത്താണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ആനിക്കാട് നിർമ്മലാ ഹോസ്പിറ്റൽ അലോപ്പതി ചികിത്സാരംഗത്ത് നമുക്ക് ഏറെ സേവനം ചെയ്തിട്ടുണ്ട്. ഇളമ്പള്ളി ആയുർവേദ ആശുപത്രി, മൈലാടിക്കര സർക്കാർ ഹോമിയോ ആശുപത്രി എന്നിവ ചികിത്സാരംഗത്ത് പ്രവർത്തിക്കുന്ന മറ്റു രണ്ടു സ്ഥാപനങ്ങളാണ്. ഈ സന്ദർഭത്തിൽ എടുത്ത പറയേണ്ട പേരുകളാണ്. പ്രശസ്ത വിഷചികിത്സകരായിരുന്ന കോഴിവെട്ടാനിക്കൽ ദാമോദരൻ കർത്ത (ഉണ്ണിക്കർത്ത), കളരിക്കൽ നാരായണൻ നായർ, കിഴക്കയിൽ ശേഖരൻ നായർ മനപ്പാട്ടു നാരായണൻ നായർ എന്നിവർ. ഇവരുടെ സേവനങ്ങളെ കൃതജ്ഞതയോടെ സ്മരിക്കേണ്ടതുണ്ട്.

വസ്ത്രധാരണത്തിന്റെ കാര്യത്തിൽ ഇന്നത്തെ ശൈലി ആരംഭിച്ചിട്ട് ഏറെ കാലമായില്ല. പുരുഷന്മാർ ഷർട്ടു ധരിക്കാൻ തുടങ്ങിയിട്ട് ഏകദേശം 50 വർഷത്തിലേറെയായിട്ടില്ല. ഷർട്ടിനു പുറമേ നേര്യതും രണ്ടാമുണ്ടും ധരിക്കുക പതിവായിരുന്നു. ആദ്യകാലത്ത് അദ്ധ്യാപകർ കോട്ടും തൊപ്പിയും ധരിച്ചിരുന്നു.

* യു.പി. വിഭാഗം ഉൾപ്പെടുന്ന മറ്റൊരു ഹൈസ്കൂളുമുണ്ട്.

1950കളോടെയാണ് സാരി പ്രചാരത്തിലായത്. 70കളോടെ ഭൂരിപക്ഷം സ്ത്രീകളുടെയും വേഷം സാരിയായി തീർന്നു. ക്രിസ്ത്യൻ വനിതകൾ ഞൊറിഞ്ഞുടുത്ത് മുണ്ടും ചട്ടയും ധരിച്ചിരുന്നു. ആഭരണമായി കുണുക്കു ധരിച്ചിരുന്നു. ഹിന്ദു സ്ത്രീകൾ തോടയും, തോൾവളയും ധരിച്ചിരുന്നു.

പുരാതനമായ സംഭവങ്ങളെ സൂചിപ്പിക്കുന്ന സ്ഥലനാമങ്ങൾ ഏറെയുണ്ട്. ഉദാ: യുദ്ധസൂചകമായ സ്ഥലനാമമായ കുന്തഞ്ചാരി; വള്ളോത്തിയാമല (വള്ളുവൻ- ഹരിജനങ്ങളുടെ പുരോഹിതൻ) കണ്ണൻ പറമ്പ്(കണ്ണൻ - പുലയൻ) * കാണി പറമ്പ്, കൊല്ലമ്പറമ്പ്, ചെട്ടിപ്പറമ്പ്, നമ്പിമഠം, എടമന, പെരുമന, ഇടപ്പള്ളി, വടുതല, വേട്ടോമ്പറമ്പ്, കണിയാമ്പറമ്പ്, തട്ടാമ്പറമ്പ്, കാക്കാലക്കുന്ന്, നടക്കൽകുന്ന്, പറപ്പള്ളിക്കുന്ന്, പെരുമ്പാറ തുടങ്ങിയവയെല്ലാം വിവിധ വിഭാഗം ജനങ്ങളുടെ കുടിപാർപ്പുമായി ബന്ധപ്പെട്ട സ്ഥലങ്ങളാണ്.

പുരാതനമായ ഒട്ടേറെ ആരാധനാലയങ്ങൾ ഇവിടെയുണ്ട്. ഏകദേശം 1700ൽ സ്ഥാപിച്ച ആനിക്കാട് ഭഗവതീക്ഷേത്രം, 1860ൽ സ്ഥാപിച്ച ആനിക്കാട് സെൻറ് മേരീസ് പള്ളി, 1900ൽ സ്ഥാപിച്ച നെടുമാവ് സി.എം.എസ്. പള്ളി, മലയാള വർഷം 1100ൽ സ്ഥാപിച്ച നെടുമാവ് സെൻറ് പോൾസ് പള്ളി, നെല്ലിക്കശ്ശേരി, വട്ടകക്കാവ്, ഇളമ്പള്ളി, മനപ്പാട്ടുകുന്ന് ക്ഷേത്രങ്ങൾ തുടങ്ങിയവയാണ് ഈ പ്രദേശത്ത് സ്ഥാപിക്കപ്പെട്ട പഴക്കംചെന്ന ആരാധനാസ്ഥലങ്ങൾ.

ആനിക്കാട് എന്നും കലാപ്രവർത്തനങ്ങൾക്ക് പ്രശസ്തമായിരുന്നു. ഗരുഡൻ, കുംഭകുടം, വിൽപാട്ട്, കാള, ഐവർകളി തുടങ്ങിയ അനുഷ്ഠാനകലകളും, കഥകളി, ഓട്ടൻ തുള്ളൽ, തിരുവാതിര തുടങ്ങിയ ദൃശ്യകലകളും പ്രചരിച്ചിരുന്നു. ചില അമച്വർ നാടക സമിതികൾ പ്രവർത്തിച്ചിരുന്നു. സാഹിത്യരംഗത്ത്, ശ്രീമാൻമാർ പി.എൻ.എസ് ആനിക്കാട്, ഓ.എസ്.ജി. നായർ എന്നിവർ സ്രദ്ധേയ രചനകൾ നിർവ്വഹിച്ചിട്ടുണ്ട്.

ഈ പ്രദേശത്ത് കൃഷി മുഖ്യതൊഴിൽ ആയിരുന്നു. ഉഴവു വെട്ടി, കത്തിച്ച്, നെൽകൃഷി ചെയ്തിരുന്നു. തെങ്ങ്, കമുക് എന്നിവ പുരയിടങ്ങളിലെ പ്രധാന വിളയായിരുന്നു. കാപ്പി മിക്ക പുരയിടങ്ങളിലും കൃഷി ചെയ്തിരുന്നു. മരച്ചീനി വ്യാപകമായി കൃഷി ചെയ്തിരുന്നു. മുഖ്യഭക്ഷണവിഭവമായിരുന്നു മരച്ചീനി. അയിരൂർ വെള്ള, കരിഇലവൻ, റൊട്ടി, ചുള്ളി തുടങ്ങിയ നാടൻ ഇനങ്ങൾ ആയിരുന്നു കൃഷിചെയ്തിരുന്നത്. പുരയിടങ്ങളിൽ തേയില കൃഷി ചെയ്തിരുന്നു. 1960കളിൽ പോലും ചന്തദിവസങ്ങളിൽ കൊളുന്ത് പള്ളിക്കത്തോട് പുത്തൻ ചന്തയിൽ എത്തിയിരുന്നു. 1938- മുതൽ റബ്ബർ കൃഷി ആരംഭിച്ചു. ഇഞ്ചി, മഞ്ഞൾ, കച്ചോലം, കുരുമുളക് എന്നിവയും ധാരാളമായി കൃഷി ചെയ്തിരുന്നു. പുരയിടങ്ങൾ ആഴത്തിൽ കിളച്ചു മറിച്ചിരുന്നു. കന്നുകാലികളെ ധാരാളമായി വളർത്തിയിരുന്നു. പള്ളിക്കത്തോടിനു സമീപമുള്ള തെക്കേക്കര, കിഴക്കുഭാഗത്തുള്ള ആയിക്കണ്ടം, ആനിക്കാട്പള്ളി, കുറുങ്കുടി, കട്ടച്ചിറ, കയ്യൂരി എന്നിവിടങ്ങളിലെ കണ്ടങ്ങളിൽ നെൽകൃഷി ഉണ്ടായിരുന്നു. പുരാതനകാലത്ത് കയ്യൂരി കേന്ദ്രമായി ഒരു ചന്ത പ്രവർത്തിച്ചിരുന്നു. അമ്പിയിൽ കർത്താക്കൻമാർ സംഭാവന ചെയ്ത സ്ഥലത്ത് ചന്ത, വഴിയമ്പലം, കുളം, എന്നിവ ഉണ്ടായിരുന്നു.

ആധുനിക വ്യവസായങ്ങൾ ഇവിടേക്കെത്തിയിട്ടില്ല. എങ്കിലും മുൻകാലത്ത്, കൈത്തറി, ഖാദി, എന്നിവ ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്നു. ധാന്യങ്ങൾ പൊടിക്കുന്ന മിൽ, കക്കാനീറ്റൽ, എണ്ണയാട്ട് എന്നിവ ഇവിടെ ഉണ്ടായിരുന്നു. വ്യാപകമായി ഉണ്ടായിരുന്ന കരിമ്പു കൃഷിയിൽ നിന്നും ശർക്കര ഉൽപ്പാദിപ്പിച്ചു വിറ്റഴിച്ചിരുന്നു. എഴുപതുകളുടെ ആദ്യവർഷങ്ങൾവരെ പള്ളിക്കത്തോട്ടിൽ ചന്ത പ്രവർത്തിച്ചിരുന്നു. ചൊവ്വാ, വെള്ളി ദിവസങ്ങളിലായിരുന്നു ചന്ത. കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും, നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും സമീപ പ്രദേശങ്ങളിൽ നിന്നെല്ലാം ആളുകൾ എത്തിയിരുന്നു.

1953-ലാണ് അകലക്കുന്നം- ആനിക്കാട് പഞ്ചായത്ത് രൂപീകരിച്ചത്. ശ്രീ പിറ്റിനാൽ അയ്യപ്പൻ പിള്ളയായിരുന്നു ആദ്യ പ്രസിഡൻറ്. 1956ൽ സ്ഥാപിക്കപ്പെട്ട പാമ്പാടി എൻ.ഇ.എസ് ബ്ലോക്ക് ആഫീസ് പള്ളിക്കത്തോട്ടിൽ സ്ഥാപിക്കപ്പെട്ടത് ഈ നാടിനെ സംബന്ധിച്ചിടത്തോളം ഒരു ചരിത്ര സംഭവം തന്നെയാണ്. ഈ നാടിൻെറ പുരോഗതിക്ക് ഈ സ്ഥാപനം നൽകിയ സംഭാവന വളരെ വലുതാണ്. ആനിക്കാട് 308-ാം നമ്പർ എൻ.എസ്.എസ്. കരയോഗം, നന്തികാട് ഭവാനി കുഞ്ഞമ്മ, എ.ആർ കുഞ്ഞനിയൻ കർത്ത, ഏ.ആർ കൊച്ചു കുഞ്ഞു കർത്ത, പൂവത്താനിയിൽ സരസ്വതിയമ്മ എന്നിവരാണ് ബ്ലോക്ക് ആഫീസ് സ്ഥാപിക്കുന്നതിന് സ്ഥലം സംഭാവന നൽകിയത്.

1953-ൽ ഈ പഞ്ചായത്ത് രൂപപ്പെട്ടതു മുതൽ ഇതിൻെറ പുരോഗതിക്കായി രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങൾ മറന്ന് പ്രവർത്തിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. റീജൻറ് മഹാറാണി സേതു പാർവ്വതീഭായിയുടെ കാലത്ത് വെട്ടിയ വാഴൂർ പുലിയന്നൂർ റോഡ് ഈ നാടിൻെറ വികാസത്തിനു തുടക്കം കുറിച്ചു എന്നു പറയാം. 1960-65 കാലത്ത് പന്നഗം തോടിന് എരുത്തുപുഴപാലം പണി തീർന്നത് നമ്മുടെ പുരോഗതിക്ക് വളരെ സഹായിച്ചിട്ടുണ്ട്. കോട്ടയത്തേക്കുള്ള നേരിട്ടുള്ള യാത്രാ ബന്ധം ഉദ്ഘാടനം ചെയ്യപ്പെട്ടതോടെ പുറത്തു നിന്ന് ധാരാളം പേർ ഇങ്ങോട്ടു വരുന്നതിന് കാരണമായി. ഇവിടെ പ്രവർത്തിക്കുന്ന സഹകരണബാങ്ക്, ട്രഷറി, സ്റ്റേറ്റ് ബാങ്ക്, കൃഷി ഭവൻ, പോലീസ് സ്റ്റേഷൻ, മാവേലി സ്റ്റോർ, ഐ.ടി.ഐ. തുടങ്ങിയവയുമായി ബന്ധപ്പെട്ട് ദിനംപ്രതി നിരവധി ആളുകൾ ഇവിടെ വന്നു

* അതുപോലെ തന്നെ ആശാരിപറമ്പ്, വേലമ്പറമ്പ്

പോകുന്നു. ധാരാളം പേർ ഇവിടെ സ്ഥിരതാമസമാക്കിയിട്ടുണ്ട്. വർദ്ധിച്ച സഞ്ചാര സൗകര്യങ്ങൾ ഈ പ്രവണതയെ കൂടുതൽ ഉത്തേജിപ്പിച്ചിട്ടുണ്ട്. ദിവസവും അമ്പതിൽപരം ബസുകൾ വന്നുപോകുന്ന പഞ്ചായത്ത് ബസ്സ്റ്റാൻഡ് പണി തീർന്നതും പള്ളിക്കത്തോടിന്റെ പുരോഗതിയെ ബഹുദൂരം മുമ്പോട്ടു കൊണ്ടു പോയിട്ടുണ്ട്. പണി തീർന്നു വരുന്ന പഞ്ചായത്ത് ഓഡിറ്റോറിയം നമ്മുടെ സാംസ്കാരിക രംഗത്തും സാമൂഹ്യ രംഗത്തും പുതിയ മാറ്റങ്ങൾക്ക് വഴി തുറക്കും.

ഈ നാടിന്റെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക പുരോഗതിയിൽ വലിയ സംഭാവനകൾ നൽകിയ ഒട്ടേറെ പേർ സ്മരിക്കപ്പെടേണ്ടതായിട്ടുണ്ട്. സഹകരണ രംഗത്തും, സാമൂഹ്യരംഗത്തും നേതൃത്വം നൽകിയ വി.ജി. നാരായണൻ നായർ, സി.ജി. പരമേശ്വരൻ നായർ, വാണിജ്യരംഗത്ത് പ്രവർത്തിച്ച പെരുമ്പുവതിൽ കുട്ടൻ പിള്ള, വാഴൂർ പുലിയന്തൂർ റോഡ് നിർമ്മാണത്തിനു നേതൃത്വം നൽകി പ്രവർത്തിച്ച വടുതല കേശവപിള്ള എന്നിവരോടൊപ്പം, കൊച്ചു കുഞ്ഞു കർത്താവ്, ഇല്ലിക്കൽ ഫിലിപ്പ്, ഇല്ലിക്കൽ ഐസക്, ഇല്ലിക്കൽ മത്തായി, എ.ജെ തോമസ് അടുകാണിക്കൽ, സി.ഡി ജോസഫ്, പി.വി. തോമസ്, കെ. ജെ ചാക്കോ, മുക്കിലിക്കാട്ട് രാമകൃഷ്ണപിള്ള, ചിറക്കാട്ട് സി.പി ചേട്ടൻ, എം.എസ്. നാരായണപിള്ള, ഏബ്രഹാം കുര്യാക്കോസ്, പി.പി. അരവിന്ദാക്ഷൻ നായർ എന്നിങ്ങനെ നീണ്ടുപോകുന്ന പേരുകളുടെ ഒരു ശൃംഖല തന്നെയുണ്ട്. ഇവരുടെയെല്ലാം നേതൃത്വവും കൂട്ടായ്മയും നേടിത്തന്നതാണ് നാം ഇന്നു കാണുന്ന നമ്മുടെ പുരോഗതി. മന്ത്രിമാരും എം.പി മാരും, എം.എൽ.എമാരും എല്ലാം നമുക്കു സഹായംചെയ്യാൻ നിർബ്ബന്ധിതരാകത്തക്കവണ്ണം നാം വളർത്തിയെടുത്ത സഹകരണവും വിശാലമായ ഐക്യബോധവും നമ്മെ ചരിത്രം സൃഷ്ടിക്കുന്നവരാക്കിതീർത്തിരിക്കുന്നു.

നമ്മൾ വികസനം അടിത്തട്ടിൽനിന്നാരംഭിക്കുകയാണ്. ഇതു വിജയിപ്പിക്കുന്നതിന് വിശാലമായ ഒരു രാഷ്ട്രീയ ബോധം തന്നെ ഉണ്ടാവണം. അതിനനുയോജ്യമായ ഒരു ചരിത്ര പശ്ചാത്തലം നമുക്കുണ്ട്. ആ ചരിത്രബോധത്തിൽ നിന്നു കൊണ്ടു തന്നെയാവട്ടെ പുതുനാളേയ്ക്കുള്ള കാൽവയ്പ്.

ഭൂപ്രകൃതി,ജലപ്രകൃതി, ജനപ്രകൃതി 4

ഒരു പ്രദേശത്തിന്റെ സമഗ്രവികസനം രൂപപ്പെടുത്തുമ്പോൾ ആ പ്രദേശത്തിന്റെ മൂന്ന് അടിസ്ഥാനവിഭവങ്ങളെപ്പറ്റി ഏകദേശധാരണ ആവശ്യമാണ്. അവിടത്തെ ഭൂപ്രകൃതി, ജലലഭ്യത എന്നിവയും ആ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി കൃഷി, വ്യവസായം തുടങ്ങിയവ വികസിപ്പിക്കാനാവശ്യമായ മനുഷ്യവിഭവശേഷിയും, പള്ളിക്കത്തോടു പഞ്ചായത്തിലെ ഭൂ-ജല-ജനപ്രകൃതികളെപ്പറ്റി ലഭ്യമായ വിവരങ്ങൾ വച്ചുകൊണ്ട് ഏകദേശ ധാരണ നൽകാനുള്ള ശ്രമമാണ് ഈ അദ്ധ്യായം. (അവലംബം: ലാൻഡ് റിസോഴ്സസ് ഓഫ് കേരളാ സ്റ്റേറ്റ് 1965, കേരളം- മണ്ണും മനുഷ്യനും- ഡോ. തോമസ് ഐസക്, ബ്ലോക് തല സ്ഥിതി വിവരക്കണക്കുകൾ, പഠനപര്യടനം, നാട്ടറിവുകൾ, ഗ്രാമസഭാ റിപ്പോർട്ടുകൾ, അംഗൻവാടി രേഖകൾ)

കേരളത്തിൽ സമുദ്ര നിരപ്പിൽ നിന്ന് 7.5 മീറ്റർ വരെ മുതൽ 75 മീറ്റർ ഉയരമുള്ള ഭാഗങ്ങളെ ഇടനാട് എന്ന ഭൂവിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കോട്ടയം ജില്ലയിലെ ഇടനാടിന്റെ ഏറ്റം ഉയരമുള്ള ഭാഗത്തോടടുത്താണ് പള്ളിക്കത്തോട് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 20 മീറ്റർ മുതൽ 65 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് ഈ പഞ്ചായത്ത്.

കോട്ടയം ജില്ലയുടെ ഏതാണ്ട് മദ്ധ്യത്തിലായി ഉത്തര അക്ഷാംശം 9°4'7" നും 9°43'20" നും പൂർവ്വരേഖാംശം 76°32'54"നും 76°42'46"നും ഇടയ്ക്കായി പള്ളിക്കത്തോടു പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. പടിഞ്ഞാറ് കൂരോപ്പട പഞ്ചായത്തും കിഴക്ക് എലിക്കുളം പഞ്ചായത്തും വടക്ക് അകലക്കുന്നം പഞ്ചായത്തും തെക്ക് വാഴൂർ പഞ്ചായത്തും അതിരുകളായി ഏതാണ്ട് 22.5 ച.കി.മീ സ്ഥലത്ത് പഞ്ചായത്ത് വ്യാപിച്ചു കിടക്കുന്നു. ആനിക്കാടു വില്ലേജും ചെങ്ങളം കിഴക്കുംഭാഗം, അകലക്കുന്നം വില്ലേജുകളുടെ ചില ഭാഗങ്ങളും ചേർന്നതാണ് പള്ളിക്കത്തോടു പഞ്ചായത്ത്. തെക്കുവടക്കായി കിടക്കുന്ന കൊടുങ്ങൂർ പാലാ റോഡും കിഴക്കുപടിഞ്ഞാറായി കിടക്കുന്ന ഒറവയ്ക്കൽ കൂരാലി റോഡും സന്ധിക്കുന്ന പള്ളിക്കത്തോടാണ് പഞ്ചായത്തിന്റെ ആസ്ഥാനം.

പള്ളിക്കത്തോടു പഞ്ചായത്തിന്റെ പൊതുവായ ഭൂപ്രകൃതി പടിഞ്ഞാറു നിന്ന് കിഴക്കോട്ട് ഒന്നിനൊന്ന് ഉയരം വർദ്ധിക്കുന്ന കുന്നുകളും അവയുടെ താഴ്വാര പ്രദേശങ്ങളായ സമതലങ്ങളും മറ്റങ്ങളും അപൂർവ്വം കണ്ടങ്ങളും ചേർന്നതാണ്. സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 65 മീ. ഉയരമുള്ള വെമ്പ്രാമല കോട്ടയാണ് ഏറ്റം ഉയരമുള്ള കുന്ന്. കൂടാതെ വള്ളോത്യാമല, പെരുമ്പാറ, അമ്പഴത്തിങ്കൽ കുന്ന്, വഞ്ചിപ്പാറക്കുന്ന്, മനപ്പാട്ടു കുന്ന്, നെയ്യാട്ടുശേരി (എസ്റ്റേറ്റ്) കുന്ന്, പുല്ലാന്നിത്തകിടി, കുന്തം ചാരിക്കുന്ന്, കൂട്ടുങ്കര, ഞെടുവര, മഞ്ഞളാം കുന്ന്, പൊങ്ങനാൽ കുന്ന്, മൈലാടിക്കര കുന്ന് , മുഴനാൽക്കുന്ന്, നരിമലക്കരക്കുന്ന്, കൂട്ടമാവ്, ഓലിക്കുന്ന് ഈഴക്കുന്നു, പറപ്പള്ളിക്കുന്ന് തുടങ്ങി ചെറുതും വലുതുമായ ഒട്ടനവധി കുന്നുകൾ പഞ്ചായത്തിലുണ്ട്. ചല്ലോലിക്കണ്ടവും അതിനോടനുബന്ധിച്ചുള്ള മറ്റങ്ങളും, തോപ്പിൽപ്പടി മറ്റം, പച്ചനാക്കുഴി-കണ്ണനാനി കണ്ടങ്ങളും അതിന്റെ തുടർച്ചയായ കുറുകുടിക്കണ്ടവും തട്ടാപ്പറമ്പിൽ, കൊല്ലതോട്ടം, താളിക്കല്ലു ഭാഗങ്ങളും പുളിക്കൽ തോടിനോടനുബന്ധിച്ചുള്ള സമതലപ്രദേശങ്ങളും പുല്ലാന്നിത്തകിടിയുടെയും വെമ്പ്രാമലക്കോട്ടയുടെയും കിഴക്കേ ചരിവുകളും എല്ലാം മേൽപ്പറഞ്ഞ കുന്നുകളുടെ ജലസുലഭമായ താഴ്വാര പ്രദേശങ്ങളാണ്.

ഭൂപ്രകൃതിയനുസരിച്ച് പള്ളിക്കത്തോടു പഞ്ചായത്തിനെ എട്ടു വിഭാഗങ്ങളായി തിരിക്കാമെന്നു തോന്നുന്നു.

1. കുന്നിൻ മണ്ടയിലെ നിരപ്പു പ്രദേശങ്ങൾ
2. ഒരുവിധം തൂക്കായ ചരിവുകൾ
3. ഇടത്തരം ചെരിവുകൾ
4. ചെറുചെരിവുകൾ
5. ഉയർന്ന സമതലങ്ങൾ
6. മറ്റങ്ങൾ
7. കണ്ടങ്ങൾ
8. ഇടുങ്ങിയ താഴ്വാരങ്ങൾ

ഇവയിലോരോന്നിന്റെയും വിസ്തൃതി കണക്കാക്കുവാനുള്ള വിശദപഠനങ്ങൾ നടക്കേണ്ടതാണ്. ദ്രുത ഗ്രാമപഠനത്തിന്റെ അടിസ്ഥാനത്തിൽ ചിലതു മാത്രമേ ഇവിടെ പറയാനാവൂ. അതനുസരിച്ച് പഞ്ചായത്തിന്റെ ഭൂരിഭാഗവും ഇടത്തരം ചെരിവുള്ളതും ഒരുവിധം തൂക്കായതുമായ പ്രദേശങ്ങളാണ്. അടുത്തതായി വരുന്നത് ചെറു ചെരിവുകളും സമതലങ്ങളുമാണ്. ഒരു ഗണ്യമായ ഭാഗം കുന്നിൻ മണ്ടയിലെ നിരപ്പായ പ്രദേ

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് വികസന രേഖ

ശങ്ങളാണ്. മറ്റങ്ങളും ചെറുകണ്ടങ്ങളും ഇടുങ്ങിയതാഴ്വാരങ്ങളും ഒരു ചെറിയ ശതമാനമേ വരൂ.

ഹൈലാൻഡ് എന്ന കാർഷിക കാലാവസ്ഥാ മേഖലയിലാണ് (Agro climatic Zone) പള്ളിക്കത്തോടു പഞ്ചായത്തിനെ ഉൾപ്പെടുത്തിയിരിക്കുന്നത്. വെട്ടുകല്ലു ചേർന്ന ചരൽ മണ്ണും വെള്ളാരൻ ചരൽമണ്ണുമാണ് പഞ്ചായത്തിൽ പൊതുവേ കാണുന്ന മൺതരങ്ങൾ. ഇവയ്ക്ക് നല്ല നീർവാർച്ചയുണ്ട്. ആറും എട്ടും ഒമ്പതും വാർഡുകളുൾപ്പെട്ട കിഴക്കൻ പ്രദേശങ്ങളിലെ ചെരിവുകൾ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഫലപുഷ്ടമെന്നു കാണുന്നു.

കൃഷിയെ സംബന്ധിച്ച അടുത്ത അദ്ധ്യായത്തിൽ കാർഷിക ഭൂവിനിയോഗത്തിന്റെ ലഘുചിത്രം ഉണ്ട്.

കാലാവസ്ഥ

പള്ളിക്കത്തോടു പഞ്ചായത്തിൽ മഴയുടെ ശരാശരി കോട്ടയം ജില്ലയിലാകെയുള്ളതിൽ അല്പം കൂടാനാണു സാദ്ധ്യത. ജില്ലയിൽ 1993ൽ ഓരോ മാസവും ലഭിച്ച മഴയുടെ കണക്ക് താഴെക്കൊടുക്കുന്നു.

Jan	Feb	Mar	Apr	May	Jun	Jul	Aug	Sep	Oct	Nov	Dec
O	14.6	13.2	76.5	22.1	837.6	816.1	174.1	109.6	593.4	190.1	60.2

(പട്ടിക ഒന്ന്)

മഴ ഏറ്റവും കുറവുള്ള മാസങ്ങൾ ജനുവരി, ഫെബ്രുവരി, മാർച്ച് എന്നിവയാണ്. ഇനി 1994ൽ വിവിധ മാസങ്ങളിൽ ഉണ്ടായ കൂടിയതും കുറഞ്ഞതുമായ താപനിലകൾ പട്ടികപ്പെടുത്തിയിരിക്കുന്നതു കാണുക.

	Jan	Feb	Mar	Apr	May	Jun	Jul	Aug	Sep	Oct	Nov	Dec	Temp
കൂടിയത്	32.2	33.00	34.2	33.4	32.8	29.5	29.1	30.1	32.1	31.5	32.1	32.7	$0^{o}C$
കുറഞ്ഞത്	22.1	22.9	24.9	24.1	24.0	23.5	21.1	20.8	22	23.7	23.5	24	$0^{o}C$

(പട്ടിക രണ്ട്)

നമ്മുടെ പഞ്ചായത്തിലെ പൊതു അവസ്ഥയും ഇതിൽ നിന്നു വ്യത്യസ്തമല്ല. മാർച്ച് -ഏപ്രിൽ മാസങ്ങളിൽ കൂടിയ വേനൽച്ചൂടും ജൂൺ- ജൂലൈ മാസങ്ങളിൽ മഴത്തണുപ്പും, സെപ്റ്റംബർ- ഒക്ടോബർ മാസങ്ങളിൽ ഓണനാളുകളുടെ മിതോഷ്ണ കാലാവസ്ഥയും, നവംബർ മുതൽ ജനുവരി വരെയുള്ള മഞ്ഞുകാലവുമാണ് പൊതുവേ അനുഭവപ്പെടുന്ന കാലാവസ്ഥകൾ. ഈ കാലാവസ്ഥാചക്രത്തോടു ബന്ധപ്പെടുത്തിയാണ് പരമ്പരാഗത കൃഷിരീതികളാകെ കരുപ്പിടിപ്പിച്ചിരുന്നത്. റബ്ബർ തുടങ്ങിയ തോട്ടവിളകളുടെ കടന്നു കയറ്റത്തോടെ കാലാവസ്ഥയും കൃഷിയും തമ്മിലുള്ള ജൈവബന്ധം അവസാനിച്ചമട്ടാണ്.

ജലപ്രകൃതി

വർഷത്തിൽ ശരാശരി 258.9 മില്ലീമീറ്റർ മഴ ലഭിക്കുന്ന പഞ്ചായത്ത് എന്ന നിലയിൽ ജലലഭ്യതയിൽ പള്ളിക്കത്തോട് ഒട്ടും പിന്നിലാവേണ്ടതില്ല. 'അന്നം നാസ്തി ജലം പുഷ്ടി' എന്ന് പഞ്ചായത്തുൾപ്പെട്ട ആനിക്കാട്ടു കരയെപ്പറ്റി ഒരു ചൊല്ലുതന്നെയുണ്ട്. പന്നഗം തോടിന്റെയും അതിലേക്ക് ചേരുന്ന പള്ളിക്കത്തോടു തോടിന്റേയും മക്കനാൽതോടിന്റെയും അതിലേക്കു ചേരുന്ന ഇളമ്പള്ളി തോടിന്റെയും നീരൊഴുക്കു പ്രദേശത്താണ് പള്ളിക്കത്തോടു പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന്റെ പടിഞ്ഞാറുവശത്തു കൂടി ഒഴുകുന്ന പന്നഗം തോട് വടക്കു പടിഞ്ഞാറേയ്ക്കൊഴുകി മീനച്ചിലാറ്റിൽ ചേരുമ്പോൾ കിഴക്കു വശത്തുകൂടി ഒഴുകുന്ന മക്കനാൽ തോട് തെക്കോട്ടൊഴുകി മണിമലയാറ്റിലേയ്ക്കു ചേരുന്നു. ഈ പ്രധാന തോടുകളുടെയും അതിലേയ്ക്കു ചേരുന്ന ചെറുതോടുകളുടെയും ആകെ നീളം 25 കിലോമീറ്ററെങ്കിലും വരും. വാർഡു തിരിച്ചുള്ള അവയുടെ പട്ടിക, പട്ടിക മൂന്നിൽ കാണാം.

ഇത്രയും നീരൊഴുക്കുകളുണ്ടെങ്കിലും അവയിൽ പലതും ജനുവരിയോടെ വറ്റുന്നവയാണ്. വലിയ തോടുകളിലെ ജലവിതാനം അപ്പോഴേയ്ക്കും താണിരിക്കും. വേനൽക്കാലമാകുന്നതോടെ വസ്ത്രമലക്കുന്നതിന്റെയും കുളിക്കുന്നതിന്റെയും അഴുക്കുകൾ തോടുകളെ മലീമസമാക്കുന്ന പ്രശ്നവുമുണ്ട്. ജലലഭ്യത കുറവുള്ള പ്രദേശങ്ങളിലെ ജനങ്ങൾ തോടുകളിലുണ്ടാക്കുന്ന താൽക്കാലിക കുഴികളിൽ നിന്നാണ് വെള്ളമെടുക്കുന്നത് എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. കടകമ്പോളങ്ങളിൽ നിന്നു വലിച്ചെറിയുന്ന അഴുക്കുകളും മറ്റും ചേർന്ന് പള്ളിക്കത്തോട് തോട് വേനൽക്കാലത്തു നേരിടുന്ന മാലിന്യഭീഷണി കടുത്തതാണ്.

വാർഡ്	പ്രധാന നീരൊഴുക്കുകൾ
1.	പന്നകം തോട്, കദളിമറ്റം തോട്, പാലമറ്റം തോട് (അതിർ)
2.	കുറുങ്കൂടി തോട്, പന്നകം തോട്
3.	ഇരുപ്പക്കൽ തോട്
4.	കാക്കത്തോട്, പന്നകം തോട്, കദളിമറ്റം തോട്
5.	പുളിക്കത്തോട്, കാരക്കുന്ന്- ചാത്തമ്പാറ തോട്
6.	ആനിക്കാട് തോട്, പള്ളിക്കത്തോട് തോട്, പുത്തൻ പുരയ്ക്കൽ- പാറക്കടവ് തോട്, ചല്ലോലിത്തോട്
7.	താളിക്കല്ല്- തെങ്ങുമ്പള്ളി തോട്, ചപ്പാത്ത്- പുളിയാനിക്കൽ തോട്, കണ്ണമ്പറമ്പിൽ തോട്
8.	മക്കനാൽ തോട്, തളിരിപ്ലാക്കൽ തോട്, നെയ്യാട്ടുശ്ശേരി തോട്.
9.	കയ്യൂരിത്തോട്, ഇളമ്പള്ളിൽ (നെയ്യാട്ടുശ്ശേരി) തോട്, വെള്ളറത്തോട്

പട്ടിക മൂന്ന്

ഈ അദ്ധ്യായത്തിന്റെ നാലാം ഖണ്ഡികയിൽ സൂചിപ്പിച്ചതുപോലെയുള്ള പ്രദേശങ്ങളിലൊഴികെ കുന്നിൻ പ്രദേശങ്ങളിലൊന്നും തന്നെ ആണ്ടിൽ മുഴുവൻ ജലം ലഭ്യമല്ല. 6 മാസം മുതൽ എട്ടുമാസം വരെ വെള്ളം കിട്ടുന്ന കിണറുകളാണ് അവിടെയുള്ളതിൽ ഭൂരിഭാഗം.

കുളങ്ങളാണ് പള്ളിക്കത്തോടു പഞ്ചായത്തിലെ ജലസമ്പത്തിന്റെ ഒരു പ്രധാനഭാഗം. ഒരു കുളം അതിന്റെ മുപ്പതിരട്ടി വിസ്തൃതമായ പരിസര പ്രദേശങ്ങളിലെ ജലവിതാനം താഴാതെ സംരക്ഷിക്കുന്നു എന്ന വസ്തുത കുളങ്ങളുടെ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നുണ്ടല്ലോ.

അമ്പലക്കുളങ്ങൾ, സ്വകാര്യവ്യക്തികൾ ജലസേചനാവശ്യങ്ങൾക്കുപയോഗിക്കുന്ന കുളങ്ങൾ തുടങ്ങി ആണ്ടിൽ മുഴുവനും കുറേശ്ശെയെങ്കിലും ജലം ലഭിക്കുന്ന ധാരാളം കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ലഭ്യമായേടത്തോളം അവയുടെ വിവരങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

വാർഡ്	വറ്റാത്ത കുളങ്ങൾ
II	കണ്ണനാനിക്കുളം, അഞ്ചാനിക്കുളം, ഒറ്റിയിൽക്കുളം
III	ആനസ്ഥാനത്തു മഠത്തിൽ പ്രഭാകരൻ കർത്തായുടെ കുളം, ഇരട്ടക്കാലിക്കൽ കുളം, നടയ്ക്കവയൽ കുളം, കിഴക്കേടത്തു കുളം, ചാമുണ്ഡിക്കുളം
IV	കാരയ്ക്കാട്ടു കുളം നാഗത്തോലി കുളം, കല്ലാൽ കുളം
VI	വട്ടക്കാവ് അമ്പലക്കുളം, അമ്പീൽക്കുളം, ചല്ലോലിക്കുളം, ആനിക്കാട്ട് അമ്പലക്കുളം, കൃഷി ഡെമോൺ സ്ട്രേറ്റർ, മുണ്ടിയാനിക്കൽ ജോണിന്റെ പുരയിടക്കുളം, കണ്ണമ്പറമ്പിൽ കുളം, രാജു കരുനാട്ടിന്റെ പുരയിടക്കുളം, കുഴിവേലിൽ കെ.സി. ചാക്കോയുടെ പുരയിടക്കുളം.
VII	കാര്യങ്കൽ പാറക്കുളം, വടക്കോണക്കാട്ടു കുളം, പെരുനാട്ടുകുളം, തട്ടാമ്പറമ്പിൽ കുളം, പാണ്ടിയപ്പള്ളി കുളം.
VIII	ഇളമ്പള്ളി അമ്പലക്കുളം
IX	കുഴിക്കാട്ടു കൊച്ചേട്ടന്റെ പുരയിടക്കുളം, കുഴിക്കാട്ട് കെ. ഇസഡ് പീലിപ്പോസിന്റെ പുരയിടക്കുളം, സിബി തഴയ്ക്കലിന്റെ പുരയിടക്കുളം, ഇല്ലിക്കൽ കുഞ്ഞേട്ടന്റെ കുളം, തഴയ്ക്കൽ ടി.കെ. കുരുവിളയുടെ പുരയിടക്കുളം

പട്ടിക നാല്

ഈ പട്ടികയിലുൾപ്പെടാത്ത ധാരാളം കുളങ്ങളുണ്ടാവും. ഒരു സമഗ്ര പ്രാഥമിക വിവര ശേഖരണത്തിലൂടെ മാത്രമേ നമ്മുടെ പഞ്ചായത്തിന്റെ പൂർണ്ണ ജല സമ്പത്ത് കണ്ടെത്താനാവൂ.

പലനാളുകളിലായി അവഗണിക്കപ്പെട്ടും മറ്റും തൂർന്നുപോയ ധാരാളം കുളങ്ങളുണ്ട്. മണ്ണിടിഞ്ഞ് അടുത്തനാളിൽ തൂർന്നുപോയ ഈറ്റോലിൽ കുളം, ഇരുപതു വർഷം മുമ്പ് നികത്തി റബ്ബർ വച്ച മുല്ലൂത്താഴെക്കുളം (രണ്ടും ഏഴാം വാർഡിൽ) എന്നിവ രണ്ടുദാഹരണങ്ങൾ മാത്രം. തൂർന്നുപോയ കുളങ്ങൾ തിട്ടപ്പെടുത്തി വമ്പിച്ച

സാമൂഹ്യബോധവൽക്കരണത്തിന്റെ സഹായത്തോടെ അവ പുനരുദ്ധരിച്ചു നിലനിറുത്തേണ്ടത് നമ്മുടെ ജലസമ്പത്ത് സംരക്ഷിക്കാൻ എത്രയും ആവശ്യമാണ്. നമ്മുടെ മറ്റങ്ങളും അല്പമാത്രമായ കണ്ടങ്ങളും (മുപ്പത്തിയഞ്ച് ഏക്കർ കണ്ടമുണ്ടായിരുന്നത് ഇന്നു മിക്കവാറും ഇല്ലാതായിരിക്കുന്നു) റബ്ബർ കൃഷിയുടെയും നികത്തി വീടുവയ്ക്കുന്നതിന്റെയും ഭീഷണി നേരിടുന്നു. ഇതു രണ്ടും നമ്മുടെ ജലസമ്പത്തിനെ കാര്യമായി ബാധിക്കുന്നുണ്ട്. ഇതോടൊപ്പം തോടുകളിലേയ്ക്കിറക്കി കൈയാല വയ്ക്കുന്ന പ്രവണതയും വ്യാപകമാണ്. ഇത്രയും ജലസമ്പത്തുണ്ടായിരുന്ന പള്ളിക്കത്തോടു പഞ്ചായത്തിന്റെ ഇന്നത്തെ പ്രധാന പ്രശ്നം കുടിവെള്ളത്തിന്റേതാണെന്നു വന്നത് ഒരു വൈപരീത്യം തന്നെയെങ്കിലും അതിനു കാരണക്കാർ നാം തന്നെയാണെന്ന തിരിച്ചറിവ് എത്രയും ആവശ്യമായിരിക്കുന്നു.

ഊർജ്ജിതമായ മണ്ണു-ജല സംരക്ഷണവും പുതിയ ശുദ്ധ ജലസ്രോതസ്സുകൾ കണ്ടെത്തലും പഴയവ നന്നാക്കി സൂക്ഷിക്കലും പഞ്ചായത്തിന്റെ വികസനപരിപാടിയുടെ ഭാഗമായാലേ നമ്മുടെ അടിസ്ഥാന വിഭവങ്ങൾ സംരക്ഷിക്കാനാവൂ. ഒപ്പം പ്രധാന തോടുകളുടെ ശുചീകരണം ഉറപ്പാക്കണം. തോടുകളുടെ വക്കുകളിൽ ഈറ്റയോ കൈതയോ വച്ചു പിടിപ്പിക്കുന്ന പരിപാടി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കണം. ഒപ്പം ചെറു ചെറു തടയണകളും. എങ്കിൽ അവയിലെ ഒഴുക്കിന്റെ വേഗം തടയാനും ദീർഘകാല ജലലഭ്യത ഉറപ്പാക്കാനുമാവും.

ജനപക്രൃതി

അടിസ്ഥാന വിഭവങ്ങളായ മണ്ണും ജലവും സസ്യജാലങ്ങളും ഉപയോഗിച്ച് ജീവിതോല്പന്നങ്ങൾ ഉണ്ടാക്കുന്നത് മനുഷ്യന്റെ ശക്തിയാണ്. ഈ മനുഷ്യശക്തിയിൽ പള്ളിക്കത്തോട് എന്തുമാത്രം സമ്പന്നമാണ്? ജനങ്ങളുടെ എണ്ണം, ആരോഗ്യം, വിദ്യാഭ്യാസം, സാങ്കേതിക കഴിവുകൾ ഇവയെപ്പറ്റിയെല്ലാം വിശദമായ പഠനം നടത്തിയാലേ മനുഷ്യശക്തിയെപ്പറ്റി ശരിയായ ഒരു ധാരണയിലെത്താനാവൂ. ലഭ്യമായ വിവരങ്ങൾ വച്ചുകൊണ്ട് ഒരു പൊതു ചിത്രം വരയ്ക്കാനേ ഇവിടെ സാധിക്കൂ. 1991ലെ സെൻസസ് പ്രകാരം പള്ളിക്കത്തോടു പഞ്ചായത്തിൽ 7691 പുരുഷന്മാരും 7697 സ്ത്രീകളും ഉൾപ്പെടെ 15, 388 ആളുകളാണുണ്ടായിരുന്നത്. സ്ത്രീപുരുഷാനുപാതം ഏതാണ്ട് തുല്യമായിരുന്നുവെന്നു സാരം. ആകെ 3192 വീടുകളുണ്ടായിരുന്നു. അതായത് വീടൊന്നുക്ക് 4നും 5നും ഇടയ്ക്ക് ആളുകൾ മാത്രം. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 684 മാത്രമായിരുന്നു. 1991ലെ സംസ്ഥാന ശാശരിയേക്കാൾ (748) താഴെ മാത്രം. ജലസാന്ദ്രതയുള്ള ഭാഗങ്ങളിൽ മാത്രം ആളുകൾ അടുത്തടുത്തു താമസിക്കുന്നതും വിസ്തൃതമായ കൃഷിയിടങ്ങളുള്ള ധനികകൃഷിക്കാർ കൂടുതലുള്ളതും ഇതിനു കാരണമാകാം. പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 634 ആണ്. പട്ടികവർഗ്ഗ ജനസംഖ്യ 100. (1991ലെ സെൻസസ്)

പുരുഷന്മാരുടെ 1991ലെ സാക്ഷരതാ നിരക്ക് 97%വും സ്ത്രീകളുടേത് 95% വും എന്ന് 1991ലെ സെൻസസ് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. നിരക്ഷരരിൽ അധികപങ്കും പട്ടികജാതി- വർഗ്ഗങ്ങളിലും മറ്റു ദരിദ്ര വിഭാഗങ്ങളിലും പെട്ടവരാണ്. 1990ൽ പ്രാവർത്തികമാക്കിയ സാക്ഷരതാ പദ്ധതിയനുസരിച്ച് അവരുടെ നിരക്ഷരത ഒരളവോളം പരിഹരിക്കാനായിട്ടുണ്ടെങ്കിലും തുടർ സാക്ഷരതാ പരിപാടികളുടെ അഭാവം നിമിത്തം പല നവസാക്ഷരരും നിരക്ഷരരായിരിക്കാനിടയുണ്ട്.

ഏറ്റം പുതിയ അംഗനവാടി രേഖകൾ പ്രകാരം പള്ളിക്കത്തോടു പഞ്ചായത്തിലെ ജനസംഖ്യ 16569 ആണ്. നമ്മുടെ ജനസംഖ്യാവർദ്ധനവ് ഒരുപരിധി വരെ നിയന്ത്രാണാധീനമാണെന്ന് ഇതു സൂചിപ്പിക്കുന്നു

ഈ വർദ്ധനവു തന്നെ വ്യാപകമായ കുടിയേറ്റം നിമിത്തമാണുണ്ടായത്. സ്ത്രീപുരുഷാനുപാതത്തിലും പ്രകടമായൊരു വ്യത്യാസം കാണുന്നു. 1991ൽ ഏതാണ്ട് തുല്യമായിരുന്ന സ്ത്രീപുരുഷാനുപാതത്തിൽ നേരിയൊരു വർദ്ധനവുണ്ടായിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഈ 'നല്ലപാതി'യെ ഇന്നത്തേതിലും കൂടുതലായി വികസനമേഖലകളിൽ പങ്കാളിയാക്കേണ്ടതിന്റെ ആവശ്യം അനുദിനം പ്രസക്തമായി വരികയാണ്. ഏറ്റം പുതിയ വിവരങ്ങൾ പ്രകാരം ആറു വയസ്സിൽ താഴെയുള്ള 1220 കുട്ടികളാണ് പഞ്ചായത്തിലുള്ളത്.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പള്ളിക്കത്തോടു പഞ്ചായത്തിലെ ജനങ്ങൾ പൊതുവേ മുമ്പിലാണെന്ന് അതു സംബന്ധിച്ചുള്ള വിശകലനത്തിൽ നിന്ന് വ്യക്തമാകും. (വിദ്യാഭ്യാസത്തെപ്പറ്റിയുള്ള അദ്ധ്യായം കാണുക) ദരിദ്ര ജനവിഭാഗങ്ങളിലും പട്ടികജാതി വർഗ്ഗ വിഭാഗങ്ങളിലും പഠന നിലവാരം പിന്നോട്ടാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ കൊഴിഞ്ഞു പോക്കിന്റെ ശതമാനം കൂടുതലാണ്. ഇതു മാറ്റിയെടുക്കുന്നത് അടിയന്തര പ്രാധാന്യമർഹിക്കുന്നു.

ഉന്നതവിദ്യാഭ്യാസം നേടിയവർ, പഠനമുപേക്ഷിച്ച് മറ്റു തൊഴിലുകൾ തേടിയവർ, സാങ്കേതിക വിദ്യാഭ്യാസം നേടിയവർ- തൊഴിലില്ലാത്തവർ- ഇവരുടെ വിവരങ്ങൾ ഒരു സമഗ്ര സാമ്പത്തിക സാമൂഹ്യ സർവ്വേ നടത്തിയാലേ ലഭിക്കൂ. തൊഴിലില്ലായ്മയെപ്പറ്റിയുള്ള ഏകദേശധാരണയുണ്ടാക്കാൻ 1991ലെ സെൻസസിനെ ആശ്രയിക്കാനേ സാധിക്കൂ. അതുപ്രകാരം ആകെ തൊഴിലെടുക്കുന്നവർ 4602 പേരാണ്. അതായത് പഞ്ചായത്തിലെ തൊഴിൽ പങ്കാളിത്തം 4602 / 15388 × 100 = 30%. ഇതു കേരള ശരാശരിയേക്കാൾ (26.7 % എന്ന് '81 ലെ സെൻസസ്) ഉയർന്നതാണെങ്കിലും ഇന്ത്യൻ ശാരശരിയെക്കാൾ താണതാണ് (37.6 %) ജനസംഖ്യയിൽ 40% പ്രായപൂർത്തിയാകാത്തവരെന്ന് കണക്കാക്കിയാൽ തൊഴിലെടുക്കാൻ കഴിവുള്ള മുതിർന്നവരിൽ പകുതിപ്പേർക്കു തൊഴിലില്ല എന്നതാണവസ്ഥയെന്നു കാണാം.

ജാതിപരമായ ഉച്ചനീചത്വങ്ങൾ പുറമേയ്ക്ക് മാറുകയും ബാഹ്യമായ പെരുമാറ്റത്തിൽ മതേതരസംസ്കാരത്തിന്റെ സ്വാധീനം പ്രകടമാകാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഗൾഫ് പണത്തിന്റെയും റബ്ബറിന്റെയും വിലവർദ്ധനവിന്റെയും പശ്ചാത്തലത്തിൽ വളർന്നു വരുന്ന ഉപഭോഗസംസ്കാരം ചിലരെയെങ്കിലും പരിവർത്തന വിമുഖരാക്കുന്നുവെന്നത് പഞ്ചായത്തിന്റെ ഊർജ്ജിത വികാസത്തിനു തടസ്സം നിൽക്കുന്ന ഘടകമാണ്. എങ്കിലും ഒത്തൊരുമിച്ച സത്യസന്ധമായ പ്രവർത്തനം കൊണ്ട് ഈ പ്രതിസന്ധിയെ മറികടക്കാൻ പ്രയാസമില്ല.

കൃഷിയും ജലസേചനവും

5.1

ഏതൊരു സമ്പദ് വ്യവസ്ഥയിലും അടിസ്ഥാന മേഖല കൃഷിയാണ്. പള്ളിക്കത്തോടു പഞ്ചായത്തിലെ കാർഷിക രംഗത്തിന്റെ സ്വഭാവമെന്ത്? അതു നേരിടുന്ന പ്രതിസന്ധികളെന്തൊക്കെയാണ്? കാർഷിക രംഗം മെച്ചപ്പെടുത്തി നമ്മുടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താനും നിലവിലുള്ള തൊഴിലില്ലായ്മയ്ക്ക് ഒരളവുവരെ പരിഹാരം കാണാനും എന്തുമാത്രം സാധ്യതകളുണ്ട്? എന്നെല്ലാമുള്ള അന്വേഷണമാണ് ഈ അദ്ധ്യായം.

പൊതുഅവലോകനം

നാണ്യവിളകൾക്ക്, പ്രത്യേകിച്ച് റബ്ബറിന് പ്രാധാന്യമുള്ള കാർഷികഘടനയാണ് പള്ളിക്കത്തോടു പഞ്ചായത്തിനുള്ളത്. നീർവാർച്ചയുള്ള 2159.72 ഹെക്ടർ കൃഷിഭൂമിയാണ് പഞ്ചായത്തിലാകെയുള്ളത്. അതിൽ 1860 ഹെക്ടർ പ്രദേശവും റബ്ബറാണെന്ന് കൃഷിഭവൻ രേഖകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ ഭൂമിയെ പൊതുവെ എട്ടുതരങ്ങളായി തിരിക്കാമെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിച്ചല്ലോ. അവയുടെ ഓരോന്നിന്റെയും വിസ്തൃതിയെ സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമല്ല. നീർവാർച്ചയുള്ള സ്ഥലങ്ങൾ ആകെ 2159.72 ഹെക്ടറും കണ്ടങ്ങൾ 11.84 ഹെക്ടറും തരിശു ഭൂമി 46.17 ഹെക്ടറുമെന്ന് കൃഷിഭവൻ രേഖകളിൽ കാണുന്നു.

അതേ രേഖകൾ പ്രകാരം ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള നാമമാത്ര കർഷകർ 6261 പേരും ഒന്നുമുതൽ രണ്ടു ഹെക്ടർ വരെ ഭൂമിയുള്ള ഇടത്തരം കർഷകർ 749 പേരും രണ്ടു ഹെക്ടറിനു മുകളിൽ ഭൂമിയുള്ള ഉയർന്ന ഇടത്തരക്കാരും ധനികരുമായ കർഷകർ 101 പേരുമാണ് പഞ്ചായത്തിലുള്ളത്. ഈ കർഷകർ എത്ര ഭൂവിടങ്ങളിലായി കൃഷി ചെയ്യുന്നു എന്നു കൂടി അറിഞ്ഞാലേ ഈ കണക്ക് ശാസ്ത്രീയമാവൂ. (ഒരാളുടെ ഉടമസ്ഥതയിലോ ഒന്നിലധികം പേരുടെ കൂട്ടുടമസ്ഥതയിലോ ഉള്ള ഭൂമി മുഴുവൻ ഒരു ഭൂവിടം (Holding) ആയി കണക്കാക്കാം.)

ആളോഹരി കൃഷിഭൂമി സംസ്ഥാനത്ത് 0.07 ഹെക്ടറാണെങ്കിൽ അതിന്റെ ഇരട്ടിയോളമാണ് പള്ളിക്കത്തോട് പഞ്ചായത്തിന്റേത്. (0.135 ഹെക്ടർ).

കാർഷിക ചരിത്രം*

കാർഷിക ഭൂവുടമാബന്ധങ്ങൾ മലബാറിനെപ്പോലെ കർക്കശമല്ലാതിരുന്ന പ്രദേശമാണ് തിരുവിതാംകൂർ. ഭൂമി മേൽ സ്വതന്ത്രാവകാശമുള്ള ധാരാളം കൃഷിക്കാർ പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ ഇവിടെയുണ്ടായി. (1818-ൽ സർക്കാർ തരിശു ഭൂമി കൃഷിക്കാർക്കു വിട്ടുകൊടുത്തതും 1865ൽ നടപ്പാക്കിയ പണ്ടാരപ്പാട്ട വിളംബരവും ഇതിനു കാരണങ്ങളാണ്)* അവരോടൊപ്പം വൻ ഭൂസ്വത്തും കുടുംബം വക അടിമപ്പണിക്കാരുമുള്ള മാടമ്പിമാരും ചേർന്നതായിരുന്നു പള്ളിക്കത്തോടു പഞ്ചായത്തുൾപ്പെട്ട ആനിക്കാടു പ്രദേശത്തെ കാർഷികമേഖല. അമ്പഴത്തിങ്കൽ കർത്താക്കന്മാരും, വടുതല, കല്ലൂർ, മംഗലത്ത്, വെങ്ങാലൂർ, കുരുന്നമ്മല, തെക്കേത്ത്, ചെങ്ങളത്തുമഠം, എളുമ്പള്ളിമഠം, പാലാത്ത് തുടങ്ങിയ പ്രമാണികുടുംബങ്ങളും വൻ ഭൂസ്വത്തുള്ളവരായിരുന്നു. ഐക്യകേരള രൂപീകരണത്തിനുശേഷം നിലവിൽ വന്ന കാർഷിക ബന്ധനിയമവും കാർഷിക ഭൂപരിഷ്കരണ ഭേദഗതി നിയമവും അവശേഷിച്ച ജന്മിത്വത്തെയും ഇല്ലാതാക്കി; അതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിലും.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ കല്ലുകയ്യാലവച്ച് മണ്ണുസംരക്ഷണം നടത്തി കൃഷിയിറക്കുന്ന പറമ്പുകളും കല്ലു വരകെട്ടിത്തിരിച്ച പുരയിടങ്ങളും വ്യാപകമാകാൻ തുടങ്ങിയിരുന്നു. തെങ്ങും, കുരുമുളകും, കുടപ്പനയും നിറഞ്ഞ പുരയിടങ്ങൾ ധാരാളമുണ്ടായി.

'അന്നം നാസ്തി' എന്ന് ആനിക്കാട് പ്രദേശത്തെ സൂചിപ്പിച്ചു പറയാറുള്ളത് പാടങ്ങളുടെ അഭാവത്തെ സൂചിപ്പിക്കാനായിരുന്നു. പക്ഷേ, പറമ്പുകളിൽ നെൽകൃഷി വ്യാപകമായിരുന്നു. ഉഴംവെട്ടുക (ഉഴവു വെട്ടുക) എന്നാണിതിനു പറയുക. ഏഴെട്ടു വർഷം പറമ്പു തരിശിട്ട് കാടു വളരാനനുവദിച്ച ശേഷം മകരം ഇരുപത്തെട്ടിന് (ഇരുപത്തെട്ടും കടുനാളും എന്നാണ് പഴഞ്ചൊല്ല്). ഈ കാടു വെട്ടി ചുടുന്നു. കുംഭത്തിലെ ആദ്യ മഴയ്ക്കു ശേഷം മീനത്തിൽ വിത്തെറിഞ്ഞ് അവിടം കിളച്ച് വിത്ത് മണ്ണുമായി ചേർക്കുന്നു. വനമണ്ണിന്റെ അത്ര തന്നെ ജൈവാംശമുള്ള ഈ മണ്ണിൽ നെല്ല് നന്നായി വിളഞ്ഞിരുന്നു. 'കുരീക്കണ്ണി' പോലെ സ്വാദിഷ്ഠമായ നെല്ലിനങ്ങളായിരുന്നു കൃഷി ചെയ്തിരുന്നത്.

* ഡോക്ടർ തോമസ് ഐസക്ക് - കേരളം - മണ്ണും മനുഷ്യനും പേജ് 32

* അവലംബം. കർഷകാരണ വമ്പന്മാരുമായുള്ള ചർച്ചകൾ, പഠന പര്യടനം, ചരിത്ര പഠനം.

കാലാവസ്ഥയും കൃഷിയുമായുള്ള ഗാഢ ബന്ധം പോലെ ശ്രദ്ധേയമായിരുന്നു വിളചംക്രമണത്തിന്റെ രീതി. നെൽ വിളവെടുത്തു കഴിഞ്ഞ് ആ പറമ്പിൽ അടുത്ത കുംഭമഴയോടെ ചേന, കാച്ചിൽ, ചേമ്പ്, കിഴങ്ങ് തുടങ്ങിയ നടുതലകളും തുമര, പയറ്, മുതിര തുടങ്ങിയവയും കൃഷി ചെയ്യും. ഇങ്ങനെ രണ്ടു മൂന്നു വർഷത്തെ കാലായപ്പണിക്കുശേഷം വീണ്ടും എട്ടുവർഷത്തേക്ക് ആ പറമ്പ് തിരിശിടും. ഈ വിളചംക്രമണവും പഴനിലമിടുന്നതും മണ്ണിന്റെ ജൈവസംപുഷ്ടത നഷ്ടമാകാതെ സൂക്ഷിച്ചിരുന്നു.

ശ്രദ്ധേയമായ മറ്റൊരു കാര്യം അന്നു കർഷക മേഖലയിൽ നിലനിന്നിരുന്ന സഹകരണമായിരുന്നു. 'മാറ്റാൾപ്പണി' അല്ലെങ്കിൽ 'മാറ്റപ്പണി' എന്നറിയപ്പെടുന്ന സമ്പ്രദായമാണിവിടെ സൂചിപ്പിക്കുന്നത്. സ്വന്തമായി പണിക്കാരില്ലാതിരുന്ന കർഷകർ പത്തു പതിനഞ്ചു കുടുംബക്കാർ പരസ്പരം സഹകരിച്ച് കൃഷിപ്പണികൾ നടത്തിയിരുന്നു. ഒരാൾ മറ്റൊരാളുടെ പണികളിലും തിരിച്ചും സഹകരിക്കുന്ന ഈ സമ്പ്രദായം കാർഷിക മേഖ്യിലെ സഹകരണത്തിന്റെ ഉജ്ജ്വലമാതൃകയായിരുന്നു. കപ്പകൃഷി, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും അന്നേയ്ക്ക് വ്യാപകമായിരുന്നു.

1938ലാണ് റബ്ബറിന്റെ അരങ്ങേറ്റം. പള്ളിക്കത്തോടു ഗ്രാമപഞ്ചായത്തിൽ ആദ്യകാലത്ത് റബ്ബർ ആകർഷണീയമായ ഒരു കൃഷിമേഖലയായി വികസിച്ചിരുന്നില്ല. 1960-ഓടെയാണ് ബഡ്ഡ് റബ്ബറിന്റെ അരങ്ങേറ്റം. അതോടെ റബ്ബർ കൃഷി കൂടുതൽ സ്ഥലത്തോട്ട് വ്യാപിക്കാനാരംഭിച്ചു. അതോടൊപ്പം തേയില, കാപ്പി, കൊക്കൊ തുടങ്ങിയ നാണ്യവിളകളും അല്പാല്പം വ്യാപിച്ചു.

വീടിനു ചുറ്റുവട്ടത്തുമായി സ്വന്തമാവശ്യത്തിന് ചെറുവാഴകൾ മാത്രമായിരുന്നു ആദ്യകാലത്തു കൃഷി ചെയ്തിരുന്നത്. പാളയൻകോടൻ, ഞാലിപ്പൂവൻ, പൂവൻ, കാളിവാഴ, കരിങ്കോളി, ചുണ്ടില്ലാക്കണ്ണൻ തുടങ്ങിയ ഇനങ്ങൾ ധാരാളമായിരുന്നു. വ്യാപാരാവശ്യത്തിന് പ്രാധാന്യം നൽകുന്ന ഏത്തവാഴക്കൃഷി പിന്നീടാണ് വന്നു ചേർന്നത്.

ജനസംഖ്യാവർദ്ധനവിന്റെ സമ്മർദ്ദവും പുതിയ അണുകുടുംബവ്യവസ്ഥയുടെ വ്യാപനവും നിമിത്തം പുരയിടങ്ങൾ തുണ്ടുകളാകുന്ന പ്രക്രിയ വ്യാപിച്ചതോടെ കൃഷി ആദായകരമല്ല എന്നു വന്നു ചേർന്നു. മറ്റു തൊഴിൽ മേഖലകളിലേക്കുള്ള ഒഴുക്കിന്റെ ആക്കവും കൂടി. കാർഷിക മേഖലയിൽ തൊഴിലാളികൾ ചുരുങ്ങുകയും ഉള്ള തൊഴിലാളികളുടെ കൂലി വർദ്ധിക്കുകയും ചെയ്തതോടെ കൃഷിയോടുള്ള മനോഭാവത്തിൽ തന്നെ മാറ്റം വന്നു. വിളപരിചരണം അധികം ആവശ്യമില്ലാത്ത റബ്ബറിലേക്ക് ശ്രദ്ധ തിരിഞ്ഞതോടെ തെങ്ങുകൃഷി, കുരുമുളകു കൃഷി, പുരയിടത്തിലെ കുറുമ്പൂപ്പുകൃഷികൾ, പച്ചക്കറി കൃഷി തുടങ്ങിയവ പൊതുവേ അവഗണിക്കപ്പെട്ടു. പഞ്ചായത്തിലെ ആളുകൾക്കു മുഴുവൻ വേണ്ട ഭക്ഷണം മുഴുവൻ ഉല്പാദിപ്പിച്ചിരുന്ന കൃഷിമേഖല ഇന്ന് അതിന്റെ നാലിലൊന്നു പോലും ഉൽപ്പാദിപ്പിക്കുന്നില്ല. പച്ചക്കറികൾ ആകെ 3 ഹെക്ടർ മാത്രമാണു പഞ്ചായത്തിൽ കൃഷി ചെയ്യുന്നത്. പള്ളിക്കത്തോടു പഞ്ചായത്തിലെ ജനങ്ങൾ മാത്രം ഏതാണ്ട് 15000- 20000 രൂപാ വില വരുന്ന പച്ചക്കറികൾ ദിവസേന വാങ്ങുന്നുണ്ടെന്നറിയുമ്പോൾ എത്ര വമ്പിച്ചൊരു സാദ്ധ്യതയാണ് നാം പാഴാക്കുന്നതെന്നോർക്കുക. രോഗബാധയില്ലാത്ത റബ്ബർ ജനങ്ങളുടെ വ്യാപനവും റബ്ബറിന്റെ വിപണിസ്ഥിരതയും ആ കൃഷിയെ ഇനിയും വ്യാപിപ്പിക്കാനാണിട. ഈ സാഹചര്യത്തിൽ അവഗണിക്കപ്പെട്ട നമ്മുടെ തെങ്ങു- കുരുമുളകു- പുരയിടകൃഷികളെ സമുദ്ധരിക്കുകയും വിളതീവ്രത വർദ്ധിപ്പിക്കുകയും പുതിയ കാർഷിക മേഖലകൾ കണ്ടെത്തി കൃഷി ആകർഷകമായ ഒരു തൊഴിലായി മാറ്റുകയും അത്യാവശ്യമാണ്. രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക്, ഒരളവുവരെ ശമനം കാണാനും നമ്മുടെ പഞ്ചായത്തിന്റെ ഭക്ഷ്യസ്വയം പ്യാപ്തത വീണ്ടെടുക്കാനും ഇത് അത്യാവശ്യമാണ്.

ഇന്നത്തെ വിളചേരുവ

പ്രധാനകൃഷിയായ റബ്ബർ, അവയ്ക്കിടയിൽ ചിലയിടങ്ങളിൽ മിക്കവാറും കേടുബാധിച്ചു നിൽക്കുന്ന പ്രായമായ തെങ്ങുകൾ, വീട്ടു പുരയിടങ്ങളിൽ കാണുന്ന തെങ്ങും കുരുമുളകും, റബ്ബർ വെട്ടിയിറങ്ങിയ പറമ്പുകളിലും കണ്ടങ്ങളിലും മാത്രം നിലനിൽക്കുന്ന കപ്പ, വാഴ, ഇഞ്ചി തുടങ്ങിയ വിളകൾ, വീട്ടുമുറ്റത്തോടടുത്തുള്ള കാപ്പി, ചെറുവാഴകൾ, വെള്ളപ്പറ്റുള്ള ചില മറ്റങ്ങളിലൊതുങ്ങുന്ന കൊക്കോ ഇവകൊണ്ട് നമ്മുടെ വിളകളുടെ പട്ടിക അവസാനിക്കുന്നു. തെങ്ങുകൾക്കിടയിൽ വാഴയും അവയ്ക്കിടയിൽ ചേനയും ചേമ്പുമൊക്കെ കൃഷി ചെയ്യുന്ന ത്രിതല കൃഷി രീതിയും അപൂർവ്വമാണ്.

ഇന്നു കൃഷി ചെയ്യുന്ന പ്രധാനവിളകൾ, അവയുടെ വിളവിസ്തൃതി, പഞ്ചായത്തിലും സംസ്ഥാനത്തുമുള്ള ഉൽപ്പാദനക്ഷമത എന്നിവയെ ഒരു പട്ടികയായി താഴെ (അടുത്ത പേജിൽ) കൊടുക്കുന്നു.

പട്ടിക ഒന്ന്

ക്രമ നമ്പർ	വിള	വിള വിസ്തീർണ്ണം (Hr)	ഉൽപ്പാദനക്ഷമത (പഞ്ചായത്ത്)	ഉൽപ്പാദനക്ഷമത (സംസ്ഥാനം)
1	റബ്ബർ	1860	1000kg./Hr	934kg./Hr
2	തെങ്ങ്	260	5250Nuts/Hr	5890 Nuts/Hr
3	കുരുമുളക്	130	500gm./കൊടിത്തല	250gm./കൊടിത്തല
4	കപ്പ	45	20 Tone/Hr.	19.87 Tone/Hr.
5	കൊക്കോ	20	1000kg./Hr (ഉണക്ക)	630kg./Hr (ഉണക്ക)
6	ഏത്തവാഴ	17	10000 kg./Hr	7951kg./Hr
7	കമുക്	15	213650 Nuts/Hr(മതിപ്പ്)	213409 Nuts/Hr(മതിപ്പ്)
8	മഞ്ഞൾ	15	18000Kg./Hr.	1937 Kg./Hr.
9	ഇഞ്ചി	12	12000 Kg./Hr	3387 Kg./Hr
10	*കാപ്പി	12	575 Kg/Hr (മതിപ്പ്)	562 Kg/Hr (മതിപ്പ്)
11	പച്ചക്കറികൾ	3	-	-

അവലംബം: കൃഷിഭവൻ രേഖകൾ, കൃഷി ഉദ്യോഗസ്ഥന്മാരുമായുള്ള ചർച്ചകൾ

* യഥാർത്ഥത്തിൽ കാപ്പിയുടെ സംസ്ഥാന ശരാശരി ഉല്പാദനക്ഷമതയാണ് കൂടുതൽ. നാം കാപ്പി പ്രൂൺ ചെയ്യാതെ വളർത്തുന്നതുകൊണ്ട് ഉള്ള കാപ്പിയിൽ നിന്ന് കൂടുതൽ കിട്ടുന്നുവെന്നേയുള്ളൂ.

തെങ്ങും കാപ്പിയുമൊഴിച്ച് മറ്റെല്ലാ വിളകൾക്കും സംസ്ഥാന ശരാശരിയേക്കാൾ കവിഞ്ഞ ഉൽപ്പാദനക്ഷമതയുണ്ട് നമ്മുടെ പഞ്ചായത്തിലെന്ന് ഈ പട്ടിക തെളിയിക്കുന്നു. പള്ളിക്കത്തോട് പഞ്ചായത്തിന്റെ കാർഷികരംഗത്തുള്ള സാദ്ധ്യതകൾ വമ്പിച്ചതാണെന്നാണ് ഇതിന്റെയർത്ഥം.

ഈ പട്ടികയിൽ നിന്നും തെളിയുന്ന മറ്റൊരു കാര്യമുണ്ട്. പച്ചക്കറികൾ വളരെ കുറഞ്ഞ സ്ഥലത്തേ കൃഷി ചെയ്യുന്നുള്ളൂ. ചെറുവാഴയുടെ ഉൽപ്പാദനസാദ്ധ്യതയും നാമധികം ചൂഷണം ചെയ്തിട്ടില്ല. വിശദമായ ഒരു സാമൂഹ്യ സാമ്പത്തിക സർവ്വേയുടെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ ഒരു ദ്രുതകർമ്മ പരിപാടി ആവിഷ്കരിക്കേണ്ടതുണ്ട്.

ജലസേചന സൗകര്യങ്ങൾ

ജലസേചനസൗകര്യം കുറവായ പ്രദേശങ്ങളാണ് പഞ്ചായത്തിൽ കൂടുതലായുള്ളത്. ആ നിലയ്ക്ക് ജലസേചനാവശ്യം വളരെ കുറഞ്ഞ റബ്ബറിന്റെ കൃഷിയാണ് നമ്മുടെ പ്രദേശത്ത് വ്യാപകമായിരിക്കുന്നത്. നെല്ല്, തെങ്ങ്, പച്ചക്കറികൾ എന്നിവയ്ക്കാണ് വർദ്ധിച്ച തോതിൽ ജലസേചനം ആവശ്യമായി വരുന്നത്. പലകാരണങ്ങൾ കൊണ്ടും പള്ളിക്കത്തോട് പഞ്ചായത്തിൽ നെൽകൃഷി അപ്രായോഗികമാണ്. തെങ്ങു കൃഷിക്കും പുരയിടകൃഷിക്കും ആവശ്യമായ ജലസേചന സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. പുരയിടക്കൃഷിയിൽ ഫലപ്രദമായ ജലസേചനം നടത്താൻ ജലലഭ്യതയുള്ള പ്രദേശങ്ങളിലെ കൃഷിക്കാർക്കേ സാധിക്കൂ. അവരിൽ തന്നെ എത്രപേർ ശാസ്ത്രീയമായ ജലസേചനം നടത്തുന്നുണ്ട് എന്നത് വിശദമായ ഒരു ഗ്രാമപഠനത്തിലൂടെയേ വെളിപ്പെടൂ. കിണറിനും പമ്പ് സെറ്റിനും സബ്സിഡി വാങ്ങുന്നവർ പലരും അതു കൃഷി ആവശ്യത്തിനല്ല, വീട്ടാവശ്യത്തിനാണുപയോഗിക്കുന്നത് എന്നത് പരക്കെ അറിവുള്ളതാണ്. ആ നിലയ്ക്ക് കൃഷി ഓഫീസിൽ നിന്ന് സഹായധനം നൽകിയ കിണറുകളുടേയും പമ്പുസെറ്റുകളുടേയും എണ്ണം ജലസേചനത്തിന്റെ വ്യാപ്തിയുടെ സൂചകമായി കണക്കാക്കാവുന്നതല്ല. നമ്മുടെ പഞ്ചായത്തിന്റെ ജലലഭ്യത വർദ്ധിപ്പിക്കുന്ന ഊർജിത മണ്ണു- ജല സംരക്ഷണ നടപടികൾ കൈകൊള്ളുകയാണ് അടിയന്തരാവശ്യം. പുരയിട കൃഷിക്കാവശ്യമായ ജലം കിട്ടാൻ സാധ്യമായേടത്തൊക്കെ അതിനായുള്ള പരിശ്രമവും ആവശ്യമാണ്.

ഉൽപ്പന്നങ്ങളുടെ വിലയും വിതരണവും

റബ്ബറിനൊഴികെ പഞ്ചായത്തിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ പ്രവർത്തിക്കുന്നില്ല. ചെറുകിട കൃഷിക്കാർ പ്രാദേശിക മാർക്കറ്റിൽ (കടകളിൽ) സാധനങ്ങൾ വിൽക്കുന്ന പതിവാണുള്ളത്. കാർഷികോൽപ്പന്നങ്ങൾക്ക് ഒരു പൊതു മാർക്കറ്റ് സ്ഥാപിക്കുകയും മാർക്കറ്റിംഗ് സഹകരണസംഘങ്ങളുടെ പ്രവർത്തനം കാർഷിക മേഖലയിൽ വ്യാപിക്കുകയും ചെയ്യുകയാണ് ഇടത്തട്ടുകാരുടെ ചൂഷണം എന്ന പ്രശ്നപരിഹാരത്തിനുള്ള വഴി.

കാർഷിക ബന്ധങ്ങൾ

കൃഷിയിടങ്ങളുടെ വലിപ്പച്ചെറുപ്പ വിതരണത്തിന്റെ കണക്ക് അദ്ധ്യായത്തിന്റെ ആദ്യം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് കാർഷിക മേഖലയിലുൾപ്പെട്ട കൃഷിക്കാർ 7111പേരാണ്. ഇവരിൽ പലരും സേവന മേഖലയിൽ (സർക്കാർ ജീവനമോ, വ്യാപാരമോ) പ്രവൃത്തിയെടുക്കുന്നവരാണ്. 1991ലെ സെൻസസ് പ്രമാണമായി സ്വീകരിച്ചാൽ 1010 പേർ മാത്രമാണ് കൃഷികൊണ്ടു തന്നെ ഉപജീവനം കഴിക്കുന്ന യഥാർത്ഥ കർഷകർ. വ്യക്തമായ കണക്കുകൾ ലഭ്യമല്ലെങ്കിലും സ്വന്തം ഭൂമിയിൽ അദ്ധ്വാനിക്കുന്ന കൃഷിക്കാരുടെ എണ്ണം കുറയുകയാണെന്ന് സാമാന്യമായി പറയാം. കർഷകത്തൊഴിലാളികളും ഇവിടെ കുറഞ്ഞു വരികയാണ്. 1991ലെ സെൻസസ് അനുസരിച്ച് 948 കർഷകത്തൊഴിലാളികൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഏകദേശം 6.16% മാത്രം.

കൂലി- വേതന വ്യവസ്ഥകൾ

സാധാരണ കൃഷിതൊഴിലുകൾക്ക് സ്ത്രീകൾക്ക് 60 രൂപ മുതൽ 75 രൂപാവരെയും പുരുഷതൊഴിലാളികൾക്ക് 80 രൂപാ മുതൽ 100 രൂപാ വരെയുമാണ് കൂലി. തേങ്ങയിടലിന് മൂന്നു തെങ്ങിന് ഒരു നാളികേരം അല്ലെങ്കിൽ തെങ്ങൊന്നിന് 2 രൂപാ മുതൽ 3 രൂപാ വരെ. തെങ്ങിന്റെ മണ്ട തെളിച്ച് മരുന്നടിക്കുന്നതിന് തെങ്ങൊന്നിന് 5 രൂപാ മുതൽ 7 രൂപാ വരെ.

വളം- കീടനാശിനി ഉപഭോഗം

ആനിക്കാട് റീജിയണൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ വളം ഡിപ്പോയും ഒരു സ്വകാര്യ വളം ഡിപ്പോയുമാണ് ഈ ഭാഗത്ത് ആകെയുള്ള സ്ഥാപനങ്ങൾ.. ബാങ്ക് വളം ഡിപ്പോയിൽ നിന്ന് കഴിഞ്ഞ മൂന്നുവർഷങ്ങളിൽ വില്പന നടന്ന രാസവളത്തിന്റേയും ഖരകീടനാശികളുടേയും കണക്ക് ലഭ്യമാണ്. കൂടെ സ്വകാര്യമേഖലയിൽ ചെലവായ രാസവളത്തിന്റെ മതിപ്പുകണക്കും ചേർത്തിരിക്കുന്നു. (പട്ടിക രണ്ട്)

പട്ടിക രണ്ട്

പട്ടിക രണ്ട്

	1993-'94		1994-'95		1995-'96	
	രാസവളം	ഖരകീട നാശിനി	രാസവളം	ഖരകീട നാശിനി	രാസവളം	ഖരകീട നാശിനി
സഹകരണ മേഖല	494 ടൺ	2300 കി.ഗ്രാം	487 ടൺ	2850 കി.ഗ്രാം	468 ടൺ	3175 കി. ഗ്രാം
സ്വകാര്യ മേഖല	60 ടൺ	-	59 ടൺ	-	55 ടൺ	-

അവലംബം: ആനിക്കാട് കാർഷികസഹകരണ ബാങ്ക് രേഖകൾ. (സ്വകാര്യമേഖലയുടേത് മതിപ്പു കണക്കാണ്)

ദ്രവകീടനാശിനിയുടെ കണക്കുകൾ ലഭ്യമല്ല. സ്വകാര്യമേഖലയിൽ (വിവിധ കടകളിൽ) ചെലവാക്കുന്ന വിവിധ ഇനം കീടനാശിനികളെ കൂടെ കണക്കിലെടുത്താൽ വലിയൊരു സംഖ്യയായിരിക്കും.

ശരാശരി 541 ടൺ രാസവളങ്ങളാണ് ഒരാണ്ടിൽ പഞ്ചായത്തിലെ കർഷകർ ആകെ ഉപയോഗിക്കുന്നതെന്നു കാണാം. അതായത് ഹെക്ടറൊന്നിന് 250 കിലോഗ്രാം വളം നാം ആണ്ടിനാൽ ഉപയോഗിക്കുന്നു. ഇതിന്റെ പത്തിരട്ടിയെങ്കിലും ജൈവവളം (2500 കിലോഗ്രാം / ഹെക്ടർ) ഉപയോഗിച്ചില്ലെങ്കിൽ മണ്ണിന്റെ ജൈവഘടന നിലനിറുത്താനാവുകയില്ല. ജൈവവളത്തിന്റെ ഉപഭോഗത്തെപ്പറ്റി കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും ഇത്രയും ജൈവവളം നാം ഉപയോഗിക്കുന്നില്ല എന്ന് കരുതേണ്ടിയിരിക്കുന്നു. ജൈവവളത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക എന്നത് അടിയന്തിര കടമയായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

കീടനാശിനികളുടെ ഉപഭോഗം വർഷം തോറും വർദ്ധിച്ചു വരുന്നതായി മേൽപ്പറഞ്ഞ കണക്കുകൾ കാണിക്കുന്നു. പരിസ്ഥിതി വിനാശകരമായ രാസകീടനാശിനികളുടെ സ്ഥാനത്ത് സാദ്ധ്യമായേടത്തോളം ജൈവ കീടനാശിനികളുടെ ഉപയോഗം വ്യാപിപ്പിക്കേണ്ടതാണ്.

രോഗങ്ങൾ

പള്ളിക്കത്തോട് പഞ്ചായത്തിൽ വിളകളെ ബാധിക്കുന്ന വിവിധ സസ്യരോഗങ്ങൾ ഇവയാണ്. റബ്ബറിന് കുമിൾ രോഗം, പട്ട മരപ്പ്, ചീക്ക്, പിങ്ക് രോഗം, തെങ്ങിന് കാറ്റുവീഴ്ച, ഇലയുണക്കം, ചെല്ലി, ഇല മഞ്ഞളിപ്പ്, കുരുമുളകിന് പ്രധാനമായും ദ്രുതവാട്ടം. കമുകിന് മാഹാളിരോഗം.

വായ്പാസൗകര്യങ്ങൾ

ആനിക്കാട് കർഷക സർവ്വീസ് ബാങ്കിൽ നിന്നും എസ്.ബി.റ്റിയിൽ നിന്നും വായ്പകൾ ലഭ്യമാണ്. പലിശ 12.5% മുതൽ 18 % വരെ. പക്ഷെ കാർഷികാവശ്യത്തിനല്ല വായ്പകൾ പലതും ഉപയോഗിക്കുന്നത് എന്ന് പരക്കെ അറിയാവുന്നതാണ്. ചുരുങ്ങിയ പലിശയ്ക്കു വായ്പ ലഭിക്കാനുള്ള സൗകര്യവും ആ വായ്പയ്ക്കുമേലുള്ള കർശനമായ മോണിറ്ററിംഗ് സംവിധാനവും ഉണ്ടാവേണ്ടതാണ്.

കാർഷിക വികസന പ്രവർത്തനങ്ങൾ

കൃഷി ഭവന്റെ പ്രവർത്തന മേഖലയിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളിൽ ചെലവാക്കിയ തുകയെക്കുറിച്ചും വിതരണം ചെയ്ത നടീൽ വസ്തുക്കളെക്കുറിച്ചും ഉള്ള അവലോകന റിപ്പോർട്ട് പ്രകാരം ഏതാണ്ട് 36 പദ്ധതികൾ നിലവിലുണ്ട്. (പട്ടികമൂന്ന്)

പട്ടിക മൂന്ന്

പദ്ധതി വിവരങ്ങൾ	92 - '93	93 - '94	94- '95	95 - '96	96 - '97
1. സമഗ്ര നാളികേര വികസന പദ്ധതി	30,000 രൂ.	-	-	-	-
2. കേന്ദ്രപദ്ധതി-വളം അധിക വില സബ്സിഡി	26,200 രൂ.	-	-	-	-
3. മണ്ണുപരിശോധനാ പരിപാടി	300 സാമ്പിൾ	300 സാമ്പിൾ	265 സാമ്പിൾ	200 സാമ്പിൾ	200 സാമ്പിൾ
4. രാസവള-കീടനാശിനി ഗുണനിയന്ത്രണ പദ്ധതി	5	5	5	6	6
5. ദേശീയ ബയോഗ്യാസ് വികസന പദ്ധതി	6,200 രൂ	7,900 രൂ	4,400 രൂ	50,800 രൂ	10 എണ്ണം
6. പ്രത്യേകഘടകപദ്ധതി രാസവളവിതരണം	6,014 രൂ	3131 രൂ	11136 രൂ	52,300 രൂ പമ്പ് സെറ്റ് etc.	10,000 രൂ വളം
7. ഗിരിജന വികസനപമ്പതി രാസവളം, തെങ്ങിൻ തൈ	932 രൂ	432 രൂ	6000 രൂ	10,300 രൂ	-
8. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പച്ചക്കറികൃഷി വികസനപദ്ധതി	1000 പായ്ക്ക്	711 പായ്ക്ക്	711 പായ്ക്ക്	415 പായ്ക്ക്	-
9. കുരുമുളക് ഗ്രാമപദ്ധതി കുരുമുളകു വള്ളിവിതരണം	2500രൂ	-	-	-	4000 എണ്ണം
10. സുഗന്ധ വിളവികസന പദ്ധതി കുരുമുളക്	1,56,350 രൂ	24,487 രൂ	1,00,501 രൂ	38,032 രൂ	45,015 രൂ
11. ജൈവവള വികസനപദ്ധതി, സെമിനാർ, കമ്പോസ്റ്റ്, വിത്ത്	1975 രൂ	2,600 രൂ	9,460 രൂ	4600 രൂ	-
12. പ്രാദേശിക വിള പരിപാലന പദ്ധതി, കിണർ,പമ്പ്സെറ്റ്	10,000 രൂ	2,449 രൂ	19,233 രൂ	-	-
13. നാളികേരവികസന ബോർഡിന്റെ തെങ്ങു ജലസേചനപദ്ധതി	2,000 രൂ	-	-	-	-
14. സ്കൂളുകളിൽ പച്ചക്കറി കൃഷികൾ,മോട്ടോർ, പമ്പ്സെറ്റ്,കിണർ	8,480 രൂ	8,610 രൂ	8,000 രൂ	450 രൂ	-
15. മഹിളാസമാജംവഴി പച്ചക്കറി വകസനപദ്ധതി	840	334	-	-	-
16. പൊതുജനപങ്കാളിത്തത്തിൽ കാർഷികവികസന സെമിനാറുകൾ തുടങ്ങിയവ.	1,000 രൂ	2,000 രൂ	1,620 രൂ	3,120 രൂ	3,000 രൂ

പദ്ധതി വിവരങ്ങൾ	92 - '93	93 - '94	94 - '95	95 - '96	96 - '97
17. ഏത്തവാഴ ഇൻഷുറൻസ് പദ്ധതി	401 പ്രീമിയം	9,650 രൂ	-	-	-
18. കേന്ദ്ര കൊക്കോ വികസന പദ്ധതി	2,500 രൂ.	1,250 രൂ	2,000 രൂ	2,000 രൂ	3,000 രൂ
19. കുരുമുളക് മിനികിറ്റ് പദ്ധതി	56,250 രൂ	-	-	-	-
20. ഇ. ഡി	-	-	2,700 രൂ	1,74,47 രൂ	-
21. ഇലവർഗ്ഗ ചെടി വിതരണ പദ്ധതി	430 എണ്ണം	150 എണ്ണം	4000 എണ്ണം	2372എണ്ണം	-
22. പ്രത്യേക ഘടകപദ്ധതി ഫലവർഗ്ഗച്ചെടി വിതരണം, കിണർ	6,543 രൂ	18,000 രൂ	-	-	-
23. മിനികിറ്റ് ഉഴുന്നു വിത്ത്	20 പായ്ക്കറ്റ്	-	-	-	-
24. പ്രകൃതിക്ഷോഭ ദുരിതാശ്വാസം	15,400 23,025	-	-	81,297 കൊടുങ്കാറ്റ്	-
25. ഉഷ്ണമേഖലാ വൃക്ഷ വിതരണ പദ്ധതി	-	1,800 രൂ	1,800 രൂ	19,650 രൂ	-
26. കണിക ജലസേചന പദ്ധതി	-	1,5000 രൂ	-	1,5000 രൂ	-
27. കശുമാവ് വികസന പദ്ധതി	-	15,000 രൂ	-	15,000 രൂ	-
28. പ്രത്യേക ഘടക പദ്ധതി കാർഷിക ഉപകരണം, തെങ്ങിൻതൈ, പണിയായുധം	-	234 തൈ 62 കുടം 46 തൂമ്പ	- 25 കുടം 50 തൂമ്പ	700 തെങ്ങിൻ തൈ	- - -
29. ഫലവർഗ്ഗ വികസന പദ്ധതി	-	1000 രൂ	-	-	-
30. കിഴങ്ങുവിള വികസന പദ്ധതി	-	1000 രൂ	650 രൂ	3,575 രൂ	-
31. വൃക്ഷ സുഗന്ധവിള പദ്ധതി	-	389	-	169	140
32. സമഗ്ര കേര വികസന പദ്ധതി. കിണർ, പമ്പ് സെറ്റ്	-	-	2,18,306രൂ	2,37,500	2,50,000 രൂ
33. പൊതു വിതരണം തെങ്ങിൻ തൈ	-	WCT-700 TXD-100	TXD-50 DXT-50	WCT-850 TXD-125	WCT-900 TXD-100
34. 1ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽദാന പദ്ധതി	-	-	-	64,179 രൂ	-
35 നാളികേര ബോർഡ് വളം കിറ്റ് വിതരണം	-	-	52500 കി.ഗ്രാം.	30,000കി.ഗ്രാം.	21,000 കി.ഗ്രാം.
36. വിള ഇൻഷുറൻസ് പദ്ധതി	-	-	-	358 Members 1,64,537 രൂ	-

കൃഷിഭവന്റെ സഹകരണം ലഭിക്കുന്നില്ല എന്നാണ് മിക്ക ഗ്രാമസഭകളിലേയും റിപ്പോർട്ടുകളിൽ കാണപ്പെടുന്നത്. മറ്റൊരു കാര്യം കാർഷികസഹായം ആവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്താൻ കൃഷിഭവനിലെ ജീവനക്കാർക്കുള്ള വിഷമമാണ്. അതുകൊണ്ട് അനർഹരായവർ സഹായം തട്ടിയെടുക്കാനും ഇതരാവശ്യങ്ങൾക്കു ചെലവിടാനുമുള്ള സാധ്യതയേറുന്നു. ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന ആവശ്യങ്ങളെ മുൻ നിർത്തി മുമ്പോട്ടു വയ്ക്കപ്പെടുന്ന ആവശ്യങ്ങൾ കൃഷിഭവന്റെ സഹായത്തോടെയും ജനപങ്കാളിത്തത്തോടെയും നടത്താൻ തുടങ്ങുമ്പോൾ ഈ പ്രയാസം മാറുമെന്ന് പ്രത്യാശിക്കാം.

പട്ടിക നാലിൽ ഗ്രാമസഭാ ചർച്ചകളെ വിമർശനാത്മകമായി ഉൾക്കൊണ്ടു കൊണ്ട് പള്ളിക്കത്തോടു പഞ്ചായത്ത് നേരിടുന്ന കാർഷിക പ്രശ്നങ്ങളേയും സാധ്യമായ പരിഹാര മാർഗ്ഗങ്ങളേയും സാധ്യതകളേയും പദ്ധതികളേയും കോഡ്രീകരിച്ചിരിക്കുന്നു.

പട്ടിക നാല്

പ്രശ്നങ്ങൾ / ആവശ്യങ്ങൾ	പരിഹാരം/ നിർദ്ദേശം/ സാദ്ധ്യത
1. മണ്ണൊലിപ്പ് ഭൂമിയുടെ ജല ലഭ്യതയില്ലായ്മ	ഊർജ്ജിത മണ്ണ് ജലസംരക്ഷണ നടപടികൾ. ജലലഭ്യത ഏറ്റം കുറവായ, മണ്ണൊലിപ്പു ബാധ ഏറ്റം കൂടുതലായ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് നടപ്പാക്കുക. വിശദമായ വിഭവ ഭൂപട നിർമ്മാണം ഇതിനാവശ്യമാണ്. കയ്യാലവയ്പ്, പൈനാപ്പിൾ, രാമച്ചം തുടങ്ങിയവ നട്ടുപിടിപ്പിക്കൽ, കൃഷി ഭൂമികളിൽ കുഴികൾ ഉണ്ടാക്കൽ തോടുകളിൽ തടയണകൾ ഇതെല്ലാം പദ്ധതിയിൽ ഉൾപ്പെടണം.
2. ജലസേചനത്തിനു സൗകര്യമില്ലായ്മ * തെങ്ങുംപള്ളി തോടിന്റെ പുളിക്കൽ ഭാഗം, കൂവപ്പൊയ്ക ഭാഗം.	ജലസേചനാവശ്യത്തിനു കുളങ്ങൾ കുഴിക്കാൻ താഴെപ്പറയുന്നയിടങ്ങളിൽ സാധ്യതയുണ്ട്. കദളി മറ്റം, ചപ്പാത്തിനു തെക്കുംഭാഗം, ഉണ്ണിയാനി ഭാഗം, കൊടിമറ്റം ഭാഗം, കുറുങ്കുടി, ഇതിരാലമറ്റം, രണ്ടാം വാർഡിൽ പന്നകം ഭാഗം*, കൊല്ലംപറമ്പിൽ പുരയിടം, ഐ.ടി. ഐപ്പടി, കൊല്ലർ തോട്ടഭാഗം, പുളിയാനിക്കര ഭാഗം, ആണ്ടൂക്കുന്നേൽ, നെയ്യാട്ടുശ്ശേരി ഇവിടങ്ങളിൽ ജലസേചനാവശ്യത്തിന് കിണറുണ്ടാക്കാം. നിർദ്ദിഷ്ട മീനച്ചിൽ മണിമല ജലസേചന പദ്ധതിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തുന്നതിന്റെ അഭികാമ്യത ആലോചിക്കണം, ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയും വേണ്ടതാണ്.
3. കൃഷിഭൂമി പൂർണ്ണമായി ഉപയോഗപ്പെടുത്തുക. കുറഞ്ഞ വിലയ്ക്ക് പച്ചക്കറിയുടെ ലഭ്യത ഉറപ്പാക്കുക, പച്ചക്കറി സ്വയം പര്യാപ്തി	അടുക്കളത്തോട്ടങ്ങളുടേയും പച്ചക്കറിത്തോട്ടങ്ങളുടേയും വ്യാപനം. പട്ടികജാതി - പട്ടിക വർഗ്ഗ സഹകരണ സംഘം, വീട്ടമ്മമാരുടെ അയൽക്കൂട്ടങ്ങൾ, യുവ കർഷക സംഘങ്ങൾ, അംഗൻ വാടികൾ, സ്കൂളുകൾ, ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ ഇവയെല്ലാം ഇക്കാര്യത്തിൽ പങ്കാളികളാക്കാം. റബ്ബർ വെട്ടിയിറങ്ങിയ ഭൂമികളും കൃഷിയോഗ്യമായ തരിശുകളും പഞ്ചായത്തിന് പാട്ടത്തിനേറ്റെടുക്കാമോ എന്നു നോക്കാം. കൊല്ലർ തോട്ടം, തട്ടാപ്പറമ്പിൽ ഭാഗം, അമ്പിൽ കുളത്തിനു താഴ്വശത്തുള്ള കണ്ടങ്ങൾ, പച്ചനാകുഴി കണ്ണനാനിഭാഗങ്ങൾ, കുറുങ്കുടിക്കണ്ടം തുടങ്ങിയേടത്തൊക്കെ പച്ചക്കറിക്കൃഷി നടത്താം. ഒരു സർവ്വേയിലൂടെ കൂടുതൽ സ്ഥലങ്ങൾ കണ്ടെത്താം. ഊർജ്ജിത പുരടിയക്കൃഷി, വിളതീവ്രത വർദ്ധിപ്പിക്കൽ, പദ്ധതികളും നടപ്പാക്കാവുന്നതാണ്. വാർഡടിസ്ഥാനത്തിലുള്ള സന്നദ്ധ പ്രവർത്തനം ഇതിനാവശ്യമായി വരും.
4. തെങ്ങിന്റെ ഉൽപ്പാദനക്ഷമതയിലുള്ള ഇടിച്ചിൽ പരിഹരിക്കുക	സാദ്ധ്യമായേടത്തെല്ലാം (സർവ്വേ പ്രകാരം) രോഗബാധിതമായ തെങ്ങുകൾ വെട്ടിക്കളഞ്ഞ് നല്ലയിനം തൈകൾ വയ്ക്കാനുള്ള പുനരധിവാസ പദ്ധതി.

5. കുരുമുളകിന്റെ വ്യാപനം	ഊർജ്ജിത കുരുമുളകു വ്യാപന പദ്ധതി
6. നടീൽ വസ്തുക്കളുടെ അപര്യാപ്തത	പഞ്ചായത്തിൽ ഒരു നേഴ്സറി, കൃഷിഭവന്റെ സഹായത്തോടെ ആരംഭിക്കുക
7. വളം, കീടനാശിനി വിലവർദ്ധനവിന്റെ രൂക്ഷത കുറയ്ക്കുക.	പഞ്ചായത്തുതലത്തിൽ വളം സബ്സിഡൈസ് ചെയ്യുന്ന കാര്യം ആലോചിക്കാം.
8. ജൈവവളങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുക.	എല്ലാ കർഷക കുടുംബങ്ങളിലും കമ്പോസ്റ്റ് ഉണ്ടാക്കാനുള്ള പദ്ധതി. പള്ളിക്കത്തോട്ടിലെ മാലിന്യങ്ങൾ ഉപയോഗിച്ച് ഒരു ജൈവവള നിർമ്മാണ സംരംഭം തുടങ്ങാം. ജലശുദ്ധിക്കും നഗരശുചീകരണത്തിനും ഉപകരിക്കും. ശീമക്കൊന്ന തുടങ്ങിയവയുടെ ജൈവവേലി പദ്ധതി
9. കൃഷി ശാസ്ത്രീയമാക്കൽ	കൃഷി ഭവനും ജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുക. മാസത്തിലൊരിക്കൽ കൃഷിക്കാരുമായുള്ള ആശയവിനിമയത്തിന് വേദിയുണ്ടാക്കുക. ഓരോ കൃഷി പരിപാടിയോടൊപ്പം പരിശീലന പരിപാടികളുമാകാം. കീടനാശിനികൾ, നടീൽ വസ്തുക്കൾ തുടങ്ങിയവ അനുയോജ്യമായ സമയത്തു തന്നെ കിട്ടാനുള്ള സംവിധാനം ഉണ്ടാവുക. പഞ്ചായത്തിലെ എല്ലാ പ്ലോട്ടുകളിലെയും മണ്ണ് സമയബന്ധിത പരിപാടിയനുസരിച്ച് പരിശോധനയ്ക്കു വിധേയമാക്കുക.
10. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്	കാർഷികാധിഷ്ഠിതവും ചെലവു കുറഞ്ഞതുമായ വ്യവസായങ്ങളുടെ വ്യാപനം. ബിസ്കറ്റ്, ചിപ്സ്, തേങ്ങ കൊണ്ടുള്ള മിഠായികൾ, വെളിച്ചെണ്ണ, ചിരട്ട കൊണ്ടുള്ള കൗതുകവസ്തുക്കൾ, അച്ചാറുകൾ തുടങ്ങിയവ. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, തൊഴിൽ സംരംഭകരായ വനിതകളുടെ സഹകരണസംഘങ്ങൾ ഇവയ്ക്കു മുൻഗണന നൽകി പരിപാടികൾ ഏറ്റെടുക്കാം. വ്യവസായ രംഗം മെച്ചപ്പെടുകയും ചെയ്യും.
11. വിപണന സൗകര്യം മെച്ചപ്പെടുത്തുക	പഞ്ചായത്തടിസ്ഥാനത്തിൽ പൊതുമാർക്കറ്റ്. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സ്റ്റാളുകൾ. മാർക്കറ്റിംഗ് സഹകരണസംഘം.
12. സാമ്പത്തിക പ്രശ്നം	സഹകരണ ബാങ്കിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് ദീർഘകാല വായ്പ ലഭ്യമാക്കുക. കർഷക സഹകരണ സംഘങ്ങൾക്ക് ചിട്ടി മുതലായവ നടത്തുന്ന കാര്യം ആലോചിക്കാം.
13. പദ്ധതികൾ സമയത്തറിയായ്ക	പഞ്ചായത്താഫീസിനോടനുബന്ധിച്ച് കൃഷിഭവന്റെ ഇൻഫർമേഷൻ സെൻറർ തുടങ്ങുക(ഒരു ക്ലാർക്കിന്റെ സേവനമേ വേണ്ടി വരൂ). പൊതുപ്രവർത്തകരുടെ സഹായത്തോടെ ഓരോ വാർഡിലും ഇൻഫർമേഷൻ കേന്ദ്രമാവാം.
14. കർഷകത്തൊഴിലാളികളുടെ അഭാവം	1. ഗ്രൂപ്പു കൃഷിയുടെ വ്യാപനം. സഹകരണാടിസ്ഥാനത്തിലുള്ള മരുന്നു പ്രയോഗം, നിലമൊരുക്കൽ തുടങ്ങിയവ. 2. കൃഷിത്തൊഴിലാളി സംഘങ്ങൾ ഉണ്ടാക്കുക. ഉടമ്പടിയുടെ അടിസ്ഥാനത്തിൽ പണികൾ ഏറ്റെടുക്കുക.

പള്ളിക്കത്തോടു പഞ്ചായത്തിലെ കാർഷിക വികസനം ദീർഘകാലാടിസ്ഥാനത്തിൽ നീർത്തടത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയ പഠനങ്ങളോടെ നടത്താനുള്ള നടപടികൾ ഇതോടൊപ്പം ഏറ്റെടുക്കണം.

മൃഗസംരക്ഷണവും മത്സ്യബന്ധനവും 5.2

പശു, ആട്, എരുമ, പന്നി എന്നിവയാണ് പള്ളിക്കത്തോട് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. വളരെ കുറച്ചാളുകൾ മാത്രമേ കാളകളേയും പോത്തിനെയും വളർത്തുന്നുള്ളൂ. വളർത്തു പക്ഷികളിൽ പ്രധാനപ്പെട്ടവ കോഴിയാണ്. അതിൽ നാടൻ കോഴിയും സങ്കരയിനം കോഴിയും ഉണ്ട്. ഇറച്ചിയ്ക്കുവേണ്ടി വളർത്തുന്ന കോഴിയുടെ നാല് യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അതുപോലെ തന്നെ രണ്ട് പന്നി വളർത്തൽ യൂണിറ്റും നിലവിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ 80% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. നാമമാത്രമായി താറാവിനെയും വളർത്തുന്നവർ ഉണ്ട്.

നെൽകൃഷി പഞ്ചായത്തിൽ കുറഞ്ഞുപോയതിനാൽ ഉഴവുകാളകൾ ഇല്ലെന്നു തന്നെ പറയാം. യന്ത്രവൽക്കരണം വന്നതുമൂലം വണ്ടിക്കാളകളും ഇല്ലാതായി. പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും ഒരു പട്ടിക കൊടുത്തിരിക്കുന്നു.

	നാടൻ	സങ്കരം	ആകെ
പശു	415	2075	2490
എരുമ	112	-	112
കാള	139	-	139
പോത്ത്	6	-	6
പന്നി	-	-	707
പട്ടി	-	-	725
താറാവ്	141	-	141
കോഴി	7568	2981	10549
കോലാട്	1042	-	1042

1996ലെ സാമൂഹിക സാമ്പത്തിക സർവ്വെ അനുസരിച്ച് 4200 ലിറ്റർ പാൽ പ്രതിദിനം ഉല്പാദിപ്പിക്കുന്നുണ്ട്. അതിൽ 2300 ലിറ്റർ പഞ്ചായത്തിനു പുറത്തേയ്ക്ക് കയറ്റി അയയ്ക്കുകയാണ്. ബാക്കിവരുന്ന 1900 ലിറ്റർ പാൽ മാത്രമാണ് ആഭ്യന്തര ഉപയോഗത്തിന് ഉപയോഗിക്കുന്നത്. നിലവിൽ രണ്ടു പാൽ സൊസൈറ്റികൾ മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. പഞ്ചായത്തിലെ ജനങ്ങളിൽ 398 ആളുകൾ മാത്രമേ സൊസൈറ്റികളിൽ അംഗങ്ങളായി നിലവിൽ ഉള്ളൂ. വാർഡ് ഒന്ന് വാർഡ് നാല് ഇവയിൽ പാൽ സൊസൈറ്റികൾ ആവശ്യമാണ്. മറ്റു സ്ഥലങ്ങളിൽ പാൽ സംഭരണ കേന്ദ്രങ്ങൾ സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കേണ്ടതാണ്.

ഏതാണ്ട് 380 കിൻറൽ കാലിത്തീറ്റ പ്രതിമാസം പഞ്ചായത്തിൽ ചിലവാകുന്നുണ്ട്. വൈക്കോലിൻറെയും പച്ചപുല്ലിൻറെയും അഭാവം കർഷകരെ വളരെയധികം ബാധിക്കുന്നുണ്ട്. അതിനാൽ കാലിത്തീറ്റ കുറഞ്ഞ ചിലവിൽ കൃഷിക്കാർക്ക് എത്തിച്ചു കൊടുക്കുന്നതിന് പള്ളിക്കത്തോട് കേന്ദ്രീകരിച്ച് ഒരു കാലിത്തീറ്റ ഫാക്ടറി പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

കാലികളിൽ പൊതുവെ, കണ്ടു വരുന്ന രോഗങ്ങൾ അകിടുവീക്കം, മുടന്തൻ പനി, ത്വക് രോഗം, ശ്വാസകോശ സംബന്ധമായ രോഗം, ദഹന സംബന്ധമായ രോഗം എന്നിവയാണ്. പഞ്ചായത്തിൽ നിലവിൽ ഒരു മൃഗാശുപത്രി പള്ളിക്കത്തോട്ടിൽ പ്രവർത്തിക്കുന്നുണ്ട്. ആശുപത്രിയുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും 1,2,7,8,9 വാർഡുകളിലെ കാലിവളർത്തുകാരെ സംബന്ധിച്ച് ആശുപത്രിയുടെ പ്രയോജനം അകലംമൂലം പരിമിതമായേ ലഭിക്കുന്നുള്ളൂ. അതിനാൽ ആ പ്രദേശങ്ങളിൽ മൃഗാശുപത്രിയുടെ പ്രവർത്തനം ലഭ്യമാക്കേണ്ടതാണ്. പേപ്പട്ടി ശല്യം ഒഴിവാക്കുന്നതിന് അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുകയും പേവിഷബാധ തടയുവാനുള്ള നടപടികൾ മൃഗാശുപത്രിയുടെ പ്രവർത്തനം വ്യാപിപ്പിച്ച് നടപ്പിലാക്കേണ്ടതുമാണ്.

വൈദ്യുതി, ഊർജ്ജപ്രതിസന്ധി ഇവ പരിഹരിക്കുന്നതിലേയ്ക്ക് ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പു മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിൻറെ ഒരു ഭാഗം ഗോബർ ഗ്യാസ് പ്ലാൻറ് ഉണ്ടെങ്കിൽ കണ്ടെത്താൻ കഴിയും.

പന്നി വളർത്തലിൻറെ രണ്ടു യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ യൂണിറ്റുകൾ സ്ഥാപിച്ചാൽ പന്നി മാംസം പട്ടണത്തിൽ വിറ്റ് പണം സമ്പാദിക്കുവാൻ കൃഷിക്കാർക്കു കഴിയും. മാത്രമല്ല

ആഭ്യന്തര ഉപയോഗം വർദ്ധിപ്പിച്ചാൽ മോശം കന്നുകാലികളെ തമിഴ് നാട്ടിൽ നിന്നും കൊണ്ടുവന്ന് ഇവിടെ വില്ക്കുന്നത് നിരുത്സാഹപ്പെടുത്തുവാനും കഴിയും. പള്ളിക്കത്തോടു ടൗണിൽ സംസ്കരിച്ച മാംസം വിൽക്കുന്ന അറവുശാല സ്ഥാപിച്ചാൽ നല്ല മാംസം പൊതുജനങ്ങൾക്കു വാങ്ങിക്കുവാൻ കഴിയും. തൻമൂലം ആളുകളുടെ ആരോഗ്യം പരിരക്ഷിക്കുവാനും സാധിക്കും.

കാലിത്തീറ്റയുടെ ആവശ്യം കൂടി വരുന്നതിനാലും കാലിത്തീറ്റയുടെ വില വളരെ കൂടുതലായതിനാലും സാധാരണ കാലി വളത്തുകാർ പ്രതിസന്ധിയിലാണ്. അതിനാൽ പുൽകൃഷി വ്യാപകമാക്കുവാനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്. കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന സങ്കര ഇനം പശുക്കളുടേത് ഉൾപ്പെടെ നല്ലയിനം കിടാരികളെ വിതരണം ചെയ്യേണ്ടതുമാണ്.

മത്സ്യബന്ധനം പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. മത്സ്യം മറ്റു സ്ഥലങ്ങളിൽ നിന്നും ഇവിടെ കൊണ്ടു വന്ന് വിൽക്കുകയാണ് ചെയ്യുന്നത്. നല്ല മത്സ്യം വിതരണം ചെയ്യുവാനുള്ള ക്രമീകരണം പഞ്ചായത്തു തലത്തിൽ നടപ്പിലാക്കേണ്ടതാണ്. അതിന് പള്ളിക്കത്തോടു ടൗണിൽ മത്സ്യ സ്റ്റോൾ ആരംഭിക്കേണ്ടതാണ്. പരിമിതമായ തോതിൽ സഹായവും മാർഗ്ഗനിർദ്ദേശങ്ങളും പഞ്ചായത്തു തലത്തിൽ നടപ്പിലാക്കേണ്ടതാണ്.

കോഴിവളർത്തൽ പൊതുവെ എല്ലാ വീടുകളിലും ഉണ്ട്. ഇറച്ചിക്കോഴി വളർത്തലിന്റെ 3 യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ യൂണിറ്റുകൾ സ്ഥാപിച്ചാൽ പട്ടണ പ്രദേശങ്ങളിലേയ്ക്ക് മാംസം കയറ്റി അയച്ച് കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാനും ഇറച്ചിയുടെ ദൗർലഭ്യം പരിഹരിക്കാനും കഴിയും.

പ്രധാന പ്രശ്നങ്ങൾ

1. നല്ല ഇനം പശുക്കളുടെ അഭാവം.
2. കാലിത്തീറ്റയുടെ അമിതമായ വില.
3. ആഹാരത്തിന് മാംസത്തിന്റെ ആവശ്യം.
4. പേപ്പട്ടി ശല്യം.
5. ക്ഷീര വിപണന കേന്ദ്രത്തിന്റെ കുറവ്
6. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്
7. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.

പരിഹാര മാർഗ്ഗങ്ങൾ

1. അത്യുല്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽകുക.
2. പള്ളിക്കത്തോട് കേന്ദ്രമായി ഒരു കാലിത്തീറ്റ-കോഴിത്തീറ്റ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
3. ഇറച്ചിക്കോഴി യൂണിറ്റുകൾ കൂടുതൽ ആരംഭിക്കുക.
4. മുട്ടക്കോഴി യൂണിറ്റുകൾ ആരംഭിക്കുക.
5. പന്നിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.
6. ക്ഷീരസംഭരണ സൊസൈറ്റികൾ സ്ഥാപിച്ച് അവയിലൂടെ കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ വിതരണം ചെയ്യുക.
7. മൃഗാശുപത്രിയുടെ പ്രവർത്തനം ഇല്ലാത്ത നെയ്യാട്ടുശേരിയിൽ സബ്സെൻറർ സ്ഥാപിക്കുക
8. കോഴിവസന്ത രോഗത്തിനെതിരെയുള്ള പ്രതിരോധകുത്തിവെയ്പ് സംഘടിപ്പിക്കുക.
9. പേപ്പട്ടി ശല്യം തടയുക. ലൈസൻസ് ഇല്ലാത്തതും അലഞ്ഞു തിരിഞ്ഞു നടക്കുന്നതുമായ നായ്ക്കളെ പിടിച്ചു കൊല്ലുക.
10. കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.
11. മുയൽ വളർത്തൽ കേന്ദ്രം ആരംഭിക്കുക.
12. ക്ഷീരോല്പാദന സഹകരണ സംഘങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

വ്യവസായം 5.3

"INDUSTRIALISE OR PERISH"

''വ്യവസായവൽക്കരിക്കുക അഥവാ നശിക്കുക''

വ്യവസായികമായി എടുത്തു പറയത്തക്ക ഒരു ഭൂതകാല ചരിത്രം പള്ളിക്കത്തോടു പഞ്ചായത്തിനില്ല. പരമ്പരാഗത കുടിൽ വ്യവസായങ്ങളായ കുട്ട, മുറം, പരമ്പ്, തഴപ്പായ മുതലായവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന കർഷകത്തൊഴിലാളി കുടുംബങ്ങൾ ഇവിടെ ഉണ്ടായിരുന്നു. ഈറ്റ, മുള, ഒട്ടൽ, തഴ, പുല്ലാന്നി മുതലായവ സുലഭമായിരുന്നതുകൊണ്ട് ഈ തൊഴിൽ ജീവിതമാർഗ്ഗമായി സ്വീകരിക്കാൻ കഴിയുമായിരുന്നു. പിന്നീട് ഇവയുടെ ലഭ്യതകുറഞ്ഞതും, ഈ തൊഴിലിന്റെ സാമൂഹ്യമാന്യത കുറവും, കുറഞ്ഞ വരുമാനവും അനന്തരതലമുറകളെ ഈ തൊഴിൽ വിട്ടു പോകാൻ പ്രേരിപ്പിച്ചു.

1942- 47 കാലത്ത് ഒരു മൂശാരി കുടുംബം മന്ദിരം ഭാഗത്തു താമസിച്ച് ഓട്ടുപാത്രങ്ങൾ ഉണ്ടാക്കിയിരുന്നു. ജ്യോത്സ്യം, പാരമ്പര്യ ചികിത്സ എന്നീ തൊഴിലുകൾ ചെയ്തിരുന്ന ഗണക സമുദായാംഗങ്ങൾ ഓലക്കുട നിർമ്മിക്കുന്നതിലും വിദഗ്ദ്ധരായിരുന്നു.

വളരെ സമർത്ഥന്മാരായ കൊല്ലന്മാർ, ആശാരിമാർ, സ്വർണ്ണപ്പണിക്കാർ (തട്ടാന്മാർ), ചെമ്പും ഓടും കൊണ്ട് പാത്രം നിർമ്മിക്കുന്നവർ, കല്ലശാരിമാർ ഇവരെല്ലാം പഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. 'അയ്ങ്കമ്മാളർ' എന്ന പേരിൽ ഇവർ അറിയപ്പെട്ടിരുന്നു. പള്ളിക്കത്തോടു ചന്തയോടു ചേർന്ന് ഒരു കുമ്മായച്ചൂളയും 50 വർഷം മുമ്പു വരെ പ്രവർത്തിച്ചിരുന്നു. വേലൻ സമുദായാംഗങ്ങളായിരുന്നു അതു നടത്തിയിരുന്നത്.

മേൽപ്പറഞ്ഞവരൊക്കെ പരമ്പരാഗതമായി തൊഴിലിൽ ഏർപ്പെട്ടിരുന്ന സമുദായാംഗങ്ങളുടെ പ്രവർത്തനങ്ങളായിരുന്നു എന്നു കാണാം. ഇവരുടെ ആധുനിക തലമുറകൾ മിക്കവാറും മറ്റു തൊഴിൽ മേഖലകൾ തേടിപ്പോയിരിക്കുന്നു. വർക്ക്ഷോപ്പുകൾ, എൻജിനീയറിംഗ് യൂണിറ്റുകൾ എന്നിവപോലുള്ള സ്ഥാപനങ്ങൾ നടുത്തുന്ന ചിലർ ഇന്നും ഈ മേഖലയിൽ അവശേഷിക്കുന്നുണ്ട്. കാർഷികോപകരണങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവയൊക്കെ വ്യാവസായികോൽപന്നങ്ങളായി ലഭ്യമായി തുടങ്ങിയതോടെ ഗ്രാമീണമായിരുന്ന ഈ ഉൽപ്പാദനമേഖലകൾ നിർജ്ജീവമായിത്തീർന്നു.

പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾ കഴിഞ്ഞ 25 വർഷങ്ങൾക്കുള്ളിലുണ്ടായ മാറ്റത്തിന്റെ ഭാഗമാണ്. പൊടിക്കൽ മില്ലുകൾ, സോമില്ലുകൾ, എണ്ണയാട്ടു മില്ലുകൾ എന്നിവയാണ് ആദ്യകാല വ്യവസായ യൂണിറ്റുകൾ. ഇപ്പോൾ പഞ്ചായത്തിൽ ഒട്ടാകെ രജിസ്റ്റർ ചെയ്യപ്പെട്ട 70 ചെറുകിട വ്യവസായ യൂണിറ്റുകളുണ്ട്. ഇവയിലെ ഏറ്റവും ഉയർന്ന മുതൽ മുടക്ക് 5 ലക്ഷം രൂപയിൽ താഴെയാണ്. വനിതകൾ നടത്തുന്ന നാലു DWCRA യൂണിറ്റുകൾ ഒഴികെ മറ്റുള്ളവയൊക്കെ സ്വകാര്യ ഉടമസ്ഥതയിൽ ഉള്ളവയാണ്.

ഉൽപ്പന്നങ്ങളുടെ സ്വഭാവമനുസരിച്ച് താഴെപ്പറയും വിധം ഇവയെ തരംതിരിക്കാം.

പട്ടിക - ഒന്ന്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

ക്രമ നമ്പർ	ഇനം	യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം	
			പുരുഷന്മാർ	സ്ത്രീകൾ
1	റബ്ബർബാൻറ്	2	2	8
2	ത്രഡ് റബ്ബർ	1	3	-
3	ഫോം ബഡ്	2	14	-
4	ടയർ റീ ട്രഡിംഗ്	3	9	-
	ആകെ	8	28	8

പട്ടിക - രണ്ട്. ആഹാര പദാർത്ഥങ്ങൾ

ക്രമ നമ്പർ	ഇനം	യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം	
			പുരുഷന്മാർ	സ്ത്രീകൾ
1	ബേക്കറി	8	16	-
2	ഹോം സ്വീറ്റ്സ്	2	4	24
3	പൊടിമിൽ	3	6	-
4	ഓയിൽ മിൽ	3	3	-
5	സോഡാ	2	4	-
6	ബ്രോയിലർ ചിക്കൻ	4	10	-
	ആകെ	22	43	24

പട്ടിക - മൂന്ന്. മറ്റു ചെറുകിട വ്യവസായങ്ങൾ

1	ഫർണിച്ചർ	4	16	-
2.	ബസ്ബോഡി ബിൽഡിംഗ്	1	10	-
3	എൻജിനീയറിംഗ് വർക്കുഷോപ്പ്	10	20	-
4	ഓട്ടോമൊബൈൽ വർക്കു ഷോപ്പ്	8	40	-
5	പ്രിൻറിംഗ് പ്രസ്സ്	3	12	-
6	അലുമിനിയം പാത്രം	2	4	-
7	റെഡിമെയ്ഡ്	3	4	22
8	ബുക്കു നിർമ്മാണം	2	-	20
9	കൊക്കൊ സസംസ്ക്കാരം	2	2	4
10	സോമിലുകൾ	8	32	-
	ആകെ	43	140	46

വനിതകളുടെ പങ്ക്

ഈ പഞ്ചായത്തിൽ വനിതകളുടെ നേതൃത്വങ്ങളിൽ നടക്കുന്ന CWCRA യൂണിറ്റുകൾ, സ്വകാര്യവ്യക്തികളുടെ ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണ സ്ഥാപനം എന്നിവയാണുള്ളത്. മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുൾപ്പെടെ 78 വനിതകളാണുള്ളത്. 50% സബ്സിഡിയും, നിക്ഷേപ സബ്സിഡി,വാടക, ശമ്പള സബ്സിഡി മുതലയാവയും നൽകിയിട്ടും, ഈ രംഗത്ത് വേണ്ടത്ര പങ്കാളിത്തം ഉണ്ടായിട്ടില്ല. സഹകരണ സ്ഥാപനങ്ങൾ ഒന്നുപോലും ഉണ്ടായിട്ടില്ല എന്നതും വസ്തുതയാണ്. സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് പ്രധാനപ്പെട്ട ഒരു കാരണം. അടുക്കളയുടെ നാലതിരുകൾക്കു പുറത്തുള്ള ഒരു പ്രവർത്തന മേഖല കണക്കിലെടുക്കാൻ അഭ്യസ്തവിദ്യരായ വനിതകൾ പോലും തയ്യാറായിട്ടില്ല. വനിതാ വ്യവസായശില്പശാലകൾ, സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഉണ്ടാകേണ്ടിയിരിക്കുന്നു. നന്നായി പ്രവർത്തിക്കുന്ന പള്ളിക്കത്തോട്ടിലെ വനിതാ സ്നാക് പാർലർ ഈ രംഗത്തെ പ്രതീക്ഷ നൽകുന്ന സംരംഭമാണ്.

പ്രശ്നങ്ങൾ

വ്യവസായരംഗം, വിശ്വസിച്ചു മുതൽ മുടക്കാവുന്ന ഒരു മേഖലയാണെന്ന വിശ്വാസം ജനങ്ങൾക്കുണ്ടായിട്ടില്ല. ഈ പഞ്ചായത്ത് ആസ്ഥാനത്തു തന്നെ സ്ഥിതി ചെയ്യുന്ന ബ്ലോക്കു പഞ്ചായത്ത് ഓഫീസിൽ ഉള്ള വ്യവസായ വികസന ഓഫീസർ,. ഗ്രാമവികസന ഓഫീസർ എന്നിവരുടെ സേവനം വേണ്ടത്ര വിനിയോഗിക്കാൻ അവർ തയ്യാറായിട്ടില്ല. പൊതുവെ ആരോഗ്യകരമായ ഒരു വ്യവസായ സംസ്കാരം വളർന്നു തുടങ്ങിയിട്ടില്ലെന്നു കാണാം. താഴെപ്പറയുന്ന വസ്തുതകൾ ഇതിനു കാരണമായി പറയാം.

1) വൈദ്യുതി, വെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം.
2) വേണ്ടത്ര കെട്ടിടങ്ങൾ ലഭ്യമല്ലാത്ത അവസ്ഥ.
3) ബാങ്കുവായ്പകൾ ലഭിക്കുന്നതിനുള്ള വിഷമത.
4) അസംസ്കൃത പദാർത്ഥമായി കിട്ടുന്ന റബ്ബർ ഉപയോഗിക്കുന്നതിനുള്ള അറിവു കുറവും വേണ്ടിവരുന്ന വൻ മുതൽ മുടക്കും.
5) വിപണി കണ്ടെത്തുന്നതിനുള്ള വിഷമവും ഈ രംഗത്തുള്ള ഏജൻസി വ്യവസ്ഥയെക്കുറിച്ചുള്ള വിശ്വാസക്കുറവും.
6) ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനമില്ലായ്മ.
7) മാനേജ്മെൻറു തന്ത്രങ്ങൾ അറിയാത്തതുകൊണ്ടുള്ള ആത്മവിശ്വാസമില്ലായ്മ.
8) ബാങ്കുകളുടെ സഹായകമല്ലാത്ത നിലപാടുകൾ
9) വളരെ കുറഞ്ഞ കൂലി നിരക്ക്

പഞ്ചായത്തിൽ സ്ഥാപിക്കാവുന്ന വ്യവസായയൂണിറ്റുകൾ- ഗ്രാമസഭാ നിർദ്ദേശങ്ങൾ

1) ഫർണിച്ചർ നിർമ്മാണം
2)കോൺക്രീറ്റ് ബിൽഡിംഗ് മെറ്റീരിയൽസ്.
3) റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ
4) റെഡിമെയ്ഡ് യൂണിറ്റുകൾ
5) ഹോളോ ബ്രിക്ക് നിർമ്മാണം
6) ഇലക്ട്രോണിക് വ്യവസായങ്ങൾ
7) റബ്ബർ ലാറ്റെക്സ് അധിഷ്ഠിത വ്യവസായങ്ങൾ
8) ഫുഡ് പൗഡർ, ബേക്കറി ഐറ്റംസ്, ഹോം സ്വീറ്റ്സ് മുതലായവ.
9) കുടനിർമ്മാണം

നിർദ്ദേശങ്ങൾ

1) പഞ്ചായത്തു കേന്ദ്രമാക്കി ഒരു മിനിവ്യവസായ എസ്റ്റേറ്റു സ്ഥാപിച്ച് 10 വ്യവസായ യൂണിറ്റുകൾക്ക് സൗകര്യം ഒരുക്കേണ്ടതാണ്.
2) ബ്ലോക്കു പരിധിക്കുള്ളിൽ 20ഓളം വ്യവസായയൂണിറ്റുകൾ ഉൾക്കൊള്ളുന്ന ഒരു വ്യവസായ വികസന കേന്ദ്രം സ്ഥാപിക്കേണ്ടതാണ്.
3) ആനിക്കാട് സർവ്വീസ് സഹകരണ ബാങ്കിൽ വ്യവസായ ധനസഹായസൗകര്യവും ഏർപ്പെടുത്തുന്നതിന് ബാങ്കിനോട് അഭ്യർത്ഥിക്കേണ്ടതാണ്.
4) വ്യാവസായിക ഉൽപ്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്തിൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, ബാങ്ക് കൗണ്ടറുകൾ മുതലായവ ഏർപ്പെടുത്താവുന്നതാണ്.

●●●

5.4

വിദ്യാഭ്യാസം

സ്വാതിതിരുനാൾ മഹാരാജാവ് തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്ത് പാശ്ചാത്യ രീതിയിലുള്ള വിദ്യാഭ്യാസവും ചികിത്സാ പദ്ധതിയും ഈ സംസ്ഥാനത്തു നടപ്പാക്കണമെന്ന ആശയം ആവിഷ്കരിച്ച് സർക്കാർ തലത്തിലും സഹകാര്യ മേഖലയിലും വിദ്യാലയങ്ങൾ സ്ഥാപിച്ചു. തുടർന്ന് ക്രിസ്ത്യൻ മിഷനറിമാരുടെ വരവോടുകൂടി കേരളത്തിലും ഇന്ത്യയുടെ ഇതരഭാഗങ്ങളിലും വിദ്യാഭ്യാസരംഗത്ത് ഒരു നവോത്ഥാനം ഉണ്ടായി. അതിന്റെ ഫലമായി പള്ളിക്കത്തോടു പഞ്ചായത്തിൽ 1905-ൽ സി.എം.എസ്. എൽ.പി.സ്കൂൾ എന്ന പേരിൽ പ്രഥമ വിദ്യാലയം ആരംഭിച്ചു. ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ ശ്രീ. വി.എം.ജോൺ വട്ടപ്പാറയും ആദ്യത്തെ ഹെഡ്മാസ്റ്റർ പി.റ്റി.വർഗീസും ആയിരുന്നു. പിന്നീട് സെൻറ് മേരീസ് പള്ളിയിലെ ബഹു.വടാനമത്തായി അച്ചന്റെ നേതൃത്വത്തിൽ 1909ൽ സെൻറ് തോമസ് എൽ.പി.സ്കൂൾ ആരംഭിച്ചു. പള്ളം കെ.എം. ജോൺസാർ ആയിരുന്നു ഹെഡ്മാസ്റ്റർ. ഏതാണ്ട് അമ്പത് വർഷത്തിനുശേഷമാണ് അതൊരു ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടത്. പഞ്ചായത്തിലേയും അതുപോലെ തന്നെ കോട്ടയം ജില്ലയിലേയും ഉന്നത നിലവാരം പുലർത്തുന്ന ഒരു സ്ഥാപനമാണിത്.

1912-ൽ ഇപ്പോഴത്തെ ആനിക്കാടു വില്ലേജ് ആസ്ഥാനത്ത് ഒരു ഗവ.യു.പി.സ്കൂൾ ആരംഭിച്ചു. തുടർന്ന് ഈ പഞ്ചായത്തിന്റെ കിഴക്കേ അറ്റമായ ഇളംപള്ളിയിൽ വട്ടക്കുഴിയിൽ 1915-ൽ പൊതുജനങ്ങളുടെ വകയായി ഒരു ഗവ.യു.പി.സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1925 കളിൽ വർക്കി വർക്കി വെള്ളാപ്പള്ളിൽ മാനേജരും ശ്രീ.ജി.ശങ്കരപ്പിള്ള ഹെഡ്മാസ്റ്ററും ആയിരുന്നു.

സാംസ്കാരിക കേരളത്തിന്റെ സിരാകേന്ദ്രമായ കോട്ടയം ജില്ലയിലെ കോട്ടയം മണ്ഡപത്തും വാതുക്കലിൽ നിന്നും അകലെയുള്ള അകലക്കുന്നം പ്രവൃത്തിയുടെ ആസ്ഥാനമായ ആനിക്കാട്ടു ഗ്രാമത്തിൽ അരുവിക്കുഴി വെള്ളച്ചാട്ടത്തിനടുത്ത് 1924-ൽ പറപ്പള്ളിക്കുന്നിൽ സെൻറ് ജോസഫ്സ് എൽ.പി. സ്കൂൾ എന്ന പേരിലും കൂട്ടമാക്കലിൽ സെൻറ് ആൻറണീസ് എൽ.പി.എസ്സ്. എന്ന പേരിലും രണ്ടു സ്കൂളുകൾ ക്രിസ്ത്യൻ മാനേജുമെൻറിന്റെ വകയായി ആരംഭിച്ചു.

ഈ പഞ്ചായത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിക്കുന്നത് 1937-ൽ ആണ് ശ്രീജിത് സ്വാമി നാരായണൻ അവർകളുടെ ശ്രമഫലമായി ശ്രീവിവേകാനന്ദ വിലാസം ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചു. അന്ന് സ്കൂൾ നാട്ടുകാരുടെ വകയായിരുന്നു. പിന്നീട് സ്വാ

പട്ടിക 1

നമ്പർ	സ്കൂൾ	മാനേജ്മെൻറ്	വിദ്യാർത്ഥികൾ		
			ആൺ	പെൺ	ആകെ
1	സി.എം.എസ്.എൽ.പി.സ്കൂൾ ആനിക്കാട്	എയ്ഡഡ്	58	60	118
2	സെൻറ് ആൻറണീസ് എൽ.പി.എസ് കൂട്ടമാക്കൽ	,,	66	55	121
3	എൻ.എസ്.എസ്.ഹൈസ്കൂൾ ആനിക്കാട്	,,	254	210	464
4	സെൻറ് ജോസഫ്സ് എൽ.പി.എസ് പറപ്പള്ളിക്കുന്ന്	,,	39	44	83
5	സെൻറ് തോമസ് ഹൈസ്കൂൾ ആനിക്കാട്	,,	442	409	851
6	കെ.വി.എൽ.പി.എസ് കരുപ്പക്കല്ല്	,,	64	53	117
7	ഗവ:യു.പി.എസ് പള്ളിക്കത്തോട്	ഗവ.	206	196	402
8	ഗവ.യു.പി.എസ് ഇളംപള്ളി	ഗവ.	92	88	180
	ആകെ		1221	1115	2336

തന്ത്ര്യ പ്രാപ്തിക്കു ശേഷം 1948-ൽ അതൊരു ഹൈസ്ക്കൂൾ ആയി ഉയർത്തപ്പെട്ടു.

1956ൽ സ്കൂൾ എൻ.എസ്.എസ്. മാനേജ്മെൻറിന് വിട്ടുകൊടുത്തു. സ്കൂളിൻെറ ആദ്യത്തെ ഹെഡ്മാസ്റ്റർ സി.ജെ.പോൾ സാറായിരുന്നു.

1951ൽ കുഞ്ഞനിയൻ കർത്തായുടെ മാനേജ്മെൻറിൽ ശ്രീമതി. കെ.സരോജിനിയമ്മ ഹെഡ്മിസ്ട്രസ് ആയി കേശവവിലാസം എൽ.പി.സ്കൂൾ ആരംഭിച്ചു. വിദ്യാരംഭം കുറിച്ചിട്ട് ഏഴ് പതിറ്റാണ്ട് കഴിഞ്ഞപ്പോൾ പള്ളിക്കത്തോടു പഞ്ചായത്തിൽ 7 എൽ.പി.സ്ക്കൂളും 2 യു.പി.സ്ക്കൂളും 2 ഹൈസ്ക്കൂളും ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളുമുൾപ്പെടെ 9 സ്ക്കൂളുകൾ നിലവിൽ ഉണ്ട്.

ഈ വിദ്യാലയങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം നേടിയവർ പിന്നീട് ഉന്നതവിദ്യാഭ്യാസത്തിനായി കോട്ടയം, പാലാ, ചങ്ങനാശ്ശേരി തുടങ്ങിയ പട്ടണപ്രദേശങ്ങളിലെ കോളേജുകളിൽ പോയിരുന്നു. അതിൻെറ ഫലമായി കേരളത്തിനു വെളിയിലും വിദേശത്തും അനേകമാളുകൾക്ക് മാന്യമായ തൊഴിൽ ലഭിച്ചു.

സാമൂഹിക സാംസ്കാരിക പ്രവർത്തകർ സാക്ഷരതയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ ആത്മാർത്ഥമായി പ്രവർത്തിക്കുകയുണ്ടായി. തത്ഫലമായി ജില്ലയി

അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ

പട്ടിക രണ്ട്

സ്കൂളുകൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ഹൈസ്ക്കൂൾ	11	21	32	344	317	661
യു.പി.എസ്.	7	20	27	378	310	688
എൽ.പി.എസ്.	6	25	31	499	488	987
ആകെ	24	66	90	1221	1115	2336

പട്ടികജാതിയപട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

പട്ടിക മൂന്ന്

ആകെ കുട്ടികൾ	എൽ.പി.					യു.പി.					ഹൈസ്ക്കൂൾ			
	ആൺ	പെൺ	ആകെ	%	ആകെ കുട്ടികൾ	ആൺ	പെൺ	ആകെ	%	ആകെ കുട്ടികൾ	ആൺ	പെൺ	ആകെ	%
987	37	36	73	7.39	688	22	23	45	6.54	661	22	20	42	6.35

പഠനം നിറുത്തിയവരുടെ കണക്ക്

പട്ടിക നാല്

എസ്.സി. എസ്.റ്റി			മറ്റുള്ളവ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
3	3	6	20	9	29

പഠനം നിറുത്തിയവർ ആകെ- 6+29=35

എസ്.എസ്.എൽ.സി. വിജയശതമാനം

പട്ടിക അഞ്ച്

	എസ്.എസ്.എൽ.സി. വിജയശതമാനം				
സ്ക്കൂളുകൾ	91-92	92-93	93-94	94-95	95-96
സെൻറ് തോമസ് എച്ച്.എസ്.ആനിക്കാട്	76	77	72	83	76
എൻ.എസ്.എസ്.എച്ച്.എസ് ആനിക്കാട്	58	58	68	83	63

ലെ മറ്റു ജനവിഭാഗങ്ങളോടൊപ്പം പള്ളിക്കത്തോട്ടി ലെ ജനങ്ങളേയും സാക്ഷരരാക്കാൻ കഴിഞ്ഞു.

പിഞ്ചുകുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പഞ്ചായത്തിന്റെ 9 വാർഡുകളിലായി 15 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക കൊടുക്കുന്നത് ശ്രദ്ധിക്കുക

പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളിലേയും. വിജയശതമാനം താരതമ്യേന മെച്ചമാണ്. എന്നാൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിദ്യാലയങ്ങളിൽ ലൈബ്രറി, ലബോറട്ടറി, ഓഡിയോ., വീഡിയോ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. കമ്പ്യൂട്ടർ പഠനം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയതിനാൽ സ്കൂളിൽ കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള പഠനം നടത്തുവാൻ വേണ്ട നടപടികൾ ഉണ്ടാവേണ്ടതാണ്.

പള്ളിക്കത്തോട്ടിലെ ഏക സാങ്കേതിക വിദ്യാലയം പി.റ്റി. ചാക്കോ മെമ്മോറിയൽ സർക്കാർ ഐ.ടി.ഐ.മാത്രമാണ്. അവിടെ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നില്ല. അതുപോലെ തന്നെ ദൂരസ്ഥലങ്ങളിൽ നിന്നും വന്നു പഠിക്കുന്ന കുട്ടികൾക്ക് താമസിച്ചു പഠിക്കാനുള്ള ഹോസ്റ്റൽ സംവിധാനം ഉണ്ടെങ്കിലും അത് തുറന്നു പ്രവർത്തിക്കുവാനുള്ള സത്വര നടപടികൾ എടുക്കേണ്ടതാണ്.

സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന ചില സ്ഥാപനങ്ങൾ ഉണ്ട്. എസ്.എസ്.എൽ.സി. തോറ്റവർക്കും പ്രീഡിഗ്രിക്കും പഠിക്കുന്ന കുട്ടികളെ സഹായിക്കാൻ പര്യാപ്തമായ, നിലവാരം പുലർത്തുന്ന ഒരു കോളേജ് "ചർച്ച് വ്യൂ" എന്ന പേരിൽ ആനിക്കാട് പ്രവർത്തിക്കുന്നുണ്ട്.

ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളിൽ അനേകം കുട്ടികൾ പരിശീലനം നടത്തുന്നു. സെറോക്സിന്റെ വരവോടുകൂടി ഈ സ്ഥാപനങ്ങളുടെയും പരിശീലനം നേടുന്നവരുടെയും സ്ഥിതി ആശങ്കാജനകമാണ്.

അരവിന്ദ് വിദ്യാലയം എന്ന പേരിൽ ഒരു അൺ എയ്ഡഡ് സ്കൂൾ പള്ളിക്കത്തോട്ടിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അമിതമായ കടന്നുകയറ്റം മൂലം മറ്റു സ്കൂളുകൾ പ്രതിസന്ധിയിലാണ്.

സെൻറ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂൾ കയ്യൂരി കുട്ടികളുടെ കുറവുമൂലം നിറുത്തുകയുണ്ടായി. അതിനാൽ അൺ എയിഡഡ് സ്കൂളുകളുടെ കടന്നുകയറ്റം നിരുത്സാഹപ്പെടുത്തേണ്ടതാണ്. സെൻറ് ആൻറണീസ് എൽ.പി.സ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നതിനാൽ കുട്ടികളുടെ പഠന നിലവാരം മെച്ചമല്ല എന്ന് ഗ്രാമസഭ റിപ്പോർട്ടിൽ കാണുന്നു. ഷിഫ്റ്റ് നിർത്തലാക്കാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജയശ്രീ ഏറ്റവും കൂടുതൽ വിജയശതമാനം ലഭിക്കുന്ന സ്കൂളിനും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്കും, എസ്.എസി./എസ്.റ്റി. വിഭാഗത്തിലെ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടിക്കും സമ്മാനം നൽകി വരുന്നുണ്ട്.

സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ എല്ലാ വിദ്യാലയങ്ങളേയും സംയോജിപ്പിച്ചുകൊണ്ട് ഒരു വിദ്യാഭ്യാസ കോംപ്ലക്സ് പ്രവർത്തനം തുടങ്ങേണ്ടതാണ്. നിരക്ഷരതാ നിർമ്മാർജ്ജനം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകീകരിച്ച് ചിട്ടപ്പെടുത്തുക, എസ്.എസ്.എൽ.സി.വിജയശതമാനവും പൊതു പഠന നിലവാരവും ഉയർത്തുക എന്നിവ കോംപ്ലക്സിന്റെ ലക്ഷ്യങ്ങളാണ്. പി.റ്റി.എ., മാതൃസംഗമം, എന്നിവയുടെ പ്രവർത്തനം, കാര്യക്ഷമമാക്കണം. പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരും രക്ഷിതാക്കളും അതിനോടു സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്. കുറഞ്ഞ നിലവാരമുള്ള സ്കൂളുകളിലെ നിലവാരം മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപകനും രക്ഷിതാവും മാനേജരും ബഹുജനങ്ങളുമെല്ലാമടങ്ങിയ പുതിയ ഒരു കൂട്ടായ്മ വളർത്തിയെടുക്കേണ്ടതാണ്. കായികവിദ്യാഭ്യാസം കായികവും, മാനസികവുമായ വളർച്ചയ്ക്കും, വികാസത്തിനും, അച്ചടക്കത്തിനും പരമപ്രാധാനമാണ് കായിക വിദ്യാഭ്യാസം. ഇതിനുള്ള സൗകര്യങ്ങളില്ലാത്തിടത്ത് അവ ഏർപ്പെടുത്തുകയും, ഉള്ളിടത്ത് ഫലപ്രദമായി നടപ്പാക്കുകയും വേണം.

ശാസ്ത്രസാഹിത്യപരിഷത്ത് പ്രവർത്തകർ കുട്ടികളുടെ പഠനനിലവാരവും ശാസ്ത്ര വിജ്ഞാനവും സാഹിത്യാഭിരുചിയും പരിപോഷിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. യുറീക്കാ, ശാസ്ത്രകേരളം തുടങ്ങിയ മാസികകളുടെ പ്രചരണത്തിൽ കൂടിയും യുറീക്കാ പരീക്ഷയിൽ കൂടിയും അവർ ആ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. മറ്റു സാംസ്കാരിക സംഘടനകൾക്ക് അവർ ഒരു മാതൃകയാണ്. കത്തോലിക്കാ മാനേജ്മെൻറ് സ്കൂളുകവിൽ 'ശാസ്ത്രപഥം' മാസികയുടെ പ്രചരണത്തിൽ കൂടി കുട്ടികളുടെ ശാസ്ത്രീയമായ അറിവിനെ വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ ചെയ്യുന്നത് അഭിനന്ദനാർഹമാണ്.

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകരും ജില്ലാ റിസോഴ്സ് പേഴ്സൺസും ചേർന്ന് ശേഖരിച്ച പ്രാഥമി

ക- ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭയിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അക്കാഡമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസത്തെ വിലയിരുത്തുകയുണ്ടായി. അധ്യയന നഷ്ടം, പാഠപുസ്തങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അദ്ധ്യാപക- വിദ്യാർത്ഥി അനുപാതം, ഭൗതിക സാഹചര്യങ്ങൾ, അധ്യാപക രക്ഷകർതൃസമിതി, മാതൃസംഗമം, സ്കൂളുകളിലെ ഉച്ചക്കഞ്ഞി, അധ്യാപകരുടെ പരിശീലനം, കൂട്ട ക്ലാസ്സ് കയറ്റം, പാഠ്യേതര പ്രവർത്തനം, പുതിയ സ്കൂളുകളുടെ ആവശ്യകത, മാസാന്ത്യ പരീക്ഷകൾ, മൂല്യനിർണ്ണയം തുടങ്ങിയ എല്ലാ വിഷയത്തെക്കുറിച്ചും ഗ്രാമസഭയിൽ ചർച്ച നടക്കുകയുണ്ടായി.

ഒരു വിദ്യാലയത്തിന്റെ നല്ല രീതിയിലുള്ള പ്രവർത്തനത്തിന് ഭൗതീക സാഹചര്യങ്ങളും അക്കാഡമിക്ക് സൗകര്യങ്ങളും പരമപ്രധാനമാണ്. വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരാൻ ക്ലാസ്സ് മുറിയിൽ കഴിയുന്ന ത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലാബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണിച്ചർ, കളിപ്പാട്ടങ്ങൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ അവശ്യഘടകങ്ങളാണ്. അതുപോലെ തന്നെ മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ ഭൗതീക സൗകര്യങ്ങളും ഒരു വിദ്യാലയത്തോടനുബന്ധിച്ച് പരമപ്രധാനമാണ്. ഭൗതിക സൗകര്യങ്ങളും അക്കാഡമിക് സൗകര്യങ്ങളും സംബന്ധിച്ച വിവരങ്ങൾ പട്ടിക ആറിലും പട്ടിക ഏഴിലും കൊടുത്തിരിക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

1. 1-ാം വാർഡിലും 4-ാം വാർഡിലും വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായതിനാൽ എൽ.പി.സ്കൂൾ അനുവദിക്കണം.

2. 2-ാം വാർഡിലെ സെൻറ് ആൻറണീസ് എൽ.പി.സ്കൂളിലെ ഷിഫ്റ്റു സമ്പ്രദായം അവസാനിപ്പിക്കുവാൻ വേണ്ട നടപടികൾ ഉണ്ടാവണം.

3. 5-ാം വാർഡിലെ എൽ.പി.സ്കൂളിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ആവശ്യമായ ഫർണിച്ചർ നല്കുകയും വേണം. പാചകമുറി, മൂത്രപ്പുര, കക്കൂസ് തുടങ്ങിയ ഭൗതിക സൗകര്യങ്ങളും നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

ഭൗതീക സാഹചര്യങ്ങൾ പട്ടിക ആറ്

നമ്പർ	സ്കൂൾ	ആകെ വിദ്യാർത്ഥികൾ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1	സി.എം.എസ്.എൽ.പി.എസ്.ആനിക്കാട്	118	2	1	ഇല്ല	ഇല്ല
2	സെൻറ് ആൻറണീസ് എൽ.പി.എസ്. കൂട്ടുമാക്കൽ	121	2	1	ഉണ്ട്	ഉണ്ട്
3	സെൻറ് ജോസഫ് എൽ.പി.എസ്. പറപ്പള്ളിക്കുന്ന്					
83	ഇല്ല	ഇല്ല	ഇല്ല	ഇല്ല		
4	കെ.വി.എൽ.പി.എസ്. കരുപ്പക്കല്ല്	117	1	1	ഉണ്ട്	ഇല്ല
5	ഗവ.യു.പി.എസ്. പള്ളിക്കത്തോട്	402	1	2	ഉണ്ട്	ഉണ്ട്
6	ഗവ.യു.പി.എസ്. ഇളംപളവി	180	2	ഇല്ല	ഉണ്ട്	ഉണ്ട്
7	എൻ.എസ്.എസ്. ഹൈസ്ക്കൂൾ ആനിക്കാട്	464	3	2	ഉണ്ട്	ഉണ്ട്
8	സെൻറ്തോമസ് ഹൈസ്ക്കൂൾ ആനിക്കാട്	851	2	7	ഉണ്ട്	ഉണ്ട്

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

പട്ടിക എട്ട്

	ലൈബ്രറി	ലാബ്	പഠനോപകരണങ്ങൾ		റേഡിയോ	ടേപ്പ് റിക്കോർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	മാതൃസംഘടന	സജീവം
ഉള്ളത്	8	8	6	6	5	-	-	-	8		
ഇല്ലാത്തത്	-	-	2	2	3	8	8	8	-		

4. പള്ളിക്കത്തോടു പഞ്ചായത്തിൽ ഒരു ആർട്സ് ആൻറ് സയൻസ് കോളേജ് സ്ഥാപിക്കുക.

5. പഞ്ചായത്തു തലത്തിൽ കംപ്യൂട്ടർ ട്രെയിനിംഗ് സെൻറർ, ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ആരംഭിക്കുക.

6. ആനിക്കാട് എൻ.എസ്.എസ്.ഹൈസ്ക്കൂളിലും ആനിക്കാട് ഈസ്റ്റ് സെൻറ് തോമസ് ഹൈസ്ക്കൂളിലും പ്ലസ് ടു കോഴ്സ് ആരംഭിക്കുക.

7. 8-ാം വാർഡിലെ ഇളംമ്പള്ളി ഗവ.യു.പി.സ്കൂസ് ടെക്സിക്കൽ ഹൈസ്ക്കൂളായി ഉയർത്തുക.

8. പള്ളിക്കത്തോട് ഗവ.യു.പി.സ്കൂളിലെ ലൈബ്രറി, ലാബോറട്ടറി, കളിസ്ഥലം, സ്പോർട്സ് ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങിക്കുവാൻ വേണ്ട ക്രമീകരണം ചെയ്യുക.

9. 8-ാം വാർഡിലെ ഗവ.സ്കൂളിൽ ഒരു ഓഡിറ്റോറിയം നിർമ്മിച്ചു നല്കുക.

10. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ഒരു സ്റ്റഡി സെൻറർ പള്ളിക്കത്തോട്ടിൽ അനുവദിക്കുക.

11. ആനിക്കാട് ഗവ.യു.പി.സ്കൂൾ ഒരു ടെക്നിക്കൽ ഹൈസ്ക്കൂൾ ആയി ഉയർത്തുക.

12. പള്ളിക്കത്തോട് പി.റ്റി.സി.എം. ഗവ. ഐ.ടി.ഐ. പ്രവേസനത്തിൽ തദ്ദേശവാസികൾക്ക് നിശ്ചിതശതമാനം സീറ്റ് സംവരണം ഏർപ്പെടുത്തണമെന്ന് ഗ്രാമസഭയിൽ പ്രത്യേക നിർദ്ദേശം ഉണ്ടായി.

12. ഊതക്കുഴി കേന്ദ്രമാക്കി ഒരു വായനശാലയും ക്ലബ്ബും രൂപീകരിക്കുക.

നിർദേശങ്ങൾ

1. അംഗൻവാടികളുടെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായ രീതിയിൽ പുനഃസംഘടിപ്പിക്കുക.

2. കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുക. കായികാധ്യാപനം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ എടുക്കുക.

3. ഉച്ചക്കഞ്ഞി വിതരണത്തിലുള്ള ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കുക.

4. സ്കൂൾ ലാബോറട്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

5. പി.ടി.എ.കളും മാതൃസംഗമവും സജീവമാക്കുക.

6. പഞ്ചായത്തിലെ ജനങ്ങൾക്ക് ആരോഗ്യ, വിദ്യാഭ്യാസ, പരിസ്ഥിതി നൈപുണ്യം കൈവരിക്കാൻ കഴിയുന്ന ഹൃസ്വകാല കോഴ്സുകൾ ജനപങ്കാളിത്തത്തോടെ ആരംഭിക്കുക.

7. നിർജീവമായി കിടക്കുന്ന സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കുക

8. എല്ലാ വിദ്യാലയത്തിലും സ്കൗട്ട് ആൻറ് ഗൈഡ് പ്രവർത്തനം വ്യാപിപ്പിക്കുക.

9. എല്ലാ സ്കൂളിലും ജൂനിയർ റെഡ്ക്രോസ് ഏർപ്പെടുത്തുക.

വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നിനിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമോത്സുകതയെ ഉത്തേജിപ്പിക്കുവാനും അതുവഴി പാഠ്യേതര പ്രവർത്തനങ്ങളിലേയ്ക്ക് നയിക്കുവാനും വിദ്യാഭ്യാസത്തിനു കഴിയണം. സ്കൂൾ പാർലമെൻറുകൾ, കാർഷിക ക്ലബുകൾ, സാഹിത്യസമാജങ്ങൾ, വിൻസൻറ് ഡി പോൾ പ്രവർത്തനങ്ങൾ, കൈയെഴുത്ത്, ചിത്രമാസികകൾ, കായിക പരിശീലന പരിപാടികൾ, പൂന്തോട്ട പച്ചക്കറിത്തോട്ടങ്ങൾ, ദിനാചരണങ്ങൾ, പഠന-വിനോദ യാത്രകൾ തുടങ്ങിയ പരിപാടികൾ നടത്താവുന്നതാണ്.

ഇപ്രകാരം ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളിൽ കൂടി നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ മൂല്യച്യുതിയും ശോച്യാവസ്ഥയും പരിഹരിക്കാൻ കഴിയും.

5.5 കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം, ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. കുടിവെള്ളത്തിനായി നമ്മുടെ പഞ്ചായത്തിലെ 75% കുടുംബങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. ബാക്കി കുടുംബങ്ങൾ വാട്ടർ അതോറിറ്റിയുടെ പൈപ്പു ജലത്തെയാണ് ഉപയോഗപ്പെടുത്തുന്നത്. പഞ്ചായത്തിന്റെ വിസ്തൃതിയിൽ 78%വും ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണെന്നാണ് ലഭ്യമായ വിവരങ്ങൾ കാണിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ 4 ജലവിതരണ പദ്ധതികൾ ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. വിവിധ വാർഡുകളിലായി പഞ്ചായത്തു വക 37 പൊതു കിണറുകളും ഒരു കുളവും ഉണ്ടെങ്കിലും അവ വേണ്ടവിധം പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിലെ ആരെ ജനസംഖ്യാ പുതിയ കണക്കനുസരിച്ച് 16569 ആണ്. ഇതിന്റെ ഏകദേശം 78% ശുദ്ധ ജലക്ഷാമം അനുഭവിക്കുന്നു.

കുടിവെള്ളം ശേഖരിക്കുന്നതിനായി വേനൽ കാലങ്ങളിൽ 2 കി.മീ. ദൂരം വരെ സഞ്ചരിക്കേണ്ടതായ പ്രദേശങ്ങളും പഞ്ചായത്തിൽ ഉണ്ട്. വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന പ്രശ്നങ്ങവും അവയ്ക്കുള്ള പരിഹാര നിർദേശങ്ങളും പഞ്ചായത്തു തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ളതുമായ നിർദേശങ്ങളും സൂക്ഷ്മ വിശകലനത്തിനായി ഇതിൽ ചേർത്തിരിക്കുന്നു. ചർച്ചകളിൽ നിന്നും കിട്ടിയ വിവരമനുസരിച്ച് 12 മാസം വെള്ളം ലഭിക്കുന്ന 22% കിണറുകവും 9 മാസം വെള്ളം ലഭിക്കുന്ന 60% കിണറുകളും 6 മാസം വെള്ളം ലഭിക്കുന്ന 18% കിണറുകളുമാണ് പഞ്ചായത്തിലുള്ളത്.

പട്ടിക1 പൊതു കുളങ്ങളും കിണറുകളും സംബന്ധിച്ച വിവരങ്ങൾ

വാർഡ്	കുളങ്ങൾ	കിണറുകൾ	ജലലഭ്യത
1	-	4	6മാസം
2	-	2	6 മാസം
3	-	5	6 മാസം മുതൽ 9 മാസം വരെ
4	-	6	,,
5	-	2	,,
6	2	6	,,
7	-	2	,,
8	-	8	,,
9	-	3	1 എണ്ണത്തിൽ വെള്ളമില്ല, 2 എണ്ണത്തിൽ 9 മാസം മുതൽ 11 മാസം വരെ

പട്ടിക രണ്ട് കെ.ഡബ്ല്യൂ.എ. പദ്ധതികൾ

വാർഡ്	പമ്പ്ഹൗസ്	ടാങ്ക്	പൊതുസ്ഥിതി
1	മുക്കാലി(ചപ്പാത്ത്)	ഇടത്തിനകം	ടാങ്കിൽ വെള്ളം എത്തുന്നില്ലെങ്കിലും പമ്പു ഹൗസിന്റെ പരിസരത്ത് ഭാഗികമായി വെള്ളം ലഭിക്കുന്നു.
2	,,	,,	തോണിപ്പാറ, മുക്കാലി ലക്ഷം വീടു ഭാഗികമായി ലഭിക്കുന്നു.

3	"	"	ലഭിക്കുന്നില്ല
4	"	"	മുതുമരത്തിൽ തകിടിയിൽ ഭാഗികമായി ലഭിക്കുന്നു
5	"	"	ലഭിക്കുന്നില്ല
6	1 ചല്ലോലി	പുല്ലാന്നിം തകിടി	10 മാസം വരെ,
	2 ഐ.റ്റി.ഐ.ഭാഗം	വളേളാമല	12 മാസം വരെ
7	"	"	ഭാഗികമായി ലഭിക്കുന്നു
8	"	"	ഭാഗികമായി ലഭിക്കുന്നു
9	മറ്റപ്പള്ളി	പുല്ലാന്നിത്തകിടി	11 മാസം വെള്ളം ലഭിക്കുന്നു.

പട്ടിക മൂന്ന് കുടിവെള്ള പ്രശ്നപ്രദേശങ്ങളും പരിഹാര നിർദേശങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദേശിക്കുന്ന പരിഹാരമാർഗ്ഗം
1	മൈലാടിക്കര,തുമ്പോളി, കുളത്തുകം, 58 കോളനി, മുഴയനാൽ	നിലവിലുള്ള പൈപ്പുകവും ടാപ്പുകളും നന്നാക്കി ഫലപ്രദമാക്കി മൈലാടിക്കര, കുളത്തുകം, തുമ്പോളി എന്നീ പ്രദേശത്ത് കുടിവെള്ളം എത്തിക്കുക. 58 പട്ടിക ജാതി കോളനിയിൽ സ്പെഷ്യൽ കമ്പോണൻറ് പദ്ധതി പ്രകാരം പന്നഗം തോടിൽ വളകുഴി ഭാഗത്ത് കിണർകുഴിച്ച് പമ്പ് സ്ഥാപിച്ച് മുഴയനാൽ കോളനിയിൽ ടാങ്ക് കെട്ടി കോളനിയിൽ വെള്ളം എത്തിക്കുക. ആശാൻ പടിയിൽ കുളംകുത്തി മുഴയനാൽ ഭാഗത്ത് കൂടി വെള്ളം എത്തിക്കുക.
2	മുക്കാലി, ഉതിക്കുഴ, നെടുമാവ്, കൊമ്പാറ, ചക്കാമ്പുഴ, ഇളപ്പുങ്കൽ, ഇടത്തിനകം, പച്ചനാക്കുഴി, കുറുങ്കുടി, കണിയാമറ്റം	കയ്യൂരി ഭാഗത്ത് ഒരു കിണർ നിർമ്മിച്ച് ഇടത്തിനകം ഭാഗത്തുള്ള ടാങ്കിലേക്ക് പമ്പ് ചെയ്ത് പച്ചനാക്കുഴി ഇടത്തിനകം കണിയാമറ്റം ഇളപ്പുങ്കൽ ഭാഗങ്ങളിൽ വിതരണം ചെയ്യണം. മുക്കാലി കോളനിയുടെ ഉള്ളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടണം ഉതിരാലമറ്റത്ത് കുളം കുത്തി നെടുമാവ് കുന്നേൽ ജലം ശേഖരിച്ച് ഉതിക്കുഴ, ചക്കാമ്പുഴ, കൊമ്പാറ, വട്ടമറ്റം എന്നീ പ്രദേശത്ത് വെള്ളം എത്തിക്കുക. പൈപ്പുലൈനുകൾ കേടുപാടു തീർക്കുക.
3.	മുകളേൽ, ഈഴക്കുന്ന്, പുറത്തിട്ട കോളനി, പൊങ്ങനാകുന്ന്, കുറുങ്കുടി, ഒന്നാം മൈൽ, പച്ചനാക്കുഴി, കൂട്ടുങ്കര, പാറേമ്മാക്കൽ	കരുന്നാട്ടുഭാഗത്ത് ഒരു കിണർ കുഴിച്ച് മുകളേൽ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് മുകളേൽ പുറത്തിട്ട ഭാഗത്ത് ജലം എത്തിക്കുക, കുറുങ്കുടി ഭാഗത്ത് കുളം നിർമ്മിച്ച് ടാങ്കിൽ ജലം ശേഖരിച്ച് കുറുങ്കുടിയിൽ വെള്ളം എത്തിക്കുക. കരിപ്പക്കല്ല് ഗിരിജൻ കോളനിയിൽ സ്പെഷ്യൽ കമ്പോണൻറ് പദ്ധതിയിൽ ഉൾപ്പെടുത്തി കുറുങ്കുടി കണ്ടത്തിൽ നിന്നും വെള്ളം ലഭ്യമാക്കണം. നിലവിലുള്ള പൈപ്പുലൈനുകൾ കേടുപാട് തീർത്ത് പുറത്തിട്ട, ഈഴക്കുന്ന് ഭാഗത്ത് വെള്ളം എത്തിക്കുക. പാറേമ്മാക്കൽ- തോപ്പിൽക്കണ്ടം ഭാഗത്ത് കിണർകുഴിച്ച് കൂട്ടുങ്കര, പാറേമ്മാക്കൽ ഭാഗത്ത് വെള്ളം എത്തിക്കുക
4.	കല്ലാടം പൊയ്ക, പെങ്ങനാക്കുന്ന് കാര്യാങ്കൽ ഭാഗം, മുക്കാലി, ഇളപ്പുങ്കൽ കൊടിമറ്റം, മുതുമരത്തിൻ തകിടി, കദളിമറ്റം	വേളൂക്കാട്ടിൽ, കുളം കുത്തി മുതുമരത്തിൻ തകിടിയിൽ ടാങ്ക് കെട്ടി പ്രശ്നമേഖലയിൽ വെള്ളം ലഭ്യമാക്കുക. കദളിമറ്റം ഭാഗത്ത് ഒരു കുളം കുത്തി കദളിമറ്റത്തും കല്ലാടം പൊയ്കയിലും വെള്ളം എത്തിക്കുക. വേളൂർ കാട്ടിലെ കിണർ വ്യത്തിയാക്കി ഉപയോഗപ്രദമാക്കണം. നിലവിലുള്ള

		പൈപ്പു ലൈനുകൾ കേടുപാട് തീർത്ത് ഉപയോഗപ്രദമാക്കണം.
5.	5-ാം വാർഡിൽ പൊതുവിലും കൂട്ടമാവ്, നരിമലക്കര, ആനക്കല്ല്, പെരുങ്കുളം, ചാത്തംപാറ, അരുവിക്കുഴി കോളനി	പുളിക്കൽ തോടിനു സമീപം കുളം നിർമ്മിച്ചു ആനക്കല്ല് കൂട്ടമ്മാവ് നരിമലക്കര ഇവിടങ്ങളിൽ പൈപ്പു വഴി സുദ്ധജലം എത്തിക്കണം. നിലവിലുള്ള പൈപ്പുകൾ കേടുപാടു തീർക്കണം. ആവശ്യമായ സ്ഥലങ്ങളിലേയ്ക്ക് പൈപ്പു ലൈൻ നീട്ടണം. പളളിക്കത്തോട് മാർക്കറ്റിൽ ശുദ്ധജലം എത്തിക്കണം. കൂവ പൊയ്കയിലുള്ള കുളം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് അരുവിക്കുഴി കോളനിയിലും സമീപപ്രദേശത്തും വെള്ളം എത്തിക്കുക. ഇതിൽ നിന്നും കൂരോപ്പട പഞ്ചായത്തിലും വെള്ളം എത്തിക്കാവുന്നതാണ്.
6.	വെങ്ങാലുക്കുന്ന്, കാഞ്ഞിരത്താംകുഴി വെള്ളാംകുന്ന് എണ്ണകുടവനാഴി പറയരുകുഴി നടയ്ക്കകുന്നുഭാഗം	അമ്പികുളത്തിലെ വെള്ളം അമ്പഴത്തുകുന്നിൽ ശേഖരിച്ച് വെങ്ങാലൂക്കുന്ന്, കാഞ്ഞിത്താംകുലി, വെള്ളറക്കുന്ന്, എണ്ണകുടവനാഴി, പരയരുകുഴി ഭാഗത്ത് എത്തിക്കണം. നിലവിലുള്ള പൈപ്പു ലൈനുകൾ കേടുപാടു തീർത്ത് ആവശ്യമായ സ്ഥാനങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കണം.
7.	വഞ്ചിപ്പാറ പെരുംപാറ തെങ്ങുംപള്ളി, കിഴക്കടമ്പ്, പളളിക്കത്തോട്, കുന്നീ പുരയിടം വരിക്കമുണ്ട ഭാഗം, പൊട്ടന്നാനി ഭാഗം കമുകംപാലം	പുളിയാനിക്കര ഭാഗത്ത് കുളം നിർമ്മിച്ച് പെരുംപാറ ടാങ്ക് കെട്ടി പെരുമ്പാറ വെള്ളം എത്തിക്കണം. അമ്പീകുളത്തിലെ വെളവം വഞ്ചിപ്പാറയിൽ ശേഖരിച്ച് അതിനു ചുറ്റുമുള്ള സ്ഥലങ്ങളിൽ വെള്ളം കൊടുക്കണം. പൈപ്പിന്റെ കേടുപാടുകൾ തീർക്കുക ആവശ്യമായ സ്ഥലത്ത് പുതിയ ടാപ്പ് ഇടുക.
8.	മനപ്പാട്ടുകുന്ന്, എലിക്കുളം തകിടി, തകിടിക്കൽ ഭാഗം, നെയ്യാട്ടുശ്ശേരി, കുറുംപുറം കവല, വല്യാത്തുകവല	നെയ്യാട്ടുശ്ശേരി തോടിനു സമീപം കിണർ കുഴിച്ച് നെയ്യാട്ടുശ്ശേരിയിൽ വെള്ളം എത്തിക്കുക. ആണ്ടുകുന്നേൽ നിലവിലുളവ കിണർ വലിപ്പപ്പെടുത്തി അതിലെ ജലം മനപ്പാട്ടുകുന്നേൽ, ടാങ്ക് നിർമ്മിച്ച് വല്യാത്തുകവല, മനപ്പാട്ടുകുന്ന് ബാഗത്ത് വെള്ളം എത്തിക്കുക. എലിക്കുളം തകിടിഭാഗത്ത് പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കണം. ഒന്നാം മൈൽ തച്ചപ്പുഴ റോഡ് നിർമ്മാണത്തിനുവേണ്ടി നിർത്തി വച്ചിരുന്ന മറ്റപ്പള്ളി പമ്പ് ഹൗസിൽ നിന്നും പുല്ലാന്നിത്തകിടിക്കുള്ള ജല വിതരണം നിലവിലുണ്ടായിരുന്ന നെയ്യാട്ടുശ്ശേരി, നെയ്യാട്ടുശ്ശേരി പളളിഭാഗം, കുറുംപുറം കവല എന്നിവിടങ്ങളിൽ എത്തിക്കണം. ടാപ്പുകളുടെയും പൈപ്പുകളുടെയും കേടുപാടുകൾ തീർക്കണം.
9.	പുല്ലാന്നിത്തകിടി വെള്ളറ ഭാഗം ഇളമ്പള്ളി മാർക്കറ്റ്, മഞ്ഞളരുകിൽ, ഇളമ്പള്ളി സ്കൂസ് ഭാഗം, വെള്ളാപ്പള്ളി ഭാഗം	മറ്റപ്പള്ളി പമ്പ്ഹൗസിൽ നിന്നും പുല്ലാന്നിതകിടിക്കുള്ള ജല വിതരണം പുനഃസ്ഥാപിക്കുക, ചല്ലോലി കുളത്തിൽ നിന്നും പുല്ലാന്നിതകിടിയിൽ എത്തുന്ന വെള്ളം പൈപ്പ് എക്സറ്റൻഷൻ നടത്തി ജലം എത്താത്ത പുല്ലാനിത്തകിടി ഭാഗത്ത് എത്തിക്കണം. ചല്ലോലി കോളനിക്ക് കിഴക്കുഭാഗത്തുള്ള ജല സ്രോതസ്സ് വിപുലപ്പെടുത്തി കോളനിയിൽ ജലം വിതരണം ചെയ്യണം. തോപ്പിൽചിറ നന്നാക്കി സമീപപ്രദേശത്ത് വെള്ളം എത്തിക്കണം. പെരുമ്പാമല കോട്ടയുടെ താഴെ ഉമിക്കുഴിയിൽ ഉള്ള വറ്റാത്ത ജലസ്രോതസിലെ വെള്ളം ടാങ്കിൽ നിക്ഷേപിച്ച് സമീപപ്രദേശത്തും, സമീപ വാർഡിലും ജലം എത്തിക്കുക. നിലവിലുള്ള പൈപ്പിന്റെ കേടുപാടുകൾ തീർക്കുക.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കിണറുകൾ, കുളങ്ങൾ, കുഴൽ കിണറുകൾ ഇവ നിർമ്മിക്കേണ്ട സ്ഥാനങ്ങളെക്കുറിച്ച് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രദേശങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

കുളങ്ങൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ

വളകുഴി ഭാഗം, മൂന്നാനിഭാഗം, ആശാമ്പടി, ഉതിരാലമറ്റം, വേളൂകാട്ടിൽ ഭാഗം, പുളിക്കൽ തോട്, തെങ്ങുംപളവി, [illegible]റുങ്കുടി, കൂവപ്പൊയ്ക, ഐ.റ്റി.ഐ.പുരയിടം, വളേളാത്യാമല, പുളിയാനിക്കര, നെയ്യാട്ടുശ്ശേരിതോട്ടുവക്ക്, ഉമിക്കുഴി ഭാഗം, ചല്ലോലിഭാഗം, കദളിമറ്റം.

കിണറുകൾ നിർമ്മിക്കേണ്ട സ്ഥാനങ്ങൾ

മുണ്ടൻകവല, കുളത്തകം, കദളിമറ്റം, കയ്യൂരി ജംഗ്ഷൻ, കരുനാട്, തോപ്പിൽപടി, ഓലിക്കാമറ്റം, അടുകാട്ടിൽ ഭാഗം, ആണ്ടുകുന്നു ഭാഗത്തെ കിണർ വലിപ്പപ്പെടുത്തണം. ചല്ലോലി, പുല്ലാന്നിത്തകിടി, വെള്ളാപ്പള്ളി മഞ്ഞളരുകിൽ, 58 കോളനി, ഉതിക്കുഴ, നെടുമാവ്, ഇരട്ടയാനി ഭാഗം, തോണിപ്പാറ.

കുഴൽ കിണർ വേണ്ട സ്ഥലങ്ങൾ

പെരുമ്പാറ, വരിക്കമുണ്ട, കമുകുംപാലം, വല്യാത്തുകവല, കുന്നിപുരയിടം ഭാഗം, കിഴക്കടമ്പ് ഭാഗം, എലിക്കുളം തകിടി, തകിടിക്കൽ ഭാഗം കുറുംപുറം കവല, മനപ്പാട്ടുകുന്ന്, നടയ്ക്കൽകുന്നുംഭാഗം, മൈലാടിക്കര കുളത്തകം, മുഴയനാൽ ഭാഗം, കദളിമറ്റം, ഉതിക്കുഴ, നെടുമാവ്, ചക്കാമ്പുഴ, പുല്ലാന്നിത്തകിടി, ഇളംപളളി, മഞ്ഞളരുകിൽ മുതുമരുതും തകിടി, മുകളേൽ ഭാഗം. തുമ്പോളി ഭാഗം, പെരുങ്കുളം, ഇരട്ടയാനിഭാഗം, വട്ടമറ്റം ഭാഗം.

പ്രാവർത്തികമാക്കാവുന്ന മറ്റു നിർദേശങ്ങൾ

1. ഉയർന്ന പ്രദേശങ്ങളിൽ നീർക്കുഴികൾ കുഴിച്ചും വരമ്പുകളിട്ടും മഴവെള്ളസംഭരണം വർദ്ധിപ്പിക്കുക.

2. ഇതിനുളള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുക

3. നിലവിലുളള തോടുകളിൽ ചെറിയ ബണ്ടുകളിടുക.

4. മഴ വെള്ളസംഭരണത്തിന് കുഴികളും പൊട്ടക്കിണറുകളും ഉപയോഗപ്പെടുത്തുക.

5. ചപ്പാത്തുങ്കലെ പമ്പു ഹൗസിൽ സുലഭമായി വെള്ളം ലഭിക്കുവൻ പമ്പു ഹൗസിനു താഴെയായി ചെക്ക് ഡാം നിർമ്മിക്കുക.

6. മൈലാടിക്കരയിലൂടെയുള്ള പൈപ്പ് ലൈൻ തുമ്പോളി ഭാഗം വരെ നീട്ടുക.

7. ആനിക്കാട്- ചെങ്ങളം റോഡിൽ വരിക്കമുണ്ട ഭാഗം വരെ പൈപ്പുലൈനുകൾ നീട്ടുക.

8. പൊട്ടനാനിക്കൽ ഭാഗത്തുനിന്നും വല്യാത്തുകവല വരെ പൈപ്പുലൈൻ നീട്ടുക.

9. പുല്ലാന്നിത്തകിടി ഇളമ്പളളി സ്കീമിൽ നിന്നും കുരിശുപളളിക്ക് വടക്കുവശത്തേക്ക് പാറക്കടവു ലൈനിൽ പൈപ്പു ലൈൻ ഇടുക.

10. ഹരിപ്പാട്ടു കോളനി ഭാഗത്ത് തോട്ടിൽ കുളിക്കടവു നിർമ്മിക്കുക.

11. തെങ്ങും പളളി തോട്ടിൽ തേക്കിലക്കാട് ഭാഗത്ത് കുളിക്കടവ് നിർമ്മിക്കുക.

12. പന്നഗം തോടിൽ മൂന്നാനി ഭാഗത്ത് ഒരു കുളിക്കടവ് നിർമ്മിക്കുക.

13. പന്നഗംതോടിൽ ചപ്പാത്ത് ഭാഗത്ത് ഒരു കുളിക്കടവ് നിർമ്മിക്കുക.

ആരോഗ്യം

നമ്മുടെ പഞ്ചായത്തിൽ ആദ്യകാലത്ത് പാരമ്പര്യ വൈദ്യന്മാരും നാട്ടു ചികിത്സാ രീതികളുമാണ് ഉണ്ടായിരുന്നത്. കുറെ കാലങ്ങൾക്കുശേഷം വാഴൂരുള്ള തിരുവല്ല മെഡിക്കൽ മിഷ്യൻ ആശുപത്രിയായിരുന്നു ഈ നാട്ടുകാരുടെ ഏക ആശ്രയം. പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിൽ ഇളമ്പള്ളി ആയുർവേദ ഡിസ്പെൻസറിയും, കല്ലാടം പൊയ്കയിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും മുക്കാലിയിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും (ഇത് മൈലാടിക്കരയ്ക്ക് അനുവദിച്ചിട്ടുള്ളതാണ്) കയ്യൂരിയിലും, ഇളമ്പള്ളിയിലും ഓരോ കുടുംബക്ഷേമ കേന്ദ്രവുമാണ് ഉള്ളത്. ഇവയ്ക്കു പുറമേ സ്വകാര്യമേഖലയിൽ രണ്ട് അലോപ്പതി ഡിസ്പെൻസറികളും രണ്ട് ഹോമിയോ ഡിസ്പെൻസറികളും ഒമ്പതു ആയുർവേദ ഡിസ്പെൻസറികളും മൂന്ന് മെഡിക്കൽ സ്റ്റോറുകളും രണ്ട് വിഷ ചികിത്സാലയങ്ങളും പഞ്ചായത്തിലെ ആരോഗ്യ മേഖലയെ സമ്പുഷ്ടമാക്കുന്നു.

വിഷചികിത്സാ രംഗത്ത് പ്രശസ്തമായ നിലയിൽ ഇളമ്പള്ളിയിൽ മഞ്ഞളരുകിൽ (തഴയ്ക്കൽ) ശ്രീ.ഏബ്രഹാം കുര്യാക്കോസ് മൂന്നു ദശാബ്ദത്തിലേറെയായി നടത്തിവരുന്ന സൗജന്യ വിഷചികിത്സ ഈ പഞ്ചായത്തിലേയും, സമീപ പഞ്ചായത്തിലേയും, ജില്ലകളിലേയും അനേകർക്ക് ജീവൻ നല്കുന്നു.

:ഈ ചികിതസ്ക്ക് അത്യാവശ്യം വേണ്ട ജലധാര നടത്തുന്നതിന് ആവശ്യമായ വെള്ളം നല്കുന്നതിന് കഴിവതും വേഗം വേണ്ട ഏർപ്പാടുകൾ പഞ്ചായത്തിൽ നിന്നും നല്കേണ്ടതാണ്. പഞ്ചായത്തിൽ പാരമ്പര്യ ചികിത്സാരംഗത്ത് 24 വർഷത്തെ സൗജന്യ സേവന ചരിത്രമുള്ള പള്ളിക്കത്തോട് തെക്കേക്കര ശ്രീകുമാരൻ വൈദ്യനും അനേകരുടെ ജീവനെ രക്ഷിച്ചുകൊണ്ടിരിക്കുന്നു.

ഇത്രയേറെ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ലഭിച്ച സ്ഥിതിവിവരകണക്കുകൾ അനുസരിച്ച് 1995-96 വർഷത്തിൽ 47 ജലജന്യ രോഗങ്ങളും 23 വായുജന്യരോഗങ്ങളും 36 പ്രാണിജന്യരോഗങ്ങളും 6027 മറ്റു രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള സർക്കാർ ആശുപത്രികളില്ല. കല്ലാടം പൊയ്കയിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രം രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രിയാക്കി മാറ്റുകയും പഞ്ചായത്തിലെ 2,3,6,9 വാർഡുകൾക്ക് പ്രയോജനം കിട്ടത്തക്കവണ്ണം കയ്യൂരി ഭാഗത്ത് ഒരു അലോപ്പതി ഡിസ്പെൻസറി ആരംഭിക്കുകയും, ഇളമ്പള്ളി ആയുർവേദ ഡിസ്പെൻസറി ആശുപത്രിയാക്കി മാറ്റുകയും മുക്കാലിയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറി കുറെക്കൂടി സൗകര്യപ്രദമായ രീതിയിൽ സ്വന്തമായി കെട്ടിടം നിർമ്മിച്ച് അതിലേക്ക് മാറ്റി സ്ഥാപിക്കണമെന്നും ഗ്രാമസഭകളിൽ നിന്നും നിർദ്ദേശം വന്നിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും ആരോഗ്യപൂർണ്ണവുമായ ഒരു മാതൃകാ പഞ്ചായത്ത് എന്നതാണ് നമ്മുടെ ലക്ഷ്യം.

പട്ടിക 1 ആരോഗ്യം
പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

ക്രമനമ്പർ	വാർഡ്	സ്ഥാപത്തിന്റെപേര്	ഇനം	കെട്ടിടം സ്വന്തം/വാടക	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം	സ്ഥാപന പരമായ പ്രശ്നങ്ങൾ
1	4	പി.എച്ച്.സെൻറർ ഗവ.അലോപ്പതി ഡിസ്പെൻസറി കല്ലാടം പൊയ്ക	അലോപ്പതി	സ്വന്തം	1972	12	കിടക്കകളുള്ള വാർഡ് പണിയണം

2	8	ഗവ.ആയുർവേദ ഡിസ്പെൻസറി ഇളമ്പള്ളി	ആയുർ വേദം	വാടകയില്ലാതെ എൻ.എസ്.എസ്. കരയോഗം നല്കിയ കെട്ടിടത്തിൽ	1982	4	സ്വന്തമായി കെട്ടിടം പണിയണം
3	1	ഗവ.ഹോമിയോ ഡിസ്പെൻസറി മൈലാടിക്കര	ഹോമിയോ	കെട്ടിടം വാടക ഇല്ലാത്ത	1986	4	സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിയണം
4	3	ഗവ.കുടുംബക്ഷേമ കേന്ദ്രം കയ്യൂരി		സ്വന്തം	സ്വന്തം		
5.	8	ഗവ.കുടുംബക്ഷേമ കേന്ദ്രം ഇളമ്പള്ളി					

പട്ടിക രണ്ട്

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993-94	39	59	-
1994-95	18	64	3
1995-96	1	55	-

അവലംബം പഞ്ചായത്ത് ജനനമരണ രജിസ്റ്റർ

പട്ടിക മൂന്ന്

പകർച്ച വ്യാധിവിവരങ്ങൾ

വർഷം	ജലജന്യരോഗങ്ങൾ	വായുജന്യരോഗങ്ങൾ	പ്രാണിജന്യരോഗങ്ങൾ	മറ്റുള്ളവ
1993-94	65	70	35	6100
1994-95	30	45	25	4542
1995-96	47	23	36	6027

പട്ടിക നാല്

ആരോഗ്യസ്ഥാപനങ്ങളിൽ നിന്നു ശേഖരിച്ച വിവരങ്ങൾ

			രോഗങ്ങൾ സംബന്ധിച്ച വിവരം					പ്രതിവർഷ എണ്ണം
വർഷം	ഇൻപേഷ്യൻറ് ഔട്ട് പേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	ത്വക് രോഗം	വാതരോഗം എല്ലാ വിഭാഗവും	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93	-	11006	150	100	ഇല്ല	16	10740	11006
1993-94	-	14145	250	300	ഇല്ല	25	13570	14145
1994-95	-	24512	500	550	ഇല്ല	100	23362	24512
1995-96	36654	700	700	9871	200	25183	36654	

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയ ഡോക്ടറന്മാരുടെ സേവനം ലഭിക്കുന്നില്ല. ഈ അവസ്ഥ പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രികളില്ലാത്തതിനാൽ പരമാവധി 8 കി.മി.ഉം വിദഗ്ദ്ധ ചികിത്സയ്ക്കായി 40 കി.മീ.ഉം സഞ്ചരിക്കേണ്ടതായിട്ടുണ്ട്. അതിന് ഒരു പരിഹാരം ഉണ്ടാകേണ്ടതാണ്. ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളെപ്പോലെ തന്നെ പ്രാധാന്യം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ പൊതു ജനങ്ങളുടെ വിമുഖത ദൂരികരിക്കേണ്ടതു ണ്ട്. മദ്യം, മയക്കുമരുന്ന്, പുകയില, പുകവലി ഇവയുടെ ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണം പഞ്ചായത്തു തലത്തിലും വാർഡുതലത്തിലും വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും നടത്തുകയും അവയുടെ പുരോഗതി കൂടെക്കൂടെ വിലയിരുത്തുകയും ചെയ്യണം. എലി, ഈച്ച, പേപ്പട്ടി, കൊതുക് നശീകരണ പരിപാടികൾ നടപ്പിലാക്കണം. വളർത്തു നായ്ക്കൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് ഏർപ്പെടുത്തുകയും പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പ് വനടത്തുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും വേണം. പിന്നോക്ക-ദുർബല വിഭാഗങ്ങളിൽപെട്ട ശിശുക്കൾക്ക് പോഷക ആഹാരം ഉറപ്പ് വരുത്തണം. കുറുങ്കുടി ഭാഗത്ത് ഒരു ആയുർവേദ ഡിസ്പെൻസറിയും ഒരു തിരുമ്മു ചികിത്സാലയവും സ്ഥാപിക്കണം.

കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കൂടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസര ശുചിത്വം പാലിക്കാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 1306 വീടുകളിൽ നിലവിൽ കക്കൂസുകളില്ല. അതിനാൽ വിരശല്യം, വയറിളക്ക രോഗങ്ങൾ, ഛർദി എന്നിവ താരതമ്യേന കൂടുതൽ കണ്ടുവരുന്നു.

ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും താഴെ കാണും പ്രകാരം സംഗ്രഹിക്കാം

പരിസര ശുചിത്വം

വ്യവസായവൽക്കരണം വളരെ കുറഞ്ഞ പ്രദേശമാകയാൽ പരിസരമലിനീകരണം ഗുരുതരമല്ല. എന്നിരുന്നാലും പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിൽ നിന്നും ശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ചുള്ള പരാതികൾ എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിൽ പളളിക്കത്തോടു കവല, മാർക്കറ്റ് ബാഗം, ബസ് സ്റ്റാൻറ് ഭാഗം, മന്ദിരം ഭാഗം എന്നിവിടങ്ങളിലെ നഗരവൽക്കരണ പ്രവണതയും ജനസംഖ്യാ വർദ്ധനവും മൂലം പരിസര മലിനീകരണം കൂടുതൽ രൂക്ഷമായി കൊണ്ടിരിക്കുകയാണ്. "പളളിക്കത്തോട് ഗ്രാമ പഞ്ചായത്ത് ക്ലീൻ പഞ്ചായത്ത്" എന്നൊരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുകയാണു വേണ്ടത്.

കക്കൂസ് നിർമാണം

തടസ്സകാരണം	പരിഹാരം
1. സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്.
2. സ്ഥലപരിമിതി (കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും)	പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.
3. ആവശ്യകത വേണ്ടത്ര ബോദ്ധ്യപ്പെടാത്തതിനാൽ	ആരോഗ്യബോധവത്കരണ യൂണിറ്റിന്റെ പ്രവർത്തനം വിപുലമാക്കുക. ആരോഗ്യ പ്രവർത്തകരെ ഉദ്യോഗസ്ഥന്മാരെ ബന്ധപ്പെടുത്തി അയൽക്കൂട്ടങ്ങളിൽ ചർച്ചാക്ലാസ്സുകൾ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ, സ്ലൈഡ് വീഡിയോ പ്രദർശനങ്ങൾ ഇവ നടത്തുക.

ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നു വന്ന ചില പ്രശ്നങ്ങവും പരിഹാര മാർഗ്ഗങ്ങളും

പള്ളിക്കത്തോട്, ഇളമ്പള്ളി മാർക്കറ്റിലെ അറവു ശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾതുറസ്സായ സ്ഥലത്ത് നിക്ഷേപിക്കുന്നതു തടയുകയും പരിസരമലിനീകരണം ഉണ്ടാകാതിരിക്കുന്നതിനുവേണ്ട കരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. പള്ളിക്കത്തോട്ടിലുള്ള ഹോട്ടലുകൾ, ശീതളപാനീയങ്ങൾ, പച്ചക്കറിക്കടകൾ, മത്സ്യക്കടകൾ, മറ്റു വ്യാപാര സ്ഥാപനങ്ങൾ ബസ്സ്റ്റാൻഡ് എന്നിവിടങ്ങളിലെ അവശിഷ്ടവസ്തുക്കൾ തോട്ടിലും, റോഡിലും ഓടകളിലും നിക്ഷേപിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുകയും അവ നിക്ഷേപിക്കുന്നതിന് കുറ്റികളോ, കൂടകളോ വയ്ക്കുകയും കച്ചവടക്കാരെ ബോധവത്കരിക്കുകയും ചെയ്യുക. ആയവ പാലിക്കാത്തവരിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈച്ചകൾ, കൊതുകുകൾ ഇവ പെരുകുന്നതു ഫലപ്രദമായി തടയുന്നതിന് വീടിനടുത്തും, ഓടകളിലും മലിനജലം കെട്ടി നില്കാതിരിക്കാൻ ശ്രദ്ധിക്കുക. കൂത്താടികളുള്ള സ്ഥലങ്ങവിൽ മണ്ണെണ്ണ ഒഴിച്ച് അവയെ നശിപ്പിക്കുക (ഒരു ജോഡി ഈച്ചകൾ ഒരു വേനൽക്കാലം കൊണ്ട് 3,25,92,320 ഈച്ചകളെ ഉല്പാദിപ്പിക്കുന്നു.

കൂടാതെ ടൗണിലെ ചപ്പു ചവറുകൾ മറ്റു മാലിന്യങ്ങൾ എന്നിവ ഉപയോഗിച്ച് കമ്പോസ്റ്റു നിർമ്മാണ പദ്ധതി നടപ്പിലാക്കി മലിനീകരണം തടയാം. മൂന്ന് സ്ലോട്ടർഹൗസുകൾ നിർമ്മിച്ച് വിതരണം സുഗമമാക്കാം. അനദികൃത മാംസക്കച്ചവടം നിർബന്ധമായും നിരോധിക്കേണ്ടതാണ്. പള്ളിക്കത്തോട് ടൗണിൽ ടോസ് പിരിക്കുന്ന കക്കൂസുകൾസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

1 പൊതു ശ്മശാനം

പഞ്ചായത്തിൽ ഒരു പൊതു ശ്മശാനത്തിന്റെ ആവശ്യം എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നതാണ്. അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പഞ്ചായത്തിൽ ഒരു വൈദ്യുതശ്മശാനം നിർമ്മിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കലാകായിക പരിശീലന കേന്ദ്രം

പഞ്ചായത്തിലെ ജനങ്ങളുടെ കലാകായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു പരിശീലന കേന്ദ്രം പഞ്ചായത്തൻ കീഴിൽ സ്ഥാപിക്കണം. അതുവഴി ജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം സംരക്ഷിക്കുന്നതിന് സാധിക്കുന്നതാണ്.

3. ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സാ രംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് "ഹെൽത്ത് കാർഡ്" ചികിത്സയ്ക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതുമാക്കാൻ സഹായിക്കും. ആരോഗ്യപ്രവർത്തകരേയും സന്നദ്ധ പ്രവർത്തകരേയും ഉൾക്കൊള്ളിച്ച് ഇത് നടപ്പിലാക്കാവുന്നതാണ്. രക്ത ഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ എല്ലാം കാർഡിലും രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4. വയോജന ആരോഗ്യകേന്ദ്രം

സമൂഹത്തിലെ ഒരു മുഖ്യ ആശ്രിത വിഭാഗമായ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും മാനസികവുമായ ഉയർച്ചയ്ക്ക് ആവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.

5. രക്തദാനവും, നേത്രദാനവും

രക്ത ദാനത്തെക്കുറിച്ച് നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുകയും രക്തദാനത്തിന്റെയും നേത്രദാനത്തിന്റേയും മഹത്വം ബോദ്ധ്യപ്പെടുത്തുകയും വഴി ദാതാക്കളുടെ രജിട്രേഷൻ വ്യാപകമാക്കി പ്രവർത്തനം കാര്യക്ഷമമാക്കുന്നത് അടിയന്തിര പ്രാധാന്യമർഹിക്കുന്നവയാണ്.

6. ഔഷധ സസ്യങ്ങൾ

ആയുർവ്വേദരംഗത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുവാൻ സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തുതല "ഔഷധസസ്യ സൊസൈറ്റികൾ" രൂപീകരിക്കേണ്ടതാണ്. നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളേയും സന്നദ്ധസംഘടനകളേയും കൂട്ടിയിണക്കിയാൽ "ശുചിത്വഗ്രാമം ആരോഗ്യഗ്രാമം" എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാറ്റുവാൻ നമുക്ക് കഴിയും. അതിനാകട്ടെ ഇനിയുമുള്ള നമ്മുടെ മുഴുവൻ ശ്രമവും.

5.6

ഗതാഗതം, ഊർജ്ജം മാർക്കറ്റ്

1953-ൽ ആണ് ഈ പഞ്ചായത്ത് രൂപികൃതമായത്. നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവികർ. പുലിയന്നൂർ - വാഴൂർ, ഒറവയ്ക്കൽ - കൂരാലി എന്നീ റോഡുകൾ മാത്രമാരുന്നു അന്ന് പ്രധാനമായും ഉണ്ടായിരുന്നത്. അതിൽ പുലിയന്നൂർ - വാഴൂർ റോഡ് മാത്രമായിരുന്നു മെറ്റൽ ചെയ്തിരുന്നത്. ആനിക്കാട് സെൻറ് മേരീസ് പള്ളി വികാരിയായിരുന്ന ബഹു.കോയിത്തറ അച്ചന്റെയും മറ്റും നേതൃത്വത്തിൽ നാട്ടുകാരെ സംഘടിപ്പിച്ച് സമ്പൂർണ്ണമായും മാനവവിഭവശേഷി സമാഹരിച്ച് പല റോഡുകളും നിർമ്മിക്കുകയുണ്ടായി.

ഈ പഞ്ചായത്തിൽ പി.ഡബ്ല്യൂ.ഡി ഏറ്റെടുത്തിട്ടുള്ളതിൽ 33 കി.മി. റോഡ് ടാർ ചെയ്തിട്ടുള്ളതാണ്. 3.3 കി.മി പി.ഡബ്ല്യൂ.ഡി റോഡ് പുനരുദ്ധാരണപണികൾ നടന്നുകൊണ്ടിരിക്കുന്നതാണ്.

പഞ്ചായത്തിന് ആകെ 55.880 [illegible] കി.മി റോഡാണുള്ളത്. ഇതിൽ 22.205 [illegible] കി.മി. ടാർ ചെയ്തതതും 33.63 കി.മി മണ്ണു റോഡുകളുമാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ പുനരുദ്ധാരണപണികൾ നടന്നുകൊണ്ടിരിക്കുന്ന മണ്ണുറോഡുകളും ഉണ്ട്.

പള്ളിക്കത്തോട്ടിൽ ഇപ്പോഴും 44 ബസുകൾ കയറി ഇറങ്ങി പോകുന്ന ബസ്റ്റാൻഡ് നിലവിലുണ്ട്. ഈ ബസ്റ്റാൻഡിൽ പണിതിരിക്കുന്ന കെട്ടിടത്തിൽ നാല് കടമുറികളും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക വെയിറ്റിംഗ് ഷെഡുകളും മൂത്രപ്പുരയും കക്കൂസും, ഉണ്ട്.ഈ പഞ്ചായത്തിൽ ടാക്സികൾക്കും, ഓട്ടോറിക്ഷാകൾക്കും ലോറികൾക്കും നിലവിൽ സ്റ്റാൻഡുകൾ ഇല്ല. 48 ടാക്സികളും, 28 ഓട്ടോറിക്ഷാകളും 18 ലോറികളും പഞ്ചായത്തിൽ ഓടുന്നുണ്ട്.

അറ്റകുറ്റപണികൾ യഥാസമയം നടക്കാത്തതുകൊണ്ട് റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. ഈ പഞ്ചായത്തിന്റെ പലപ്രദേശങ്ങളും കുന്നിൻചെരിവുകൾ ആയതിനാൽ മഴക്കാലത്ത് വെള്ളം കുത്തിയൊലിച്ച് ഒഴികുന്നതിനാൽ റോഡുകൾ നശിച്ചുപോകുന്നുണ്ട്. പി.ഡബ്ല്യു.ഡി. റോഡുകൾക്ക് ആവശ്യത്തിന് ഓടകൾ ഇല്ലാത്തതുകൊണ്ടും, കലുങ്കുകളുടെ കുറവുകൊണ്ടും റോഡുകൾ പെട്ടെന്ന് നശിച്ചുപോകുന്നു. പഞ്ചായത്തിന് ആവശ്യത്തിന് ഫണ്ട് ലഭിക്കാത്തതുകൊണ്ട് വികസനത്തിന് തടസ്സമാകുന്നു.

പള്ളിക്കത്തോട് പഞ്ചായത്തിലെ ഗ്രാമീണ, പി.ഡബ്ല്യൂ.ഡി.റോഡുകൾ സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 1

ഗ്രാമീണ റോഡുകൾ - പള്ളിക്കത്തോട് പഞ്ചായത്ത്

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	നിർമ്മാണ ഘടന	
					ടാറിംഗ്	മൺറോഡ്
1	I	മുല്ലക്കരി- ആശാൻ പടി	1320 മീ	5 മീ	570 മീ	750 മീ
2	"	ചപ്പാത്ത് -ആശാൻ പടി മുഴയനാൽ മേ. കോളനി റോഡ്	833 മീ	8 മീ	488 മീ	345 മീ
3	"	മുണ്ടൻകവല - 13-ാം മൈൽ	1220 മീ	8 മീ	350 മീ	870 മീ
4	"	ഇടത്തറ - 14-ാം മൈൽ	1657 മീ	5 മീ	498 മീ	1159 മീ
			5030 മീ		1906 മീ	3124 മീ
5	II	കണിയാമറ്റം - കുറുംകുടി	1400 മീ	5മീ	230 മീ	1170 മീ
6	"	കൊമ്പാറ - വട്ടമറ്റം	400 മീ	4 മീ	150 മീ	250 മീ
7	"	ഉതിക്കുഴ - നെടുമാവ് പള്ളി	800 മീ	4 മീ	330 മീ	470 മീ
8	2പാറത്താനം - 15-ാം മൈൽ		1850 മീ	8 മീ	850 മീ	1000 മീ
9	[illegible]		1200 മീ	8 മീ	1200 മീ	—

പള്ളിക്കത്തോട് വികസന രേഖ

			4450 മീ		1560 മീ	2890 മീ
9	III	കരിപ്പക്കല്ല് - ആറ്റുകുഴി (കുറുക്കുടി ST കോളനി റോഡ്)	460 മീ	5 മീ	-	460 മീ
10	"	പുത്തമ്പുര - ആറ്റുകുഴി	600 മീ	5 മീ	-	600 മീ
11	"	ഇടത്തിനകം - കരിപ്പക്കല്ല്	1875 മീ	8 മീ	1027 മീ	848 മീ
12	"	കയ്യൂരി - ഇളപ്പുങ്കൽ	1357 മീ	8 മീ	1357 മീ	
13	"	കരുന്നാട്ട് - പടിഞ്ഞാറേക്കര	1000 മീ	7 മീ	220 മീ	780 മീ
14	"	ചെങ്ങാലിക്കുന്ന് - തെക്കേപ്പറമ്പ്	600 മീ	6 മീ	-	600 മീ
15	"	പൊങ്ങനാക്കുന്ന് - തെക്കേപ്പറമ്പ്	610 മീ	5 മീ	-	610 മീ
16	"	നെല്ലക്കൽ - ആറ്റുകുഴി	620 മീ	6 മീ	-	620 മീ
17	"	കരിപ്പക്കല്ല് - കോളനി റോഡ്	340 മീ	3.3 മീ		340 മീ
			7462 മീ		2604 മീ	4858 മീ
18	IV	പുത്തൻചന്ത - മന്നംബ്രിഡ്ജ്	850 മീ	4 മീ	400 മീ	300 മീ
19	"	കാക്കത്തോട് - കല്ലാടംപൊയ്ക	700 മീ	4 മീ	-	850 മീ
20	"	പൂവത്താനി - മുകളേൽ	1500 മീ	4 മീ	-	1500 മീ
21	"	ബി.എസ്.എസ് റോഡ്	1500 മീ	8 മീ	1500 മീ	
22	"	കൊമ്പാറ - വിലങ്ങുംപാറ	2600 മീ	6 മീ		2600 മീ
			7150 മീ		1900 മീ	5250 മീ
23	V	അരുവിക്കുഴി - ഇരുമ്പുകുഴി	1700 മീ	5 മീ	1400 മീ	300 മീ
24	"	പുത്തൻചന്ത-പുളിക്കത്തോട്	600 മീ	4 മീ	300 മീ	300 മീ
25	"	പെരുങ്കുളം - ചാത്തൻപാറ	1700 മീ	5 മീ	-	1700 മീ
26	"	കുരിശുപള്ളി - മാർക്കറ്റ്റോഡ്	75 മീ	3.5 മീ	-	75 മീ
27	"	അരുവിക്കുഴി - തറക്കുന്ന്	1250 മീ	8 മീ	1250 മീ	-
28	"	കൂവപ്പൊയ്ക - ചാത്തൻപാറ	600 മീ	4 മീ	-	600 മീ
29	"	പുളിക്കത്തോട് - കൂട്ടമാവ്	800 മീ	4 മീ	-	800 മീ
			6725 മീ	2950 മീ	3775 മീ	
30	VI	സെൻറ്.തോമസ് - മപണ്ടൻകുന്ന്	950 മീ	7 മീ	450 മീ	500 മീ
31	"	വടശ്ശേരി - സെൻറ്. തോമസ്	500 മീ	5 മീ	-	500 മീ
32	"	മന്ദിരം - നിർമ്മല ഹോസ്പിറ്റൽ (ചല്ലോലി എസ്.സി കോളനി റോഡ്)	1600 മീ	6 മീ	1600 മീ	-
33	"	വള്ളോത്യാമല - കരുന്നാട്ട്	1500 മീ	4 മീ	430 മീ	1070 മീ
			4550 മീ	2480 മീ	2070 മീ	
34	VII	ആനിക്കാട് - ചെങ്ങളം	2400 മീ	8 മീ	2400 മീ	-
35	"	വരിക്കമുണ്ട - പ്ലാത്തറ	600 മീ	4 മീ	-	600 മീ
36	"	തെങ്ങുംപള്ളി - മുല്ലുവാരം	1600 മീ	7 മീ	1600 മീ	-
37	"	പള്ളിക്കത്തോട് - വഞ്ചിപ്പാറ	1000 മീ	3 മീ	-	1000 മീ
38	"	പുത്തൻപുര - പെരുമ്പാറ	555 മീ	4 മീ	300 മീ	255 മീ

39	"	ആനിക്കാട് - മുണ്ടൻകുന്ന്	1300 മീ	7 മീ	1300 മീ	-
40	"	ഹരിപ്പാട്ടുകുന്ന് - തെങ്ങുംപള്ളി	2000 മീ	4 മീ	-	2000 മീ
41	"	മൂന്നുപീടിക - പൂവത്തോലി	175 മീ	8 മീ	-	175 മീ
			9630 മീ	5300 മീ	4330 മീ	
42	VIII	ചല്ലോലി - വേരുങ്കൽപ്പാറ	1100 മീ	8 മീ	1100 മീ	-
43	"	ഇളംപള്ളി - ഇളങ്ങുളം	1000 മീ	8 മീ	400 മീ	600 മീ
44	"	ഇളംപള്ളിടെമ്പിൾ - ഇളങ്ങുളം	300 മീ	4 മീ	-	300 മീ
45	"	നാലേക്കർ - ഇല്ലിമൂട്	800 മീ	4 മീ	-	800 മീ
46	"	നെയ്യാട്ടുശേരി-വെള്ളാപ്പാണിക്കടവ്	1000 മീ	4 മീ	-	10000 മീ
47	"	പുത്തൻചന്ത - വേരുങ്കപ്പാറ	850 മീ	6 മീ	850 മീ	-
48	"	വെള്ളാപ്പാണിക്കടവ് - പുളിന്താനം	435 മീ	6 മീ	-	435 മീ
49	"	തളരിപ്ലാക്കൽ - പുത്തൻചന്ത	600 മീ	3 മീ	-	600 മീ
			6085 മീ	2350 മീ	3735 മീ	
50	IX	ചല്ലോലി - കുരിശുപള്ളി	1200 മീ	5 മീ	-	1200 മീ
51	"	ആശാൻപടി - കുരിശുങ്കൽ	1400 മീ	5 മീ	-	1400 മീ
52	"	പാറക്കടവ് - കുരിശുപള്ളി	1000 മീ	3 മീ	-	1000 മീ
			360 മീ			3600 മീ

പട്ടിക 2

പി.ഡബ്ലു.ഡി റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേര്	നീളം	റോഡിന്റെ ഘടന
1	വാഴൂർ - പുലിയന്നൂർ	5.2 കി.മീ	ടാറിംഗ്
2	ഒറവയ്ക്കൽ - കൂരാലി	7.1 കി.മീ	"
3	ചെങ്ങളം - 17-ാം മൈൽ	4 കി.മീ	"
4	പുത്തൻപുര - 17-ാം മൈൽ	4 കി.മീ	"
5	പള്ളിക്കത്തോട് - ചെങ്ങളം	2.5 കി.മീ	"
6	വിലങ്ങുപാറ - ഒന്നാംമൈൽ	1 കി.മീ	"
7	ആനിക്കാട് - പാമ്പാടി	3.5 കി.മീ	"
8	നെടുമാവ് - അരുവിക്കുഴി	4.3 കി.മീ	"
9	ആനിക്കാട്പള്ളി - കയ്യൂരി	1.4 കി.മീ	"
10	തോപ്പിൽപടി - തച്ചപ്പുഴ	3.3 കി.മീ	നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു
		36.3 കി.മീ	
11	15-ാംമൈൽ അരുവിക്കുഴി റോഡിൽ ചൂരയ്ക്കൽ മുതൽ അറയ്ക്കൽപടി വരെ(റോഡും ചപ്പാത്തും)2.0 കി.മീ		
	ആകെ	38.3 കി.മീ	

പ്രശ്നങ്ങൾ

റോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള പല ടാർ റോഡുകളുടെയും അവസ്ഥ വളരെ ശോചനീയമാണ്. റോഡുകളുടെ ഗുണനിലവാരമില്ലായ്മയും, ഓടകളുടെ അപര്യാപ്തയും, വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിൽ കലുങ്കുകൾ ഇല്ലായ്മയും റോഡുകളുടെ തകർച്ചയ്ക്ക് കാരണമാണ്. അതുപോലെ തന്നെ റോഡിന് വീതിഇല്ലാത്തതുകാരണം സൈഡിൽ ഓടകൾ നിർമ്മിയ്ക്കുവാൻ കഴിയുന്നില്ല. വളവുകളിൽ വീതി കുറവായതിനാൽ മഴക്കാലത്ത് വെള്ളം കുത്തിയൊലിച്ച് വഴി താറുമാറാകുന്നു. വിവിധ ഡിപ്പാർട്ടുമെൻറുകളും കൂടെക്കൂടെയുള്ള കുഴികുഴിക്കൽ മൂലം വഴികൾ പെട്ടെന്ന് തകർന്നുപോകുന്നു.. ടെലിഫോൺ ഡിപ്പാർട്ടുമെൻറും, വാട്ടർ അതോറിട്ടിയും കുഴിക്കുന്ന ട്രെഞ്ചുകൾ കാരണം റോഡുകൾ തകരുന്നു എന്നുമാത്രമല്ല അപകടങ്ങളും ഉണ്ടാകുന്നുണ്ട്. ഡിപ്പാർട്ടുമെൻറുകൾ തമ്മിൽ സഹകരിച്ച് വർക്കുകൾ നടത്തിയാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. എല്ലാ ഗ്രാമസഭകളിൽ നിന്നും, റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നും, വാഹനങ്ങൾ ഓടാൻ പോലും കഴിയാത്തരീതിയിൽ തകർന്നുകിടക്കുന്ന റോഡുകളുടെ പുനരുദ്ധാരണപണികൾ നടത്തണം മെന്നുമുള്ള ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. പുതിയ മൺറോഡുകൾ, പാലങ്ങൾ, ചപ്പാത്തുകൾ, കലുങ്കുകൾ എന്നിവയ്ക്കു വേണ്ടിയുള്ള ആവശ്യങ്ങളും നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

പട്ടിക - 3

പുതിയതായി നിർമ്മിയ്ക്കേണ്ട റോഡുകൾ

ക്രമനമ്പർ	വാർഡ് നമ്പർ	പേരും സ്ഥലവും	ദൂരം
1	I	കദളിമറ്റം - മുഴയനാൽ	700 മീ
2	"	വെട്ടിക്കയം - ആശാൻപടി	800 മീ
3	"	തുമ്പോളി - കുളത്തകം (13-ാംമൈൽ റോഡിൽ നിന്നും 14-ാം മൈൽ റോഡിലേക്ക്	500 മീ
4	"	മൈലാടിക്കര - ചക്കാമ്പുഴ	500 മീ
5	I	തോണിപ്പാറ - ചക്കാമ്പുഴ	800 മീ
6	"	കൊമ്പാറ - ഇളപ്പുങ്കൽ	400 മീ
7	"	മൂന്നാനി - ഉതിക്കുഴ	800 മീ
8	"	പാറത്താനം ഉതിക്കുഴ	1000 മീ
9	"	കുറംകുടി - ഉതിക്കുഴ	500 മീ
10	"	നെടുമാവ് - രണ്ടാം തോട്	250 മീ
11	III	തെക്കേത്ത് മുതൽ കല്ലാൽ വരെ	1500 മീ
12	"	ചെങ്ങാലിക്കുന്ന് - കുറുംകുടി	200 മീ
13	IV	കദളിമറ്റം - മുതുമരത്തും തകിടി	1000 മീ
14	"	ബസ്സ്റ്റാൻഡ് - കാര്യാങ്കൽ	500 മീ
15	V	കാക്കത്തോട് - കൊച്ചുപറമ്പിൽ	1000 മീ
16	VI	കതിരംപുഴ - അമ്പഴത്തുംകുന്ന്	800 മീ
17	"	ഐ.റ്റി.ഐ - വടശ്ശേരി റോഡ്	600 മീ
18	"	പെരുംപൂവത്തിൽ - ടെമ്പിൽ റോഡ്	300 മീ
19	"	ഐ.റ്റി.ഐ - വള്ളോത്യാമല	400 മീ
20	"	പുളിന്താനംപടി - പാലയ്ക്കൽപടി	400 മീ

21	VI	പുളിയാനിക്കര - ചപ്പാത്ത്	700 മീ
22	"	പൊട്ടനാനിക്കൽ - പെരുംപാറ	500 മീ
23	"	മുക്കിലക്കാട്ട് - പേഴാനാൽ	600 മീ
24	"	തകിടിക്കൽകുന്ന് - പുളിയാനിക്കര	1100 മീ
25	VIII	പുളിന്താനം - 18-ാംമൈൽ	1500 മീ
26	"	വെള്ളാപ്പാണിക്കടവിൽ നിന്നും	
		ഇളംപള്ളി-ഇളങ്ങളം റോഡിലേക്ക്	300 മീ
27	"	പൊട്ടനാനിക്കൽ - തളരിപ്ലാക്കൽ	1000 മീ
28	"	മണപ്പാട്ടുകുന്ന് - പൊട്ടനാനിക്കൽ	400 മീ
29	"	വേരുങ്കൽപാറ-പുത്തൻചന്ത	
		കോളനി - തകിടി കോളനിയിലേക്ക്	300 മീ
30	"	ഇളംപള്ളി - ഇളങ്ങളം റോഡിൽ	
		തകിടിയിൽ ഭാഗത്തുനിന്നും ലക്ഷംവീട് കോളനിയിലേക്ക്	300 മീ
31	IX	കോട്ട - പുല്ലാന്നിത്തകിടി	1000 മീ
32	"	മഞ്ഞളരുകിൽ - കോട്ട	1500 മീ
33	"	പുല്ലാന്നിത്തകിടി - മുള്ളൻമടയ്ക്കൽ	300 മീ

പട്ടിക - 4

കലുങ്കുകളും പാലങ്ങളും

ക്രമനമ്പർ	വാർഡ്	റോഡിന്റെ പേര്	ചിലവാകുന്ന തുക
1	I	ആനിക്കാട് - കൂരോപ്പടയെ	
		ബന്ധിക്കുന്ന തോട്ടുങ്കൽപാലം	5 ലക്ഷം
2	"	മുണ്ടൻകവല - 13-ാം മൈൽ	
		കൈപ്പത്താനം പടിക്കൽ കലുങ്ക്	40,000/-
3	II	പന്നനം തോടിന് പട്ടശ്ശേരി ഭാഗത്ത് പാലം	3 ലക്ഷം
4	"	കണ്ണനാനിപാലം പുതുക്കിപ്പണിയാൻ	1 ലക്ഷം
5	"	ഉതിക്കുഴ പാലം പുതുക്കിപ്പണിയാൻ	3 ലക്ഷം
6	"	കളപ്പുരയ്ക്കൽ ഭാഗത്ത് കലുങ്ക്	40,000/-
7	III	നെല്ലക്കൽ ആറ്റുകുഴി റോഡിൽ	
		അടുകാട്ടിൽ ഭാഗത്ത് കലുങ്ക്	40,000/-
8	"	ഇടത്തിനകം - കരിപ്പക്കല്ല് - 15-ാംമൈൽ	
		റോഡിൽ പാലംപുതുക്കിപ്പണിയൽ	3 ലക്ഷം
9	"	കരിപ്പക്കല്ല് കലുങ്ക് 2 എണ്ണം	80,000/-
10	"	കരുനാട്ട് - പടിഞ്ഞാറേക്കര റോഡിൽ	
		കരികിനാംപൊയ്ക കലുങ്ക് സൈഡ്കെട്ടി മണ്ണിടുന്നതിന്	3 ലക്ഷം
11	IV	കാര്യാങ്കൽ ഭാഗത്ത് കലുങ്ക്	40,000/-
12	"	പൂവത്താൻ - മുകളേൽ റോഡിൽ	

		കാരക്കാട ഭാഗത്ത് കലുങ്ക്	75,000/-
13	"	മംഗലം ഭാഗത്ത് കലുങ്ക്	40,000/-
14	V	പുളിക്കത്തോട് - കൂട്ടമാവ് റോഡിൽ	
		പുളിക്കത്തോട് ഭാഗത്ത് പാലം	3 ലക്ഷം
15	"	അരുവിക്കുഴി - ഇരുമ്പുകുഴി റോഡിൽ	
		കൂട്ടമാവ് ഭാഗത്ത് കലുങ്ക്	40,000/-
16	"	അരുവിക്കുഴി - തറക്കുന്ന് റോഡിൽ	
		പെരുങ്കളംഭാഗത്ത് കലുങ്ക്	40,000/-
17	"	ചാത്തൻപാറ - പെരുങ്കുളം റോഡിൽ	
		പെരുങ്കുളം ഭാഗത്ത് കലുങ്ക്	40,000/-
18	"	കുവപ്പൊയ്ക - ചാത്തൻപാറ റോഡിൽ കലുങ്ക്	40,000/-
19	"	പള്ളിക്കത്തോട് മാർക്കറ്റ് - പുളിക്കൽ	
		തോട് റോഡിൽ കലുങ്ക്	40,000/-
20	VI	കരിനാട്-വള്ളോത്യാമല റോഡിൽ	
		വരിക്കമാക്കൽ ഭാഗത്ത് കലുങ്ക്	40,000/-
21	"	ആനിക്കാട് - മന്ദിരം റോഡിൽ	
		വള്ളോത്യാമല ഭാഗത്ത് കലുങ്ക്	40,000/-
22	"	മുടിശ്ശേരി ഭാഗം കലുങ്ക്	40,000/-
23	"	പെരിങ്ങലത്താംകുഴി പാലം	2 ലക്ഷം
24	VII	പള്ളിക്കത്തോട് - വഞ്ചിപ്പാറക്കുന്ന്	
		റോഡിൽ കലുങ്ക്	40,000/-
25	"	തെങ്ങുംപള്ളി - ഹരിപ്പാട്ടുകുന്ന്	
		റോഡിൽ രണ്ടു കലുങ്ക്	80,000/-
26	"	പുത്തൻപുര - പെരുമ്പാറ റോഡിൽ കലുങ്ക്	40,000/-
27	"	തെങ്ങുംപള്ളി - മുല്ലുവാരം റോഡിൽ കലുങ്ക്	40,000/-
28	"	വരിക്കമുണ്ട - പ്ലാത്തറ റോഡിൽ കലുങ്ക്	40,000/-
29	"	മൂന്നുപീടിക - പൂവത്തോലി റോഡിൽ കലുങ്ക്	40,000/-
30	"	ആനിക്കാട് - ചെങ്ങളം റോഡിൽ	
		പൂവത്തോലിഭാഗത്ത് കലുങ്ക്	40,000/-
31	VIII	വെള്ളാപ്പാണിക്കടവ് - മക്കനാത്തോട്	
		പാലം പണിയാൻ.	3 ലക്ഷം
32	"	വെള്ളാപ്പാണിക്കടവിൽ - പുളിന്താനം	
		റോഡിൽ രണ്ട് കലുങ്ക്	80,000/-
33	"	നെയ്യാട്ടുശ്ശേരി - വെള്ളാപ്പാണി റോഡിൽ	
		പൊടിമറ്റം ഭാഗത്ത് കലുങ്ക്	40,000/-
34		നാലേക്കർ - ഇല്ലിമൂട് റോഡിൽ	
		പുലിയുറുമ്പിൻ ഭാഗത്ത് കലുങ്ക്	40,000/-

35	"	മക്കനാൽ തോട്ടിൽ വെട്ടിക്കൊമ്പ് ഭാഗത്ത് പാലം	2 ലക്ഷം
36	IX	ആശാൻപടി - കുരിശുങ്കുൽ റോഡിൽ ആശാൻപടിയിൽ ചപ്പാത്ത്	1.5 ലക്ഷം
37	"	പാറക്കടവ് - പുല്ലാന്നിത്തകിടി റോഡിൽ വാഴേപ്പറമ്പ് ഭാഗത്ത് കലുങ്ക്	40,000/-
38	I	പന്നഗം തോടിന് കുറുകെ ചക്കാമ്പുഴ ഭാഗത്ത് നടപ്പാലം	1 ലക്ഷം

വെയിറ്റിംഗ് ഷെഡ്

വെയിറ്റിംഗ് ഷെഡുകൾ ഇല്ലാത്ത കവലകളിൽ പുതിയതായി വെയ്റ്റിംഗ്ഷെഡുകൾ നിർമ്മിക്കണമെന്നുള്ള ആവശ്യം ഗ്രാമസഭകളിൽ നിന്ന് ഉയർന്നിട്ടുണ്ട്.

പട്ടിക - 5

വെയ്റ്റിംഗ് ഷെഡുകൾ

ക്രമനമ്പർ	വാർഡ്	സ്ഥലത്തിന്റെ പേര്
1	1	ചപ്പാത്ത്
2	2	വട്ടമറ്റം
3	"	നെടുമാവ്
4	3	കയ്യൂരി ജംഗ്ഷൻ
5	"	കരിനാട്ട് ഭാഗം
6	"	ഇളപ്പുങ്കൽ കവല
7	4	പൊങ്ങനാക്കുന്ന്
8	"	കാക്കത്തോട്
9	"	കദളിമറ്റം
10	5	ചെളിക്കുഴി
11	"	താന്നിക്കപ്പടി
12	6	ആനിക്കാട് ജംഗ്ഷൻ
13	"	ഐ.റ്റി.ഐ ജംഗ്ഷൻ
14	"	വിലങ്ങുപാറ പമ്പ്ഹൗസ്
15	7	തെങ്ങുംപള്ളി
16	"	കവുങ്ങുംപാലം
17	"	പള്ളിക്കത്തോട് തിയേറ്റർ ജംഗ്ഷൻ
18	"	പുത്തൻപുരകവല
19	"	വട്ടക്കാവ് ജംഗ്ഷൻ
20	8	വെങ്ങാലാത്തുവയൽ
21	"	നെയ്യാട്ടുശേരി
22	"	ഇളപ്പുമാക്കൽ കവല
23	"	പുളിന്താനം കവല
24	9	ഇളംപള്ളി പുത്തൻചന്ത

റോഡുകളും പരിസ്ഥിതി പ്രശ്നങ്ങളും

റോഡുകളുടെ വ്യാപനം നമ്മുടെ നാടിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നുണ്ടെങ്കിസലും ചില പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. മരങ്ങൾ വളരെയേറെ നശിപ്പിക്കപ്പെടുന്നു. എന്നതാണ് പ്രധാന പ്രശ്നങ്ങളിലൊന്ന്. പറമ്പുകളുടെ ഇടവഴികൾ വീതികൂട്ടി മൺറോഡാക്കി മാറ്റിയപ്പോൾ അരികിലുണ്ടായിരുന്ന മരങ്ങൾ മുറിച്ചുമാറ്റപ്പെട്ടു. അശാസ്ത്രീയമായ ഈ മരനശീകരണം മൺറോഡുകളുടെ ഇരുപാർശ്വങ്ങളിലുമുള്ള ഉയർന്ന പറമ്പിലെ മണ്ണ് ഇടിയുന്നതിനും മണ്ണൊലിപ്പിനും കാരണമായിട്ടുണ്ട്.

സാധ്യതകൾ

റോഡ് ഗതാഗതം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

1. നിലവിലുള്ള ടാർ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക.

2. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കുകയും ഓടകൾ നിലവിലുള്ളത് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.

3. പ്രധാനപ്പെട്ട റോഡുകളുടെ ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർധിപ്പിക്കുകയും, ടാർ ഭാഗത്തോട് ചേർന്നുള്ള ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യണം.

4. പള്ളിക്കത്തോട് ബസ്സ്റ്റാൻഡ് അടിയന്തിരമായി ടാർ ചെയ്യുകയും എല്ലാ ബസ്സുകളും, എല്ലാ ട്രിപ്പുകളും സ്റ്റാൻഡിൽ വന്നുപോകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം..

5. ചപ്പാത്ത് - ആശാൻപടി (മുഴയനാൽ എസ്.സി കോളനി റോഡ്, കരിപ്പക്കല്ല് - ആറ്റുകുഴി റോഡ് (കുറുംകുടി എസ്.റ്റി.കോളനി റോഡ്) മന്ദിരം - നിർമ്മലാ ഹോസ്പിറ്റൽ ചല്ലോലി എസ്.സി കോളനി റോഡ് പുനരുദ്ധാരണം നടത്തുക.

6. പള്ളിക്കത്തോടിനും മുല്ലൂർപ്പടി വെയ്റ്റിംഗ്ഷെഡിനും ഇടയ്ക്കുള്ള വഴി ഉടനെ വീതികൂട്ടി അപകടം ഒഴിവാക്കുക.

7. നിലവിൽ ടാറിടാത്ത റോഡുകൾ ടാറിംഗ് നടത്തുകയും പുതിയ സർവ്വീസുകൾ ആരംഭിക്കുകയും വേണം.

8. 8 മീറ്റർ വീതിയുള്ള ടാർ ചെയ്തതും അല്ലാത്തതുമായ എല്ലാ റോഡുകളും പി.ഡബ്ലു.ഡി ഏറ്റെടുത്ത് വികസിപ്പിക്കണം

9. തെങ്ങുംപള്ളിതോട്ടിൽ തേക്കിലക്കാട് ഭാഗത്ത് നടപ്പാലം പണിയണം.

10. ആനിക്കാട് - കമുകുംപാലം റോഡിൽ കണ്ണംപറമ്പിൽ ഭാഗത്ത് റോഡിന് സൈഡ് കെട്ടണം.

11. പള്ളിക്കത്തോട്-ചെങ്ങളം പി.ഡബ്ലു.ഡി റോഡ് റീടാർ ചെയ്യുക.

12. പള്ളിക്കത്തോട്ടിൽ ടാക്സി ഓട്ടോ സ്റ്റാൻഡുകൾ നിർമ്മിക്കുകയും ടാക്സി നിരക്കുകൾ എഴുതി പ്രദർശിപ്പിക്കുകയും ചെയ്യണം.

13. മുൻപുണ്ടായിരുന്ന പാലാകൊടുങ്ങൂർ കോട്ടയം -പള്ളിക്കത്തോട് കെ.എസ്.ആർ.ടി.സി ബസുകൾ പുനഃസ്ഥാപിക്കുക.

14. താഴെപ്പറയുന്ന ബസ്സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

കോട്ടയം - പള്ളിക്കത്തോട് വഴി കുമളി

പാലാ - പള്ളിക്കത്തോട് വഴി ചങ്ങനാശേരി

പാലാ - പള്ളിക്കത്തോട് വഴി തിരുവനന്തപുരം

പാലാ, പള്ളിക്കത്തോട് - പത്തനംതിട്ടവഴി തിരുവനന്തപുരം.

കോട്ടയം - ആനിക്കാട് കവുങ്ങുംപാലം - ചെങ്ങളം പാലാ

ചങ്ങനാശേരി കൊടുങ്ങൂർ - പള്ളിക്കത്തോട്

പാലാ - കോഴിക്കോട്

പൊൻകുന്നം - പള്ളിക്കത്തോട് - കോട്ടയം ഗുരുവായൂർ

ചങ്ങനാശേരി - കയ്യൂരി, ആനിക്കാട് കവുങ്ങുംപാലം - ചെങ്ങളം

പൈക - പാലാ

കോട്ടയം - പള്ളിക്കത്തോട് - നെയ്യാട്ടുശ്ശേരി - പൊൻകുന്നം

പത്തനംതിട്ട - മണിമല - പള്ളിക്കത്തോട്, എറണാകുളം, ഗുരുവായൂർ

കോട്ടയം, മുക്കാലി, കയ്യൂരി, ഇളംപള്ളി, പൊൻകുന്നം.

മുണ്ടൻകവല - പാമ്പാടി - കോട്ടയം

പൊൻകുന്നം - പള്ളിക്കത്തോട് - ചങ്ങനാശ്ശേരി ആലപ്പുഴ.

പാലാ, പള്ളിക്കത്തോട്, തിരുവല്ല, കൊല്ലം

15. കല്ലാടംപൊയ്ക ആശുപത്രി ഇളംപള്ളി ഗവ.ആയുർവ്വേദ ആശുപത്രി വഴി പുതിയ ബസ്സർവ്വീസ് ആരംഭിക്കണം.

ഊർജ്ജം

1954 -ലാണ് പള്ളിക്കത്തോട് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയതും വീടുകളിൽ കണക്ഷൻ നൽകിതുടങ്ങിയതും. പഞ്ചായത്തിന്റെ പല ഭാഗത്തും ഇന്നും വൈദ്യുതി എത്തിയിട്ടില്ല എന്നുമാത്രമല്ല വൈദ്യുതി ഉള്ളിടത്ത് വോൾട്ടേജിന്റെ കുറവുമൂലം വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. സെക്ഷൻ ഓഫീസിനുള്ള ഉപഭോക്താക്കൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇതുവരെ ഒരു സെക്ഷൻ ഓഫീസ് അനുവദിച്ചുകിട്ടിയിട്ടില്ല എന്നുള്ളത് ഇവിടുത്തെ വൈദ്യുതി രംഗത്തെ വികസനത്തിന് ഒരു തടസ്സമാണ്. ഇവിടെ ആകെയുള്ളത് ഒരു ജൂണിയർ എൻജിനീയർ ആഫീസ് മാത്രമാണ്.

കാഞ്ഞിരപ്പള്ളി ഏക 11 കെ.വി ലൈനിൽ നിന്നാണ് പള്ളിക്കത്തോട് പഞ്ചായത്തിലും സമീപ പഞ്ചായത്തിലും വൈദ്യുതി എത്തുന്നത്. ഇതുകൂടാതെ പാമ്പാടി സബ്സ്റ്റേഷനിൽ നിന്നും പാലാ സബ്സ്റ്റേഷനിൽ നിന്നും പുതിയ 11 കെ.വി ഫീഡർ ലൈൻ കൂടി ഈ പഞ്ചായത്തിൽ കൊണ്ടുവന്നാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കഴിയും. ഈ പഞ്ചായത്തിൽ 13 ട്രാൻസ്ഫോർമറുകൾ ഉണ്ടെങ്കിലും ഒന്നുപോലും അധികഭാരം വഹിക്കുവാൻ കഴിയുന്നവയല്ല. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ്കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ടുതന്നെ എല്ലാ ഗ്രാമസഭകളിലും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ലൈനുകളിലെ ടച്ചിംഗ് വെട്ടാത്തതു നിമിത്തം വൈദ്യുതി നഷ്ടവും കൂടെകൂടെ വൈദ്യുതി തകരാറും സംഭവിക്കുന്നു.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 1

ട്രാൻസ്ഫോർമറുകൾ

ക്രമനമ്പർ	പേര്
1.	മുക്കാലി
2.	കരിപ്പക്കല്ല്
3.	പാട്ടുപാറ
4.	പള്ളിക്കത്തോട്
5.	ബി.എസ്.എസ് (ബ്ലോക്കുപടി)
6.	ചല്ലോലി കവല
7.	വേരുങ്കപ്പാറ
8.	ഇളംപള്ളി
9.	ആനിക്കാട് കവല
10.	അരുവിക്കുഴി
11.	കയ്യൂരി
12.	കരിനാട്ട്
13.	തോപ്പിൽപടി
14.	മുക്കാലി ഇളപ്പുങ്കൽ

ഈ പഞ്ചായത്തിൽ ഇപ്പോൾ സ്ട്രീറ്റ് ലൈറ്റായി 368 ബൾബുകളും 32 റ്റ്യൂബുകളും ഉപയോഗിക്കുന്നു എന്നാണ് കണക്ക്. എന്നാൽ ഇതിൽ പലതും ഉപയോഗത്തിലല്ല. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം 5544/- രൂപാ കെ.എസ്.ഇ.ബിയ്ക്ക് അടയ്ക്കുന്നുണ്ട്.

പട്ടിക - 2

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരണം

വാർഡ്	ഹരിജൻകോളനിയുടെ പേര്	വൈദ്യുതികണക്ഷൻ ലഭിച്ച കുടുംബങ്ങൾ	സൗജന്യമായി വൈദ്യുതി ലഭിച്ച കുടുംബങ്ങൾ	പണംനൽകി വൈദ്യുതി കണക്ഷൻ ലഭിച്ചവർ
1	മുഴയനാൽ കോളനി	43	40	3
3	കുറുംകുടി കോളനി	3	1	2
3	കരിപ്പക്കല്ല് കോളനി	5	2	3
9	ചല്ലോലി കോളനി	-	-	-

പട്ടിക - 3

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	നിലവിലുള്ള ഉപഭോക്താക്കൾ	ക്രമ നമ്പർ	കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണംനമ്പർ		
1	ഗാർഹികം	1672	1	ഓർഡിനറി	252
2	വ്യാപാരം	652	2	ഒ.റ്റി.പി	6
3	വ്യാവസായികം	36	3	ഒ.വൈ.ഇ.സി	18
4	കാർഷികം	17			

പട്ടിക - 4

പുതിയതായി സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കേണ്ടവ

ക്രമനമ്പർ	റോഡിന്റെ പേര്	ദൂരം മീറ്റർ	എണ്ണം ബൾബുകൾ	ട്യൂബുകൾ	സോഡിയം വേപ്പർ ലാമ്പുകൾ
1	മുല്ലക്കരി - ആശാൻപടി	1320	14	14	-	-
2	ചപ്പാത്ത് - ആശാൻപടി	340	4	3	1	-
3	മുണ്ടൻകവല - 13-ാം മൈൽ	1220	13	12	(മുണ്ടൻകവല)	1
4	ഇടത്തറ - 14-ാംമൈൽ	1600	16	15	1	-
5	കണിയാമറ്റം - കുറുങ്കുടി (ലൈനുണ്ട്)	1400	14	13	1	-
6	മുക്കാലി - നെടുമാവ്	1300	13	10	1	1 (മുക്കാലി)
7	കൊമ്പാറ - വട്ടമറ്റം	400	4	3	1	-
8	ഉതിക്കുഴ - നെടുമാവ്	800	8	6	2	-
9	ചപ്പാത്ത് - 14-ാംമൈൽ	400	8	3	-	-
10	പാറത്താനം - 15-ാംമൈൽ (ലൈനുണ്ട്)	1850	19	18	1	-
11	കരിപ്പക്കല്ല് - ആറ്റുകുഴി	460	5	5	-	-
12	പുത്തൻപുര - ആറ്റുകുഴി	600	6	6	-	-
13	കയ്യൂരി - ഇളപ്പുങ്കൽ	600	6	4	1	1 (കയ്യൂരി)
14	കരിനാട്ട് - പടിഞ്ഞാറേക്കര	1000	10	9	1	(കരിനാട്ട്)
15	ചെങ്ങാലിക്കുന്ന് - തെക്കേപ്പറമ്പ്	600	6	5	1	-
16	നെല്ലക്കൽ - ആറ്റുകുഴി	620	6	6	-	-
17	പുത്തൻചന്ത - മന്നംബ്രിഡ്ജ്	850	9	8	1	-
18	കാക്കത്തോട് - കല്ലാടംപൊയ്ക (ലൈനുണ്ട്)	750	8	7	1	1 (കാക്കത്തോട്ട്)
19	കൊമ്പാറ - വിലങ്ങുപാറ	2600	26	25	1	-
20	പൂവത്താനി - മുകളേൽ	1500	15	14	1	-
21	അരുവിക്കുഴി - ഇരുമ്പുകുഴി	1700	17	15	1	1 (അരുവിക്കുഴി)
22	പുത്തൻചന്ത - പുളിക്കൽതോട്	600	6	5	(പുത്തൻചന്ത)	1

23	പെരുങ്കുളം - ചാത്തൻപാറ (ലൈനുണ്ട്)	700	7	6	1	-
24	കൂവപ്പൊയ്ക - ചാത്തൻ പാറ	600	6	6	-	-
25	കുരുശുപള്ളി - പുത്തൻചന്ത	100	2	-	2	(കൂട്ടമാവ്)
26	പള്ളിക്കത്തോട് - കൂട്ടമാവ്	800	8	7	1	-
27	ആനിക്കാട് - മുണ്ടൻകുന്ന്	1300	13	12	1	(ആനിക്കാട്)
28	വടശ്ശേരി - സെൻറ്.തോമസ്	500	5	5	-	-
29	മന്ദിരം - നിർമ്മലാഹോസ്പിറ്റൽ	1600	16	14	1	-
30	വള്ളോത്യാമല - കരുനാട്ട്	1500	15	14	1	-
31	വരിക്കമുണ്ട - പ്ലാത്തറ	600	6	6	-	-
32	തെങ്ങുപള്ളി - മുല്ലുവാരം	1600	16	15	1	-
33	പള്ളിക്കത്തോട് - വഞ്ചിപ്പാറ	1000	10	10	-	(തിയേറ്റർ ജംഗ്ഷൻ)
34	പള്ളിക്കത്തോട് - തെങ്ങുംപള്ളി (ലൈനുണ്ട്)	1000	20	19	1	-
35	പുത്തൻപുര - പെരുമ്പാറ	555	6	5	1	(പെരുമ്പാറ)
36	ഹരിപ്പാട്ടുകുന്ന് - തെങ്ങുംപള്ളി	2000	20	20	-	(തെങ്ങുംപള്ളി)
37	മൂന്നുപീടിക - പൂവത്തോലി	175	2	2	-	-
38	ആനിക്കാട് - ചെങ്ങളം	2900	25	24	1	
39	പള്ളിക്കത്തോട് - കമുകുംപാലം	2000	20	20	-	(കമുകുംപാലം)
40	ചല്ലോലി - വേരുങ്കൽപാറ	1100	11	8	3	(ഇളപ്പുമാക്കൽ കവല)
41	ഇളമ്പള്ളി - ഇളങ്ങുളം	1000	10	9	1	
42	ഇളമ്പള്ളിടെമ്പിൾ - ഇളങ്ങുളം	300	3	2	1	-
43	നാലേക്കർ - ഇല്ലിമൂട്	800	8	8	-	-
44	നെയ്യാട്ടുശ്ശേരി - വെള്ളാപ്പാണിക്കടവ്		1000	10	9	1 (നെയ്യാട്ടുശ്ശേരി)
45	പാറക്കടവ് - ഇളംപള്ളിചന്ത	1000	10	9	-	(ഇളമ്പള്ളിചന്ത)
46	പുത്തൻചന്ത - വേരുങ്കൽപാറ	850	9	9	-	(വേരുങ്കൽപാറ)
47	ആനിക്കാട് - വല്യാത്തുകവല മക്കനാൽപടി	2000	20	19	1	(വല്യാത്തുകവല)
48	പൊട്ടനാനിക്കൽ - തളരിപ്ലാക്കൽ	1000	10	9	1	-
49	ചല്ലോലി - പുല്ലാന്നിത്തകിടി	1200	12	11	1	-
50	ആശാൻപടി - കുരിശുങ്കൽപടി	1400	14	14	-	-
51	പാറക്കടവ് - കുരിശുപള്ളി	1000	10	10	-	-
52	തോപ്പിൽപടി - തച്ചപ്പുഴ	3300	33	32	1	(തോപ്പിൽപ്പടി)

ഇതുകൂടാതെ പള്ളിക്കത്തോട്ടിലും പരിസരങ്ങളിലുമായി 20 - സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതായുണ്ട്.

വൈദ്യുതി എത്തിച്ചേരേണ്ട സ്ഥലങ്ങൾ

പട്ടിക - 5

ക്രമനമ്പർ	വാർഡ്നമ്പർ	പ്രദേശങ്ങൾ
1	1	വെട്ടിക്കയം
2	2	മൈലാടിക്കര
3	"	പാട്ടുപാറ ഭാഗത്ത് ചുള്ളിയാർകുന്ന്
4	3	മുകളേൽ ഭാഗം
5	"	വെങ്ങാലൂർ
6	7	വഞ്ചിപ്പാറക്കുന്ന്
7	"	പെരുമ്പാറ
8	"	ചപ്പാത്ത് - മൂന്നുപീടിക കോളനി
9	8	തകിടി കോളനി
10	8	വെട്ടിക്കൊമ്പ് - നെയ്യാട്ടുശ്ശേരി
11	8	പുലുയുറുമ്പ് ഭാഗം
12	9	ഇളമ്പള്ളി മാർക്കറ്റിനു സമീപം കോട്ട.
13	"	പുല്ലാന്നിത്തകിടി മുതൽ തോപ്പിൽപടി വരെ

പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിന്റെ എല്ലാപ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2. പ്രസരണ, വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് പ്രത്യേകിച്ച് ടച്ചിംഗ് നീക്കം ചെയ്യാതിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.

3. പഞ്ചായത്തിലെ മൂന്നുഹരിജൻ കോളനികളും പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടില്ല.

4. സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യത്തിനില്ല. ഉള്ളവ തന്നെ ഉപയോഗപ്രദമാകാറില്ല.

5. ചില കെ.എസ്.ഇ.ബി ജീവനക്കാരുടെ അനാസ്ഥ അഴിമതി എന്നിവയും വിഷമതകൾ വർധിപ്പിക്കുന്നു.

ആവശ്യങ്ങൾ

1. മുണ്ടൻകവല, കല്ലാടംപൊയ്ക, കവുങ്ങുംപാലം, വല്യാത്തുകവല, കിഴക്കടമ്പ്, കുറുംപുറം കവല, വെങ്ങാലാത്തുവയൽ തുടങ്ങിയ സ്ഥലങ്ങളിലെ വോസ്ട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

2. ഈ പഞ്ചായത്തിലെ എല്ലാവാർഡുകളിലും കൂടുതൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

3. പള്ളിക്കത്തോട്ടിൽ ഒരു പെട്രോൾ പമ്പും സർക്കാർ എൽ.പി.ജി ഗ്യാസ് ഏജൻസിയും അനുവദിക്കണം

4. പുറമ്പോക്കുകളിൽ വിറകിനുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.

5. മെച്ചപ്പെട്ടയിനം അടുപ്പുകൾ പ്രചരിപ്പിക്കുക

6. സോളാർ ലാമ്പുകൾ കൂടുതലായി പ്രചരിപ്പിക്കുക

7. സൗരോർജ്ജപമ്പുകൾ സ്ഥാപിക്കുക

8. സ്ട്രീറ്റ്ലൈറ്റുകളുടെ നിയന്ത്രണവും ഉപയോഗവും പഞ്ചായത്തിനെ ഏൽപ്പിക്കുക.

9. മിനി വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് അരുവിക്കുഴി വെള്ളച്ചാട്ടം ഉപയോഗിക്കുവാൻ കഴിയുമോയെന്ന് സാങ്കേതിക വിദഗ്ധർ പരിശോധിക്കണം.

മാർക്കറ്റ്

പള്ളിക്കത്തോട് പഞ്ചായത്തിന്റേതായി ഒരു മാർക്കറ്റ് പള്ളിക്കത്തോട്ടിൽ പ്രവർത്തിച്ചിരുന്നു. ആഴ്ചയിൽ ചൊവ്വ, വെള്ളി എന്നിവയായിരുന്നു ചന്തദിവസങ്ങൾ. ഈ ചന്തയിൽ പച്ചക്കറി, മത്സ്യം, മാംസം എന്നിവ വിപണനം നടത്തിയിരുന്നു. എന്നാൽ ഈ സ്ഥലത്തെ സ്റ്റാളുകൾ പൊളിച്ചുനീക്കി ഷോപ്പിംഗ് കോംപ്ലക്സ് പണിതതോടെ മാർക്കറ്റിലെ കച്ചവടം ഇല്ലാതായി. ഇപ്പോൾ മാംസവിൽപ്പന മാത്രം നടക്കുന്നു. ഇതേ അവസ്ഥ തന്നെയാണ് ഇളംപള്ളി ചന്തയുടേതും. പള്ളിക്കത്തോട്ടിലും മറ്റു പ്രധാന ജംഗ്ഷനുകളിലും പച്ചക്കറിയും മത്സ്യവും സുലഭമായി വിപണനം നടക്കുന്നുണ്ട്.

പള്ളിക്കത്തോട്ടിലും ഇളമ്പള്ളിയിലും ഉള്ള പഞ്ചായത്തിന്റെ ചന്തകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാനുള്ള സാഹചര്യം ഉണ്ടാകണം. വഴിവക്കിലെ മത്സ്യവ്യാപാരവും മറ്റും ചന്തയിലേക്ക് മാറ്റേണ്ടതാണ്. മാർക്കറ്റ് പുനഃസ്ഥാപിച്ചാൽ, ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പച്ചക്കറി കൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന വിഭവങ്ങൾ വിപണനം നടത്തുവാൻ സൗകര്യമുണ്ടാകും. കൂടുതൽ കുടുംബങ്ങൾ പച്ചക്കറികൃഷി നടത്തുവാൻ തയ്യാറാകും.

5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും മുൻപന്തിയിൽ നിൽക്കുന്ന പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് കോട്ടയം ജില്ലയിലെ ആനിക്കാട്, ചെങ്ങളം, എലിക്കുളം എന്നീ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്നു.

ബഹുഭൂരിപക്ഷവും റബ്ബർ കൃഷിക്കാരായ ഈ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക വരുമാനം നിർണ്ണയിക്കുന്നതിൽ പ്രധാനഘടകം റബ്ബർകൃഷിയാണ്. അദ്ധ്വാനശീലരും മിതവ്യയക്കാരുമായ ഈ കർഷകർ കെട്ടിട നിർമ്മാണ രംഗത്തെ പുത്തൻ പ്രവണതയായ കോൺക്രീറ്റ് സൗധങ്ങളിൽ ആകൃഷ്ടരാകാറില്ല. ആയതിനാൽ ഓടിട്ട ഇടത്തരം വീടുകളാണ് പഞ്ചായത്തിൽ ബഹുഭൂരിപക്ഷവും. കാർഷിക- കാർഷികേതര തൊഴിലാളികളുടെ വീടുകൾ ചെറിയതും ഓട്, മോഡേൺ റൂഫ് എന്നിവ മേഞ്ഞതുമാണ്. കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവർ കൂടുതലുള്ളതുകൊണ്ട് എല്ലാ വാർഡുകവിലും കുടിലുകവും കുറവല്ല.

എന്നാൽ അടുത്ത കാലത്തായി ലക്ഷങ്ങൾ ചെലവിട്ട് വാർക്കകെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവണത കണ്ടുവരുന്നു. പി.ഡബ്ല്യൂ.ഡി. റോഡുകളുടെ സമീപത്തായാണ് ഈ രീതിയിലുള്ള കെട്ടിടങ്ങൾ ഉയർന്നുവരുന്നത്. അതോടൊപ്പം വ്യാപാരപ്രാധാന്യമുള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുന്നതുമൂലം വ്യാപാര സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ വർദ്ധിച്ചിട്ടുണ്ട്.

ഭവനനിർമ്മാണ രംഗത്ത് മുഖ്യമായും വായ്പ നൽകുന്നത് അകലക്കുന്നം റൂറൽ ഹൗസിംഗ് സൊസൈറ്റിയാണ്. 1980-81 മുതൽ 95-96 വരെ 118 പേർക്കായി 56,26000 രൂപ വായ്പ നൽകിയതായി കണക്കുകൾ വ്യക്തമാക്കുന്നു. സങ്കീർണ്ണമായ ജാമ്യവ്യവസ്ഥകളും മറ്റ് നടപടിക്രമങ്ങളും അമിതമായ പലിശനിരക്കും സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഭവനനിർമ്മാണ വായ്പ അപ്രാപ്യമാക്കുന്നു.

ഇതുകൂടാതെ പട്ടികജാതി വികസനവകുപ്പ്, ഹൗസിംഗ് ബോർഡ്, റവന്യൂവകുപ്പ് (പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ കൂടി) എന്നിവയാൽ കൂടി നാമമാത്രമായ വീടുകൾ നൽകിവരുന്നുണ്ട്.

ഭവന നിർമ്മാണരംഗത്ത് പാമ്പാടി ബ്ലോക്ക്, ഈ പഞ്ചായത്ത് എന്നിവയും ഗ്രാൻറുകൾ നൽകുന്നുണ്ട്.

പട്ടിക ഒന്ന്

ഭവനലഭ്യതാ പട്ടിക (ബ്ലോക്കിൽ നിന്നും)

1992 മുതൽ

വർഷം	I AY	MWS	JRY	ആകെ
1992-93	-	3	-	3
1993-94	-	3	6	9
1994-95	-	5	3	8
1995-96	13	2	4	19
1996-97	13	-	-	13
ആകെ	26	13	13	52

പഞ്ചായത്തിൽ നിന്നും

JRY-6
Flood-6
Third Plan-37
kairaly-25

പഞ്ചായത്തിൽ നിന്നും 1992-93 മുതൽ 95-96 വരെ വീടിനും ആനിക്കാട് വില്ലേജിൽ നിന്നും 95-96-ൽ വെള്ളപ്പൊക്ക ദുരിതാശ്വാസപ്രകാരം- വീടിനും വായ്പയും 11, വീടിനു പൂർണ്ണസഹായവും നൽകിയിട്ടുണ്ട്. കൂടാതെ 90-91ൽ 18 വീടിന് കൈരളി പദ്ധതി പ്രകാരം വായ്പ നൽകിയിട്ടുണ്ട്. റവന്യൂവകുപ്പ് നടപ്പിലാക്കുന്ന പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ തിക്കച്ചും അർഹതയുള്ളവർക്ക് ലഭ്യമാക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനും പദ്ധതി നടപ്പിലാക്കുവാനുമുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

പാമ്പാടി ബ്ലോക്കിന്റെ കീഴിലുള്ള ആനിക്കാട് വെസ്റ്റ്, ആനിക്കാട് ഈസ്റ്റ് വി.ഇ.ഓ. സർക്കിളുകൾ വഴി ജനപ്രതിനിധികളുടെ സഹകരണത്തോടെ നടത്തിയ സമ്പൂർണ്ണ ഭവന നിർമ്മാണ സർവ്വേപ്രകാരം 1 മുതൽ 9 വരെ വാർഡുകളിലായി 581 കുടുംബൾക്ക് വാസയോഗ്യമായ ഭവനം ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഒരേ വീട്ടിൽ താമസിക്കുന്ന ഉൾകുടുംബങ്ങൾ,

പുതിയതായി മാറി താമസിച്ചുകൊണ്ടിരിക്കുന്ന പുതിയ താമസക്കാർ എന്നിവരെ കൂടി ഉൾപ്പെടുത്തുമ്പോൾ ഭവനരഹിതരുടെ എണ്ണം വർദ്ധിക്കുവാൻ ഇടയുണ്ട്. പുറമ്പോക്കിൽ താമസിക്കുന്നവരുടെ എണ്ണവും കുറവല്ല.

പട്ടികജാതി/വർഗ്ഗക്കാർക്ക് മാത്രമായി നൽകിവന്നിരുന്ന IAY ,MWS തുടങ്ങിയ ഭവനനിർമ്മാണ പദ്ധതികളുടെ ആനുകൂല്യം 94-95 മുതൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗക്കാർക്കും നൽകി വരുന്നുണ്ട്. കോളനികളിൽ താമസിക്കുന്ന ഭവനരഹിതർക്ക് മുൻഗണനാക്രമത്തിൽ ഇപ്പോൾ നൽകി വരുന്നതുകൊണ്ട് ഇപ്പോൾ ഈ പദ്ധതിയുടെ ഗുണം എല്ലാ അർഹരായവർക്കും ലഭിക്കുന്നില്ല. വിരലിലെണ്ണാവുന്നവർക്കു മാത്രമായി സർക്കാർ സഹായം പരിമിതപ്പെട്ടിരിക്കുന്നു. അംഗീകൃത- കോളനികളല്ലാതെ ദുർബല വിഭാഗക്കാർ പ്രത്യേകിച്ച് ദളിത് വിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ അവരുടെ വീടിന്റെ സ്ഥിതി വളരെ ശോചനീയമാണ്.

നിർമ്മാണത്തൊഴിലാളികളെ വേണ്ടത്ര ലഭിക്കാത്തതുമൂലം തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികൾ ഇവിടെ കെട്ടിട നിർമ്മാണരംഗത്ത് പണിയെടുക്കുന്നുണ്ട്. ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണ രീതികൾ യുവാക്കൾക്ക് പരിശീലനം നൽകിയാൽ ഇത് മാറ്റിയെടുക്കുവാൻ സാധിക്കും. സ്ത്രീകൾ അവിഭഗ്ദ്ധ തൊഴിലാളികളായാണ് ഇവിടെ ജോലിയെടുക്കുന്നത്.

1975-76 കാലഘട്ടത്തിൽ വിദഗ്ധ തൊഴിലാളികൾക്ക് 10.25 രൂപയും അവിഭഗദ്ധ തൊഴിലാളിക്ക് 7-10 രൂപയും ലഭിച്ചിരുന്നുവെങ്കിൽ 95-96 ൽ ഇത് യഥാക്രമം 125-175 രൂപയും 90-155 രൂപയും ആയിട്ടുണ്ട്.

കൂലിവർദ്ധനവ്

പട്ടിക രണ്ട്

വർഷം	അവിഭഗ്ദ്ധ തൊഴിലാളി	അവിഭഗ്ദ്ധ തൊഴിലാളി	സ്ത്രീ തൊഴിലാളി
1975-76	10.25	7-15	5
185-86	65-85	30-50	20-40
1990-91	70-90	40-60	30-50
1992-93	80-100	65-75	40-60
1994-95	100-110	75-85	60-75
1995-96	125-175	90-155	80-125

കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിലാണ് കൂലി നിരക്കിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുള്ളതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

കൂലി വർദ്ധനവിനോടൊപ്പം തന്നെ കെട്ടിട നിർമ്മാണ സാമഗ്രികവുടെ വൻ വില വർദ്ധനവും കെട്ടിട നിർമ്മാണ രംഗത്തെ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. 1987-88ൽ 70 രൂപയുണ്ടായിരുന്ന സിമൻറിന് 95-96ൽ 180 രൂപയും കമ്പിവില 1 കി.ഗ്രാമിന് 13 രൂപയിൽ നിന്നും 18 രൂ.50 പൈസയായും വർദ്ധിച്ചു. ചുടുകട്ട, മണൽ മുതലായവയ്ക്ക് 87-88 നേക്കാൾ ഇപ്പോൾ 8 ഇരട്ടിയിലധികം വില വർദ്ധിച്ചിട്ടുണ്ട്.

വർദ്ധിച്ച കൂലിനിരക്ക്, കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം എന്നിവമൂലം വിവിധ സർക്കാർ പദ്ധതികളിലൂടെ നൽകിവരുന്ന സഹായധനം ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ ഉപയുക്തമാകുന്നില്ല. ആയതിനാൽ ഭവനനിർമ്മാണ സഹായ തുക വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ കരിപ്പക്കല്ല് പട്ടികവർഗ്ഗകോളനി, ചല്ലോലി, മുഴയനാൽ പട്ടികജാതി കോളനികൾ എന്നിവയുൾപ്പെടെ അംഗീകൃത കോളനികളാണ് നിലവിലുള്ളത്. ഇതിൽ ലക്ഷം വീടുകളിൽ ആദ്യകാലത്ത് നിർമ്മിച്ചുനൽകിയ 'രണ്ടുവീടുകൾ (Duplex System) സാമൂഹ്യപ്രശ്നങ്ങൾ തന്നെ സൃഷ്ടിക്കുന്നു. ലക്ഷം വീടുകവിലെ പല വീടുകളും സോച്യാവസ്ഥയിലാണ്. വീടുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുകയും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണം.

അടുഞ്ഞ അഞ്ചുവർഷം കൊണ്ട് പാർപ്പിടമില്ലാത്ത എല്ലാവർക്കും പാർപ്പിടം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് സമഗ്രമായ പദ്ധതിക്ക് പഞ്ചായത്ത് തലത്തിൽ രൂപം കൊടുക്കേണ്ടിയിരിക്കുന്നു. വിവിധ സർക്കാർ ഏജൻസികൾ, സന്നദ്ധസംഘടനകൾ, കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ കൂടി ലഭിക്കുന്ന സഹായവും ഇതിന് ഉപയോഗിക്കാവുന്നതാണ്.

ഇതിനായി വാർഡുതലത്തിൽ സന്നദ്ധ സംഘടനകൾ, ഗുണഭോക്താക്കൾ, സർക്കാർ ഏജൻസികൾ മുതലായവരടങ്ങിയ കമ്മറ്റി, വാർഡുമെമ്പർ കൺവീനറായി രൂപീകരിക്കുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അവകാശം ഈ കമ്മറ്റിക്കു നൽകുകയും ചെയ്യണം. ഈ പദ്ധതി നടത്തിപ്പിന് ഗുണഭോക്താക്കളുടെ അദ്ധ്വാന ശക്തിക്ക് പുറമെ ഇടവകപള്ളികൾ, എൻ.എസ്.എസ്.കരയോഗങ്ങൾ, സന്നദ്ധസംഘടനകൾ മുതലായവയുടെ സഹായവും തേടാവുന്നതാണ്.

പാർപ്പിടരംഗത്തെ പ്രശ്നങ്ങളുടെ പരിഹാര നിർദേശങ്ങൾ.

1. പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമ്മാണ

സഹകരണസംഘം രൂപീകരിക്കുക.

2. ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉദ്പാദനം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക. ഇതിൽ ദുർബല വിഭാഗക്കാർക്ക് പ്രത്യേകിച്ചും പട്ടികജാതിക്കാർക്കും ദളിത് ക്രിസ്ത്യൻ വിഭാഗത്തിനും മുൻഗണന നൽകുക.

3. കെട്ടിട നിർമ്മാണരംഗത്ത് വിദഗ്ദ്ധ തൊഴിലാളികൾക്ക് പരിശീലനം നൽകുക.

4. ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണരീതി പ്രചരിപ്പിക്കുക.

5. സർക്കാർ ഏജൻസിവഴി നടപ്പിലാക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾക്ക് ഏകീകൃതരൂപം ഉണ്ടാക്കുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തിനും ഗ്രാമസഭകൾക്കും നൽകുകയും ചെയ്യുക.

6. സർക്കാർ ഏജൻസികൾ വഴിയായി നടപ്പിലാക്കുന്ന എല്ലാ ഭവന നിർമ്മാണ വായ്പകളുടെയും രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുക.

7. രജിസ്റ്റർ ആഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

8. കുടിൽ ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുക.

9. ഭവന നിർമ്മാണ വായ്പയ്ക്കുള്ള സങ്കീർണ്ണമായ നിയമതടസ്സങ്ങളും മറ്റും ഒഴിവാക്കുക.

10. ഭവന നിർമ്മാണ വായ്പ ലഭിച്ചതിനുശേഷം വീടും സ്ഥലവും കൈമാറ്റം ചെയ്യുന്ന പ്രവണത കർശനമായി തടയുക. ഇതുമൂലം എസ്.സി, എസ്.റ്റി കോളനികളുടെയും മറ്റും അംഗീകാരം പോലും നഷ്ടപ്പെടുവാൻ ഇടയാക്കുന്നതാണ്.

11. നിലവിലുള്ള ലക്ഷം വീടുകവുടെ അറ്റകുറ്റപ്പണി നടത്തുക.

12. [illegible]സിസ്റ്റം വീടുകൾ ആകെയുള്ള 8 സെൻറ് സ്ഥലം രണ്ടായി വീതിച്ച് പ്രത്യേകമായി വീടുകൾ അനുവദിക്കുക.

13. ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ രീതിയെപ്പറ്റി നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

14. സർക്കാർ 1 AY, MWS ഭവന നിർമ്മാണ ഗ്രാൻറ് 22000 രൂപയിൽ നിന്നും 30,000 രൂപയെങ്കിലും ആക്കുക.

15. കോളനികളിൽ തകർന്നുപോയ മുഴുവൻ വീടുകളും പുതിയതായി നിർമ്മിച്ചുകൊടുക്കുക.

16. ഭവനരഹിതരായ ദളിത് ക്രൈസ്തവർക്ക് വീട് വയ്ക്കുന്നതിന് സഹായം നൽകുക.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിന് അവർക്ക് അടിയന്തിരമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. അവിടെ എൽ.ഐ.സി. തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ചുരുങ്ങിയ പലിശയ്ക്ക് വായ്പ ലഭ്യമാക്കുകയും നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളിലൂടെ നിർമ്മാണം നടത്തിക്കുകയും ചെയ്യാവുന്നതാണ്.

കോളനികൾ പുതിയതായി സ്ഥാപിക്കുന്നതിന് ഭൂമിയുടെ ലഭ്യത തടസ്സമാകുന്നുവെങ്കിൽ വളരെക്കുറച്ച് സ്ഥലം മാത്രം ഉപയോഗിച്ച് 'ഫ്ളാറ്റ് സിസ്റ്റം' നടപ്പിലാക്കിയാൽ ഭവനരഹിതരുടെ പ്രശ്നം ഒരളവുവരെ പരിഹരിക്കുന്നതിന് കഴിയും.

അടുത്ത അഞ്ചുവർഷംകൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരമാവധി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ നമുക്ക് ഒത്തൊരുമിക്കാം.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ഈ പഞ്ചായത്തിലെ മുഖ്യധാരയായി നിലവിലുള്ളത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും അസംഘടിത- സംഘടിത തൊഴിലാളികവുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ്. കൂടാതെ പട്ടികജാതി, വനിതാ വികസന കോർപറേഷൻ, വിവിധ ക്ഷേമനിധി ബോർഡുകൾ എന്നിവ നാമമാത്രമായി സാമൂഹ്യക്ഷേമരംഗത്ത് ഇടപെട്ടുവരുന്നു.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവരെ കണ്ടെത്തുന്നതിലുള്ള ബോധവത്കരണക്കുറവ്, സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തുപറയേണ്ടിയിരിക്കുന്നു.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രാമവികസന വകുപ്പിൻെറ കീഴിലുള്ള പമ്പാടി ബ്ലോക്കിൻെറ ആസ്ഥാനം നമ്മുടെ പഞ്ചായത്തിലാണ്. ഈ ബ്ലോക്കിൻെറ കീഴിലുള്ള ആനിക്കാട് വെസ്റ്റ്, ആനിക്കാട് ഈസ്റ്റ്, എന്നീ വില്ലേജ് എക്സ്റ്റെൻഷൻ ആഫീസുകൾ വഴിയാണ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

ഐ.ആർ.ഡി.പി. (സംയോജിത ഗ്രാമവികസന പരിപാടി)

1992-ലെ സർവ്വേപ്രകാരം 1028 കുടുംബാംഗങ്ങളും 1995-ലെ അഡീഷണൽ സർവ്വെപ്രകാരം 230 കുടും

പട്ടിക മൂന്ന്

ഐ.ആർ.ഡി.പി. സഹായ ലഭ്യതാ പട്ടിക (1992-95)

വർഷം	SC/ST	Others	ആകെ	വായ്പ	സബ്സിഡി	കുടുംബ മുതൽമുടക്ക്
1992-93	5	23	28	1.33	0.67	7143
1993-94	1	32	33	1.81	0.92	8273
1994-95	3	11	14	1.55	0.65	15714
1995-96	1	21	22	3.75	0.86	20955
ആകെ	10	87	97	8.44	3.10	52085

ബങ്ങളും ഉൾപ്പെടെ 1258 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. മുമ്പ് ഐ.ആർ.ഡി.പി. ധനസഹായം ലഭിച്ചിട്ടും ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്താൻ കഴിയാത്തവരെ സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ കുടുംബങ്ങളുടെ എണ്ണം ഇതിലും കൂടുതലാണ്.

1992 മുതൽ 1995-96 വരെ 97 കുടുംബങ്ങൾക്കാണ് സഹായം നൽകിയിട്ടുള്ളത്. 1996-97ലെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഐ.ആർ.ഡി.പി. വായ്പ സഹായം ഇപ്പോൾ നൽകി വരുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ പള്ളിക്കത്തോട്, ചെങ്ങവം ശാഖകൾ, ആനിക്കാട് റീജിയണൽ ഫാർമേഴ്സ് സഹകരണബാങ്ക് എന്നിവയാണ്.

എന്നാൽ ARISCB യിൽ 5000 രൂപയിലധികം ആൾജാമ്യ വ്യവസ്ഥയിൽ വായ്പ നൽകാൻ ബാങ്ക് ബൈലോ മൂലം കഴിയാത്തതു കൊണ്ട് ഇപ്പോൾ ഐ.ആർ,ഡി.പി.വായ്പകൾ ഈ ബാങ്കുവഴി നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. (സർക്കാർ നിർദേശമനുസരിച്ച് ഏറ്റവും കുറഞ്ഞ മുതൽമുടക്ക് 15000 രൂപയാണ്) ദേശസാൽകൃത ബാങ്കുകളുടെ സർവീസ് ഏരിയാ പ്രശ്നങ്ങളും ചെറിയ തോതിലെങ്കിലും വായ്പാ വിതരണത്തിന് തടസ്സമാകാറുണ്ട്. (VII, VIII എന്നീ വാർഡുകൾ ചെങ്ങളം എസ്.ബി.റ്റി.യുടെ പരിധിയിലാണ്)

ദാരിദ്ര്യരേഖയുടെ പരിധി 11000 എന്നത് കാലോചിതമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. 25000/- രൂപ എങ്കിലും ആക്കണം.

D.W.C.R.A.

വനിതകളുടെ സ്വാശ്രയത്വം മുന്നിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായവും ലഭ്യമാക്കുന്ന പരിപാടിയാണ് ഇത്. 10 മുതൽ 15 വരെ അംഗങ്ങളുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള

പട്ടിക 4

ഡിഡബ്ലുസിആർഎ സഹായ ലഭ്യത പട്ടിക

ക്രമ നമ്പർ	ഡിഡബ്ലുസിആർഎ യുടെ വർഷം	പേര്	അംഗങ്ങൾ	പദ്ധതി	വായ്പ	സബ്സിഡി	റിവോൾവിംഗ്ഫണ്ട്
1	93-94	ഐശ്വര്യ വിമൻസ് വെൽഫയർ സൊസൈറ്റി, വള്ളോത്യാമല	12	ഹോം സീറ്റ്സ് നിർമ്മാണം	60,000	30000	25,200
2	93-94	ദേശസേവിനി വനിതാ സൊസൈറ്റി, ആനിക്കാട് വെസ്റ്റ്	10	റെഡിമെയ്ഡ് വസ്ത്രങ്ങൾ	71670	35830	15200
3	95-96	മാതാ വിമൻസ് വെൽഫയർ സൊസൈറ്റി, അരുവിക്കുഴി	12	ബുക്ക്ബയൻറിംഗ്	232333	47667	25000
4	96-97	പാലാഴി വിമൻസ് വെൽഫയർ സൊസൈറ്റി, ഇളമ്പള്ളി	11	ഡയറിയൂണിറ്റ്	212850	44000	25000
			45		576853	15497	90400

വനിതകളുടെ ഗ്രൂപ്പിനാണ് സഹായം ലഭ്യമാക്കുന്നത്.

1993-94 മുതലാണ് ഈ പദ്ധതി കോട്ടയം ജില്ലയിൽ നടപ്പാക്കിയത്. ഇപ്പോൾ 4 വനിതാ യൂണിറ്റുകൾ തൃപ്തികരമായ രീതിയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. ഈ യൂണിറ്റുകൾ കൂടി 45 വനിതകൾക്കായി 576853 രൂപ വായ്പയും 157507 സബ്സിഡിയും ഉൾപ്പെടെ 7, 34360 രൂപ നൽകിയിട്ടുണ്ട്. കൂടാതെ യൂനിസെഫ്, കേന്ദ്രസംസ്ഥാന സർക്കാരുകൾ എന്നിവയുടെ ഗ്രാൻറായി 90400 രൂപ റിവോൾവിംഗ് ഫണ്ട് 4500 രൂപ ശിശുപരിപാലന ഗ്രാൻറ് എന്നിവയും നൽകിയിട്ടുണ്ട്.

എല്ലാ DWCRA യൂണിറ്റുകളും 1935-ലെ തിരുവിതാംകൂർ - കൊച്ചി ചാരിറ്റബിൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുകയും ആദ്യത്തെ മൂന്നു യൂണിറ്റുകൾ വനിതാ വ്യവസായ പദ്ധതിയനുസരിച്ച് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

എല്ലാവാർഡുകളിലും DWCRA പദ്ധതി പ്രകാരം വനിതാ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാദ്ധ്യതയുണ്ട്. ആസ്തി രൂപീകരിക്കുന്നതിലും ലാഭകരമായി നടത്തികൊണ്ടു പോകുന്നതിലും വായ്പ തിരിച്ചടവിൻെറ കാര്യത്തിലും DWCRA യൂണിറ്റുകൾ വ്യക്തിഗത IRDPയൂണിറ്റുകളെക്കാൾ മുൻപന്തിയിൽ നിൽക്കുന്നു. ഹോളോ ബ്രിക്സ്, കുട നിർമ്മാണം തുടങ്ങിയ പദ്ധതികൾ DWCRA യൂണിറ്റ് വഴിയായി ആരംഭിക്കുന്നതിന് സാദ്ധ്യതയുണ്ട്.

DWCRA പ്രകാരം ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് മാർക്കറ്റ് കണ്ടെത്താൻ കഴിയണം. പഞ്ചായത്തു തലത്തിൽ വിവിധ DWCRA യൂണിറ്റുകളും ഉൽപന്നങ്ങൾ വിറ്റഴിക്കുന്ന ഒരു ഷോറും ആരംഭിക്കുന്നത് നന്നായിരിക്കും.

യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും വിപണന സാദ്ധ്യതകൾ ഉണ്ടാക്കുന്നതിനും ഗുണഭോക്താക്കളും സന്നദ്ധസംഘടനകളും ജനപ്രതിനിധികളും ബ്ലോക്കുതല ഉദ്യോഗസ്ഥന്മാരുമടങ്ങിയ ഉപദേശക കമ്മറ്റി ഉണ്ടാക്കുന്നത് നന്നായിരിക്കും.

ട്രൈസം

18നും 35നും ഇടയ്ക്ക് വയസ്സുള്ള ഗ്രാമീണ യുവജനങ്ങൾക്ക് സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. പ്രതിവർഷം ഒരു ബ്ലോക്കിൽ 40 ഓളം പേർക്കാണ് പരിശീലനം നൽകുന്നത്. ഇതനുസരിച്ച് 92-93 മുതൽ 95-96 വരെ 41 പേർക്ക് ഈ പഞ്ചായത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

പട്ടിക അഞ്ച്

ട്രൈസം പരിശീലന ലഭ്യത

വർഷം	SC/ST	മറ്റുള്ളവർ	ആകെ
92-93	1	9	10
93-94	1	10	11
94-95	2	12	14
95-96	-	6	6
ആകെ	4	37	41

ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർ വായ്പയുപയോഗിച്ച് സ്വന്തമായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനും ശ്രദ്ധിക്കണം. പരിശീലനം ലഭ്യമാക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുകയും സ്റ്റൈഫൻറ് തുക വർദ്ധിപ്പിക്കുകയും ചെയ്യണം.

ടൂൾ കിറ്റ്സ്

ഗ്രാമീണ കൈതൊഴിൽകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതി 95-96 മുതലാണ് പാമ്പാടി ബ്ലോക്കിൽ നടപ്പിലാക്കിയിട്ടുള്ളത്. **IRDP** സർവ്വേപ്രകാരം 102 ഗ്രാമീണ കൈത്തൊഴിലുകാരാണ് ഉള്ളത്. 95-96ൽ 5 പേർക്ക് നവീന പണിയായുധങ്ങൾ നൽകിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ ആവശ്യക്കാർക്ക് എല്ലാവർക്കും ഇത് ലഭ്യമാക്കുന്നതിന് കഴിയുകയുള്ളു.

C.R.S.P.

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സഹായം നൽകുന്ന ഈ പദ്ധതി പ്രകാരം 2000 രൂപയാണ് നൽകി വരുന്നത്. 93-94 മുതൽ 95-96 വരെ 23 പേർക്കാണ് ഈ പഞ്ചായത്തിൽ സഹായം നൽകിയത്. വളരെ ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ഇതിൻെറ പ്രയോജനം ലഭിക്കുന്നുള്ളു. 1306 കുടുംബങ്ങൾക്ക് ഈ പഞ്ചായത്തിൽ കക്കൂസ് നിലവിലില്ല. (അവലംബം- ടോട്ടൽ സർവ്വേ- 96)

അടുത്ത 3 വർഷം കൊണ്ട് കക്കൂസ് ഇല്ലാത്ത എല്ലാവർക്കും കക്കൂസ് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സമഗ്രമായ പദ്ധതിക്ക് രൂപം നൽകേണ്ടിയിരിക്കുന്നു. 'നിർമൽ 2000' പദ്ധതി ഇതിനായി പ്രയോ

ജനപ്പെടുത്താം. അതോടൊപ്പം ഇന്ന് ലഭിക്കുന്ന 2000 രൂപ തീരെ അപര്യാപ്തമായതുകൊണ്ട് തുക വർദ്ധിപ്പിക്കേണ്ടതാണ്.

വില്ലേജ് ആഫീസ് വഴിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ

റവന്യൂ വകുപ്പ് വഴിയുള്ള ക്ഷേമപ്രവർത്തനങ്ങൾ പ്രധാനമായും വില്ലേജ് ആഫീസുകൾ വഴിയാണ് നടപ്പിലാക്കുന്നത്. നിർദ്ധനരായ വിധവകളുടെ പെണ്മക്കളുടെ വിവാഹത്തിനുള്ള സഹായം പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികൾ എന്നിവയാണ് പ്രധാനമായും നൽകിവരുന്നത്.

അർഹരായ മുഴുവൻ ആളുകൾക്കും ആനുകൂല്യം ലഭിക്കുന്നില്ലയെന്നതും അനർഹരായ കുറെപേർ ആനുകൂല്യം കൈപ്പറ്റുന്നതായും ഈ ക്ഷേമപദ്ധതികളെ വിലയിരുത്തുമ്പോൾ ബോദ്ധ്യപ്പെടുന്നു.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശരായവർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലായെന്നുള്ളത് വലിയ പ്രശ്നമായി അവശേഷിക്കുന്നു.

തൊഴിലില്ലായ്മ വേതനം ഒട്ടേറെ പേർക്ക് ഈ പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും നിലവിലുള്ള തൊഴിൽ രഹിതരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ കുറവാണ്.

പട്ടിക ആറ്

പെൻഷൻ ലഭ്യതാ കണക്ക്

ക്രമനമ്പർ	പെൻഷൻ	എണ്ണം
1	തൊഴിലില്ലായ്മ വേതനം	158
2	കർഷകത്തൊഴിലാളി പെൻഷൻ	104
3.	വിധവാ പെൻഷൻ	-
4.	അഗതി പെൻഷൻ	-
5.	വികലാംഗ പെൻഷൻ	16

പ്രകൃതിക്ഷോഭങ്ങളിലും മറ്റും വീട്, ഫലവൃക്ഷങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്കുള്ള സഹായത്തിന് വളരെ കാലതാമസമുണ്ടാകുന്നതായി ഗ്രാമസഭകളിൽ നിന്നും പരാതി ഉയർന്നു വന്നിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുളളവരിൽ പലരും അജ്ഞതമൂലം അപേക്ഷ നൽകുന്നില്ല. പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം നടത്തുകയും അർഹരായവരെ കണ്ടെത്തുകയും ചെയ്യണം.

എല്ലാത്തരം പെൻഷൻ- വേതന ആനുകൂല്യങ്ങൾക്കും അർഹരായവരെ കണ്ടെത്തുന്നതിനുള്ള അദികാരം ഗ്രാമപഞ്ചായത്തിന് കൈമാറുന്നത് ഈ രംഗത്ത് കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് സഹായകരമാകും.

പൊതുവിതരണം

ഈ പഞ്ചായത്തിൽ സിവിൽ സപ്ലൈസ് വകയായ ഒരു മാവേലി സ്റ്റോറും 11 റേഷൻ കടകളുമാണ് പൊതുവിതരണ രംഗത്ത് പ്രവർത്തിക്കുന്നത്. മാവേലി സ്റ്റോർ ഉപയോഗിക്കുന്നവരുടെ എണ്ണം പരിമിതമാണ്. അമിതമായ പച്ചക്കറിവില നിയന്ത്രിക്കുന്നതിന് കൃഷി ഭവന്റെ നേതൃത്വത്തിൽ ഒരു പച്ചക്കറി വിപണന കേന്ദ്രം പള്ളിക്കത്തോട്ടിൽ ആരംഭിച്ചാൽ കൃഷിക്കാർക്കും ഉപഭോക്താവിനും ഗുണകരമാകുന്നതാണ്.

തപാൽമേഖല

5 പോസ്റ്റ് ആഫീസുകളാണ് ഈ പഞ്ചായത്തിലുളളത്. പുല്ലാനിതകിടിയിൽ ഒരു പോസ്റ്റ് ആപീസ് വേണമെന്നും വല്യാത്തു കവലയിൽ ഒരു പോസ്റ്റ് ബോക്സ് സ്ഥാപിക്കണമെന്നുമുള്ള ആവശ്യം ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്

അംഗന വാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിലെ 9 വാർഡുകളിലായി 15 എണ്ണമാണുള്ളത്. ആയിരം ജനങ്ങൾക്ക് ഒരു അംഗനവാടി എന്ന ഐ.സി.ഡി.എസ്. ലക്ഷ്യം ഏറെക്കുറെ നേടിയെടുക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. 15 അംഗനവാടികവിൽ 3 എണ്ണം എസ്.സി.പി. സെക്ടറിൽ പ്രവർത്തിക്കുന്നു.

ആരോഗ്യപരിശോധന, പോഷകാഹാര വിതരണം, രോഗപ്രതിരോധ കുത്തിവെയ്പുകൾ, ആരോഗ്യവിദ്യാഭ്യാസം, പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്നീ തുറകളിലുള്ള സേവനപ്രവർത്തനങ്ങൾ ഇതിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു.

പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം നമ്മുടെ പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള അംഗനവാടികവുടെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ജീവനക്കാരിലും രക്ഷിതാക്കളിലും അസന്തുഷ്ടി ഉളവാക്കുന്നു.

പല അംഗനവാടിയിലും കക്കൂസ് നിലവിലില്ല. കളിപ്പാട്ടങ്ങളുടെ അഭാവം, കെട്ടിടങ്ങളുടെ ശോച്യാവസ്ഥ എന്നിവയും വലിയ പ്രശ്നങ്ങളായി അവശേഷിക്കുന്നു. ജീവനക്കാർക്ക് തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. വർക്കർക്ക് 500 രൂപയും ഹെൽപർക്ക് 300 രൂപയും ഓണറേറിയം ആയി ലഭിക്കുമ്പോൾ രാവിലെ 9 മണി മുതൽ 31/2 വരെ ജോലി ചെയ്യുന്ന ഇവർ അവധി

ദിനങ്ങളിൽ ഗൃഹസന്ദർശനം നടത്തേണ്ടിയിരിക്കുന്നു. വളരെ പ്രയാസം സഹിച്ചും നാടിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഇവരുടെ വേതനം കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. ചില അംഗൻ വാടികളുടെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമസഭയിൽ പരാതി ഉണ്ടായിട്ടുണ്ട്. കൃത്യനിഷ്ഠത, കാര്യക്ഷമത എന്നിവ നടപ്പിലാക്കുന്നതിന് അംഗൻവാടി വികസന സമിതികൾ ഫലപ്രദമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യക്ഷേമം, നിർദേശങ്ങളും പരിഹാര മാർഗ്ഗവും

1. കക്കൂസ് ഇല്ലാത്ത എല്ലാവർക്കും 3 വർഷത്തിനകം കക്കൂസ് ലഭ്യമാക്കുവാനുള്ള സമഗ്രപദ്ധതിക്ക് പഞ്ചായത്ത് തലത്തിൽ രൂപം നൽകുക. 'നിർമൽ 2000' പദ്ധതിയെ ഇതിനായി പ്രയോജനപ്പെടുത്താൻ കഴിയും.

2. കക്കൂസ് നിർമ്മാണ തുക 2000ൽ നിന്നും 4000 രൂപയാക്കുക.

3. എല്ലാത്തരം പെൻഷനുകളും ഗ്രാമപഞ്ചായത്തു വഴി നടപ്പിലാക്കുക.

4. വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവ നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് പ്രസിഡൻറിന് നൽകുക.

5. ട്രൈസം ട്രെയിനിംഗ് കൂടുതൽ ഗുണഭോക്താക്കൾക്ക് നൽകുക.

6. സ്റ്റൈഫൻറ് തുക വർദ്ധിപ്പിക്കുക.

7. എല്ലാ വാർഡിലും ഒരു **DWCRA** യൂണിറ്റെങ്കിലും ആരംഭിക്കുക. ആരംഭിക്കുക. കെട്ടിട നിർമ്മാണ സാമഗ്രികൾ ഉദ്പാദിപ്പിക്കുന്ന യൂണിറ്റുകൾ ഉൾപ്പെടെ ആരംഭിക്കുവാൻ കഴിയും.

8. ടൂൾ കിറ്റ്സ് ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുക.

9. കെട്ടിടമില്ലാത്ത അംഗൻവാടിൾക്ക് കെട്ടിടം, കക്കൂസ് എന്നിവ നിർമ്മിക്കുക.

10. അംഗൻവാടികൾക്ക് വൈദ്യുതി കണക്ഷൻ, ചുറ്റുമതിൽ, കളിപ്പാട്ടങ്ങൾ, കിണർ എന്നിവ ലഭ്യമാക്കുക.

11. അംഗൻവാടികളിൽ മാസത്തിൽ ഒരു തവണയെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും അംഗൻവാടിയോടനുബന്ധിച്ചുള്ള വികസന സമിതികൾ കാര്യക്ഷമമാക്കുകയും ചെയ്യുക.

12. അനെർട്ട് അടുപ്പുകൾ അംഗൻവാടിയിൽ വ്യാപകമാക്കുക.

13. അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന-വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

14. അംഗൻവാടി ജീവനക്കാർക്കായി തുടർപരിശീലന പരിപാടി സംഘടിപ്പിക്കുക.

15. അംഗൻവാടി കെട്ടിട നിർമാണ തുക വർദ്ധിപ്പിക്കുക.

16. അംഗൻവാടിയിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്ന ആഹാരപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.

17. അവശജനവിഭാഗങ്ങൾക്കുള്ള പെൻഷൻ കാലതാമസം ഒഴിവാക്കുകയും അർഹരായവരെ കണ്ടെത്തി ബോധവത്കരണം നടത്തുകയും ചെയ്യുക.

18. പ്രകൃതിക്ഷോഭത്തിൽ വീട്, ഫലവൃക്ഷങ്ങൾ എന്നിവ നഷ്ടപ്പെടുത്തുന്നവർക്കുള്ള ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

19.ഇളമ്പളളി മാർക്കറ്റിലെ മാംസ സ്റ്റാൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും ഇപ്പോൾ നിലവിലുള്ള സ്റ്റാൾ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പുനർ നിർമ്മിക്കുകയും ചെയ്യുക.

20. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കുക, കോളനി നിവാസികളുടെ സ്ഥലം വളരെ കുറവുളളവർക്കും മറ്റുളളവർക്കും ഇത് വളരെ സഹായകരമാവും.

21. കമ്മ്യൂണിറ്റി സെൻററുകൾ ആരംഭിക്കുക.

22. ഇളമ്പളളി ചന്ത തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ വെയ്റ്റിംഗ് ഷെഡുകൾ നിർമിക്കുക.

23. പഞ്ചായത്ത് തലത്തിൽ ഒരു വൃദ്ധമന്ദിരം പണിയുക എന്ന ആവശ്യം ഗ്രാമസഭയിൽ നിന്നും വന്നിട്ടുണ്ട്.

24. 3-ാം വാർഡിൽ അംഗൻവാടി നിലവിലില്ല. മുകളേൽ ഭാഗത്തും നെയ്യാട്ടുശ്ശേരി പളളി ഭാഗത്തും അംഗൻവാടികൾ ആവശ്യമുണ്ട്.

25. അംഗൻവാടിയിലെ എസ്.സി./എസ്.റ്റി. കുട്ടികൾക്ക് സ്റ്റൈഫൻറ് നൽകുക.

പട്ടിക ഏഴ്

അംഗൻവാടികൾ സംബന്ധിച്ച വിവരം

ക്രമ നമ്പർ	അംഗൻവാടി	നമ്പർ	സ്വന്തമായി സ്ഥലമുണ്ടോ	സ്വന്തമായി കെട്ടിടമുണ്ടോ	കക്കൂസ് ഉണ്ടോ	കളിപ്പാട്ടങ്ങൾ ഉണ്ടോ	വൈദ്യുതി ഉണ്ടോ	ചുറ്റുമതിൽ ഉണ്ടോ
1	മൈലാടിക്കര	72	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2	പള്ളിക്കത്തോട് മാർക്കറ്റ്	73	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3	കല്ലാടംപൊയ്ക	74	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
4	സെന്റ് മേരീസ് ആനിക്കാട്	75	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5	എസ്.എസ്.എസ്. വട്ടക്കാവ്	76	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
6	ഇളമ്പള്ളി സമാജം	77	ഇല്ല	CPWA	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
7	ഇളമ്പള്ളി മാർക്കറ്റ്	78	ഉണ്ട്	പണിനടക്കുന്നു	ഇല്ല	ഇല്ല	ഇല്ല	ഇല്ല
8	പെരുമ്പാറ	79	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
9	മുലയനാൽ (SCP)	80	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
10	കുറുങ്കുടി (SCP)	81	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
11	കയ്യൂരി	82	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
12	ഉതിക്കുഴ	83	ഇല്ല	CPWP	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
13	മുക്കാലി	84	ഇല്ല	CPWP	ഇല്ല	ഇല്ല	ഇല്ല	ഇല്ല
14	വള്ളോത്യാമല	85	ഇല്ല	CPWP	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
15	അരുവിക്കുഴി	86	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

5.8

സംസ്കാരം

ഔന്നത്യപൂർണ്ണമായ ഒരു സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും നേരവകാശികളാണ് അയനി മുനിയുടെ ഇന്നാട്ടുകാർ. പള്ളിയ്ക്കൽ നിന്നൊഴുകി യെത്തുന്ന പള്ളിക്കൽതോട്, ചാലുകീറിയ ഈ ഭൂവി ഭാഗത്തിൽ സമന്വയത്തിന്റെ ഒരു സംസ്കാരം രൂപം കൊള്ളുകയും നിലനിൽക്കുകയും ചെയ്യുന്നു. 16-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ, ഇരുൾ നിറഞ്ഞുനിന്ന ഈ വനഭൂവിലേയ്ക്ക്, അദ്ധ്വാനത്തിന്റെ ചാട്ട വാറുകൾ വീശിയപ്പോൾ ഉദയംകൊണ്ടത്, സമ്പന്നമായ ഒരു ഭൂവിഭാഗം മാത്രമല്ല, ഉൽകൃഷ്ടമായ ഒരു സംസ്കാരം കൂടിയാണ്. തദ്ദേശീയരായ കോയിയന്മാരെ വേട്ടയാ ടാൻ വന്ന പടയാളികൾക്കുപോലും, തങ്ങളുടെ വംശത്തിന്റെ അന്തകന്മാരെന്നറിഞ്ഞിട്ടും, ഭക്ഷണവും പാലും നൽകി ആദരിച്ച ഒരു സംസ്കാരം, നമ്മുടെ തായ്വഴികളിലെവിടേയോ കൊളുത്തിവച്ച ഒരു തിരിനാ ളത്തിന്റെ പ്രകാശധാര, തലമുറകൾ താണ്ടി, നമ്മളിൽ എത്തി, കൂടുതൽ ശോഭയാർജിക്കുന്നു എന്നത് ഉൽകൃ ഷ്ടമാണ്. ഈ നാട് എന്നും ശാന്തമായിരുന്നു. ആധു നിക ജീവിതത്തിന്റെ അതിശക്തമായ പ്രവാഹത്തി ലും സഹിഷ്ണുതയുടെ സഹവർത്തിത്വത്തിന്റെ ഒരു ശാന്തത, ഒരനുഭൂതി വിശേഷമായി ഇവിടെയുണ്ട്. ആനി ക്കാടിനെ സമ്പന്നമാക്കുന്നത് ഈ സവിശേഷതയാ ണ്. നമ്മെ പലരിൽ നിന്നും പലതിൽ നിന്നും വ്യതിരി ക്തമാക്കുന്നതും ഇതുതന്നെയാണ്.

ഇവിടെ വിവിധ ജാതി, മത സമുദായങ്ങളിൽ പെടുന്നവർ പൊതുവേസഹവർത്തിത്വത്തിൽ കഴിഞ്ഞി രുന്നു.

''തൈലാദിവസ്തുക്കളശുദ്ധമായാൽ
പൌലോസ് തൊട്ടാലതു ശുദ്ധയാവും''

എന്നചൊല്ലുതന്നെ ഇവിടെ പൗരാണികമായി നിലനിൽക്കുന്ന വ്യവസ്ഥിതിയുടെ കാതലെന്ത് എന്നു കാണിച്ചുതരുന്നു. ഈ നാടിന്റെ വളർച്ചാ വികാ സങ്ങളിലെല്ലാം ഈ സഹവർത്തിത്വം ഊടും പാവുമായി വർത്തിക്കുന്നത് കാണാൻ കഴിയും. പല ദിക്കുകളിലും ഒരു തീപൊരിയായി പൊട്ടിവീണ് ഒരു ജ്വാലയായി സർവ്വംസംഹാരിയായി മാറിയ മതാന്ധതയുടെ തേർവാഴ്ച ഇവിടെയുണ്ടായില്ല. ഈ സ്ഥിതിവിശേഷം നിലനിർത്തുകയും പരിപോഷിപ്പി ക്കുകയും ചെയ്തുകൊണ്ട് മാത്രമേ, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കാ നാവൂ.

മനുഷ്യവാസം ആരംഭിച്ച ഏതൊരിടത്തും എന്നതു പോലെ ഇവിടെയും, ആദ്യമായി സ്ഥാപിക്കപ്പെട്ടത് ആരാധനാലയങ്ങളും, ആയുധ പരിശീലനത്തിനുള്ള കളരികളുമായിരുന്നു. എ.ഡി. 1700-ൽ ആനിക്കാട് ഭഗവതിക്ഷേത്രവും, 1860-ൽ ആനിക്കാട് സെ. മേരീസ് പള്ളിയും 1905-ൽ നെടുമാവ് സി.എം.എസ്. പള്ളിയും സ്ഥാപിക്കപ്പെട്ടു. 1920-ൽ നെടുമാവ് സെ. പോൾസ് പള്ളിയും സ്ഥാപിക്കപ്പെട്ടു. ആനിക്കാട് ശങ്കരനാരാ യണ മൂർത്തിയോട്, ഇളമ്പള്ളി, നെല്ലിക്കശ്ശേരി, മനപ്പാ ട്ടുകുന്ന്, വട്ടകക്കാവ് ക്ഷേത്രങ്ങളും തികച്ചും പൗരാ ണികങ്ങളാണ്. വർഷങ്ങൾക്കു മുമ്പുതന്നെ നിരവധി വിദ്യാലയങ്ങൾ ഇവിടെ സ്ഥാപിക്കപ്പെട്ടിരുന്നു. 1905-ൽ സ്ഥാപിച്ച നെടുമാവ് സി.എം.എസ്. എൽ.പി. സ്കൂൾ ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമാണ്. 1909-ൽ സംഥാപിതമായ ആനിക്കാട് സെൻറ് തോമസ് ഹൈസ്കൂൾ, 1997-ൽ സ്ഥാപിക്കപ്പെട്ട ആനിക്കാട് എസ്.വി.വി. ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഇവിടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു.

തുടർന്ന് കയ്യൂരി, പറപ്പള്ളിക്കുന്ന്, കൊമ്പാറ, കരി പ്പക്കല്ല്, ഇളമ്പള്ളി, സ്കൂളുകളും സ്ഥാപിക്കപ്പെട്ടു. വിദ്യാഭ്യാസം സംബന്ധിച്ച സംസ്കാര സമ്പന്നരായ തലമുറകളെ സൃഷ്ടിക്കുന്നതിന് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. നല്ല ഒരു ഗ്രന്ഥശാലാ പ്രസ്ഥാനം തന്നെ ഈ പഞ്ചായത്തിൽ ഉദയം ചെയ്തി ട്ടുണ്ട്. ആനിക്കാട് ഗവ. യു.പി. സ്കൂളിനോടനുബന്ധി ച്ചു സ്ഥാപിക്കപ്പെട്ടിരുന്ന സെൻട്രൽ ലൈബ്രറിയാണ് ഈ നാട്ടിലെ ആദ്യത്തെ ഗ്രന്ഥശാല. തുടർന്ന് ആനി ക്കാട് പബ്ലിക് ലൈബ്രറി, ദേശസേവിനി ലൈബ്രറി, ഇളമ്പള്ളി മഹാത്മാ ലൈബ്രറി, പള്ളിക്കത്തോട് ലൈ ബ്രറി, പഞ്ചായത്ത്ലൈബ്രറി എന്നിവയും സ്ഥാപിക്ക പ്പെട്ടു.

കലാസാഹിത്യരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. പുരാതനകാലം മുതൽ കഥകളി, ഇവിടെ പ്രചരിച്ചിരുന്നു. കാക്കനാട്ടു നാണു ആശാൻ, അദ്ദേഹത്തിന്റെ പുത്രൻ രാമൻ

നായർ എന്നിവർ അതിനു നേതൃത്വം നൽകി. ക്ഷേത്ര കലകളായ ഗരുഡൻ, കുംഭകുടം, വിൽപാട്ട്, കാള, ഐ വർകളി തുടങ്ങിയവ ഇവിടെ പ്രചരിച്ചിരുന്നു. പ്രശ സ്തരായ ഓട്ടൻതുള്ളൽ കലാകാരന്മാർ ഇവിടെ ഉണ്ടാ യിരുന്നു. കഥാപ്രസംഗം ശാസ്ത്രീയ സംഗീതം എന്നിവ പണ്ടുമുതലേ നിരവധിയാളുകൾ പരിശീലിച്ചിരുന്നു. തിരുവാതിരയിൽ പ്രാവീണ്യം സിദ്ധിച്ച നിരവധി വനി തകൾ ഇവിടെ ഉണ്ടായിരുന്നു. ഇന്നും ഈ കലാരൂ പങ്ങൾക്ക് ഇവിടെ പ്രചാരം ഉണ്ട് എന്നത് ശ്രദ്ധേയമാ ണ്. പുറംനാടുകളിൽ നിന്ന് ഗുരുക്കന്മാർ ഇവിടെ വന്ന്, താമസിച്ച് സംഗീതം നൃത്തം, തുടങ്ങിയ കലാരൂപങ്ങൾ അഭ്യസിപ്പിച്ചിട്ടുണ്ട്.

നിരവധി നോവലുകൾ രചിച്ച ശ്രീ. പി.എൻ.എസ്. ആനിക്കാട്, കവിയായ ഒ.എസ്.ജി.നായർ, നാടക കൃത്തായ ആനിക്കാട് പ്രഭ എന്നിവർ ശ്രദ്ധേയരാണ്. പുതുതലമുറകളിൽപ്പെട്ട ശ്രീമതി പ്രമീളാ ദേവി തന്റെ കവിതകൾകൊണ്ട് ശ്രദ്ധേയയായി തീർന്നിരിക്കുന്നു. കാർട്ടൂണിസ്റ്റുകളായ നാഥൻ, പ്രസന്നൻ ആനിക്കാട് എന്നിവർ തങ്ങളുടെ രംഗത്ത് സ്ഥാനമുറപ്പിച്ചു കഴി ഞ്ഞിരിക്കുന്നു. വളരെ മുമ്പു മുതൽ തന്നെ അമച്വർ കലാസമിതികൾ ഇവിടെ പ്രവർത്തിച്ചിരുന്നു. നിരവധി നാടകങ്ങൾ പഠിച്ച് അരങ്ങേറിയിട്ടുണ്ട്. കുന്നേൽ കൃഷ്ണൻ നായർ, പിറ്റിനാൽ രാമൻ നായർ, വി.ജി. നാരായണൻ നായർ, കെ.ആർ. രാമൻ നായർ, പി.എൻ.എസ്. ആനിക്കാട്, കണ്ണനാനി രാഘവൻ നായർ, പി.പി. രാമൻ നായർ, പി.എൻ. ഗോവിന്ദൻ നായർ, തുടങ്ങിയവർ നാടകരംഗത്തു പ്രവർത്തിച്ചി രുന്നു. കലാസാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്ന നിരവധി ക്ലബ്ബുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പള്ളി ക്കത്തോട് ജയശ്രീ, ഒന്നാം മൈൽ പീപ്പിൾസ്, ചർപ്പാത്തു സി.എസ്.ആർ. അരുവിക്കുഴി വിജയ, മുക്കാലി ദേശ സേവിനി, ഇളമ്പള്ളി പ്രിയദർശിനി തുടങ്ങിയവ വർഷങ്ങളായി ഇവിടെ പ്രവർത്തിക്കുന്നു. ചില ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഇവ സംഘടിപ്പി ക്കുന്നുണ്ട്. എങ്കിലും കൂടുതൽ ഏകോപിത പ്രവർ ത്തനം ഉണ്ടാകണം.

കായികരംഗത്ത്, വളരെയധികം ഉത്തരവാദി ത്വങ്ങൾ നമുക്ക് നിർവ്വഹിക്കാനുണ്ട്. പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളോടു ചേർന്നു വിസ്തൃതമായ കളിക്കളങ്ങൾ ഉണ്ട്. എങ്കിലും, അവിടെ കളിച്ചു വളർന്നു വരേണ്ട കായികതാരങ്ങളെ ഇനിയും കണ്ടെത്തേണ്ടി യിരിക്കുന്നു. ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്പോർ ട്സ് ക്ലബ്ബുകൾ കൂടുതൽ ഉത്തരവാദിത്വങ്ങൾ നിർവ്വഹി ക്കേണ്ടിയിരിക്കുന്നു. പതിറ്റാണ്ടുകൾക്കു മുമ്പ് തന്നെ, ഫുട്ബാൾ, വോളിബോൾ, ബാസ്കറ്റ് ബോൾ, തുടങ്ങിയ കളികൾ നമ്മുടെ സ്കൂൾ കളിക്കളങ്ങളിൽ നടന്നിരുന്നു. എന്നാൽ യുവജനങ്ങൾ മുൻകാലങ്ങളിൽ ഈ കളികളിൽ കാണിച്ചിരുന്ന താല്പര്യം ഇന്നു കാണി ക്കുന്നുണ്ട് എന്നു പറയാനാവില്ല. ഇപ്പോൾ ഈ പഞ്ചാ യത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ള ഇൻറർ നാഷണൽ വോളിതാരം ടോമി തോമസ് സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുവേണ്ടി വോളിബോൾ കളി ച്ചിരുന്നു. ജോയിസ് ഫിലിപ്പ്, തെയ്യാമ്മ മൈക്കിൾ എന്നിവർ ശ്രദ്ധേയരാണ്. ഇവരുടെ സേവനം പഞ്ചാ യത്തിന് ഈ രംഗത്ത് പ്രയോജനപ്പെടുത്താവുന്നതാ ണ്. ഇളം പ്രതിഭകളെ കണ്ടെത്തുന്നതിന് പഞ്ചാ യത്തുതല പരിപാടികൾ ആസൂത്രണം ചെയ്യണം. സ്കൂൾ തലത്തിൽ തന്നെ ഈ പരിപാടികൾ തുടങ്ങാ വുന്നതാണ്.

. പഞ്ചായത്തിൽ, കേരളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളും പ്രചാരത്തിലുണ്ട്. മലയാള പത്രങ്ങളോ ടൊപ്പം ചില ഇംഗ്ലീഷ് പത്രങ്ങളും ഇവിടെ കുറഞ്ഞ തോതിൽ പ്രചാരത്തിലുണ്ട്. എല്ലാ പ്രധാന വാരി കകളും ഇവിടെ പ്രചാരത്തിലുണ്ട്.

കേരളത്തിലെ എല്ലാ പ്രധാന രാഷ്ട്രീയപാർട്ടി കളും ഇവിടെ പ്രവർത്തിക്കുന്നു. ജനകീയ പ്രശ്ന ങ്ങളിൽ ഇടപെടുന്നതിന് ഈ പാർട്ടികൾ ഇവിടെ ശ്രദ്ധി ക്കാറുണ്ട്. അനാരോഗ്യകരമായ മത്സരങ്ങൾ പൊതു വേ കുറവാണ്. അതുപോലെ തന്നെ ഒട്ടേറെ സമുദായ സംഘടന കളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പൊതു വേ എല്ലാ പരിപാടികൾക്കും ജാതിമതഭേദമെന്യേ സഹകരണം ഉണ്ടാവാറുണ്ട്. നിരവധി വനിതാ സമാ ജങ്ങൾ വനിതകളെ സംഘടിപ്പിച്ചുകൊണ്ടിവിടെ പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

സാംസ്കാരിക രംഗത്തുയർന്നു വന്നിട്ടുള്ള പ്രശ്ന ങ്ങൾ താഴെകൊടുക്കുന്നു.

1. പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരി ക്കുന്ന അഞ്ച് ഗ്രന്ഥശാലകളിലും പുസ്തകങ്ങളു ടെ എണ്ണം അപര്യാപ്തമാണ്. ചില ഗ്രന്ഥശാ ലകൾക്കു ഗ്രാൻറ് ലഭിക്കുന്നില്ല.
2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന യുവജനക്ലബ്ബു കളുടെ പ്രവർത്തനം ഊർജസ്വലമല്ല.
3. എല്ലാ വാർഡുകളിലും യുവജനക്ലബ്ബുകൾ പ്രവർത്തിക്കുന്നില്ല.
4. ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമല്ല.
5. സർഗ്ഗാത്മക വാസനകൾക്ക് പ്രോത്സാഹനം ലഭി ക്കുന്നില്ല.
6. മിക്ക വാർഡുകളിലും സാംസ്കാരിക നിലയങ്ങൾ ഇല്ല.
7. പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ ഇല്ല.

8. പൊതുജനങ്ങൾക്കു ഒത്തുചേരാൻ പറ്റിയ ഒരു സ്ഥാപനവും ഇല്ലാത്ത വാർഡുകൾ ഉണ്ട്.
9. നാടൻ കലാരൂപങ്ങൾ നാശോന്മുഖമാണ്.

പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ സാംസ്കാരിക നിലയങ്ങൾ ഇല്ലാത്ത എല്ലാ വാർഡുകളിലും അവ സ്ഥാപിക്കുക.
2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളിലെ പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക. ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക. ഗ്രാൻറ് ലഭിക്കാത്ത ഗ്രന്ഥശാലകൾക്ക് ഗ്രാൻറ് നൽകുക.
3. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ കലാകായിക ക്ലബ്ബുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുക. ക്ലബ്ബുകൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക.
   നെയ്യാട്ടുശ്ശേരി ഭാഗത്ത് ഒരു തിയേറ്റർ സ്ഥാപിക്കുക.
4. പഞ്ചായത്തിലെ ജനവിദ്യാകേന്ദ്രങ്ങളുടെ ക്രുത്തനം മെച്ചപ്പെടുത്തുക.
5. കല്ലാടംപൊയ്ക ആശുപത്രിയ്ക്ക് സമീപം ഒരു കമ്യൂണിറ്റി ഹാൾ പണിയുക.
6. ഗ്രന്ഥശാലകളോടനുബന്ധിച്ച് സ്ത്രീകളുടെ വായനക്ലബ്ബുകൾ സ്ഥാപിക്കുക. സ്ത്രീകൾക്കായി പുസ്തകങ്ങൾ വീട്ടിൽ എത്തിച്ചുകൊടുക്കുന്ന പദ്ധതി ആവിഷ്കരിക്കുക.
7. വിദ്യാർത്ഥികളുടെ ഇടയിൽ പാഠ്യേതര ഗ്രന്ഥപാരയണം പ്രോത്സാഹിപ്പിക്കുക.
8. അനൗപചാരിക വിദ്യാഭ്യാസം പ്രചരിപ്പിക്കുക.
9. മൺമറഞ്ഞുപോയ പ്രാചീനകലകളെ പുനരുദ്ധരിപ്പിക്കുക. കലാപരിശീലനം യുവജന ക്ലബ്ബുകളുടെ ചുമതലയാക്കുക. അതിന് ധനസഹായം അനുവദിക്കുക.
10. കുട്ടികളുടെ സർഗ്ഗാത്മക വാസനകളെ പ്രോത്സാഹിപ്പിക്കുവാൻ പര്യാപ്തമായ സ്കൂൾ തലത്തിൽ നടപ്പിലാക്കുക.

നാം കൈവരിക്കാൻ ശ്രമിക്കുന്ന എല്ലാവിധ പുരോഗതിക്കും അടിസ്ഥാന ശിലയായി പ്രവർത്തിക്കേണ്ടത് സംസ്കാരമാണ്. അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന സാംസ്കാരികാപചയങ്ങൾക്കെതിരെ പൊരുതിക്കൊണ്ടു മാത്രമേ ഉത്തമമായ ഒരു സാംസ്കാരികാടിത്തറ കെട്ടിപ്പടുക്കാൻ കഴിയൂ. ✳



5.9 വനിതാക്ഷേമം

പള്ളിക്കത്തോടു പഞ്ചായത്തിലെ സ്ത്രീപുരുഷാനുപാതം 1000: 1009 ആണ്. 1000 പുരുഷന്മാരുള്ളപ്പോൾ 1009 സ്ത്രീകൾ. ഇത് കേരളത്തിന്റെ പൊതുനിലയിലും (1000:1036) കുറവാണ്. നമ്മുടെ സമൂഹത്തിന്റെ ഈ 'നല്ലപാതി'യുടെ സാമൂഹ്യ സാംസ്കാരിക മേഖലകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും പഞ്ചായത്തിലെ സ്ത്രീ ശക്തിസ്രോതസ്സിനെ വികസനാവശ്യങ്ങൾക്കായി ഉപയോഗിക്കുകയും വേണം. സ്ത്രീപുരുഷ സമത്വമെന്ന പരിഷ്കൃതലക്ഷ്യം സാക്ഷാത്കരിക്കാൻ പഞ്ചായത്ത് ഏതു ദിശയിൽ പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുകയാണ് ഇവിടെ.

ഇതിനായി സ്ത്രീപുരുഷന്മാരുടെ അന്തരം ഏതൊക്കെ മേഖലകളിലുണ്ട് എന്ന് ആദ്യമായി പരിശോധിക്കാം. സാക്ഷരതാ നിരക്കിലുള്ള ചുരുങ്ങിയ അന്തരം (പുരുഷന്മാർ 97%, സ്ത്രീകൾ 95%) സ്ത്രീ പുരുഷാന്തരങ്ങളുടെ നേരിയ സൂചികയാണ്. ഇതോടൊപ്പം പരിഗണിക്കേണ്ട വസ്തുതയാണ്, പഠനം ഇടയ്ക്കുവച്ചു നിറുത്തേണ്ടിവരുന്നവരിൽ കൂടുതലും സ്ത്രീകളാണ് എന്നുള്ളത്.

പുരുഷന്മാരുടെയും സ്ത്രീകളുടെയും കൂലിനിരക്കിലെ അന്തരം പ്രകടമാണ്. കാർഷിക മേഖലയിൽ 50-60 രൂപയും കെട്ടിട നിർമ്മാണ മേഖലയിൽ 70-80 രൂപയും സ്ത്രീകൾക്ക് കൂലി ലഭിക്കുമ്പോൾ പുരുഷന്മാർക്ക് യഥാക്രമം 80-100 രൂപയും 125-150 രൂപയുമാണ് ആ രംഗങ്ങളിൽ ലഭിക്കുന്നത്. തുല്യ ജോലിക്കു തുല്യവേതനം എന്ന സ്വാഭാവിക നീതിയുടെ നിഷേധമാണിത്.

പൊതുരംഗത്തു പ്രവർത്തിക്കുന്ന കുറച്ചു സ്ത്രീകളെങ്കിലും നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ അറിവും കഴിവും പക്വതയുമുള്ള ധാരാളം വീട്ടമ്മമാർ (റിട്ടയർ ചെയ്ത സർക്കാർ ജീവനക്കാരടക്കം) ഇനിയും അകത്തളങ്ങളിൽ ഒതുങ്ങിക്കഴിയുന്നു. പുരുഷന്മാരുടെ അനുവാദം കിട്ടായ്ക, പുരുഷമേധാവിത്വം, പ്രോത്സാഹനക്കുറവ്, അപവാദഭീതി, സദാചാരത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ ഇവയൊക്കെ പൊതുരംഗത്തെ സ്ത്രീകളുടെ അദൃശ്യതയ്ക്ക് കാരണമാണ്. ഗൃഹജോലികളുടെ ഭാരം പൂർണ്ണമായി വീട്ടമ്മമാരുടെ ചുമലിൽ ആയത് ഇതിനു കാരണമാകുന്നു. പുരുഷന്മാർ നിയന്ത്രിക്കുന്ന 'പൊതുപ്രവർത്തകളും' ഉണ്ടെന്നുള്ളത് നാം മറച്ചു വയ്ക്കേണ്ടതില്ല.

ഒരാളുടെ വേതനം കൊണ്ടുമാത്രം കുടുംബം പുലരായ്ക, പുരുഷന്മാരിൽ ചിലർക്ക് കുടുംബത്തോടുള്ള ഉത്തരവാദക്കുറവ് തുടങ്ങിയ പല ഘടകങ്ങളും സ്ത്രീകളെ ജോലിചെയ്ത് കുടുംബം പുലർത്താൻ പ്രേരിപ്പിക്കുന്നു. തൊഴിൽ മേഖലയിൽ ഒരു നല്ല പങ്ക് സ്ത്രീകളാണ്. (വിശദമായ സാമൂഹ്യ സാമ്പത്തിക സർവ്വേയുടെ അഭാവത്തിൽ കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും) കാണാപ്പണികളായ അടുക്കളജോലി, ഗൃഹഭരണം, കാലിവളർത്തൽ തുടങ്ങിയവകൂടി കണക്കിലെടുക്കുമ്പോൾ സ്ത്രീകളുടെ തൊഴിൽപ്പങ്കാളിത്തം എത്രയോ വർദ്ധിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ പോസ്റ്റ് ഓഫീസ്, ബ്ലോക്ക് ഓഫീസ്, സ്കൂളുകൾ, ബാങ്കുകൾ തുടങ്ങിയവയിൽ ഗണ്യമായ ശതമാനം സ്ത്രീകളാണ് പണിയെടുക്കുന്നത്.

സ്ത്രീകൾ നേതൃത്വം നൽകുന്ന ഇരുന്നൂറ്റമ്പതോളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. പട്ടിക ഒന്ന് നോക്കുക.

സ്ത്രീകൾ കുടുംബനാഥകളായ വീടുകളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ

വാർഡ്	I	II	III	IV	V	VI	VII	VIII	IX
	35	30	40	26	70	25	30	25	32

(അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ)

കാലിവളർത്തൽ, ടാപ്പിംഗ്, കെട്ടിടനിർമ്മാണ ജോലികൾ, കൂലിപ്പണി, കൈത്തൊഴിലുകൾ എന്നിവയിലൂടെ ലഭ്യമാകുന്ന വരുമാനംകൊണ്ടാണ് ഇവർ വീടു പുലർത്തുന്നത്.

സ്ത്രീകൾ പേറേണ്ടിവരുന്ന ജോലിഭാരം നിമിത്തം ആതുരാലയങ്ങളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. കുട്ടികളുടെയും മറ്റു കുടുംബാംഗങ്ങളുടെയും ആരോഗ്യസംരക്ഷണമെന്ന ഭാരം പേറി അവർ രോഗികളായി മാറുന്നതാണ് കഷ്ടസ്ഥിതി. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിന് പ്രത്യേകം പരിഗണന

ആവശ്യമാണ്.

തൊഴിലില്ലായ്മ എന്ന പ്രശ്നവും സ്ത്രീകളുടെ കാര്യത്തിലാണ് രൂക്ഷമായിരിക്കുന്നത്. സ്ത്രീകളുടെ ചെറുകിട വ്യവസായ സംരംഭങ്ങൾ പരിമിതമാണ്. നാലു വ്യവസായ സംരംഭങ്ങൾ ഡി. ഡബ്ല്യു. സി.ആർ.എ.യുടെ കീഴിലുണ്ട്. മുക്കാലിയിലുള്ള ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റ്, ഐശ്വര്യാ വിമൻസ് വെൽഫേർ സൊസൈറ്റി, പാലാഴി ഡി.ഡബ്ല്യു.സി. ആർ.എ. യൂണിറ്റ്, നെയ്യാറ്റുശ്ശേരി ഇവയാണ് നിലവിലുള്ള വനിതാ വ്യവസായ സംരംഭങ്ങൾ. മൂന്നാം വാർഡിലെ സുഫൽ ആയുർവേദിക്സ് എന്നസ്ഥാപനം പീഡിതമായ വനിതാ വ്യവസായമാണ്. അതിന്റെ പുനരുദ്ധാരണവും, സാദ്ധ്യമായ വാർഡുകളിലെല്ലാം വനിതാ വ്യവസായസഹകരണ സംഘങ്ങളുടെ രൂപീകരണവും നടക്കേണ്ടതാണ്.

മറ്റു തൊഴിലുകളിൽ നിന്നു കൂടുതൽ വരുമാനമുണ്ടാകുമെങ്കിൽ, വരുമാനമാർഗ്ഗം സ്വന്തം വീട്ടിൽ തന്നെ കണ്ടെത്തിയാൽ, കുടുംബസംരക്ഷണവും തൊഴിലും ഒന്നിച്ചു കൊണ്ടുപോകാനാവും. വികേന്ദ്രീകൃത ഉൽപാദന സമ്പ്രദായമനുസരിച്ച്, അസംസ്കൃത സാധനങ്ങൾ വിതരണം ചെയ്ത് വീടുകളിൽ കൈത്തൊഴിലുകളിലൂടെ നിർമ്മാണം നടത്തുന്ന ഏർപ്പാടുണ്ടാവാം. കൊണ്ടാട്ടം, വറ്റൽ നിർമ്മാണം, പർപ്പട നിർമ്മാണം, മധുര പലഹാര നിർമ്മാണം, സോപ്പു നിർമ്മാണം, വസ്ത്രനിർമ്മാണം, ചിത്രത്തുന്നൽ, കരകൗശലവസ്തുക്കൾ, ബുക്ക് ബൈൻഡിംഗ്, മെഴുകുതിരി, തഴപ്പായകൊണ്ടുള്ള വിവിധ വസ്തുക്കളുടെ നിർമ്മാണം, പ്രാദേശിക കാർഷിക വിളകളുപയോഗിച്ച് ജാം, സ്കാഷ് തുടങ്ങിയവയുടെ നിർമ്മാണം ഇവയെല്ലാം നടപ്പാക്കാവുന്നതാണ്. നിത്യോപയോഗസാധനങ്ങൾ മൊത്തമായി ശേഖരിച്ച് പായ്ക്കുചെയ്ത് വീടുവീടാന്തരം വിതരണം നടത്തുന്നതിന് വനിതാ വ്യവസായസംഘങ്ങൾ രൂപീകരിക്കുന്നത് ഉത്തമമാണ്.

ആഴ്ചയിലൊരിക്കലെങ്കിലും പള്ളിക്കത്തോട്ടിൽ 'ചന്ത' തുടങ്ങിയാൽ നന്ന്. പച്ചക്കറിയും മറ്റു വസ്തുക്കളും ഉൽപ്പാദകന് നേരിട്ടു വില്ക്കാനുള്ള സംവിധാനം വേണം. ഇടത്തട്ടുകാരന്റെ ചൂഷണത്തിൽ നിന്ന് ഉൽപാദകനേയും ഉപഭോക്താവിനെയും മുക്തരാക്കാൻ ഇത് ഉപകരിക്കും. ഗുണനിലവാരമുള്ള വസ്തുക്കൾ ലഭ്യമാവുകയും ചെയ്യും. പഞ്ചായത്തിന് വരുമാന മാർഗ്ഗവുമാണിത്.

മഹിളാസമാജങ്ങൾ പലതുമുണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല. വീട്ടമ്മമാരുടെ അയൽക്കൂട്ടങ്ങൾ വളർത്തിയെടുത്തും ഉള്ള മഹിളാസമാജങ്ങൾ അർത്ഥപൂർണ്ണമായ പ്രവർത്തനത്തിൽ മുഴുകിയും ഈ അവസ്ഥയ്ക്കു മാറ്റമുണ്ടാക്കാം. ബോധവൽക്കരണം, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഇവ ത്വരിതപ്പെടുത്താൻ കഴിയും.

കർക്കശമായി നടപ്പാക്കിയില്ലെങ്കിൽ മദ്യനിരോധനം മൂലം കാര്യമായ നേട്ടമില്ലെന്നും വ്യാജമദ്യനിർമ്മാണം തടയണമെന്നും ഗ്രാമസഭകളിൽ ആവശ്യമുയർന്നു. സാമൂഹ്യബോധവൽക്കരണവും സ്ത്രീകളുടെ സംഘടിതമായ പ്രവർത്തനങ്ങളും ഇതിനു സഹായിക്കും.

സ്ത്രീപീഡനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകളും കുടുംബങ്ങളുമുണ്ട്. സ്ത്രീകൾ സ്വയംപര്യാപ്തി കൈവരിക്കുകയാണ് ഇതിന് ഫലപ്രദമായ പോംവഴി. ഇതോടനുബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനവും കുടുംബകോടതികൾ ഏർപ്പെടുത്തുന്നതും സഹായിക്കും.

സ്ത്രീകളുടെ സുരക്ഷ ഒരു വലിയ പ്രശ്നമാണ്. ജനനിബിഡമായ കോളനികളിലും മറ്റും പോലീസ് നൈറ്റ് പെട്രോളിംഗ് കൂടുതൽ നിർബന്ധിതമാക്കണം.

അശ്ലീല ചിത്രങ്ങളും വീഡിയോകളും ഈ പഞ്ചായത്തിൽ വ്യാപകമായിട്ടില്ല. വിവിധ മാർഗ്ഗങ്ങളിലൂടെ അവയോടു പ്രതികരിക്കണം. സാമൂഹ്യസദാചാര ബോധവൽക്കരണം, അശ്ലീല പോസ്റ്റർ സംഘടിതരായി നശിപ്പിക്കൽ, ഇതിനു സഹായിച്ച സ്ത്രീകളെ തുറന്നുകാട്ടൽ, ഇവയക്ക് കല്ലാം സ്ത്രീകൾക്കു ധൈര്യം പകർന്നുനൽകുന്ന ഒരു ബോധനവീകരണ പ്രസ്ഥാനം ഇതൊക്കെ ആവശ്യമായി വരും.

നമ്മുടെ പഞ്ചായത്തിൽ ധാരാളം കോളനികളുണ്ട്. ഇവയുടെ നിവാസികളിൽ കൂടുതലും സ്ത്രീകളാണ്. പഞ്ചായത്തിലെ കോളനികളുടെ നവീകരണത്തിനും സമഗ്ര വികസനത്തിനും പദ്ധതികളാവശ്യമാണ്. കുഞ്ഞുങ്ങളെ വീട്ടിലാക്കി ജോലിക്കു പോകേണ്ടി വരുന്ന സ്ത്രീകളുടെ ആവശ്യത്തിലേക്ക് ക്രഷേകളും കോളനികളിൽ സ്ഥാപിക്കാം.

സ്ത്രീകളിൽ വായനാശീലം വളർത്താൻ ഒരു സമഗ്ര പദ്ധതി ഉണ്ടായേ തീരു. മൂന്നാംകിട പ്രസിദ്ധീകരണ ങ്ങളിൽ വരുന്ന ഇക്കിളി സാഹിത്യത്തിന്റെ തടവറയിൽ നിന്ന് അവരെ മോചിപ്പിക്കണം. സായാഹ്നവേളയിലും ഒഴിവുസമയങ്ങളിലും ഒരുമിച്ചുകൂടി ഗൗരവമേറിയ വിഷയങ്ങളെപ്പറ്റി വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്യേണ്ടത് ഓരാവശ്യമാണ്. സ്ത്രീകളെ വായനശാലകളിൽ അംഗമാക്കാനുള്ള ഒരു തീവ്രയജ്ഞപരിപാടി ഓരോ ലൈബ്രറിയുടെയും ഭാഗമാക്കണം. യുവാക്കളും യുവതികളും ലൈബ്രറികളിൽ ഒത്തുകൂടുന്നതും വായിക്കുന്നതുമൊക്കെ ആരോഗ്യകരമായ ഒരു ബൗദ്ധികസൗഹൃദം വളർത്തിയെടുക്കാൻ ഉതകും. 'സഞ്ചരിക്കുന്ന ലൈബ്രറി വാർഡുതലത്തിലോ പഞ്ചായത്തുതലത്തിലോ ആരംഭിക്കുന്നത് വീട്ടമ്മമാരുടെ വായനശീലം വളത്താൻ

ഉപകരിക്കും.

മാനസികവും ശാരീരികവുമായ പിരിമുറുക്കം കുറയ്ക്കുന്നതിനും വിനോദ വിജ്ഞാനങ്ങൾക്കും ആരോഗ്യപരിപാലനത്തിനുതകുന്ന 'ഹെൽത്ത് റിക്രിയേഷൻ ക്ലബ്ബ് ഫോർ ലേഡീസ്' പഞ്ചായത്തുതലത്തിൽ തുടങ്ങിയാൽ നന്നായിരിക്കും. പഞ്ചായത്തിലെ വനിതാ ഡോക്ടർന്മാരുടെ കുറയ്യു സമയത്തെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

ഇതോടൊപ്പം സ്ത്രീകൾക്ക് ആത്മവിശ്വാസം വളർത്താനുള്ള പല പരിപാടികളും വിഭാവനം ചെയ്യാം. പെൺകുട്ടികളെ സൈക്ലിംഗ് പഠിപ്പിക്കുന്ന ഒരു സ്ഥാപനത്തെപ്പറ്റി ആലോചിക്കാവുന്നതാണ്. ഇതോടൊപ്പം കളരിപ്പയറ്റും കരാട്ടേയും പെൺകുട്ടികളെ പരിശിലിപ്പിക്കാനുള്ള ഏർപ്പാടുകളും ഉണ്ടാക്കാം.

ആരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് ഒരു ഫാമിലി കൗൺസിലിംഗ് സെൻറർ ആരംഭിക്കാവുന്നതാണ്. സ്ത്രീകളുടെ നിരവധിയായ പ്രശ്നങ്ങളെ തുറന്നു പറഞ്ഞ് പരിഹാരം നേടാൻ സഹായിക്കുന്ന ഒരു കേന്ദ്രമായിരിക്കണം ഇത്.

പഞ്ചായത്തിൽ വനിതാ കായികോത്സവവും വനിതാ കലോത്സവവും സംഘടിപ്പിക്കുന്നത് സ്ത്രീകൾക്ക് തങ്ങളുടെ വ്യക്തിത്വം പ്രകടിപ്പിക്കുന്നതിന് ഉജ്ജ്വലാവസരങ്ങൾ പ്രദാനം ചെയ്യും.

സ്ത്രീകളുടെ വ്യവസായ സഹകരണ സംഘങ്ങളോടൊപ്പം കാർഷിക സഹകരണ സംഘങ്ങളുമാവാം. അടുക്കളത്തോട്ട നിർമ്മാണം, പുരയിടകൃഷികളിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കൽ, സ്ത്രീകളുടെ നേതൃത്വത്തിൽ കാർഷികോല്പന്നങ്ങളുടെ വിപണനം ഇതെല്ലാം ലക്ഷ്യമാക്കാം.

സ്ത്രീകളുടെ ആരോഗ്യപരിപാലനത്തിനും, ഗൃഹജോലികളുടെ ലഘൂകരണത്തിനും ദക്ഷത കൂടിയ അടുപ്പും, പാചകത്തിന് കച്ചിപ്പെട്ടി തുടങ്ങിയവ നിർമ്മിച്ച് വിതരണം ചെയ്യാനുള്ള പദ്ധതികൾ, പ്രഷർ കുക്കർ തുടങ്ങിയ ഇന്ധനലാഭമുള്ള പാചക സംവിധാനങ്ങളും മണ്ണെണ്ണ സ്റ്റൗ മുതലായ ഇന്ധനക്ഷമതയുള്ള ഉപകരണങ്ങളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനുള്ള സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ ഉണ്ടാവണം. ബയോഗ്യാസ് നിർമ്മാണവും പ്രോത്സാഹിപ്പിക്കപ്പെടണം. വനിതാ ക്ഷേമമേഖലയിലെ പ്രശ്നങ്ങളെയും പരിഹാരമാർഗ്ഗങ്ങളെയും ഇങ്ങനെ ക്രോഡീകരിക്കാം.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീപുരുഷന്മാർ തമ്മിലുള്ള അന്തരം.
2. കൂലിനിരക്കിലുള്ള അന്തരം.
3. സ്ത്രീകളുടെ പൊതുരംഗത്തെ അദൃശ്യത.
4. സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന ജോലിഭാരം.
5. സ്ത്രീകളുടെ വർദ്ധിച്ച രോഗാതുരത.
6. തൊഴിലില്ലായ്മ.
7. കുടുംബസംരക്ഷണവും തൊഴിലും ഒന്നിച്ചുകൊണ്ടുപോകാനുള്ള പ്രയാസം.
8. മഹിളാസമാജങ്ങളുടെ പ്രവർത്തനത്തിലെ അപര്യാപ്ത.
9. പുരുഷന്മാരുടെ മദ്യപാനശീലം.
10. സ്ത്രീധനപീഡനം.
11. സ്ത്രീകളുടെ സുരക്ഷ.
12. അശ്ലീലചിത്രങ്ങൾ, വീഡിയോകൾ.
13. കോളനികളിലെ സ്ത്രീകളുടെ ശോച്യാവസ്ഥ.
14. സ്ത്രീകളുടെ വായനാശീലമില്ലായ്മയും, വായനാനിലവാരമില്ലായ്മയും.
15. കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള വേദികളുടെ അഭാവം.

1. പരിഹാരനിർദ്ദേശങ്ങൾ/സാദ്ധ്യതകൾ/പദ്ധതികൾ

പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തുക●ആരോഗ്യശീലങ്ങളെപ്പറ്റിയും ആരോഗ്യപരിപാലനത്തെപ്പറ്റിയും സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ക്ലാസ്സുകളെടുക്കുക●പോഷകാഹാരവിതരണത്തിന് സാമൂഹ്യസഹകരണത്തോടെ പദ്ധതിയുണ്ടാക്കുക●വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യമുള്ള ഒരാശുപത്രി വികസനകമ്മറ്റിയുടെ മേൽനോട്ടത്തിലാവാം കാര്യങ്ങൾ●സന്നദ്ധസേവനത്തിനോ, നാമമാത്ര പ്രതിഫലത്തിനോ സേവനമർപ്പിക്കാൻ തയ്യാറുള്ള പെൺകുട്ടികളെ കണ്ടെത്തി ഹെൽത്ത് വിസിറ്റേഴ്സായി പരിശീലനം നൽകി നിയോഗിക്കുക.

2. സ്ത്രീകളുടെ വ്യവസായ സംരംഭങ്ങൾ. വീട്ടിലിരുന്നുകൊണ്ടു നിർവഹിക്കാവുന്ന വികേന്ദ്രീകൃത ഉൽപാദന സമ്പ്രദായത്തിന്റെ വ്യാപനം●സ്ത്രീകളുടെ ഡോർ-ടു-ഡോർ ഡെലിവറി യൂണിറ്റ്.
3. വീട്ടമ്മമാരുടെ അയൽക്കൂട്ടങ്ങളുടെ രൂപീകരണം. സ്വന്തം പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം രൂപീകരിക്കാനും സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും അതിക്രമങ്ങളോട് പ്രതികരിക്കാനും ഇവ ഉപകരിക്കും.
4. കൗൺസിലിംഗ് സെൻറർ സ്ഥാപിക്കുക.
5. സ്ത്രീകളെ വായനശാലകളിൽ അംഗങ്ങളാക്കാനുള്ള തീവ്രപരിപാടി●വായനശാലകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് സ്ത്രീകൾക്കുകൂടി പെരുമാറാനുള്ള സൗകര്യമുണ്ടാക്കുക● സഞ്ചരിക്കുന്ന ലൈബ്രറി ●വാർഡുതോറും വായ

നോത്സവം സംഘടിപ്പിക്കൽ●പഞ്ചായത്തു തലത്തിൽ സ്ത്രീകൾക്കു വേണ്ടി ഒരു ഹെൽത്ത് റിക്രിയേഷൻ ക്ലബ്ബ്●പെൺകുട്ടികളെ സൈക്ലിംഗ് പഠിപ്പിക്കാനുള്ള സംവിധാനം. സ്കൂളുകളുടെ കായികപരിശീലന പ്രവർത്തനത്തോടൊപ്പം ഇതു നടത്താമോ എന്നു നോക്കാം.

സ്ത്രീകൾക്ക് ഒരു കായിക പരിശീലനകേന്ദ്രം● വീട്ടമ്മമാരുടെ അയൽക്കൂട്ടങ്ങളുടെ സഹകരണത്തോടെ അടുക്കളത്തോട്ടങ്ങളുടെ നിർമ്മാണം●സ്ത്രീകളുടെ കാർഷികോല്പന്ന വിപണന സംഘങ്ങൾ, അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക●ദക്ഷത കൂടിയ അടുപ്പ്, കച്ചിപ്പെട്ടി, തുടങ്ങിയവയുടെ നിർമ്മാണവും വിതരണവും പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനം ചെയ്യുക●സബ്സിഡി അടിസ്ഥാനത്തിൽ പ്രഷർകുക്കർ, മണ്ണെണ്ണ മുതലായവ പഞ്ചായത്തടിസ്ഥാനത്തിൽ വിതരണം ചെയ്യാനുള്ള പദ്ധതി●കോളനികളുടെ നവീകരണം●പഞ്ചായത്തടിസ്ഥാനത്തിലും അംഗൻവാടികളോടനുബന്ധിച്ചും ക്രഷ് സ്ഥാപിക്കുക●പഞ്ചായത്തിൽ ഒരു വനിതാ ഹോസ്റ്റൽ ഉണ്ടാവുക. ✳



5.10 സഹകരണം

ാകത്തിലെ അതി വിപുലമായ സഹകരണ ശൃഖംലയുള്ള രാജ്യമാണ് ഇന്ത്യ. 1904-ൽ ആണ് ഇൻഡ്യയിൽ ആദ്യമായി സഹകരണ നിയമം രൂപം കൊണ്ടത്. കാർഷിക മേഖലയെ ശക്തിപ്പെടുത്തുകയായിരുന്നു അതിന്റെ പ്രാഥമികലക്ഷ്യം. ഈ നിയമത്തിന്റെ പിൻതലമുറക്കാരായി സംസ്ഥാനാടിസ്ഥാനത്തിൽ സഹകരണനിയമങ്ങൾ നിലവിൽ വന്നു. പല തവണ ഭേദഗതി ചെയ്യപ്പെട്ട് അത്യുന്നമാക്കിയ സഹകരണനിയമമാണ് 1969 ലെ കേരള സഹകരണ നിയമം (21-10 നിയമം). ഈ നിയമത്തിന്റെ പരിരക്ഷയിൽ വളർന്ന അതിശക്തമായ ഒരു സഹകരണ മേഖല സംസ്ഥാനത്തുണ്ട്.

പള്ളിക്കത്തോടു പഞ്ചായത്തിൽ ഇന്നു പ്രവർത്തിയ്ക്കുന്ന പ്രധാന സഹകരണ സ്ഥാപനമാണ് ആനിക്കാട് റീജിയണൽ ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3867.

സംഘത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം ലക്ഷം	നിക്ഷേപം ലക്ഷം	വായ്പകൾ കാർഷികം ലക്ഷം	കാർഷികേതരം ലക്ഷം	ബ്രാഞ്ചുകളുടെ എണ്ണം
ആനിക്കാട് റീജിണണൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലി. നമ്പർ 3867 ആനിക്കാട്.പി.ഓ	1956	പള്ളിക്കത്തോട് പഞ്ചായത്ത്.	9832	37	830	270	212	3

പള്ളിക്കത്തോടു പഞ്ചായത്തിലെ കൃഷിക്കാരുടെ ആശ്രയവും ഈ മേഖലയിലെ സാമ്പത്തിക വളർച്ചയുടെ നട്ടെല്ലുമായിത്തീർന്നിരിയ്ക്കുന്നു. ഈ ബാങ്ക് കാർഷികകോല്പന്നങ്ങളുടെ വിപണനം എളുപ്പമാക്കിത്തീർക്കുന്നതിന് റബ്ബർ സംഭരണവും വളം, കീടനാശിനി, കൺസ്യൂമർസ്റ്റോർ, ജൗളി വ്യാപാരം വിഭാഗം മുതലായ കൗണ്ടറുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഹെഡ് ഓഫീസ്നോടു ചേർന്നു മോണിംഗ് ഈവനിംഗ് വിഭാഗവും പ്രവർത്തിക്കുന്നു.

അടുത്തകാലത്തു പ്രവർത്തനം ആരംഭിച്ച ആനിക്കാട് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം ഈ മേഖലയിലെ വളർന്നു വരുന്ന ഒരു സംരഭമാണ്. എല്ലാ വിധ റബ്ബർ കർഷകരുടെയും ഉന്നമനമാണു ലക്ഷ്യം.

പഞ്ചായത്തിൽ വർഷങ്ങൾക്കു മുൻപുപ്രവർത്തിച്ചിരുന്ന മൂന്ന് വ്യവസായ സഹകരണസംഘങ്ങൾ ഇന്നു പ്രവർത്തന രഹിതമാണ്.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ.

1. വ്യവസായ സഹകരണസംഘങ്ങൾ

ജാതി-മത, സ്തീ പുരുഷ വ്യത്യാസമില്ലാതെ ഏവർക്കും അംഗങ്ങളാകാവുന്ന പൊതു സഹകരണ സംഘങ്ങൾ, വനിതകൾക്കു വേണ്ടിയുള്ള സഹകരണസംഘംങ്ങൾ, പട്ടികജാതി- പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ എന്നിങ്ങനെ 3 മേഖലകളായി ഈ സംഘങ്ങളെ തിരിയ്ക്കാം. ഇവയിൽത്തന്നെ വ്യവസായവകുപ്പിൽ രജിസ്റ്റർ ചെയ്യാവുന്നവ, ഖാദിമവില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ നിയന്ത്രണത്തിൽ വരുന്നവ, ലേബർ കോൺട്രാക്റ്റ് സംഘങ്ങൾ ക്രഡിറ്റ് സംഘങ്ങൾ എന്നിവ പോലെ സഹകരണ വകുപ്പിൽ രജിസ്റ്റർ ചെയ്യാവുന്നവ, എന്നിങ്ങനെ വേറെയും തരംതിരിവുകളുണ്ട്. തൊഴിൽ മേഖലകൾ എന്ന നിലയ്ക്ക് ഈ വിവിധയിനം സഹകരണ സംഘങ്ങൾ സ്ഥാപിച്ചുകൊണ്ടേ പഞ്ചായത്തിലെ സാമ്പത്തിക-തൊഴിൽ മേഖലകളിൽ വികസനം സാധ്യമാകൂ. വിവിധ മേഖലകളിൽ രജിസ്റ്റർ ചെയ്യാവുന്ന സംഘങ്ങളുടെ വിവരം പട്ടികയിൽ കാണാം.

പട്ടിക -2- പൊതു സംഘങ്ങൾ

ക്രമ നമ്പർ	ഇനം	പ്രവർത്തന മേഖല	അംഗങ്ങളുടെ എണ്ണം	ഷെയർവില യ്ക്ക്	വകുപ്പ്
1	ലേബർ കോൺട്രാക്റ്റു സംഘങ്ങൾ	പഞ്ചായത്തുമുഴുവൻ	50-200	100-300	സഹകരണ വകുപ്പ്
2	ഹോളോബ്രിക്സ് സിമിൻറ് ബ്രിക്	2,3 വാർഡുകൾ	10-15	1000/-	വ്യവസായം
3.	ടയർ റീട്രെഡിംഗ്	-ടി-	10	1000/-	-ടി-
4.	ആയുർവേദ ഔഷധനിർമ്മാണം	-ടി-	10-15	1000/-	-ടി-
5	സോപ്പു നിർമ്മാണം	-ടി-	25	1000/-	ഖാദി വില്ലേജ്
6	എൻജിനീയറിംഗ് വർക്ക് ഷോപ്പ്	-ടി-	10-12	1000/-	വ്യവസായം

പട്ടിക-3-വനിതാസംഘങ്ങൾ

ക്രമ നമ്പർ	ഇനം	പ്രവർത്തന മേഖല	അംഗങ്ങളുടെഎണ്ണം	ഷെയർ വില	വകുപ്പ്
1	ഹോംസ്വീറ്റ്സ്	1,2 വാർഡുകൾ	10-12	1000/-	വ്യവസായം
2	ഫുഡ് പ്രഡറുകൾ	-ടി-	10-15	1000/-	-ടി-
3	ബുക്കുബയൻറിംഗ് നോട്ടുബുക്ക് നിർമ്മാണം	3 വാർഡുകൾ	15-20	1000/-	-ടി-
4	കുടനിർമ്മാണം	-ടി-	15	1000/-	-ടി-
5	ഇലക്ട്രിക്കൽ ഇല്ക്ട്രോക്സ്	-ടി-	10	1000/-	-ടി-
6	പേപ്പർ പ്രോഡക്ട്സ് കവറുകൾ, ഫയൽ ബോർഡ്	-ടി-	10-15	1000/-	-ടി-
7	കറിപൗഡറുകൾ	-ടി-	10	1000/-	-ടി-
8	മിൽക്ക് പ്രൊഡക്ടസ്	-ടി-	10	1000/-	ഡയറി വകുപ്പ്

പട്ടിക 4- പട്ടികജാതി - പട്ടികവർഗ്ഗം.

ക്രമ നമ്പർ	ഇനം	പ്രവർത്തന മേഖല	അംഗങ്ങളുടെ എണ്ണം	ഷെയർ വില രൂ.	വകുപ്പ്
1	ഹോളോബ്രിക്ബിൽഡിംഗ് മെറ്റീരിയൽസ്	2,3വാർഡുകൾ	10-20	300/-	വ്യവസായം
2	ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്	-ടി-	15-20	300/-	-ടി-
3	ലേബർകോൺട്രാക്ടു സംഘങ്ങൾ	-ടി-	50-200	100/-	സഹകരണം
4	റ്റെൽ ക്രഷിംഗ്	-ടി-	1-25	100/-	വ്യവസായം
5	റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	-ടി-	10-15	100/-	-ടി-

സോപ്പു നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, പെയിൻറിംഗ് ജോലികൾ, വയറിംഗ് വർക്ക്, പ്ലംബിംഗ്, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ അസംബ്ലിംഗ്, റിപ്പയറിംഗ്, പഴം സംസ്ക്കരണം, മുതലായി അനവധി വ്യവസായങ്ങൾ വെറെയുമുണ്ട്. തഴപ്പായ് നിർമ്മാണം, കൊട്ട, മുറം മുതലായവയുടെ നിർമ്മണം മുതലായി സാധ്യതകൾ വേറെയുമുണ്ട്.

II. കാർഷികമേഖല

കാർഷിക മേഖലയിലെ വളർച്ചയ്ക്ക് കാര്യമായ സംഭാവന ചെയ്യാൻ കഴിയുന്ന ആനിക്കാട് റീജിയണൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ടേ ഈ മേഖലയിൽ വികസനം സാധ്യമാകു. കാർഷിക വായ്പകൾ നൽകുന്ന ഈ ബാങ്കിന് വിഭവ പരിമിതി മൂലം ലക്ഷ്യപ്രാപ്തിയിലെത്താൻ പൂർണ്ണമായി കഴിയുന്നില്ല. പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും ചെറുതും വലുതുമായ ഡെപ്പോസിറ്റുകൾ ഈ ബാങ്കിൽ എത്തണം. കുടിശികകൾ കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതോടൊപ്പം തന്നെ ബാങ്കിൻെറ ഗുണഭോക്താക്കൾ സ്വയം അതു ചെയ്യുന്നതിനു പ്രേരിപ്പിയ്ക്കത്തക്ക വിധത്തിലുള്ള ബോധവൽക്കരണപരിപാടികളും ഇൻസെൻറീവുകളും ഏർപ്പെടുത്തുകയും ചെയ്യണം. കാർഷിക മേഖലയുടെ വികസനത്തിനായി ദീർഘ കാലാടിസ്ഥാനത്തിൽ വൻകിട വായ്പകൾ ലഭിയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. വസ്തു ഈടിന്മേൽ താഴെപറയുന്ന വായ്പകൾ കിട്ടാനുള്ള സൗകര്യവും ഏർപ്പെടുത്തണം.

1. പശു വളർത്തുന്നതിന് 2 പശുക്കളും തൊഴുത്തും ഉൾപ്പടെയുള്ള യൂണിറ്റിന് 25000/- രൂപവരെയുള്ള വായ്പകൾ .
2. ആടിവളർത്തൽ 5 ആടും തൊഴുത്തുമുൾപ്പടെയുള്ള യൂണിറ്റിന് 12000/- രൂപ.
3. പന്നിവളർത്തിന് 3 പന്നികളും കൂടുകളുമടക്കം 15000/- രൂപ.
4. വീട്ടമ്മമാർക്ക് 10 കോഴികളുള്ള ഒരു യൂണിറ്റിന് 5000/- രൂപ.
5. പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നതിന് സെൻറിന് 500/- രൂപ പ്രകാരമുള്ള ചെറുകിട വായ്പകൾ.

കാർഷികേതര വായ്പകൾ

സ്വയം തൊഴിൽ വായ്പകൾ നൽകത്തക്കവിധം ബാങ്കിന് വളർച്ചയുണ്ടാകണം. ഇതു സാധ്യമാകണമെങ്കിൽ ബാങ്കിൻെറ നിയമാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. മാത്രമല്ല അതിനുള്ള ഫണ്ട് നബാർഡ് സ്കീം , ജില്ലാസംസ്ഥാന ബാങ്കിൽ നിന്നുള്ള വായ്പകൾ മുതലായവയിലൂടെ ബാങ്കിനു ലഭിയ്ക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

പള്ളിക്കത്തോടു പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും ആവശ്യമായ വായ്പകൾ ലഭിയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും സമ്മർദ്ദങ്ങളും ഉണ്ടാകേണ്ടിയിരിയ്ക്കുന്നു.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ സഹകരണ ആശുപത്രിസ്ഥാപിയ്ക്കണം. ഇതിനാവശ്യമായ ഫണ്ട് സഹരണ ബാങ്ക്, മറ്റുബാങ്കുകൾ എന്നിവയിൽ നിന്നും ലഭിയ്ക്കുന്നതോടൊപ്പം വ്യാപകമായ അംഗത്വം

നൽകി ഷെയർ പിരിയ്ക്കുന്നതിനുള്ള നടപടിയും ഉണ്ടാകണം.

2. സഹകരണ മേഖലയിൽ പ്രവർത്തിയ്ക്കുന്ന ഒരു കോളജ് സ്ഥാപിച്ച് ഉന്നതവിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തണം.
3. മുക്കാലി കേന്ദ്രീകരിച്ച സഹകരണാടിസ്ഥാനത്തിൽ ഒരു ചെറുകിട വ്യവസായ യൂണിറ്റുസ്ഥാപിക്കുക.
4. പഞ്ചായത്തുതലകൺസ്യൂമർ സ്റ്റോർ തുടങ്ങണം.
5. വ്യവസായസഹകരണസംഘങ്ങൾ സ്ഥാപിയ്ക്കണം.
6. വനിതാ സഹകരണ സംഘം തുടങ്ങണം.
7. ലേബർ കോൺട്രാക്റ്റ് സംഘം തുടങ്ങണം.
8. ആനിക്കാട് പള്ളി ഭാഗത്ത് സകരണ ബാങ്ക് ശാഖതുറക്കണം.
9. റബ്ബർ വ്യവസായ സഹ. സംഘം വേണം.
10. പെരുമ്പാറ ഭാഗത്ത് പനമ്പ്, കുട്ടനെയ്ത്ത് സഹകരണസംഘം വേണം.
11. സോപ്പുനിർമ്മാണ സംഘം രൂപീകരിയ്ക്കണം .
12. ക വുങ്ങും പാലത്ത് ക്ഷീര വ്യവ. സഹകരണസംഘത്തിന്റെ ശാഖതുറക്കണം.
13. കാർഷികോല്പന്ന മാർക്കറ്റിംഗ് സംഘം സ്ഥാപിയ്ക്കണം.
14. കൃഷികാർക്കു പലിശയ്കു കുറഞ്ഞ നിരക്കിൽ വായ്പനൽകണം.
15. അത്യുല്പാദന ശേഷിയുള്ള വിത്ത്, തൈകൾ, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ ഇവ ലഭ്യമാക്കണം.
16. ഒരു വിവിധോദ്ദേശനഴ്സറി തുടങ്ങണം.
17. സംഘങ്ങളിൽ തുറന്ന അംഗത്വം വേണം.
18. ചെറുകിട വ്യവസായങ്ങൾക്ക് 5 ലക്ഷം രൂപ വരെ വായ്പ നൽകാൻ സഹകരണബാങ്കു തയ്യാറാകണം.
19. സഹകരണ ബാങ്ക് നേരിട്ട് വ്യവസായങ്ങൾ തുടങ്ങണം.
20. തൊഴിൽ പരിശീലന സൗകര്യങ്ങൾ ഐ.ടി.ഐ. യിൽ ഏർപ്പെടുത്തണം.
21. മുണ്ടൻ കവലയിൽ ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ ഒരു ശാഖ തുടങ്ങണം.
22. നെടുമാവ് കേന്ദ്രീകരിച്ച് ഒരു കൺസ്യൂമർ കോ -ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിക്കുക.
23. പ്രവർത്തനരഹിതമായി കിടക്കുന്ന ഇടപ്പള്ളി ഖാദി യൂണിറ്റ് പുനരുദ്ധരിക്കണം.
24. വഞ്ചിപ്പാറ പെരുമ്പാറ, ആനിക്കാട് കമുകുംപാലം ഹരിപ്പാട് കോളനി എന്നീ കേന്ദ്രങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

*



5.11 പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

ചരിത്രപരമായ കാരണങ്ങളാൽ സമൂഹ്യജീവിതം നിഷേധിയ്ക്കപ്പെട്ടിരുന്ന ഈ ജനതയുടെ ഭൗതിക ജീവിതസാഹചര്യങ്ങൾ ഇന്നും ഏറെ പിന്നോക്കമാണ്. ഇത് മെച്ചപ്പെടുത്തുക എന്നത് നമ്മുടെ പ്രഥമ സാമൂഹ്യബാദ്ധ്യതയായി അവശേഷിയ്ക്കുന്നു. ഇല്ലായ്മയുടെയും വല്ലായ്മയുടെയും ആവലാതികളാണ് ഒമ്പതു വാർഡുകളിലെയും ഗ്രാമസഭാറിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നത്. സാമൂഹ്യമായ അടിച്ചമർത്തലുകളിൽ നിന്നും മോചനം ലഭിച്ചു എങ്കിലും പരിഹൃതമാവേണ്ട നിരവധി പ്രശ്നങ്ങൾ ഈ വിഭാഗം ജനങ്ങൾക്കിടയിൽ ഇന്നും നിലനിൽക്കുന്നുണ്ട്.

നമ്മുടെ ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 4 ശതമാനം പട്ടിക ജാതി വിഭാഗങ്ങളാണ്. ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ഏതാണ്ട് 160 പട്ടികജാതി കുടുംബങ്ങളും 16 പട്ടികവർഗ്ഗ കുടുംബങ്ങളു ഇവിടെ താമസിയ്ക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യ വാർഡടിസ്ഥാനത്തിൽ പട്ടിക 1-ൽ കാണിച്ചിരിയ്ക്കുന്നു.

പട്ടിക-1

	പട്ടിക ജാതി		പട്ടികവർഗ്ഗം	
വാർഡ്	പുരു:	സ്ത്രീ.	പുരു:	സ്ത്രീ.
1	32	48	2	2
2	50	48	17	25
3	59	61	11	13
4	28	25	—	—
5	25	33	—	—
6	20	24	17	8
7	38	34	—	—
8	51	58	2	3
ആകെ	303	331	49	51

(അവലംബം: 1991 -ലെ സെൻഡസ്)

കുടികിടപ്പവകാശവും വിദ്യാഭ്യാസത്തെ തുടർന്നുണ്ടായ വളർച്ചയും സാമൂഹ്യമുന്നേറ്റത്തിന് വഴി തെളിച്ചു എങ്കിലും ഭൂരിഭാഗം കുടുംബങ്ങളും സാമ്പത്തികമായി പിന്നോക്കവസ്ഥയിലാണ്. നാലു സെൻറ മുതൽ പത്തുസെൻറുവരെ ഭൂമിയുള്ള കുടുംബങ്ങളുടെ എണ്ണം ഏതാണ്ട് തൊണ്ണൂറ്റിരണ്ട് ശതമാനത്തോളം വരും. 1983-ൽ ഈ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി -പട്ടിക വർക കുടുംബങ്ങളെയും പുനരധിവസിപ്പിച്ച് സമ്പൂർണ്ണ പുനരധിവാസ പ്രഖ്യാപനം നടത്തി. എന്നാലിപ്പോൾ ഒരു വീട്ടിൽ ഒന്നലധികം കുടുംബങ്ങൾ താമസിയ്ക്കുന്നതായും കാണുന്നുണ്ട്. നിലവിൽ രണ്ട് പട്ടികജാതി കോളനികളും ഒരു പട്ടികവർഗ്ഗകോളനിയും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ പേരും കുടംബങ്ങളുടെ എണ്ണവും പട്ടികയിൽ 2-ൽ കൊടുത്തിരിക്കുന്നു.

വാർഡ്	പേര്	കുടുംബങ്ങളുടെ എണ്ണം
1	മുഴയനാൽ പട്ടികജാതി കോളനി	78
3	കുറങ്കുടിപട്ടികവർഗ്ഗകോളനി, കരിപ്പക്കല്ല്	38
4	ചല്ലോലി പട്ടികജാതി കോളനി	22

അവലംബനം: പഞ്ചായത്ത് രേഖ

വിദ്യാഭ്യാസം

ഈ രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. മുഴുവൻ കുട്ടികളും സ്ക്കൂളിൽ പോകുന്നു എങ്കിലും പ്രൈമറിതലം മുതൽ ഹൈസ്ക്കൂൾ തലം വരെയും കൊഴിഞ്ഞുപോകാൻ സാധാരണയാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥയും ബോധമക്രമങ്ങളിലെ അപാകതകളുമാണ് പ്രധാനകാരണങ്ങൾ. രക്ഷകർത്താക്കൾക്കു ബോധവൽക്കരണം, അംഗൻവാടികളുടെ ഫലപ്രദമായ ഉപയോഗം, പഞ്ചായത്തല സ്ക്കൂൾ കോംപ്ലക്സ് ഉപയോഗിച്ചുള്ള പഠനനിലവാര പരിശോധന തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ പഠനം കാര്യക്ഷമവും രസകരവുമാക്കാം.

പഠനം രസകരമാകുമ്പോൾ അത് നിഷ്ഠയാവുകയും കൊഴിഞ്ഞുപോകൽ ക്രമേണ ഇല്ലാതാവുകയും ചെയ്യും. സാമ്പത്തികമായ പിന്നോക്കാവസ്ഥ പരിഹരി

യ്ക്കുവാൻ സാമൂഹികമായ തീരുമാനങ്ങളും നടപടികളും ഉണ്ടാവണം. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഭൂരിപക്ഷം കുട്ടികളും തോൽക്കുകയോ 210 മാർക്കുകാരായി വിദ്യാഭ്യാസത്തോട് വിടപറയുകയോ ചെയ്യുന്നവരാണ്. ജയിക്കുന്നവർ കോളജ് വിദ്യാഭ്യാസത്തിന് എത്തിയാലും ന്യൂനപക്ഷം മാത്രമാണ് ജയിച്ച് ബിരുദത്തിനെത്തുന്നത്. പ്രൈമറി ഘട്ടം മുതൽ തോൽവിയുടെ കാരണം മനസ്സിലാക്കി അപ്പപ്പോൾ പരിഹാരം നർദ്ദേശിയ്ക്കുന്ന തുടർപ്രക്രിയയിലൂടെ മാത്രമേ ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകുവാൻ കഴിയുള്ളൂ.

ഇങ്ങനെയുള്ള വിദ്യാർഥികളെ കണ്ടെത്തി പ്രത്യേകം ട്യൂഷൻ കൊടുത്താൽ പഠനത്തിലെ പിന്നോക്കാവസ്ഥ മാറ്റാവുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നും ലഭിയ്ക്കാവുന്ന ട്യൂഷൻ ഫീസ് അനുവദിപ്പിച്ച് റിട്ടയർചെയ്ത സമർത്ഥരും സേവനസന്നദ്ധരുമായ അദ്ധ്യാപകരെ ട്യൂഷൻ സെൻററുകളിൽ നിയമിയ്ക്കാവുന്നതാണ്. അതാതു വാർഡുകളുലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസപ്രവർത്തകരുടെ സേവനം ഇക്കാര്യത്തിൽ ഉപയോഗിയ്ക്കേണ്ടതാണ്. സാക്ഷരതാ പ്രവർത്തനത്തെ തുടർന്ന് പട്ടികജാതി വിഭാഗങ്ങളുടെ നിരക്ഷതാ നിർമ്മാർജ്ജനം കഴിഞ്ഞു എങ്കിലും തുടർ വിദ്യാഭ്യാസത്തിന്റെ അഭാവത്തിൽ പുത്തൻ നിരക്ഷരതയ്ക്കുള്ള സാദ്ധ്യത ഉണ്ട്. എന്നാൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ഇപ്പോൾ നിരക്ഷരർ ഉണ്ട് എന്നാണ് മനസ്സിലാക്കുന്നത്.

പാർപ്പിടം.

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. വിവിധ സർക്കാർ ഏജൻസികൾ വഴി ലഭിച്ച പാർപ്പിട പദ്ധതികൾ ഈ മേഖലയിൽ കുറെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ അനുവദിയ്ക്കുന്ന തുക നിർമ്മാണച്ചിലവിനു തികയുന്നില്ല. ഇക്കാരണത്താൽ, നിർമ്മിയ്ക്കുന്ന വീടിന്റെ ഉറപ്പോ ഭദ്രതയോ ലക്ഷ്യത്തിൽ എത്തുന്നില്ല. എസ്റ്റിമേറ്റ് തുക വർദ്ധിപ്പിയ്ക്കുന്നതിനോടൊപ്പം നിർമ്മിച്ച വീടുകളുടെ വാർഷിക അറ്റകുറ്റപ്പണിയ്ക്കുള്ള പലിശകുറഞ്ഞ വായ്പ ലഭ്യമാക്കുകയും ചെയ്യണം. വീടുകൾ അനുവദിയ്ക്കുമ്പോൾ തന്നെ അനുബന്ധസ്കീമായി കക്കൂസും അനുവദിച്ച് പണിപൂർത്തിയാക്കണം. നിലവിലുള്ള മൂന്ന് അംഗീകൃത കോളനികൾ കൂടാതെ പത്തോളം മറ്റ് കോളനികളും '5' -ലക്ഷംവീട് കോളനികളും പഞ്ചായത്തിൽ ഉണ്ട്. ഇവിടങ്ങളിലെ വീടുകൾ പൂർണ്ണമായോ ഭാഗികമായോ ജീർണ്ണാവസ്ഥയിലാണ്. ഇവർക്കെല്ലാം അടിയന്തരമായി പുതിയ വീടുകൾ നിർമ്മിച്ചു നൽകണം. ഒന്നിലധികം കുടുംബങ്ങൾ ഒന്നിച്ചുതാമസിയ്ക്കുന്ന വീടുകളിലെ ഉൾക്കുടുംബങ്ങൾക്ക് പാർപ്പിടസൗകര്യങ്ങൾ ഇനിയും ഉണ്ടാവണം.

തൊഴിൽ

പട്ടികജാതി-വർഗ്ഗ വിഭാഗങ്ങൾ ഭൂരിപക്ഷം കാർഷിക മേഖലയിൽ തൊഴിലെടുത്തു ജീവിച്ചു വരുന്നതാണ്. എന്നാൽ കാർഷികമേഖലയിലെ വ്യതിയാനങ്ങളെതുടർന്ന് ഈ രംഗത്ത് തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കുന്നു. ഇക്കാരണത്താൽ ജീവിയ്ക്കുവാനായി മറ്റ് മേഖലകളിൽ തൊഴിൽ തേടിപോകുവാൻ ഇവർ നിർബന്ധിതരാകുന്നു. ഇതിൽ ഭൂരിഭാഗവും നിർമ്മാണരംഗത്താണ് എത്തിച്ചേർന്നിരിയ്ക്കുന്നത്. എന്നാൽ തൊഴിലിലെ വിദഗ്ദ്ധ വിഭാഗമായ മേസ്തിരിപ്പണി ഇവർക്ക് അറിഞ്ഞുകൂടാത്തതിനാൽ മൈക്കാടുപണിയിലാണ് ഏർപ്പെട്ടുവരുന്നത്. സ്ത്രീ-പുരുഷഭേദമന്യേ ഈ മേഖലയിൽ പണിയെടുന്നുണ്ടെങ്കിലും ഇത് സീസൺ ജോലിയുടെ ഗണത്തിൽ മാത്രമേ പെടുത്തുവാൻ കഴിയുകയുള്ളൂ.വർഷത്തിൽ മൂന്നിലൊന്നു ദിവസങ്ങളും തൊഴിൽ രഹിതരായി കഴിയുന്നവരാണ് ഇവരിൽ ഏറെയും. ഒരു ചെറിയ വിഭാഗം തെങ്ങുകയറ്റം, അലക്ക്, റബ്ബർ, ടാപ്പിംഗ്, മൃഗസംരക്ഷണം എന്നീരംഗത്തും ഏതാണ്ട് രണ്ട് ശതമാനത്തിൽ താഴെയുള്ളവർ സർക്കാർ അർദ്ധസർക്കാർ മേഖലയിലും ജോലി ചെയ്തുവരുന്നു. ഭൂരിപക്ഷം വീട്ടമ്മമാരും യുവാക്കളും യുവതികളും തൊഴിൽ രഹിതരായി കഴിയുന്ന അവസ്ഥ വളരെ ഗൗരവമായി കാണേണ്ടതാണ്. സഹകരണാടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കണമെന്ന് എല്ലാ ഗ്രാമസഭകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

പൊതുശ്മശാനം.

പഞ്ചായത്തിൽ പൊതു ശ്മശാനം ഇല്ല. എല്ലാ ഗ്രാമസഭകളുടെയും പ്രധാന ആവശ്യമാണ് ശ്മശാനം നിർമ്മിയ്ക്കണമെന്നുള്ളത്. പാർപ്പിട സൗകര്യം മാത്രമുള്ള ഈ കുടുംബങ്ങൾക്ക് ശവസംസ്കാരം വലിയൊരു സാമൂഹ്യപ്രശ്നമായിമാറിയിട്ടുണ്ട്. പഞ്ചായത്തിലെ സ്ഥലപരിമിതിയും പരിസ്ഥിതി പ്രശ്നങ്ങളും ഒഴിവാക്കാൻ ചെലവ് അധികമാണെങ്കി

ലും ഒരു വൈദ്യുതിശ്മശാനം നിർമ്മിയ്ക്കുന്ന കാര്യം ഗൗരവമായി പരിഗണിയ്ക്കേണ്ടതാണ്. ഇതിനുള്ള സാദ്ധ്യത ഇല്ലങ്കിൽ സാധാരണശ്മശാനം നിർമ്മിച്ച് സ്പോടനാത്മകമായ ഈ സ്ഥിതിയ്ക്ക് പരിഹാരം ഉടൻ കാണേണ്ടതാണ്.

വൈദ്യുതി.

പഞ്ചായത്തിലെ എല്ലാവാർഡുകളിലെയും പട്ടികജാതി-വർഗ്ഗ വീടുകളിലും വൈദ്യുതി എത്തിയ്ക്കണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ട്. വയറിംഗ് നടത്തി മാസങ്ങൾ കഴിഞ്ഞിട്ടും വൈദ്യുതി എത്തിയ്ക്കാത്ത സ്ഥിതി അംഗീകൃത കോളനികളിലുണ്ട്. ഈ രംഗത്ത് സർക്കാർ നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ നിർബന്ധമായും മുൻഗണന നൽകേണ്ടതാണ്. അതുപോലെ അനർട്ടിന്റെ സൗരോർജ്ജ പാനലുകൾ സൗജന്യമായി ലഭ്യമാക്കുന്നതിലും പഞ്ചായത്ത് ദ്രുതനടപടികൾ സ്വീകരിയ്ക്കണം. ഇന്ധനലാഭത്തിനായി പുകയില്ലാത്ത അടുപ്പുകൾ വച്ചുകൊടുത്തു വിറകിനാവശ്യമായ വനവൽക്കരണം നടത്തിയും വരാൻ പോകുന്ന ഇന്ധനക്ഷാമത്തിന് മുൻകരുതലെടുക്കണം.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി നേടിയിട്ടില്ല.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. മറ്റ് മേഖലയിൽ തൊഴിൽ വർദ്ധിയ്ക്കുന്നില്ല. ജീവിതം കൂടുതൽ പ്രയാസത്തിലാകുന്നു.
3. ആരോഗ്യപരിപാലനത്തിനുള്ള സൗകര്യങ്ങൾ കുറവാണ്. മാരകമായ രോഗത്തിനുള്ള ചികിത്സ ചിലവ് വഹിക്കുവാൻ കഴിയുന്നില്ല.
4. കുടിവെള്ളം ആവശ്യത്തിനില്ല.
5. പൊതുശ്മശാനം ഇല്ല.
6. എല്ലാവർക്കും സ്വന്തമായിവീടില്ല.
7. വീടുവയ്ക്കാൻ സ്ഥലമില്ല.
8. നിർമ്മിയ്ക്കുവാൻ അനുവദിക്കുന്ന തുക തികയുന്നില്ല.
9. വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം.
10. ചല്ലോലി കോളനിയിൽ കയ്യാല നിർമ്മിച്ച് മണ്ണൊലിപ്പ് തടയണം.

പട്ടികജാതി-വർഗ്ഗ കോളനികൾ, ലക്ഷംവീട്കോളനികൾ, മറ്റ് കോളനികൾ, ഒറ്റപ്പെട്ട വീടുകൾ-ഇവിടെ കക്കൂസ് നിർമ്മിയ്ക്കായ്ക ഉണ്ട്. തന്മൂലം ആരോഗ്യ പ്രശ്നം, പരിസരമലിനീകരണം, ജലമലിനീകരണം എന്നിവ ഉണ്ടാകുന്നു. പ്രത്യേകിച്ചും 'നിർമ്മൽ 2000' എന്ന പദ്ധതി ഒരു യാഥാർത്ഥ്യമാക്കുവാനുള്ള ജീല്ലയുടെ തീരുമാനത്തിൽ നിന്നും പഞ്ചായത്തിനു മാറി നിൽക്കുവാൻ കഴിയുകയിമില്ലല്ലോ. ഗുണഭോക്താക്കളുടെ കൃത്യമായ സ്ഥിതിവിവരം ലഭ്യമല്ലാത്തതിനാൽ ഉടനെ തന്നെ പ്രാഥമിക സർവ്വെ നടത്തി അതിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണം നടത്തേണ്ടതുമാണ്.

കുടിവെള്ളം

നമ്മുടെ പഞ്ചായത്തിലെ മുഖ്യപ്രശ്നം കുടിവെള്ളക്ഷാമമാണ്. ഏതാണ്ട് 75 ശതമാനത്തോളം ജനങ്ങളും കുടിവെള്ളക്ഷാമത്തിന്റെ പിടിയിലാണ്. ജലക്ഷാമത്തെ തുടർന്ന് എല്ലാ വർഷങ്ങളിലും പകർച്ചവ്യാധികൾ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലയിൽ ഉണ്ടാവുന്നുണ്ട്. ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പറഞ്ഞാൽ മഞ്ഞപ്പിത്തം, വയറുകടി, ചിക്കൻ പോക്സ്, ഛർദ്ദിയും അതിസാരവും തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുന്നു. ആയതുകൊണ്ട് കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ ഉള്ള കർമ്മ പരിപാടികൾ രൂപീകരിക്കണം.

പ്രധാനമായും ശ്രദ്ധിക്കേണ്ടത് നമ്മുടെ പ്രാഥമിക ജലസ്രോതസ്സുകളുടെ സംരക്ഷണവും ഉപയോഗവുമാണ്. നിലവിലുള്ള മുഴുവൻ പൊതുകിണറുകളും നന്നാക്കിയും ആവശ്യത്തിനു താഴ്ത്തിയും മൂടികൾ ഇട്ട് സംരക്ഷിക്കണം. അവയുടെ സംരക്ഷണ ചുമതല പ്രാദേശിക ഗുണഭോക്താക്കളുടെ കമ്മറ്റികളെ ഏൽപിയ്ക്കണം. അവയുടെ സംരക്ഷണ ചുമതല പ്രാദേശിക ഗുണഭോക്താക്കളുടെ കമ്മറ്റികളെ ഏൽപിയ്ക്കണം കൂടാതെ കിണർ നിർമ്മാണത്തിന് ബന്ധപ്പെട്ട എൻജിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് തുക മുഴുവനും ചെലവാക്കി കിണറുകൾ നർമ്മിയ്ക്കുക. ഈ ആവശ്യത്തിനായി വിവിധ ഏജൻസികളിൽ നിന്നും ലഭിയ്ക്കുന്ന തുകകൾ പരമാവധി പ്രയോജനപ്പെടുത്തണം. ശുദ്ധജല വിതരണത്തിനായി പട്ടികജാതി-വർഗ്ഗ വികസനവകുപ്പ് നൽകുന്ന തുക ഉപയോഗിച്ച് മോട്ടോറുകളും പൈപ്പുകളും സ്ഥാപിച്ച് പ്രവർത്തനം ത്വരിതപ്പെടുത്തണം. ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാവുന്ന ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ പട്ടിക 3-ൽ കൊടുത്തിരിക്കുന്നു. ഇവ പട്ടികജാതി-വർഗ്ഗ കോളനികൾക്കും ഇതര ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. കുടിവെള്ളത്തിനുവേണ്ടി ആവശ്യമായ മനുഷ്യാദ്ധ്വാനം ഗ്രാമസഭകളിൽ നിന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്.

വാർഡ്	സാദ്ധ്യതകൾ	ഗുണഭോക്താക്കൾ/പ്രദേശങ്ങൾ
1	4-ാം വാർഡിലെ കദളിമറ്റത്തും വേളൂർക്കാട്ടും വറ്റാത്ത ജലസ്രോതസ്സുകൾ ഉണ്ട്. അവിടെ കുളങ്ങൾ നിർമിച്ച് മുതുമരത്തിൽ തകിടിയിൽ ടാങ്കുകെട്ടി ജലം സംഭരിക്കുക. നിലവിലുള്ള വേളൂർക്കാട് കിണർ, കെട്ടി മൂടി നിർമ്മിയ്ക്കുക. 1-ാം വാർഡിലെ ജലവിതരണം തുടരുക. പൈപപും ടാപ്പും നന്നാക്കി ഉപയോഗയോഗ്യമാക്കുക. ആശാൻ പടിയിൽ കുളം നിർമ്മിച്ച് മുഴയനാൽ, 58 കോളനി എന്നിവിടെ കുടിവെള്ളം എത്തിക്കുക.	മുഴയനാൽ കോളനി, മുക്കാലി ലക്ഷം, വീടുകോളനി, മൈലാടിക്കര, മുക്കാലിപ്രദേശം, മുഴയനാൽ പ്രദേശം
2	ഉതിരാലമറ്റത്ത് കുളവും നെടുമാവ് കുന്നിൽ ടാങ്കും നിർമ്മിയ്ക്കുക. പ്ലംബിഗ് നടത്തുക.	ഉതിക്കുഴ കോളനിയും പരിസരപ്രദേശങ്ങളും
3	കുറുങ്കുടിയിലും കയ്യൂരിയിലും വറ്റാത്ത ജലസ്രോതസ്സുകൾ ഉണ്ട്. ഇവിടെ കുളങ്ങൾ നിർമ്മിച്ച് നിലവിലുള്ള ഇടത്തിനകം ടാങ്കിൽ ശേഖരിക്കുക.	കുറുങ്കടി കോളനി, പച്ചനാക്കുഴി, ചാമുണ്ടി -പാറത്താനം തുടങ്ങിയ പ്രദേശങ്ങൾ.
4	കൂവപ്പൊയ്കയിൽ പുളിയ്ക്കത്തോടിനുസമീപം ബ്ലോക്ക് പഞ്ചായത്ത് നേതൃത്വത്തിൽ കുളം നിർമിക്കാവുന്നതും രണ്ട് പഞ്ചായത്തുകൾക്ക് പ്രയോജനം ഉണ്ടാക്കാവുന്നതുമാണ്.	അരുവിക്കുഴി കോളനി, കൂരോപ്പട, പഞ്ചായത്തിന്റെ ഭാഗം.
5	അമ്പഴത്തു കുന്നിൽ ടാങ്ക് നിർമ്മിച്ച് അമ്പിയിൽ കുളത്തിൽ നിന്നും ജലം ശേഖരിക്കുന്ന പദ്ധതി.	ഹരിപ്പാട് കോളനിയിലും പരിസരപ്രദേശങ്ങളിലും
6	പുളിയാനിക്കര കുളവും പെരുമ്പാറയിൽ ടാങ്കും നിർമ്മിച്ച് ജലം ശേഖരിച്ച് വിതരണം നടത്തുക.	പെരുമ്പാറ കോളനി പരിസരപ്രദേശങ്ങൾ
7	നിലവിലുള്ള ഐ.ടി.ഐ. പമ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക. പൈപ്പുകളും ടാപ്പും നന്നാക്കുക.	വള്ളോത്തിയാമല, 8-ാം വാർഡിന്റെ ചില ഭാഗങ്ങൾ.
8	ആണ്ടുക്കുന്നേൽ കുളം നിർമ്മിച്ച് മനപ്പാട്ട് കുന്നിൽ ടാങ്കിൽ വെള്ളംശേഖരിക്കുക.	ഇളമ്പള്ളി ലക്ഷംവീടു കോളനിയും പരിസരപ്രദേശവും
9	ചല്ലോലി പമ്പ് ഹൗസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. പുല്ലാന്നിത്തകിടിയിൽപൈപ്പ് ലൈനുകൾ നീട്ടുക.	പുല്ലാന്നിത്തകിടി, എലിക്കുളം തകിടി പരിസരപ്രദേശങ്ങൾ.
10	റോഡുപണിക്കുവേണ്ടി നിർത്തിവച്ചിരിക്കുന്ന മറ്റപ്പള്ളി പുല്ലാന്നിത്തകിടി ശുദ്ധജലവിതരണ പദ്ധതി പുനഃസ്ഥാപിക്കുക. സപ്ലൈ ലൈനുകളിൽ നന്നാക്കി, പൈപ്പുകൾ മാറി, ടാപ്പുകൾ നന്നാക്കി കാര്യക്ഷമമാക്കുക. (റോഡുപണി തീർന്നിരിക്കുന്നു)	വെള്ളറ കോളനി, ഇളമ്പള്ളി, നെയ്യാട്ടുശ്ശേരി, മഞ്ഞാളരുകിൽ വിഷചികിത്സാകേന്ദ്രം തുടങ്ങിയവ.
11	കരിനാട്ട് നിലവിലുള്ള പഞ്ചായത്ത് കിണർ ആഴം കൂട്ടി മുകളേൽ ടാങ്കിൽ ശേഖരിച്ച് വിതരണം നടത്തുക.	മുകളേൽ പുൽത്തിട്ട കോളനി പ്രദേശങ്ങൾ.

ഗ്രാമസഭ നിർദ്ദേശങ്ങൾ

1. രണ്ടാം വാർഡിൽ നെടുമാവ് എന്നസ്ഥലത്ത് പട്ടികജാതി കോളനി അനുവദിക്കണം.
2. നിലവിലുള്ള പട്ടികജാതി-വർഗ്ഗ കോളനികളിൽ കമ്മ്യൂണിറ്റി ഹാൾ പണിയുക, അനൗപചാരിക വിദ്യാഭ്യാസകേന്ദ്രം തുടങ്ങുക, ടി.വി. സെറ്റ്, ദിനപത്രം എന്നിവ നൽകുക.
3. പട്ടികജാതി വർഗ്ഗ വിദ്യാർത്ഥികൾക്കായി കായിക-കലാസാംസ്കാരിക പ്രവർത്തനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുക.
4. പട്ടികജാതി-വർഗ്ഗ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുക.
5. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെണ്മക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
6. കർഷക തൊഴിലാളികൾ, വികലാംഗർ, വിധവകൾ, വൃദ്ധജനങ്ങൾ തുടങ്ങിയവർക്ക് പെൻഷൻ നൽകുന്നില്ല.
7. ഇൻറർവ്യൂവിനു പോകുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രച്ചിലവ് നൽകുന്നില്ല.
8. പട്ടികജാതി-വർഗ്ഗ കോളനികളിലേക്കുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുക.
   മന്ദിരം-ചല്ലോലി കോളനി , ചപ്പാത്ത് മുഴയനാൽ കോളനി-ആശാൻവടി റോഡ്, കുറുങ്കുടി കോളനി(എസ്.ടി.) കരിപ്പക്കല്ല്-ആറ്റുകുഴി റോഡ്.
9. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
10. പൊതുവിതരണ കേന്ദ്രത്തിലെ അഴിമതികൾ തടയണം. ബില്ലുചോദിച്ചാലും നൽകുന്നില്ല. നിർബന്ധിച്ചാൽ കയ്യേറ്റത്തിനു ശ്രമിക്കുന്നു.
11. കടക്കെണിയിൽ നിന്നും രക്ഷപ്പെടുന്നില്ല. പട്ടികജാതി-വർഗ്ഗക്കാരുടെ കടങ്ങൾ എഴുതി തള്ളുക.
12. പട്ടികജാതി-വർഗ്ഗങ്ങൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുവാൻ പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കുക.
13. ക്ഷേമപ്രവർത്തനങ്ങൾ അറിയിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ ആരംഭിക്കുക.
14. പഞ്ചായത്തിലെ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലന സൗകര്യം ഉണ്ടാകണം.
15. പഞ്ചായത്ത് തലത്തിൽ പട്ടികജാതി-വർഗ്ഗ സഹകരണ സംഘം രൂപീകരിക്കുക.
16. പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിൽ വ്യവസായയൂണിറ്റ് സ്ഥാപിക്കുക.

പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടെ തൊഴിൽ സംരംഭങ്ങൾക്കായുള്ള ചില സാദ്ധ്യതകളുടെ നിർദ്ദേശങ്ങളും പട്ടിക 4-ൽ ചേർക്കുന്നു.

സാദ്ധ്യതകൾ	ഗുണഭോക്താവ്
സ്വയം സഹായ മഹിളാസംഘങ്ങൾ രൂപീകരിച്ച്, പച്ചക്കറി വിപണനം, മത്സ്യവിപണനം, പലവ്യഞ്ജനം, കോഴിവളർത്തൽ തുന്നൽപ്പണി തുടങ്ങിയവ (കടവാടക ഇല്ലാത്ത അദ്ധ്വാനമാർഗ്ഗമാണ് അഭികാമ്യം)	എല്ലാ വാർഡുകളിലേയും പട്ടികജാതി വനിതകൾ
സ്ത്രീ പുരുഷ വിഭാഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കുക. നിർമ്മാണ രംഗത്ത് പരിശീലനം കൊടുക്കുക. തൊഴിൽ ഏറ്റെടുത്തു നടത്തുന്നു.	എല്ലാ വാർഡുകളിലെയും സ്ത്രീ-പുരുഷ തൊഴിലാളികൾ
ഓട്ടോ ഇലക്ട്രിക് വർക്ക്ഷോപ്പ്. തൊഴിലും തൊഴിൽ പരിശീലനവും	തൊഴിൽ രഹിതരായ യുവാക്കൾ
പത്ത് സെൻറും അതിൽ കൂടുതലും ഭൂമിയുള്ളവർക്കു വേണ്ടി പച്ചക്കറികൃഷി.	വനിതകൾക്ക് വീട്ടുജോലിക്കു പുറമെ
പായ്, കൊട്ട, മുറം, പനമ്പ്, ഇവയുടെ നിർമ്മാണം.	സ്ത്രീ-പുരുഷന്മാർ
കൂൺകൃഷി	വനിതകൾക്ക് വീട്ടുജോലിക്ക് പുറമെ

പഞ്ചായത്തിൻെറ പ്രാഥമിക സർവ്വെയുടെ അഭാവത്തിൽ കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ല.പദ്ധതികളും, സ്കീമുകളും രൂപപ്പെടുത്തുമ്പോൾ ഈ കണക്കുകൾ അത്യാവശ്യമാകയാൽ ഇതിനു വേണ്ടിയുള്ള പ്രവർത്തനം ഉടനെ നടത്തേണ്ടതും, അതിനാവശ്യമായ വിഭവം വകകൊള്ളിക്കേണ്ടതുമാണ്. ✱

5.12 വിഭവ സമാഹരണം

കാർഷികപ്രധാനമായ ഒരു പഞ്ചായത്താണ് നമ്മുടേത്. മുഖ്യമായും റബ്ബർ, തെങ്ങ് ഇവയെ ആശ്രയിച്ചാണ് കഴിയുന്നത്. ജനങ്ങളിൽ നല്ലൊരു പങ്ക് കൃഷിക്കാരും കർഷക തൊഴിലാളികളുമാണ്. റബ്ബർ, നാളികേരം എന്നിവയുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ നമ്മുടെ ഗ്രാമീണ സമ്പത്ത് ഘടനയിൽ കൂടെകൂടെ മാറ്റങ്ങൾ വരുത്തുന്നുണ്ട്. റബ്ബറും, നാളികേരവും വൻതോതിൽ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും അവയിലൂന്നിയ വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല. റബ്ബർ കൃഷിയുടെ വികസനത്തോടൊപ്പം അവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ കൂടി വന്നാലേ നമുക്ക് പുതിയ വിഭവ സമാഹരണ മേഖല കണ്ടെത്താനാവൂ. ആകയാൽ റബ്ബർ, നാളികേരം അധിഷ്ഠിതമായ വ്യവസായങ്ങൾ ആരംഭിക്കേണ്ടതുണ്ട്. അത് നമ്മുടെ ഗ്രാമീണ സമ്പത്ത് ഘടനയും അതുവഴി പുതിയ വിഭവ സമാഹരണത്തിനുള്ള മാർഗ്ഗം തുറക്കുകയും ചെയ്യും. ഇതിന് ഉപയുക്തമായ രീതിയിൽ പഞ്ചായത്തിന്റേതായി മിനി വ്യവസായമേഖല ആരംഭിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനമായിട്ടുള്ളത് ഈ നാട്ടിലെ വ്യാവസായിക നിശ്ചലതയാണ്. ചെറുകിട വ്യവസായങ്ങളോ, വൻകിട വ്യവസായങ്ങളോ, പരമ്പരാഗത വ്യവസായങ്ങളോ ഒന്നും തന്നെ പള്ളിക്കത്തോട്ടിൽ ഇല്ല. ഇതിനെല്ലാം ഉള്ള തടസ്സം വൈദ്യുതി ദൗർലഭ്യമാണ്. അതുമൂലം പല വ്യവസായങ്ങളും തുടങ്ങുവാൻ കഴിയാതെ വരുന്നു. ആയതിലേക്ക് പുതിയ വ്യവസായ സംരംഭവുമായി വരുന്നവർക്ക് അവരെ നിരാശരാക്കാതെ ആയവ തുടങ്ങുന്നതിനുള്ള പ്രോത്സാഹങ്ങൾ നല്കി ചുവപ്പുനാടയിൽ കുരുങ്ങാതെ, പെട്ടെന്ന് ചെയ്ത് കൊടുക്കുവാനുള്ള സന്നദ്ധത ഉദ്യോഗസ്ഥ അനുദ്യോഗസ്ഥർക്കും അതോടൊപ്പം വരുന്ന വ്യവസായങ്ങളെ നിസ്സാരകാര്യങ്ങൾ പറഞ്ഞ് തടയാതിരിക്കുവാൻ ജനങ്ങളും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഈ നാട്ടിൽ തന്നെ അപ്രകാരം ചില വ്യവസായങ്ങൾ നടക്കാതെയും പോയിട്ടുണ്ട് എന്നുള്ള കാര്യം ഈ അവസരത്തിൽ വിസ്മരിക്കുന്നില്ല.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും നില നിർത്താതെ ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വച്ച് തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. ഗ്രാൻറുകൾ കിട്ടുന്നതിലെ കാലതാമസം ഒഴിവാക്കുകയും വേണം.

പള്ളിക്കത്തോട് പഞ്ചായത്തിലെ ധനസ്ഥിതി കാണിക്കുന്ന കണക്കുകൾ.

1995-96 വർഷത്തെ കണക്കുകൾ

ഇനം	പിരിച്ചത്	കുടിശിക
കെട്ടിടനികുതി	149821-17	61301-15
സർവ്വീസ് ചാർജ്	46905-78	19567-40
തൊഴിൽ നികുതി	83062-00	5071-00
വാഹനനികുതി ഗ്രാൻറ്	193570-00	Nil
വിനോദനികുതി	34908	Nil
അധിക വിനോദ നികുതി	232-72	Nil
പ്രദർശന നികുതി	90-00	Nil
പ്രദർശനനികുതി സർചാർജ്	42-50	Nil
ചന്തവരവ്	11900-00	Nil
ലൈബ്രറി സെസ്സ്	Nil	19513-00
ലൈസൻസ് ഫീസ്	2287-00	Nil
കെട്ടിടവാടക	144507-00	Nil
വസ്തു കൈമാറ്റ നികുതി 75%	44447-00	Nil
വസ്തു കൈമാറ്റ നികുതി 25%	100000-00	Nil
സർക്കാർ ഗ്രാൻറുകൾ	43917-00	Nil
എസ്റ്റാബ്ലിഷ്മെൻറ്	Nil	Nil
മൈനർ ഇറിഗേഷൻ ഗ്രാൻറ്	Nil	Nil
അൺടൈഡ് ഫണ്ട്	238140-00	Nil
ഡെപ്പോസിറ്റ്	240-59	Nil
മറ്റുള്ളവ	55736-90	Nil

1995-96 വർഷത്തെ ചെലവ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു

ഇനം	തുക
ഭരണച്ചെലവ്	456101-75
പൊതുമരാമത്ത്	431856-00
വിദ്യാഭ്യാസം	27840-20
ജലവിതരണം	
പൊതുജനാരോഗ്യം	5490-00
തെരുവുവിളക്കുകൾക്ക്	65940-00
വൈദ്യുതി ചാർജ്	9393-00
മറ്റുള്ളവ	133536-60

1995-96 ൽ വിവിധ വകുപ്പുകളിൽ നിന്ന് കിട്ടിയത്

മൃഗസംരക്ഷണം	1040-00
ആരോഗ്യം	53970-00
കൃഷി	261735-00
സ്കൂളുകൾ നന്നാക്കാൻ	1000-00
പട്ടികജാതി വർഗ്ഗക്ഷേമം	5000-00

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ കഴിയും. പഞ്ചായത്തിൽ നിലവിൽ വന്നിരിക്കുന്ന വാർഡ് പ്രതിനിധികളും, പ്രവർത്തക സമിതിയും കൂട്ടായി പരിശ്രമിച്ചുകൊണ്ട് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്ന ആദ്യത്തെ പഞ്ചായത്താക്കാൻ പള്ളിക്കത്തോടിന് കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നേറും. ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം പഞ്ചായത്തിന് കൊടുക്കാൻ സാധ്യമാകുന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. നികുതി പിരിവ് കാര്യക്ഷമമാക്കുക.
2. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാകരുത്. വരുമാനത്തിന്റെ ഒരു ചെറിയ ശതമാനമേ നികുതിയായി പാടുള്ളു.
3. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം. നികുതി വെട്ടിപ്പ് നടത്താൻ അനുവദിക്കരുത്.
4. ചെലവിന്റെ കാര്യത്തിൽ സുതാര്യതത ഉണ്ടാക്കിക്കൊണ്ട് നികുതിപ്പണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കുന്നു എന്ന് നികുതിദായകർക്ക് ബോധ്യപ്പെടണം.
5. നികുതി പിരിക്കുന്ന തുകയുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും, അത് ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം പഞ്ചായത്ത് ആഫീസിൽ ഉണ്ടാകണം.

1. കെട്ടിടനികുതി

കെട്ടിടനികുതി ശാസ്ത്രീയമായി കണക്കാക്കണം. വീട് നിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്കരിക്കാവുന്നതാണ്. പഞ്ചായത്തിലെ ഇന്നത്തെ വീടുകളുടെ അശാസ്ത്രീയമായ അസ്സസ്സ്മെൻറ് സമ്പ്രദായം ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതാണ്. ഗ്രാമസഭകളിൽ നികുതി പിരിക്കുന്ന സ്ഥലവും സമയവും അറിയിക്കേണ്ടതാണ്.

2. തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലും, എയ്ഡഡ് സ്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവരിൽ നിന്നും മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളു. ഇപ്പോൾ നിലവിലുള്ള പരമാവധി തൊഴിൽ നികുതി വർഷത്തിൽ 2500/- രൂപ എന്നുള്ള നിരക്ക് ഉയർത്തണം. മുഴുവൻ ബിസിനസ്സുകാരെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരണം.

3. വിനോദനികുതി

പള്ളിക്കത്തോട്ടിൽ പ്രവർത്തിക്കുന്ന സിനിമ തിയേറ്ററിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ നികുതി വരുമാനത്തിൽ മാറ്റം വരുന്നതാണ്. പ്രദർശന നികുതിയായ രണ്ട് രൂപ പത്ത് രൂപയാക്കി ഉയർത്തുകയും ചെയ്യണം. കോമ്പൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്യണം.

പള്ളിക്കത്തോട് പഞ്ചായത്തിന്റെ ലക്ഷങ്ങൾ വിലമതിക്കുന്ന സ്ഥലത്ത് പണി നടന്നുകൊണ്ടിരിക്കുന്ന ശ്രീ. പിറ്റനാൽ അയ്യപ്പൻ പിള്ള മെമ്മോറിയൽ ആഡിറ്റോറിയത്തിന്റെ പണികൾ പൂർത്തീകരിച്ച് വാടകയ്ക്ക് കൊടുത്താൽ പഞ്ചായത്തിന് വരുമാന വർദ്ധനവുണ്ടാക്കാവുന്നതാണ്.

4. മാർക്കറ്റ്

പള്ളിക്കത്തോട് പഞ്ചായത്തിന് ഇപ്പോൾ ഇളമ്പള്ളിയിലും, പള്ളിക്കത്തോട് ചന്ത ഭാഗത്തും മാംസക്കടകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. നിന്നുപോയ പള്ളിക്കത്തോട്ടിലെ മാർക്കറ്റ് പ്രവർത്തനം ആരംഭിക്കുകയും കവലയിൽ പ്രവർത്തിക്കുന്ന എല്ലാ മത്സ്യക്കടകളും ചന്തയിലേയ്ക്ക് മാറ്റി ചന്ത സജീവമാക്കേണ്ടതാണ്.

5. ബസ്സ്റ്റാൻറ്

പള്ളിക്കത്തോട് പഞ്ചായത്ത് ബസ്സ്റ്റാൻറ് അറ്റകുറ്റപ്പണികൾ നടത്തി ബസ്സുകൾ യഥേഷ്ടം കയറി ഇറങ്ങുവാനും യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഒരു ബസ്സിന് പിരിക്കുന്ന ടോൾ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി രണ്ട് രൂപയിൽ നിന്ന് നിയമാനുസൃതമുള്ള വർദ്ധിപ്പിച്ച നിരക്ക് ഈടാക്കേണ്ടതാണ്. ബസ്സ്റ്റാൻറിൽ പണിതിരിക്കുന്ന കെട്ടിടത്തിൻെറ മുകളിൽ ഒരുനില, മുറികളായി പണിയുകയും അത് വാടകയ്ക്ക് കൊടുക്കുകയും ചെയ്യുക. ബസ്സ്റ്റാൻഡിൻെറ മുൻഭാഗത്ത് ഒഴിച്ചിട്ടിരിക്കുന്ന സ്ഥലത്ത് റൗണ്ടിൽ ചെറിയ ബങ്കുകൾ പണിത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും വരുമാന വർദ്ധനവുണ്ടാക്കുകയും ചെയ്യാം.

6. വാഹനങ്ങൾ

ഒരു ഓട്ടോ സ്റ്റാൻഡും, ടാക്സി സ്റ്റാൻഡും നിർമ്മിക്കുകയും അതുവഴി റോഡിലെ തിരക്ക് കുറയുകയും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം. വെഹിക്കിൾ ടാക്സ്പിരിക്കുന്നതിൻെറ വിഹിതം കൃത്യമായി പഞ്ചായത്തിന് നൽകണം.

7. പുറമ്പോക്ക് ഭൂമി

നമ്മുടെ പഞ്ചായത്തിൽ റോഡുകളും തോടുകളും ഉൾപ്പെടെ 125 ഹെക്ടർ 55 ആർ 95 ച. മീ. പുറമ്പോക്ക് ഭൂമിയുണ്ടെന്നാണ് കണക്ക്. ആയത് പഞ്ചായത്തിൽ നിക്ഷിപ്തമാണെങ്കിലും കൈവശത്തിലല്ല. കാലാകാലങ്ങളായി ഓരോരുത്തർ കൈവശം വച്ച് അനുഭവിക്കുകയാണ്. ആയത് ഒഴിപ്പിച്ചെടുക്കുക എന്നുള്ളത് ശ്രമകരവും വളരെ കാലതാമസം നേരിടുന്നതുമായ പ്രശ്നമാണ്. ഈ ഭൂമി ഗവൺമെൻറ് നിയമങ്ങളിൽ മാറ്റം വരുന്നതുവരെ കൈവശക്കാർക്ക് കുത്തകപ്പാട്ടത്തിന് നൽകി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്ത് പുറമ്പോക്കിലുള്ള വനവൃക്ഷങ്ങൾ നമ്പരിടുകയും കേടായവ ലേലം ചെയ്ത് പഞ്ചായത്തിന് മുതൽ കൂട്ടുകയും ചെയ്യുക. പഞ്ചായത്തിലെ പി.ഡബ്ല്യു. ഡി. പുറമ്പോക്കുകൾ പൂർണ്ണമായും പഞ്ചായത്തിനെ ഏല്പിക്കുക. അവയിൽ തേക്കുമരങ്ങൾ വച്ചുപിടിപ്പിക്കുക. പഞ്ചായത്തിൻെറ അരുവിക്കുഴിയിലുള്ള സ്റ്റേഡിയത്തിന് ചുറ്റും തേക്കുമരങ്ങൾ വച്ചു പിടിപ്പിക്കുക.

8. ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണബാങ്കും, അതിൻെറ മൂന്ന് ശാഖകളും, ഒരു സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ശാഖയും, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർ പ്രൈസസിൻെറ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്. നല്ല രീതിയിൽ നിക്ഷേപം സമാഹരിക്കുന്ന ബാങ്കുകൾ തദനുസരണമായ രീതിയിൽ വായ്പകൾ അനുവദിക്കുന്നില്ല എന്നുള്ളത് ഒരു സത്യമാണ്. വിദേശത്ത് ഈ പഞ്ചായത്തിൽ നിന്നും ആൾക്കാർ ഉണ്ടെങ്കിലും അവരുടെ നിക്ഷേപങ്ങൾ മുഴുവൻ നമ്മുടെ ബാങ്കുകളിലല്ല. വായ്പകൾ അനുവദിക്കുന്നതിലൂടെ മാത്രമേ പുതിയ പുതിയ സംരംഭങ്ങൾ ഉണ്ടാകൂ. ബാങ്കുകളും പഞ്ചായത്തും ഉൾപ്പെടെ കമ്മറ്റികൾ ഉണ്ടാകുകയും വായ്പാ നിക്ഷേപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യണം. ഷെഡ്യൂൾഡ് ബാങ്കിൻെറ ഒരു ശാഖ കൂടി പള്ളിക്കത്തോട്ടിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മറ്റു ധനാഗമമാർഗ്ഗങ്ങൾ

1. പരസ്യബോർഡുകൾക്ക് നികുതി ഈടാക്കുക.
2. എൻ.എസ്.ബി. വഴി സ്വരൂപിക്കുന്ന തുകയുടെ 25% പഞ്ചായത്തിൻെറ വികസനങ്ങൾക്ക് ഉപാധി കൂടാതെ വിനിയോഗിക്കുന്നതിന് വിട്ടുകൊടുക്കുക.
3. മാനവശേഷി പരമാവധി ഉപയോഗിക്കുക.
4. ഭൂമി, ധനം, മാനവശേഷി ഈ വക സംഭാവനകൾ ലഭിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുക.
5. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ നൽകുവാൻ മാന്യ വ്യക്തികളിൽ നിന്നും എൻഡോവ്മെൻറുകൾ സ്വരൂപിക്കുക.
6. വിദ്യാഭ്യാസ ആരോഗ്യ പ്രവർത്തനങ്ങൾക്കായി പ്രത്യേക നിധി സ്വരൂപിക്കുക.
7. പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും, നഷ്ടപരിഹാരം ഈടാക്കുകയും ചെയ്യുക.
8. ഈ പഞ്ചായത്തിലെ റവന്യൂ പുറമ്പോക്കായ പെരുമ്പാറ, പഞ്ചായത്തിന് വിട്ടു തരിക. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാറമടകൾക്ക് പഞ്ചായത്തിൻെറ ലൈസൻസ് നിർബന്ധമാക്കുകയും വരുമാന പരിധിക്കുള്ളിൽ കൊണ്ടുവരുകയും ചെയ്യുക.
9. പഞ്ചായത്ത് തലത്തിൽ ദുരിതാശ്വാസ ഫണ്ട് രൂപീകരിക്കുക.
10. വിവിധ ഏജൻസികളെ ബന്ധപ്പെടുത്തി വാർഡുകൾ തോറും ഫ്ളാറ്റുകൾ നിർമ്മിച്ച് വീടില്ലാത്തവർത്ത് വാടകയ്ക്ക് കൊടുക്കുക.
11. എസ്റ്റിമേറ്റുകൾ പാസ്സാക്കുന്നതിൽ വിവിധ ഏജൻസികളിലുള്ള കാലതാമസം ഒഴിവാക്കുക.
12. വെള്ളക്കരം കുടിശിഖ എഴുതിതള്ളുകയും, ജലവിതരണം പൂർണ്ണമായും പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

ചെലവുകൾ

നമ്മുടെ പഞ്ചായത്തിലെ റോഡുകൾക്ക് റിപ്പയറിംഗ് പണികൾ നടത്താൻ ഫണ്ട് ചെലവഴിക്കേണ്ടതാണ്. പല സ്കീമിൽ പെടുത്തി പണിത റോഡുകളുടെ പുനരുദ്ധാരണ പണികൾ നടത്തേണ്ടത് അത്യാവശ്യ കാര്യമാണ്.

പഞ്ചായത്തിന്റെ ഭരണച്ചെലവുകൾ ലഘൂകരിക്കേണ്ടതാണ്.

ഭൂനികുതി

ഭൂനികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർണയിക്കുന്നതിനും അത് പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏൽപ്പിക്കാം. സ്ഥലകൈമാറ്റത്തിൽ റജിസ്ട്രഷനിൽ ഉണ്ടാകുന്ന വെട്ടിപ്പ് തടയുക. വസ്തു കൈമാറ്റ നികുതി പൂർണ്ണമായും പഞ്ചായത്തിന് വിട്ടു തരിക.

ഷോപ്പിംഗ് കോംപ്ലക്സ്

പഞ്ചായത്തിന്റേതായി നാല് ഷോപ്പിംഗ് കോംപ്ലക്സുകൾ ഉണ്ട്. എന്നാൽ അതിൽ പള്ളിക്കത്തോട് ചന്തയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് പഞ്ചായത്തിന് വരുമാനം കുറവും ആർ.ഡി.ബി.ക്ക് വൻകടം ആയി മാറുകയും ചെയ്യുന്നു. ചുരുങ്ങിയ വരുമാനം ഉള്ള ഈ പഞ്ചായത്ത് ആറ് ലക്ഷം രൂപ തിരികെ അടച്ചു. ഇനിയും 37 ലക്ഷം രൂപ തിരിച്ച് അടയ്ക്കുവാനുണ്ട്. ആർ.ഡി.ബിയ്ക്ക് അടയ്ക്കുവാനുള്ള തുകയിൽ നിന്ന് പലിശയും, പിഴപ്പലിശയും എഴുതി തള്ളിയാൽ മാത്രമേ ഈ പഞ്ചായത്തിന് എന്തെങ്കിലും ആശ്വാസം കിട്ടുകയുള്ളു.

ടൂറിസം

നമ്മുടെ പഞ്ചായത്തിൽ ടൂറിസത്തിന് വൻ സാദ്ധ്യതകളുണ്ട്. അരുവിക്കുഴി വെള്ളച്ചാട്ടവും, പ്രകൃതി രമണീയമായ അമ്പഴത്തുങ്കൽ കുന്നും മനോഹാരിതയേറിയ പെരുമ്പാറയും, പെരുമ്പ്രാമലക്കോട്ടയും ടൂറിസ്റ്റുകളെ ആകർഷിക്കാൻ പറ്റിയ സ്ഥലങ്ങളാണ്. ഈ സ്ഥലങ്ങളിൽ ടൂറിസ്റ്റ് കോട്ടേജുകൾ ഉണ്ടായാൽ വളരെയധികം വരുമാനമാർഗ്ഗം തെളിഞ്ഞുകിട്ടും.

ഗ്രാമസഭകളിലെ റിപ്പോർട്ടുകളിൽ പുതിയ റോഡുകൾ വെട്ടുന്നതിനും, റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിനും, തോടുകൾ കുളങ്ങൾ, കിണറുകൾ ഇവ നിർമ്മിക്കുന്നതിനും പരിസരമാലിന്യം ഇല്ലാതാക്കുന്നതിനും നിർദ്ദേശം ഉണ്ട്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനെപ്പറ്റി എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും ഊന്നിപ്പറഞ്ഞിട്ടുണ്ട്. നമ്മുടെ സമ്പത്തുകൾ സൂക്ഷിച്ച് നമുക്ക് പഞ്ചായത്തിന് ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്താം.

*



ഉപസംഹാരം

പള്ളിക്കത്തോട് ഗ്രാമത്തിന്റെ വികസന പ്രശ്നങ്ങൾ ഗ്രാമസഭാ ചർച്ചകളുടെ അടിസ്ഥാനത്തിൽ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കിയതാണീ രേഖ. ജനപങ്കാളിത്തത്തോടെയുള്ള ആദ്യത്തെ ഈ സമഗ്രവികസന യജ്ഞം ജനഹൃദയങ്ങളിൽ പ്രതീക്ഷ ഉണർത്തിയിട്ടുണ്ട്. ജനങ്ങൾ രൂപം കൊടുത്ത ഈ രേഖയുടെ ചർച്ച കൂടുതൽ അർഥവത്താക്കുക തന്നെ ചെയ്യും.

ഈ റിപ്പോർട്ടിന്റെ രൂപീകരണത്തിൽ 15 ശതമാനം ജനങ്ങളുടെ സജീവപങ്കാളിത്തം ഉണ്ടായിട്ടുണ്ട്. അവരുടെ ചർച്ചകൾ, പഠനപര്യടനങ്ങൾ, സന്നദ്ധസേവകരായ യുവാക്കളും ജനപ്രതിനിധികളും പങ്കെടുത്ത പരിശീലനക്കളരികളിൽ നിന്നും ലഭിച്ച അറിവുകൾ എന്നിവയെല്ലാം ഈ റിപ്പോർട്ടിന്റെ രചനയെ സഹായിച്ച ഘടകങ്ങളാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന സ്കീമുകളും പ്രോജക്ടുകളും വഴി പള്ളിക്കത്തോട് പഞ്ചായത്തിലെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളായ കുടിവെള്ളം ലഭ്യമാക്കൽ, ഭവനരഹിതർക്കുള്ള വീടുനിർമ്മാണം, ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ, കാർഷികോല്പന്ന വർദ്ധനവ്, പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത, റബറധിഷ്ഠിത വ്യവസായം വഴി തൊഴിലില്ലായ്മയ്ക്ക് പരിഹാരം. പട്ടികജാതി, പട്ടികവർഗ്ഗം വിദ്യാർത്ഥികളുടെ പഠനനിലവാരമുയർത്തൽ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം ജനപങ്കാളിത്തത്തോടെ കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വികസനാസൂത്രണ രംഗത്ത് ജനതയാകെ അറിവിന്റെ ആയുധം നൽകി അണിനിരത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ സഹകരിച്ച ജനപ്രതിനിധികൾ, സന്നദ്ധ സേവാ പ്രവർത്തകർ, കേരള ശാസ്ത്രസാഹിത്യപരിഷത്ത് പ്രവർത്തകർ, വിദ്യാഭ്യാസ പ്രവർത്തകർ, കർഷക കാരണവന്മാർ, ബഹുജന സംഘടനാ പ്രവർത്തകർ തുടങ്ങിയവരോട് ഈ ഗ്രാമം എന്നും കടപ്പെട്ടിരിക്കും എന്നിവിടെ രേഖപ്പെടുത്തട്ടെ. ഗ്രാമസഭകളുടെ ജനകീയ ശക്തിയിൽ വികസനത്തിന്റെ വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും. കഴിയണം. 9-ാം പദ്ധതിക്കുവേണ്ടിയുള്ള ഈ ജനകീയാസൂത്രണ പരിപാടി ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ അഴിമതി രഹിതമായി ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യവിപ്ലവമായി തീരട്ടെ.

ഈ വികസനരേഖ . 1. 97 ൽ ചേരുന്ന വികസന സെമിനാറിൽ വിഷയാടിസ്ഥാനത്തിൽ വിശദമായി ചർച്ച ചെയ്യപ്പെടണം. അങ്ങിനെ സമ്പുഷ്ടമാക്കപ്പെടുന്ന രേഖയനുസരിച്ചുള്ള പ്രോജക്ടുകളും, സ്കീമുകളും ബന്ധപ്പെട്ട കർമ്മസമിതികൾ തയ്യാറാക്കുന്നു. അത് ജില്ലാതല പദ്ധതിയുടെ ഭാഗമായിത്തീരും.

പി.പി. അരവിന്ദാക്ഷൻ നായർ
ചീഫ് എഡിറ്റർ

അനുബന്ധം

1953 ജൂലൈ 17 മുതലുള്ള പഞ്ചായത്ത് ഭരണസമിതി

വാർഡ്

1. ശ്രീ. എം.എൻ. ഗോവിന്ദൻ നായർ, ഗോപിവിലാസം
2. ശ്രീ. പി.എൻ. അയ്യപ്പൻ പിള്ള, പിറ്റിനാൽ (പ്രസിഡൻറ്)
3. ശ്രീ. ചാക്കോ മത്തായി, മൂങ്ങാമാക്കൽ
4. ശ്രീ. പി.പി. രാമൻ നായർ, കിഴക്കേടക്ക്
5. ശ്രീ. കെ.ജെ. ചാക്കോ, കുഴിവേലിൽ, (വൈസ് പ്രസിഡൻറ്)
6. ശ്രീ. സി.ഡി. ജോസഫ്, തെക്കോലിക്കൽ
7. ശ്രീ. എം.എസ്. നാരായണപിള്ള, മഠത്തിൽ
8. ശ്രീ. ടി.എ. മത്തായി, അടുകാണിൽ

രണ്ടാമത്തെ പഞ്ചായത്ത് (17.12.63 മുതൽ)

1. ശ്രീ. ജി. സുധാകരൻ നായർ ഒറ്റിയിൽ/വി.കെ. പത്മനാഭൻ നായർ, കല്ലാൽ (24.6.65 മുതൽ)
2. ശ്രീ. വി.ജി. നാരായണൻ നായർ, പാർവ്വതി മന്ദിരം/ പി.എൻ. അയ്യപ്പൻ പിള്ള പിറ്റിനാൽ (24.5.65 മുതൽ)
3. ശ്രീ. കെ.വി. ജോസഫ് ചിറയ്ക്കൽ
4. ശ്രീ. പി.എൻ. കൃഷ്ണൻ നായർ, വടുതലപ്പുതുപ്പറമ്പിൽ, പ്രസിഡൻറ് (20-4-67 മുതൽ)
5. ശ്രീ. പി.ആർ. നാർായണപ്പണിക്കർ, അതിരമുണ്ടയിൽ, പ്രസിഡണ്ട് (28-2-66 വരെ)
6. ശ്രീമതി. ജി. വാസന്തിയമ്മ, ഗോകുലം, (വനിതാ മെമ്പർ)
7. ശ്രീ. ഏബ്രഹാം കുര്യാക്കോസ് തഴയ്ക്കൽ
8. ശ്രീ. ടി. ജോസഫ് ഫെൻ, തോപ്പിൽ (വൈ. പ്ര.)

മൂന്നാമത്തെ പഞ്ചായത്ത് (1-10-79 മുതൽ)

1. ശ്രീ. കെ.ടി. കുഞ്ഞുകുഞ്ഞ്, തൈപ്പറമ്പിൽ
2. ശ്രീ. കെ.എസ്. പത്മനാഭപിള്ള, കാർത്തിക
3. ശ്രീ. സി.എൻ. രാധാകൃഷ്മൻ, പൗർണ്ണമി
4. ശ്രീ. എ.ജെ. തോമസ്, അഞ്ചാനിക്കൽ
5. ശ്രീ. പി.പി. അരവിന്ദാക്ഷൻ നായർ, പെരുംപൂവത്തിൽ, (പ്രസിഡണ്ട്)
6. ശ്രീമതി മേരിക്കുട്ടി തോമസ്, പൂവത്തോലിൽ (വൈ.പ്രസി)
7. ശ്രീ. എം.എസ്. നാരായണപിള്ള, മഠത്തിൽ
8. ശ്രീ. ഏബ്രഹാം കുര്യാക്കോസ്, തഴയ്ക്കൽ.

നാലാമത്തെ പഞ്ചായത്ത് (10-2-88 മുതൽ)

1. ശ്രീ. രവീന്ദ്രകുമാർ പി.കെ. കനകമ്മ ഭവൻ
2. ശ്രീ. കെ.എസ്. പത്മനാഭപിള്ള, കാർത്തിക, (പ്രസി.) (30.8.90 മുതൽ)
3. ശ്രീ. കെ. ഗോപകുമാർ, ഗോപിവിലാസം
4. ശ്രീമതി. റോസമ്മ വർക്കി, ആനക്കല്ലിൽ
5. ശ്രീ. കെ.എൻ. വിജയകുമാർ, ചിറയ്ക്കൽ, വൈ. പ്രസി. (6.12.88 മുതൽ)
6. ശ്രീമതി മേരിക്കുട്ടി മാത്യു, മൂങ്ങാമാക്കൽ
7. ശ്രീ. പി.ആർ. രാധാകൃഷ്ണൻ നായർ, പാലാത്ത് പ്രസിഡണ്ട് (29.8.90 വരെ)
8. ശ്രീ. എം.എൽ. ജോസ്, തഴയ്ക്കമറ്റം

അഞ്ചാമത്തെ പഞ്ചായത്ത് (നിലവിലുള്ളത്)

1. ശ്രീ. ബാബു പി. പാട്ടുപാറ, കാവുങ്കൽ
2. ശ്രീമതി. ശാന്തമ്മ ബാലകൃഷ്ണൻ, വരിയ്ക്കപ്ലാക്കൽ
3. ശ്രീ. കെ.എസ്. പത്മനാഭപിള്ള, കാർത്തിക, (പ്രസിഡണ്ട്)
4. ശ്രീമതി. ഇന്ദിരാ രവീന്ദ്രൻ, മരോട്ടിയിൽ
5. ശ്രീമതി. എത്സമ്മ ഫിലിപ്പോസ്, മണിയങ്ങാട്ട്
6. ശ്രീ. സതീശ് വാസു, പള്ളിക്കിഴക്കേതിൽ, വൈസ് പ്രസിഡണ്ട്
7. ശ്രീ. രാജു, കുന്നക്കാട്ട്
8. ശ്രീ. വി.ടി. തോമസ്, പുല്ലാട്ട് വലിയവീട്ടിൽ, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ
9. ശ്രീ. ഷാജി ഐസക്, ഇല്ലിയ്ക്കൽ


പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

പ്രവർത്തക കമ്മറ്റി
കൃഷി, ശുചീകരണം, വാർത്താവിനിമയം

1. ശ്രീ. വി.ടി. തോമസ്
2. ശ്രീമതി. ശാന്തമ്മ ബാലകൃഷ്ണൻ
3. ശ്രീമതി. ഇന്ദിരാ രവീന്ദ്രൻ
4. ശ്രീ. സതീശ് വാസു.
5. ശ്രീ. പി.എൻ. കൃഷ്ണൻ നായർ, വടുതലപുതുപ്പറമ്പിൽ
6. ശ്രീ. സി.സി. മാത്യു, ചൂരനോലിൽ
7. ശ്രീ. കെ.ജെ. ചാക്കോ, കുഴിവേലിൽ
8. ശ്രീ. പി.പി. അരവിന്ദാക്ഷൻ നായർ, പെരുംപൂവത്തിൽ

പൊതുമരാമത്ത്, പൊതുജനാരോഗ്യം, വിദ്യാഭ്യാസം
1. ശ്രീ. ഷാജി ഐസക്, ഇല്ലിയ്ക്കൽ
2. ശ്രീ. ബാബു പി. പാട്ടുപാറ
3. ശ്രീ. രാജു കുന്നക്കാട്ട്
4. ശ്രീ. ഇ.പി. മാത്യു, അറയ്ക്കൽ
5. ജോൺസൺ, കൂടംപറമ്പിൽ
6. ശ്രീ. സി.എൻ. രാധാകൃഷ്ണൻ നായർ, പൗർണ്ണമി
7. ശ്രീ. കെ.എൻ. വിജയകുമാർ, ചിറയ്ക്കൽ
8. ശ്രീമതി. എത്സമ്മ ഫിലിപ്പോസ്, മണിയങ്ങാട്ട്

വിജിലൻസ് കമ്മറ്റി
1. ശ്രീ. എം.കെ. ശിവദാസ്, മാമ്പള്ളിൽ
2. ശ്രീ. പി. മധു, കൊമ്പാറ
3. ശ്രീ. എസ്.നാരായണൻ നായർ, ഗാന്ധിവിലാസം
4. ശ്രീ. സി.എൻ. രാധാകൃഷ്ണൻ നായർ, പൗർണ്ണമി
5. ശ്രീ. സി.സി. മാത്യു, ചൂരനോലിൽ
6. ശ്രീ. അനിൽകുമാർ, അമ്മിണിശ്ശേരിൽ
7. ശ്രീ. പി.ജെ. ജേക്കബ്, പിച്ചളക്കാട്ട്
8. ശ്രീ. ജോൺസൺ, കൂടംപറമ്പിൽ
9. ശ്രീ.എം.എൽ. ജോസ്, തഴയ്ക്കമറ്റം



പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് വികസനരേഖ

ജനപങ്കാളിത്തത്തോടെ പ്രഥമ ഗ്രാമപിതാവിന് ശാശ്വത സ്മാരകം

"പിറ്റിനാൽ അയ്യപ്പൻ പിള്ള" സ്മാരക പഞ്ചായത്ത് ആഡിറ്റോറിയം

(നിർമ്മാണം പുരോഗമിക്കുന്നു)

ശിലാസ്ഥാപനം	:	14. 10 94
സ്പോൺസറിംഗ് കമ്മറ്റി:		
രക്ഷാധികാരികൾ	:	ശ്രീ ഉമ്മൻ ചാണ്ടി എം.എൽ.എ. ശ്രീ. രമേശ് ചെന്നിത്തല
ചെയർമാൻ	:	ശ്രീ. കെ.എസ്. പത്മനാഭപിള്ള പഞ്ചായത്ത് പ്രസിഡൻറ്
വൈസ് ചെയർമാൻ	:	ശ്രീ. വി.ടി. തോമസ് ശ്രീ. പി.പി. അരവിന്ദാക്ഷൻ നായർ
ജനറൽ കൺവീനർ	:	ശ്രീ. സി.എൻ. രാധാകൃഷ്ണൻ നായർ
ജോയിൻറ് കൺവീനർ	:	ശ്രീ. കെ.എൻ. വിജയകുമാർ
ട്രഷറർ	:	പഞ്ചായത്ത് സെക്രട്ടറി
അംഗങ്ങൾ	:	ശ്രീ. പി.ആർ. രാധാകൃഷ്ണൻ നായർ ശ്രീ. കെ. ഗോപകുമാർ ശ്രീ. എം.എൽ. ജോസ് ശ്രീമതി. റോസമ്മ വർക്കി ശ്രീമതി മേരിക്കുട്ടി മാത്യു പ്രസിഡൻറ്, എ.ആർ.എഫ്.എസ്.സി. ബാങ്ക് നം. 3867 മാനേജിംഗ് ഡയറക്ടർ ശ്രീ. കെ.എൻ. അരവിന്ദാക്ഷൻ ശ്രീ. ഷാജി ഐസക് പ്രസി. മർച്ചൻറ്സ് അസോ. പള്ളിക്കത്തോട് ശ്രീ. എൻ. ഗോപാലകൃഷ്ണൻ നായർ ശ്രീ. ടി.എ. പുരുഷോത്തമൻ നായർ ശ്രീ. കെ.എസ്. ശ്രീധരൻ നായർ ശ്രീ. ബാബു ജോസഫ്

പഞ്ചായത്തിന്റെ വികസനശ്രേണിയിൽ സ്ഥലം സംഭാവന നൽകിയ ത്യാഗധനർ

പഞ്ചായത്താഫീസിന് 25 സെൻറ്	:	ശ്രീ. പിറ്റിനാൽ അയ്യപ്പൻ പിള്ള
ആനിക്കാട് വില്ലേജാഫീസിന് 10 സെൻറ്	:	"
ആനിക്കാട് പുത്തൻ ചന്ത 50 സെൻറ്	:	തെക്കേക്കര അയ്യപ്പൻ നായർ
ഇളംപള്ളി മാർക്കറ്റ് 50 സെൻറ്	:	തഴയ്ക്കൽ കുരുവിള
കല്ലാടം പൊയ്ക ഗവ. ഡിസ്പൻസറി 100 സെൻറ്	:	കല്ലാൽ കേശവൻ നായർ ശിവൻ നായർ കെ.പി.
ആനിക്കാട് പബ്ലിക് ഹെൽത്ത് 15 സെൻറ്	:	തെക്കേത്ത് ശങ്കരപ്പിള്ള
ഉമാവിലാസം ശിവരാമൻ നായർ സ്മാരക മിനി സ്റ്റേഡിയം 78 സെൻറ്	:	ഒ.എസ്. ഗോപാലകൃഷ്ണൻ നായർ ഒ.എസ്. പ്രഭാകരൻ നായർ ഒ.എസ്. പുരുഷോത്തമൻ നായർ ഒ.എസ്. സുകുമാരൻ നായർ യു.എസ്. കാർത്യായനിയമ്മ
ആനിക്കാട് ഈസ്റ്റ് വില്ലേജ്- എക്സ്റ്റൻഷൻ ഓഫീസ് 10 സെൻറ്	:	കെ.ജെ. ജോസഫ്, കൊല്ലംപറമ്പിൽ
ആനിക്കാട് വെസ്റ്റ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് 10 സെൻറ്	:	പെരുംകുളത്ത് നാരായണൻ നായർ
സാമൂഹ്യക്ഷേമകേന്ദ്രം മുക്കാലി 20.5 സെൻറ് സ്ഥലവും കെട്ടിടവും	:	എൻ.എസ്.എസ്. മഹിളാസമാജം, മുക്കാലി
പാമ്പാടി ബ്ലോക്ക് ആഫീസ് 200 സെൻറ്	:	ആനിക്കാട് എൻ.എസ്.എസ്. കരയോഗം നം. 308 (47 സെൻറ്) എ.ആർ. കുഞ്ഞനുജൻ കർത്താ, ആനസ്ഥാനത്ത് മഠം(20 സെൻറ്) എ.ആർ. കൊച്ചുകുഞ്ഞുകർത്താ (10 സെൻറ്) ഹരിപ്പാട് മഠം സ്വരസ്വതിയമ്മ, പൂവാത്താനിയിൽ (23 സെൻറ്) ഭവാനിക്കുഞ്ഞമ്മ, നന്തികാട്ട് (100 സെൻറ്)
പിറ്റിനാൽ അയ്യപ്പൻ പിള്ള സ്മാരക പഞ്ചായത്ത് ആഡിറ്റോറിയം, 20 സെൻറ്	:	കിഴക്കേടത്ത് ഭാഗീരഥി അമ്മ, പത്മിനി അമ്മ, വാസന്തി അമ്മ, ശ്രീദേവി അമ്മ, വിജയലക്ഷ്മി, ഉണ്ണികൃഷ്ണൻ നായർ
പള്ളിക്കത്തോട് ജംഗ്ഷൻ ഷോപ്പിംഗ് സെൻറർ (1 സെൻറ്):	:	ഫിലിപ്പ് തുണിയമ്പ്രാൽ
ഇളംപള്ളി ആയുർവേദ ആശുപത്രി (25 സെൻറ്)	:	എൻ.എസ്. എസ്. കരയോഗം, ഇളംപള്ളി
ഫാമിലി വെൽഫെയർ സബ് സെൻറർ- ഇളംപള്ളി 10 സെൻറ്	:	എബ്രഹാം കുര്യാക്കോസ്, തഴയ്ക്കൽ
ആനിക്കാട് കൃഷിഭവൻ, 5 സെൻറ്	:	പി.എസ്. കൃഷ്ണപിള്ള, പറപ്പള്ളിൽ
ചല്ലോലി ജലവിതരണ കുളവും പമ്പ്ഹൗസും 20 സെൻറ്	:	ശ്രീധരൻ കർത്താ, ആനസ്ഥാനത്ത് മഠം
മുക്കാലി വെയിറ്റിംഗ് ഷെഡ്	:	ജി.സുധാകരൻ നായർ, ഒറ്റിയിൽ
അരുവിക്കുഴി "	:	പി.പി. കേശവൻ നായർ, പെരുങ്കുളം
പുത്തൻചന്ത "	:	നാരായണക്കുറുപ്പ്, ആനന്ദഭവനം
വല്യാത്തുകവല "	:	രാമൻ നായർ, വല്യാത്ത്

അംഗൻവാടികൾ (8) വാട്ടർ ടാങ്കുകൾ (4) പൊതുകിണർ (25) 91 കിലോമീറ്റർ റോഡ്,
വായനശാലകൾ, സർക്കാർ സ്കൂളുകൾ എന്നിവയ്ക്ക് സ്ഥലം നൽകിയ നൂറുകണക്കിന് ആളുകൾ വേറെ.

"ഈ ജനപങ്കാളിത്തവും മഹാമനസ്കതയും മാതൃകയാവട്ടെ."

വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

വി.റ്റി. തോമസ് - ജനറൽ കൺവീനർ
പി. പി. അരവിന്ദാക്ഷൻ നായർ - ദ്വിതീയ വിവര ശേഖരണ സമിതി കൺവീനർ
കെ.എസ്. പത്മനാഭപിള്ള
എം.ജി. ചന്ദ്രശേഖരൻ നായർ
പി.ഡി. സേവ്യർ
കെ.എൻ. വിജയകുമാർ
ജോസ് അയർക്കുന്നം
എ.വി. ജോസഫ്
ജോസഫ് ടി.ജെ.
എൻ.എം. രാജു
കെ.എം. ചന്ദ്രശേഖരൻ നായർ
കെ.ആർ. രാമകൃഷ്ണൻ
ആർ.സി. ശങ്കർ
രാജൻ
ഗോപകുമാർ
തോമസ് കെ.വൈ.
സോമശേഖരൻ നായർ
പി. സുജാമണി
എം.കെ. ശിവദാസ്
സാവിത്രി എം.കെ.
ലേഖ എം.കെ.
കെ.കെ.രാധാകൃഷ്ണൻ
വി.പി. ഗോപാലകൃഷ്ണൻ
കെ.ആർ.മണി, 58 കോളനി
തമ്പി, വട്ടമല
ജി.കെ. ബാലകൃഷ്ണൻ നായർ
പി. മധു
ജയിംസ് കുട്ടി
പി.ജെ. ചാണ്ടി
പി.സി. ജേക്കബ്
ഒ.ഐ. സരോജിനി
ബാബുമോൻ സി.
കെ.എസ്.ശ്രീധരൻ നായർ
എം.സി. നൈനാൻ
ജി. സുധാകരൻ നായർ
എസ്. നാരായണൻ നായർ
കെ. ഗോപാലകൃഷ്ണൻ നായർ
രവി, പറയരുതോട്ടം
കെ.എൻ. അരവിന്ദാക്ഷൻ
ടി.സി. മാത്തുക്കുട്ടി
സി.ജെ. തോമസ്
ഇ.കെ. ചെല്ലപ്പൻ നായർ
കെ.ആർ. കൃഷ്ണൻകുട്ടി
വി.കെ. ഗോപിനാഥൻ നായർ
കെ.കെ. ശിവപ്രസാദ്
പി.ടി. ചാക്കോ
അജിത്കുമാർ ബി.
എൻ.ടി. ഏബ്രഹാം
തങ്കമ്മ ശിവൻ നായർ
കെ.ഡി. ജോസ്
സി.കെ.വിജയകുമാർ
സരസ്സമ്മ ശിവശഹ്കരൻ
സി.എൻ. രാധാകൃഷ്ണൻ നായർ
പി.ഡി. മാത്യു
പി.എൻ. കൃഷ്ണൻ നായർ
വി.ആർ. ബിജു
എം.ജെ. ജോസ്
കെ.കെ. മത്തായി
തങ്കമ്മ സ്കറിയ
പി.എൻ. രാധ
എം.കെ. ഫിലിപ്പോസ്, മണിയങ്ങാട്
ജോയി പന്തപ്പള്ളിൽ
വി.എം. ബന്നി, വള്ളോത്യാമല
കെ.എ. തോമസ്
വിനോദ് കൃഷ്ണൻ
കെ.സി. ജോസഫ്
ബാബു ജോസഫ്
സജിമോൻ ജേക്കബ്
ദേവസ്യ പി.ഡി. പുത്തമ്പുരയ്ക്കൽ
എം.എസ്. ജോസ്
ബേബി അമ്മാൾ
സി.കെ. തങ്കപ്പൻ
മത്തായി മാത്യു കൊല്ലത്തോട്ടം
സി.എൻ. നാരായണൻ നമ്പൂതിരി ഉമാസദനം
ജോസ് പി. ജോൺ പാണ്ടിയപ്പള്ളിൽ
എലിസബത്ത് ജോസഫ് പിച്ചളക്കാട്
കെ.എം. ശങ്കരനാരായണൻ നായർ ഉറുമ്പയ്ക്കൽ
പ്രതാപ് കുമാർ ചെങ്ങളത്ത്
വിനോദ് പുല്ലാട്ടുതകിടിയിൽ
മാത്യു ഐസക് ഞായർകുളത്ത്
മാത്യു പി.ടി. പിച്ചളക്കാട്ട്
ജിമോൻ തോമസ് കൊച്ചുറുമ്പിൽ
ടി.ആർ. കാഞ്ചന തേക്കിലക്കാട്ടിൽ
രജിതോമസ് മുണ്ടൻകുന്നേൽ
ഗോപിനാഥ് തുണിയമ്പ്രാൽ താഴെ
ശിവരാമൻ ഹരിപ്പാട്
ആന്റോ ആൻറണി കളത്തിക്കാട്ടിൽ
ടി.ആർ. സുബാഷ് നമ്പുരയ്ക്കൽ
ഷാജി, വലിയമൈലാടിയിൽ
പ്രവീൺ. വി. തോമസ്
ബാലകൃഷ്ണപ്പണിക്കർ
ജോൺസൺ, കൂടംപറമ്പിൽ
ചെറിയാൻ ജെ. കുഴിപ്പിൽ
വി.ജി. പുരുഷോത്തമൻ നായർ
ശോഭാ ചന്ദ്രൻ
ഹരികുമാർ
സരസ്സമ്മ ശിശുപാലൻ
സി.ആർ. വാസുദേവൻ നായർ
കെ.ആർ. നാരായണദാസ് കൈമൾ
ജയിംസ് ജോസഫ് പൊട്ടനാനിക്കൽ
വി.വി. വറുഗീസ്
സുരേന്ദ്രൻ
എം.എൽ.ജോസ്
ജോസ്, ഈരുരിയ്ക്കൽ
വി.കെ. കുരുവിള
കെ.ജി. ഗോപാലകൃഷ്ണൻ നായർ
എ.എസ്. തോമസ്
ചാക്കോ, കൊല്ലത്തുവയൽ
ബാബു, വെള്ളറ
മേരിക്കുട്ടി കുരുവിള
എ.എം. ജോസഫ്
രത്നമ്മ ബാലകൃഷ്ണൻ
ജയിംസ് കൂടംപറമ്പിൽ
റോസ്സമ്മ തോമസ്
എ.ജെ. ജോൺ
ഗോപാലനാചാരി കാഞ്ഞിരത്താംകുഴി
പി.എ. ഗോപാലൻ
സി.സി. ജോസഫ് ചെരിപുറം
ശിവൻകുട്ടി പേഴാനാൽ
സോൾസി ജോണി

ഒരിക്കലും മടങ്ങിവരാത്ത ● പിള്ളിക്കാലത്തോട്